Newspaper for Malayalees Worldwide ◆Estd.2020


# വാചകം
VACHAKAM

CHICAGO
Vol.4 / Issue 38/ Pages 32
02
ഏപ്രിൽ 2025
ബുധനാഴ്ച
1200 മീനം 19

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 29 Technology | 30 World

# കൊണ്ടും കൊടുത്തും ലോകവ്യാപാര നയം




## പുതിയൊരു യുഗത്തിലേയ്ക്ക്

വാഷിംഗ്ടൺ: ഉയർന്ന തീരുവ ചുമത്തുന്ന രാജ്യങ്ങൾക്കുള്ള മറുപടിയായി യുഎസിന്റെ ഇറക്കുമതിത്തീരുവ പ്രഖ്യാപിച്ച് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. തീരുവക്കാര്യത്തിൽ താൻ ദയാലുവാണെന്ന് ആവർത്തിച്ച് വ്യക്തമാക്കിക്കൊണ്ടാണ് ട്രംപ് തന്റെ പ്രഖ്യാപനം നടത്തിയത്. ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 10% താരിഫ് ചുമത്താനാണ് തീരുമാനം.

10 ശതമാനമുള്ള തീരുവ ഏപ്രിൽ അഞ്ച് മുതലും രാജ്യങ്ങൾക്കുള്ള കൂടിയ തീരുവ ഏപ്രിൽ ഒൻപതിനുമാണ് പ്രാബല്യത്തിൽ വരിക. പുതിയ തീരുവ യുഎസിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്ന് ട്രംപ് വ്യക്തമാക്കി.

ചില രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ഉയർന്ന താരിഫുകളും ഉണ്ടാകും. ഈ നടപടി അമേരിക്കയിലേക്ക് വരുന്ന ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചേക്കുമെന്നാണ് വിലയിരുത്തൽ. മാത്രമല്ല, സാധാരണക്കാർക്ക് താങ്ങാവുന്ന പല സാധനങ്ങളുടെയും വില വർധനവിനും കാരണമായേക്കും. പാവപ്പെട്ടവരെയും കുറഞ്ഞ വരുമാനമുള്ളവരെയും ഇത് കൂടുതൽ പ്രതികൂലമായി ബാധിക്കും. കാരണം അവർ അവരുടെ വരുമാനത്തിന്റെ വലിയൊരു പങ്ക് അവശ്യ സാധനങ്ങൾക്കായിരിക്കും ചെലവഴിക്കുന്നതെന്നും സാമ്പത്തിക വിദഗ്ധർ പറയുന്നു.

**തൊഴിലവസരങ്ങളെ എങ്ങനെ ബാധിക്കും?**


ട്രംപിന്റെ താരിഫ് വർദ്ധനവ് അമേരിക്കൻ കമ്പനികൾക്ക് ഗുണകരമാകുമെന്നും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ചിലർ വാദിക്കുന്നു. എന്നാൽ മറ്റു ചില സാമ്പത്തിക വിദഗ്ധർ ഇതിനോട് വിയോജിക്കുന്നു. ഇറക്കുമതിക്ക് കൂടുതൽ പണം നൽകേണ്ടി വരുന്നതിനാൽ പല കമ്പനികളും ഉൽപ്പന്നങ്ങളുടെ വില കൂട്ടുകയോ അല്ലെങ്കിൽ ജീവനക്കാരെ പിരിച്ചുവിടുകയോ ചെയ്യാൻ സാധ്യതയുണ്ട്. ഇത് രാജ്യത്തെ തൊഴിലില്ലായ്മ വർദ്ധിപ്പിക്കാൻ ഇടയാക്കും. പ്രത്യേകിച്ച് അന്താരാഷ്ട്ര വ്യാപാരത്തെ ആശ്രയിക്കുന്ന

ശേഷം പേജ് 8ൽ

നിറം അല്ല
മനം പ്രധാനം
(സെർജി ആന്റണി എഴുതുന്നു)....
........................................പേജ് 05
നവോത്ഥാന മുഖത്ത്
കാക്കപ്പുള്ളികൾ
........................................പേജ് 15
ഇക്കഥ ആ 24 വെട്ടിൽ
തീരുമോ എമ്പുരാനേ ?
........................................പേജ് 16
സെക്രട്ടറിയേറ്റിനു
മുമ്പിൽ കടുത്ത സമരമുറയായി
ആശമാരുടെ ഹെയർ കട്ട്, എമ്പുരാൻ
സിനിമയ്ക്ക് 24 കട്ട്..
........................................പേജ് 24
ബി.ജെ.പി വിരുദ്ധ
രാഷ്ട്രീയം
കത്തിനിൽക്കുന്ന
തമിഴ്നാട് ................................പേജ് 25

## ചൈനയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ നികുതിയിളവ് ട്രംപ് ഒഴിവാക്കി

വാഷിംഗ്ടൺ: ചൈനയിൽ നിന്ന് 'ഡി മിനിമിസ്' എന്നറിയപ്പെടുന്ന കുറഞ്ഞ വിലയുള്ള സാധനങ്ങൾ നികുതിയില്ലാതെ അമേരിക്കയിലേക്ക് കൊണ്ടുവരുന്നതിലെ വ്യാപാര പഴുതുകൾ അടയ്ക്കുന്ന ഉത്തരവിൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചു. വൈറ്റ് ഹൗസ് നൽകിയ വിവരങ്ങൾ അനുസരിച്ച് മെയ് 2 മുതൽ ചൈനയിൽ നിന്നും ഹോങ്കോങ്ങിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഇത്തരം സാധനങ്ങൾക്ക് നികുതിയിളവ് ഉണ്ടാകില്ല.പുതിയ നിയമം അനുസരിച്ച്, ചൈനയും ഹോങ്കോങ്ങും ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് 800 ഡോളറിൽ താഴെ വില വരുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ ഇനിനികുതി നൽകേണ്ടി വരും. ഈ മാറ്റം ഷീൻ, ടെമു, അലി എക്സ്പ്രസ് പോലുള്ള ചൈനീസ് ഇ-കൊമേഴ്സ് കമ്പനികളെയും ചെറിയ തോതിൽ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരെയും പ്രതികൂലമായി ബാധിക്കുമെന്നാണ് കരുതുന്നത്.



ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# യുഎസ് അധികൃതരുമായി കൂടിക്കാഴ്ച നടത്തി റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിന്റെ പ്രതിനിധി



വാഷിംഗ്ടൺ: റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിന്റെ പ്രതിനിധി ദിമിട്രിവും ട്രംപ് പ്രതിനിധി വിറ്റ്കോഫും കൂടിക്കാഴ്ച നടത്തിയതായി റിപ്പോർട്ട്. കിരിൽ ദ്മിത്രിവ് ബുധനാഴ്ച വാഷിംഗ്ടണിൽ യുഎസ് ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി. ട്രംപ് ഭരണകൂടം റഷ്യ-ഉക്രൈൻ യുദ്ധത്തിലെ വെടിനിർത്തലിനായി പരിശ്രമം തുടരുന്നതിനിടെയാണ് ഈ സന്ദർശനം എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം.

സ്റ്റാൻഫോർഡ് വിദ്യാഭ്യാസം നേടിയ മുൻ ഗോൾഡ്മാൻ സാക്സ് ഇൻവെസ്റ്റ്മെന്റ് ബാങ്കറായ ദ്മിത്രിവ്, റഷ്യൻ ഭരണകൂടത്തിലെ അമേരിക്കയെ ഏറ്റവും മികച്ച രീതിയിൽ മനസ്സിലാക്കുന്ന വ്യക്തികളിലൊരാളാണ്. ട്രംപിന്റെ പ്രധാന ഉപദേഷ്ടാക്കളുമായി അടുത്ത ബന്ധമുള്ള അദ്ദേഹം, 2022ൽ റഷ്യയുടെ വിപുലമായ യുദ്ധം ആരംഭിച്ച ശേഷം അമേരിക്ക സന്ദർശിക്കുന്ന ഏറ്റവും ഉന്നത റഷ്യൻ അധികാരിയുമാണ്.

അതേസമയം കൂടിക്കാഴ്ചയിൽ എന്താണ് ചർച്ചയായതെന്നതിൽ വ്യക്തതയില്ല. എന്നാൽ, ഈ സന്ദർശനം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വെടിനിർത്തൽ കാര്യത്തിൽ മോശം പുരോഗതി കാരണം താൻ ദേഷ്യത്തിലാണ് എന്ന് ഞായറാഴ്ച വ്യക്തമാക്കിയതിന് പിന്നാലെയാണ് നടന്നത്. ഇതിന് പിന്നാലെ റഷ്യൻ ക്രൂഡ് ഓയിൽ വാങ്ങുന്നവർക്ക് ഉപരോധം ഏർപ്പെടുത്താമെന്ന സാധ്യതയും അദ്ദേഹം ഉന്നയിച്ചിരുന്നു.

ട്രംപ് ദൂതൻ സ്റ്റീവ് വിറ്റ്കോഫ്, ക്രെംലിനുമായി നടത്തുന്ന ഇടപാടുകളുടെ ചുമതല വഹിക്കുന്നയാളാണ്. അദ്ദേഹം തന്നെയാണ് ദ്മിത്രിവിനെ അമേരിക്കയിലേക്ക് ക്ഷണിച്ചത് എന്ന് ഒരു യുഎസ് ഉദ്യോഗസ്ഥർ അറിയിച്ചു. യുഎസ് ഉപരോധം നേരിടുന്ന ദ്മിത്രിവിന് പ്രത്യേക അനുമതി നൽകിയതിന് പിന്നാലെയാണ് അദ്ദേഹത്തിന്റെ സന്ദർശനം നടന്നത്. ദ്മിത്രിവ് 2016ൽ ട്രംപ് ആദ്യമായി പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ യുഎസുമായുള്ള ബന്ധം സ്ഥാപിക്കാനും സൗദി അറേബ്യയുമായുള്ള എണ്ണ കരാറുകൾക്കും പ്രധാന പങ്ക് വഹിച്ച ആളാണ്.

അതേസമയം ബുധനാഴ്ച, ട്രംപ് ഭരണകൂടം പുതിയ വൻ നികുതി നിരക്കുകൾ ഏർപ്പെടുത്തിയ രാജ്യങ്ങളുടെ പട്ടികയിൽ റഷ്യയെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ഉക്രൈനിന് 10% നിരക്ക് ഏർപ്പെടുത്തി. ട്രംപ് ഉക്രൈൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയോട് അസന്തുഷ്ടനാണെന്നും, ഒരു ഖനിസമ്പത്ത് കരാർ വീണ്ടും ചർച്ച ചെയ്യാൻ സെലെൻസ്കി ശ്രമിക്കുന്നതായും ആരോപിച്ചു. ദ്മിത്രിവ്, യുഎസ്-റഷ്യ സഹകരണം കൂടുതൽ വലുതാക്കാനായി നിക്ഷേപം, ഖനിജങ്ങൾ, ഊർജ്ജം, ആർട്ടിക് മേഖല, ബഹിരാകാശം, ഏലോൺ മസ്ക് എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ മുന്നോട്ടുവയ്ക്കുന്നു എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം.

## American Diary — 50 Years Ago

### Crash of a Lockheed C-5A Galaxy in Saigon: 155 killed



A United States Air Force C-5 Galaxy cargo plane crashed near Saigon, killing 155 people, including 76 Vietnamese orphans, after the pilot lost control while trying to return to Tan Son Nhut Air Base.

The operation began tragically when a U.S. Air Force C-5 Galaxy carrying more than 200 orphans and 37 Defense Attaché Office employees suffered an explosive decompression in its tail section.

The crew attempted to return to Saigon but crashed short of the airport, and 155 of the 330 people on board were killed.

April 02, 1975

# മസ്ക് കാര്യക്ഷമതാ വകുപ്പിന്റെ നേതൃസ്ഥാനം ഒഴിയുമെന്ന റിപ്പോർട്ട് തള്ളി വൈറ്റ് ഹൗസും ടെക് സംരംഭകനും



വാഷിംഗ്ടൺ: കാര്യക്ഷമതാ വകുപ്പിന്റെ (ഡോജ്) നേതൃസ്ഥാനം ടെക് ശതകോടീശ്വരനായ ഇലോൺ മസ്ക് ഒഴിയുമെന്ന റിപ്പോർട്ട് മസ്കും വൈറ്റ് ഹൗസും തള്ളി. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തന്റെ പ്രത്യേക ഉപദേഷ്ടാവ് എല്ലാ സർക്കാർ ചുമതലകളിൽ നിന്നും ഒഴിയുമെന്ന് തന്റെ അടുത്ത വൃത്തങ്ങളെ അറിയിച്ചതായാണ് പൊളിറ്റിക്കോ അടക്കം ഒരു വിഭാഗം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

'ഈ 'സ്കൂപ്പ്' ഒരു മാലിന്യമാണ്. ഡോജിലെ തന്റെ അവിശ്വസനീയമായ ജോലി പൂർത്തിയാകുമ്പോൾ ഇലോൺ ഒരു പ്രത്യേക സർക്കാർ ജീവനക്കാരനെന്ന നിലയിലുള്ള പൊതുസേവനത്തിൽ നിന്ന് വിരമിക്കുമെന്ന് മസ്കും പ്രസിഡന്റ് ട്രംപും പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്,' വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് ട്വീറ്റ് ചെയ്തു.

അവകാശവാദങ്ങളോട് മസ്കും പ്രതികരിച്ചു. എല്ലാ റിപ്പോർട്ടുകളും 'വ്യാജ വാർത്തകൾ' ആണെന്ന് അദ്ദേഹം പറഞ്ഞു. മസ്ക് തന്റെ സർക്കാർ ചുമതലയിൽ നിന്ന് ഉടൻ തന്നെ സ്ഥാനമൊഴിയുമെന്ന് ട്രംപ് തന്റെ കാബിനറ്റ് അംഗങ്ങളോടും അടുത്ത ബന്ധമുള്ളവരോടും പറഞ്ഞതായി പൊളിറ്റിക്കോ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.

വാർത്ത വന്നതോടെ മസ്കിന്റെ നേതൃത്വത്തിലുള്ള ടെസ്ലയുടെ ഓഹരികൾ കുത്തനെ ഇടിഞ്ഞു.

ബുധനാഴ്ച വ്യാപാരത്തിന്റെ തുടക്കത്തിൽ അവ 2% ഇടിവ് രേഖപ്പെടുത്തി.

'മസ്ക് വിസ്മയകരമായിരുന്നു, പക്ഷേ അദ്ദേഹത്തിന് ഒരു വലിയ കമ്പനി നടത്താനുണ്ടെന്ന് ഞാൻ കരുതുന്നു... ചില സമയങ്ങളിൽ, അദ്ദേഹം തിരിച്ചുപോകാൻ പോകുന്നു.

അദ്ദേഹം ആഗ്രഹിക്കുന്നു,' ഡൊണാൾഡ് ട്രംപ് തിങ്കളാഴ്ച മാധ്യമപ്രവർത്തകരോട് പറഞ്ഞു, 'എനിക്ക് അദ്ദേഹത്തെ നിലനിർത്താൻ കഴിയുന്നിടത്തോളം കാലം ഞാൻ അദ്ദേഹത്തെ നിലനിർത്തും,'' എന്നും പ്രസിഡന്റ് പറഞ്ഞിരുന്നു.

# ബാലശിവപണിക്കർ വില്ലേജ് ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ടു



പ്ലെയിൻഫീൽഡ്: ഇല്ലിനോയി സംസ്ഥാനത്ത് പ്ലെയിൻ ഫീൽഡ് വില്ലേജ് ട്രസ്റ്റിയായി ഏപ്രിൽ ഒന്നിന് നടന്ന തിരഞ്ഞെടുപ്പിൽ ശിവ് പണിക്കർ (ശിവൻ മൊഹമ്മ) വിജയിയായി. എതിരില്ലാത്തതുകൊണ്ട് കേവലം ഒരു വോട്ടു കിട്ടിയാൽ ജയിക്കും എന്നുറപ്പുണ്ടായിരുന്നിട്ടും മണ്ഡലത്തിൽ വോട്ടേഴ്സിനെ കണ്ട് വോട്ട് അഭ്യർത്ഥിക്കാൻ കന്നി മത്സരക്കാരനായിരുന്ന ഈ സാമൂഹ്യ പ്രവർത്തകൻ തയ്യാറായി.

അതുകൊണ്ട് 2045 വോട്ടു (26%) കൾ നേടി വിജയിക്കാനായി. ഏകദേശം 8000 വോട്ടേഴ്സുള്ള മണ്ഡലത്തിൽ സാധാരണ ഗതിയിൽ 15-16 ശതമാനം വോട്ടുകളേ പോൾ ചെയ്യാറുള്ളൂ. പ്ലെയിൻ ഫീൽഡ് വില്ലേജിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു ഇന്ത്യക്കാരൻ അതും മലയാളിയായി ശിവ്പണിക്കർ ചരിത്രം കുറിച്ച വിജയം കൈവരിച്ചിരിക്കുന്നത്.

ഫീൽഡ്വർക്ക് ആവശ്യമില്ലാതിരുന്നിട്ടും കുറെ വാളണ്ടിയേഴ്സിനൊപ്പം വോട്ടേഴ്സിനെ കാണുന്നതിനും വോട്ട് അഭ്യർത്ഥിക്കുന്നതിനും സമയബന്ധിതമായി പ്രവർത്തിച്ചതുകൊണ്ടും ഇത്രയും വോട്ടുകൾ സമാഹരിക്കാനായത്. 4 സ്ഥാനാർത്ഥികൾ നോമിനേഷൻ ഫയൽ ചെയ്തിരുന്നതിൽ 3 പേരും പ്രാഥമിക പരിശോധനയിൽ തള്ളിപ്പോയതു കൊണ്ടാണ് ശിവ്പണിക്കർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടത്.

തന്റെ ഇലക്ഷൻ വാഗ്ദാനങ്ങളായി ശിവപണിക്കർ പ്രഖ്യാപിച്ചിരുന്നത് കൂടികൊണ്ടിരിക്കുന്ന പ്രോപ്പർട്ടി നികുതി കുറയ്ക്കുക, വിലവർദ്ധനവ് തടയുക, കുട്ടികൾക്കും കുടുംബത്തിനും ഒരു സുരക്ഷിത നഗരം ആക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവയായിരുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വെള്ളക്കാരും അടങ്ങുന്നതാണ് വോട്ടേഴ്സ്.

ഫീൽഡ് വർക്ക് ആവശ്യമില്ലാതിരുന്നിട്ടും കാമ്പയിൽ ചെയർമാനായി Dale Fontana, കോ-ചെയർ രാജ്പിള്ളെ, ഷിബു കുര്യൻ, രാജൻ മാടശ്ശേരി, സുഭാഷ് ജോർജ്, Madan Tamulapati, Shishir Jain, Aswin Kumar നേതൃത്വം നൽകി.

ഭാര്യ ഡോ. ആനന്ദവല്ലി പിള്ള. മക്കളായ വിഷ്ണു, നയന എന്നീ കുടുംബാംഗങ്ങളുടെ പൂർണ്ണ പിന്തുണയോടു കൂടിയും ശിവ് പണിക്കർ മലയാളിയുടെ ശിവൻ മൊഹമ്മ പ്ലെയിൻഫീൽഡ് വില്ലേജിന്റെ ട്രസ്റ്റിയായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## റീ...പോളിംഗ്




മോദി സർക്കാരിനെ വീണ്ടും വീണ്ടും പ്രശംസിച്ച് ശശി തരൂർ

# ഷിക്കാഗോ മലയാളി അസോസിയേഷൻ കലാമേള 2025 ഒരുക്കങ്ങൾ പൂർത്തിയായി




ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 5 ന് നടത്തപ്പെടുന്ന കലാമേളയുടെ രജിസ്ട്രേഷൻ അവസാനിച്ചു. മുൻകാലങ്ങളിലെപ്പോലെ ഇത്തവണയും വളരെ ആവേശപൂർവ്വമാണ് മത്സരാർത്ഥികൾ കലാമേളയിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. അസോസിയേഷൻ ആഫീസിൽ കൂടിയ കലാമേള സംഘാടക സമിതി ഇതുവരെയുള്ള ഒരുക്കങ്ങൾ വിലയിരുത്തി. പ്രസിഡന്റ് ജെസ്സി റിൻസി, വൈസ് പ്രസിഡന്റ് ഫിലിപ്പ് ലൂക്കോസ്, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ജോയിന്റ് ട്രഷറർ സിബിൽ ഫിലിപ്പ് എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

രജിസ്ട്രേഷൻ, കലാമേള നടത്തിപ്പിനെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കൺവീനർ സാറ അനിൽ വിശദീകരിച്ചു. ഇത്തവണ മൂന്ന് വിഭാഗങ്ങളിലും (സബ് ജൂനിയർ, ജൂനിയർ, സീനിയർ) ഉയർന്ന സ്കോർ നേടുന്നവർക്ക് റൈസിംഗ് സ്റ്റാർ ട്രോഫികൾ നൽകുന്നതായിരിക്കും. സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങളിൽ കലാതിലകം, കലാപ്രതിഭാ പട്ടങ്ങൾ നേടുന്നവർക്ക് തൊട്ടു പിന്നിൽ സ്കോർ ലഭിക്കുന്നവർക്കാണ് റൈസിംഗ് സ്റ്റാർ ട്രോഫികൾ ലഭിക്കുക. മത്സര വേദികൾ, സമയക്രമം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഏപ്രിൽ 2ന് ഷിക്കാഗോ മലയാളി അസോസിയേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മത്സര വിജയികൾക്ക് അപ്പപ്പോൾ തന്നെ ട്രോഫികൾ നൽകുന്നതിനായി വിപുലമായ ട്രോഫി കമ്മറ്റി പ്രവർത്തിക്കുന്നു.

വർഗീസ് തോമസ്, ഷൈനി ഹരിദാസ്, സൂസൻ ചാക്കോ, ബീന ജോർജ്, ജയ്മോൾ ചെറിയാൻ, ലവ്‌ലി വർഗീസ്, അനിത ഡാനിയേൽ, ഗ്രേസി വാച്ചാച്ചിറ, സുഷ ബൈജു ജോസ്, ജോസ് ചെറിയാൻ എന്നിവരുൾപ്പെട്ട ട്രോഫി കമ്മറ്റി, പ്രവർത്തനങ്ങൾ ആരംഭിച്ചതായി അറിയിച്ചു. കലാമേളയോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീറിനെ സംബന്ധിച്ച് പബ്ലിസിറ്റി കൺവീനർ ബിജു മുണ്ടക്കൽ യോഗത്തിൽ വിശദീകരിച്ചു. സുവനീറിൽ പരസ്യങ്ങൾ നൽകിയ എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അസോസിയേഷൻ ഭാരവാഹികൾ നന്ദി രേഖപ്പെടുത്തി. ഷിക്കാഗോ മലയാളി അസോസിയേഷന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ബുക്ക് മാർക്കിന്റെ പ്രകാശനം പ്രസിഡന്റ് ജെസ്സി റിൻസി നിർവ്വഹിച്ചു.

ഇത്തവണത്തെ കലാമേള ഒരുവൻ വിജയമാക്കുവാൻ എല്ലാ മലയാളി സുഹൃത്തുക്കളോടും യോഗം അഭ്യർത്ഥിച്ചു. ജോസ് മണക്കാട്ട്, വർഗീസ് തോമസ്, ഷൈനി ഹരിദാസ്, പ്രിൻസ് ഈപ്പൻ എന്നിവർ സംസാരിച്ചു.



# ഷിക്കാഗോയിൽ നൃത്ത സംഗീത വിരുന്നും, താരനിശയും മേയ് 9ന്

ഷിക്കാഗോ: ഷിക്കാഗോയിലെ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നൃത്ത സംഗീത വിരുന്നും, താരനിശയും (മലങ്കര സ്റ്റാർ നൈറ്റ് 2025) നേപ്പർവില്ലിൽ Yellow Box Theator (1635 Emerson Ln, Naperville) ൽ നടത്തപ്പെടുന്നു.

കുച്ചിപ്പുടി, ഭരതനാട്യം, കേരളനടനം, സിനിമാറ്റിക് ഡാൻസ് എന്നിവകളിൽ തങ്ങളുടെ പ്രാവീണ്യം തെളിയിച്ചിട്ടുള്ള റീമ കല്ലിങ്കൽ, നിഖില വിമൽ, അപർണ ബാലമുരളി എന്നീ സിനിമാ താരങ്ങളുടെ നൃത്ത സംഗീതമേളവും സംഗീതലോകത്ത് വിസ്മയം തീർക്കുകയും, സിനിമാ പിന്നണി ഗായകരംഗത്ത് അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുള്ള ജോബ് കുര്യൻ (അമൃത ടി.വി. ഫെയിം), അഞ്ജു ജോസഫ് (ഏഷ്യനെറ്റ് ഐഡിയ സ്റ്റാർ സിംഗർ ഫെയിം) എന്നിവരുടെ സംഗീത കലാവിരുന്നും ക്രമീകരിച്ചിട്ടുണ്ട്.

ഷിക്കാഗോയിൽ നടത്തപ്പെടുന്ന ഈ നൃത്തസംഗീത മേള ഈ വർഷത്തെ ആദ്യത്തെ സ്റ്റേജ് ഷോ ആണെന്നുള്ളതും ശ്രദ്ധേയമാണ്.

മാർച്ച് 30ന് എവൻസ്റ്റനിലുള്ള മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് ടിക്കറ്റ് വില്പനയുടെ കിക്കോഫ് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ജെറി മാത്യു ആദ്യത്തെ ടിക്കറ്റ് ഗോൾഡ് സ്പോൺസറായ രാജു വിൻസന്റിന് നൽകിക്കൊണ്ടാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. തദവസരത്തിൽ ഇടവക സെക്രട്ടറി ബെഞ്ചമിൻ തോമസ് പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ നൽകി.

കഴിഞ്ഞ കാലങ്ങളിൽ ഷിക്കാഗോയിലെ സഹൃദയരായ ഏവരും ഈ ഇടവകയ്ക്ക് നൽകിയിട്ടുള്ള സഹായ സഹകരണങ്ങൾ തുടർന്നും നൽകണമെന്ന് പ്രോഗ്രാം കോർഡിനേറ്റർമാരായ രഞ്ജൻ എബ്രഹാമും രാജു വിൻസന്റും അഭ്യർത്ഥിച്ചു.

ഫാ. ജെറി മാത്യുവും ഇടവക ചുമതലക്കാരും ഈ മെഗാഷോയിലേക്ക് കലാസ്നേഹികളായ നിങ്ങൾ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു സ്വാഗതം ചെയ്യുന്നു.

ടിക്കറ്റിനും കൂടുതൽ വിവരങ്ങൾക്കും ബെഞ്ചമിൻ തോമസ് (847-529-4600), രഞ്ജൻ എബ്രഹാം (847-287-0661), രാജു വിൻസന്റ് (630-890-7124)

▶ ബെഞ്ചമിൻ തോമസ്

# മാർക്കേസ് എന്ന സാഹിത്യ മാന്ത്രികൻ



ഷിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഏപ്രിൽ 4 വെള്ളിയാഴ്ച ഷിക്കാഗോ സമയം വൈകുന്നേരം 7:30ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നു. ബിന്ദു ടിജിയാണ് ഇത്തവണ പ്രബന്ധം അവതരിപ്പിക്കുന്നത്.

(Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990, Meeting ID: 814 7525 9178)

ലോക സാഹിത്യത്തിലെ മാന്ത്രികനും നൊബേൽ സമ്മാന ജേതാവുമായ ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെ ജീവിതവും രചനകളും പരിചയപ്പെടുത്തുന്നു. മഞ്ഞ ചിത്ര ശലഭങ്ങളുടെ മായക്കാഴ്ച പകർന്നു നൽകി ലോകമെമ്പാടുമുള്ള വായനക്കാരെ മത്ത് പിടിപ്പിച്ച ഗാബോയുടെ ചില കഥകളും 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' എന്ന നോവലും ആസ്പദമാക്കി അദ്ദേഹത്തിന്റെ രചനകളുടെ ഒരു ആസ്വാദനം.

ബിന്ദു ടിജി കവിയും നാടകകൃത്തും, ഗാനരചയിതാവും അഭിനേത്രിയുമാണ്. രാസമാറ്റം, നിശബ്ദദൂരങ്ങൾ എന്നീ രണ്ടു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എ അയ്യപ്പൻ ട്രസ്റ്റിന്റെ കവിതാ അവാർഡ്, ലാനാ കവിതാ അവാർഡ്, ഡാളസ് കേരള ലിറ്ററി അസോസിയേഷന്റെ മനയിൽ ജേക്കബ് കവിതാ പുരസ്ക്കാരം തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ കവിത എഴുതുന്നു.

മുഴുനീള നാടകങ്ങളിലും ഷോർട്ട് ഫിലിമുകളിലും മികച്ച അഭിനയം കാഴ്ച വെച്ചിട്ടുണ്ട്. 2025 വനിതാ ദിനത്തിൽ സാൻ ഫ്രാൻസിസ്കോ ഇന്ത്യൻ കോൺസുലേറ്റും അസോസിയേഷൻ ഓഫ് ഇൻഡോ അമേരിക്കൻസ് (AIA) യും ചേർന്നു നൽകുന്ന 'നാരീ' അവാർഡിന് അർഹയായി.

കാലിഫോർണിയയിൽ സ്ഥിരതാമസമാക്കിയ ബിന്ദു തൃശൂർ സ്വദേശിനിയാണ്. ഇലക്ട്രിക്കൽ എഞ്ചിനീയർ ആയി ജോലി ചെയ്യുന്നു.

മാർച്ച് മാസ സാഹിത്യ വേദിയിൽ ഡോ. എ.ആർ. ശ്രീകൃഷ്ണൻ അവതരിപ്പിച്ച കുമാരനാശാന്റെ ശ്ലോകകാവ്യങ്ങളുടെ അവലോകനവും ആസ്വാദനവും വളരെയേറെ ഹൃദ്യമായിരുന്നു. ഏപ്രിൽ 4ലെ സാഹിത്യ സായാഹ്നത്തിൽ പങ്കെടുക്കുവാൻ എല്ലാ സാഹിത്യസ്നേഹികളേയും സാദരം ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ബിന്ദു ടിജി 916-705-8568, പ്രസന്നൻ പിള്ള 630-935-2990, ജോൺ ഇലക്കാട് 773-282-4955




# ജീവ കാരുണ്യ പ്രവർത്തനവുമായി കേരള ക്ലബ് ഷിക്കാഗോ

ഷിക്കാഗോ: ഷിക്കാഗോയിൽ കഴിഞ്ഞ ആറു വർഷമായി പ്രവർത്തിക്കുന്ന കേരള ക്ലബ് യു.എസ്.എ ഷിക്കാഗോ വിശക്കുന്നവർക്ക് ആഹാരം നൽകുക എന്ന ആശയവുമായി പ്രവർത്തന രംഗത്തേക്ക്. 2025 മാർച്ച് 13 ന് ഷാംബർഗിലുള്ള ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ചു 42000 ഭക്ഷണ പൊതികൾ സമാഹരിച്ചു. ക്ലബ് പ്രസിഡന്റ് സ്റ്റാൻലി കളരിക്കേമുറി, സെക്രട്ടറി ജോയ് ഇണ്ടിക്കുഴി, കോർഡിനേറ്റർ ജോൺസൻ കണ്ണൂക്കാടൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഇത് ആദ്യമായല്ല 120 അംഗങ്ങളുള്ള കേരള ക്ലബ് ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. 2024ൽ ഇൻഡോ അമേരിക്കൻ ടൂറിസം പ്രൊജക്ടിന്റെ ഭാഗമായി വേൾഡ് പീസ് ട്രാവലേഴ്സിനുമായി യോജിച്ചു പ്രവർത്തിക്കുകയും, 2023ൽ ലോക പരിസ്ഥിതിക ദിനത്തിന്റെ ഭാഗമായി, ഡിസ്പ്ലെയിൻസ് നഗര സഭയുമായി സഹകരിച്ചു നിരവധി മരങ്ങൾ നട്ടു പിടിപ്പിച്ചു വളർത്തുകയും ചെയ്തു.

തുടർന്നും നിരവധി ആതുര സേവന പദ്ധതികളുമായി പ്രവർത്തിക്കുവാനായി കേരള ക്ലബ് പൊതുയോഗം തീരുമാനിച്ചു.



# പ്രൊഫ. കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലി അനുശോചനം രേഖപ്പെടുത്തി



*മുൻ നിരയിൽ ഇരിക്കുന്ന സ്യൂട്ട് ധാരിയാണ് പരേതൻ (ഫയൽ ഫോട്ടോ)*

ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ ആദ്യമലയാളി സംഘടനയായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് പ്രൊഫ. കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലി അനുശോചനം രേഖപ്പെടുത്തി. ചങ്ങനാശ്ശേരി നിവാസിയായിരുന്ന പ്രൊഫ. കെ.എസ്. ആന്റണി കേരളത്തിലെ പ്രമുഖ കോളേജായ സെന്റ് ബർക്കുമാൻസ് കോളേജിൽ നിന്നും 1952 കാലഘട്ടത്തിൽ ഫിസിക്സിൽ ഡിഗ്രി പൂർത്തീകരിച്ചതിനു ശേഷം ബീഹാർ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റേഴ്സും കരസ്ഥമാക്കി.

1957-61 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1962ൽ അമേരിക്കയിലെ ഷിക്കാഗോയിൽ കുടിയേറുകയും 1967ൽ ഡിവോൾ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ മാസ്റ്റേഴ്സ് എടുക്കുകയുണ്ടായി. കോളേജ് ഓഫ് ഇല്ലിനോയിസിൽ ഫാർമസിയിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജിൽ എൻജിനീയറിംഗ് പഠനത്തിനോടനുബന്ധിച്ച് 'സോയിൽ ടെസ്റ്റ്' ഡിപ്പാർട്ട്മെന്റിലും ജോലി ചെയ്തിട്ടുണ്ട്.

1994ൽ ഇന്റർനാഷണൽ സോയിൽ ടെസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും റിസേർച്ച് ഡയറക്ടറായി റിട്ടയർ ചെയ്യുകയുണ്ടായി. ഇല്ലിനോയിസ് യൂണിവേഴ്സിറ്റി ഇൻ ഷിക്കാഗോയിൽ റിട്ടയർമെന്റിനു ശേഷം നിരവധി വർഷത്തോളം പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആദ്യ പ്രസിഡന്റായി 1972ൽ തിരഞ്ഞെടുപ്പെട്ട ശേഷം 1978ൽ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഷിക്കാഗോയിൽ ക്രിസ്ത്യൻ സമൂഹത്തിന് 'കേരള കാത്തലിക് ഫെലോഷിപ്പ്' എന്ന സംഘടന രൂപീകൃതമായപ്പോൾ ആദ്യ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1984ൽ സീറോ മലബാർ രൂപീകൃതമായപ്പോൾ അതിന്റെ അതിന്റെ സെക്രട്ടറിയായി നാലുവർഷക്കാലം സേവനം ചെയ്യുകയുണ്ടായി. 1988ൽ ഫൊക്കാനയുടെ കൺവെൻഷൻ ഷിക്കാഗോയിൽ വച്ചു നടന്നപ്പോൾ ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 'ഫെഡറേഷൻ ഓഫ് ഇൻഡ്യൻ അസോസിയേഷൻ (എഫ്.ഐ.എ) ഡയറക്ടറംഗമായും മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (MENA)യുടെ 1995 ൽ പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

എസ്.ബി അസംപ്ഷൻ അലുംമ്നി രൂപീകരിക്കുന്നതിന് ആദ്യമായി തുടക്കമിട്ടതും പ്രൊഫ. കെ.എസ്. ആന്റണിയായിരുന്നു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പ്രൊഫ. കെ.എസ്. ആന്റണിയുടെ സംഭാവന ഒരിക്കലും വിസ്മരിക്കാനാവാത്തതാണ്. പ്രൊഫ. കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ ഷിക്കാഗോ പൗരാവലിക്കുവേണ്ടി ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് സെന്റ് ബെർക്കുമാൻസ് കോളേജ് മുൻ ചെയർമാൻ, എം.എം.സി.സി മുൻ പ്രസിഡന്റ്, എസ്.ബി അസംപ്ഷൻ അലുംമിനി മുൻ ജോ. ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ജോഷി വള്ളിക്കളം അനുശോചനം അറിയിക്കുകയുണ്ടായി.

◗ *ജോഷി വള്ളിക്കളം*

## എസ്.ബി അസംപ്ഷൻ അലുമ്നി അസോസിയേഷൻ അനുശോചിച്ചു

ഷിക്കാഗോ: എസ്.ബി കോളേജ് പൂർവ്വ വിദ്യാർഥിയും ഫിസിക്സ് വിഭാഗം മുൻ അധ്യാപകനും ആയിരുന്ന പ്രൊഫ. കെ.എസ്. ആന്റണിയുടെ നിര്യാണത്തിൽ എസ്.ബി അസംപ്ഷൻ അലുമ്നി അസോസിയേഷൻ ഷിക്കാഗോ ചാപ്റ്റർ ദുഖവും അനുശോചനവും അറിയിച്ചു.

ഷിക്കാഗോയിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പരേതൻ എസ്.ബി അസംപ്ഷൻ അലുമ്നി അസോസിയേഷന്റെ രൂപീകരണത്തിലും വളർച്ചയിലും നൽകിയ സംഭാവനകൾ അവിസ്മരണീയാണെന്ന് അസോസിയേഷൻ പ്രസ്താവനയിൽ പറഞ്ഞു.

മികച്ച നേതൃപാടവത്തിന് ഉത്തമ മാതൃകയായ കെ.എസ്. ആന്റണി, ഷിക്കാഗോയിലെ പ്രമുഖ മത സാംസ്കാരിക കൂട്ടായ്മയുടെ സ്ഥാപകനും തികഞ്ഞ മനുഷ്യ സ്നേഹിയുമായിരുന്നു.

അലുമ്നി അസോസിഷൻ അംഗങ്ങൾ പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിലിന്റെ നേതൃത്തിൽ പുഷ്പചക്രം അർപ്പിച്ച് അനുശോചനം അറിയിച്ചു.

◗ *തോമസ് ഡിക്രൂസ്*

# കുട്ടികൾക്കായി 'കുട്ടിക്കൂട്ടം' പ്രോഗാം ഒരുക്കി ബെൻസൻവിൽ ഇടവക



ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ കുട്ടികൾക്കായി 'കുട്ടിക്കൂട്ടം' ട്രെയ്നിങ് പ്രോഗ്രാം ഒരുക്കുന്നു. കൊച്ചു കുട്ടികൾക്ക് ഇടവക ദൈവാലയത്തിലെ ജിം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കായികമേഖലയിൽ താല്പര്യമുള്ള കുട്ടികൾക്ക് വോളിബോൾ പരിശീലനമാണ് ഒരുക്കുന്നത്. എല്ലാ ബുധനാഴ്ചകളിലുമായാണ് നേരത്തേ രജിസ്റ്റർ ചെയ്ത കുട്ടികൾക്കായി ഇത് ക്രമീകരിച്ചിരിക്കുന്നത്. 'കുട്ടിക്കൂട്ടം' ട്രെയ്നിങ് പ്രോഗ്രാം കോഴിക്കോട്ട് രൂപതാദ്ധ്യക്ഷൻ മാർ വർഗ്ഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്തു.

ജോസ് ഇടിയാലിൽ, നിനൽ മുണ്ടപ്ലാക്കിൽ, ലിജോ മുണ്ടപ്ളാക്കിൽ എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.

◗ *ലിൻസ് താന്നിച്ചുവട്ടിൽ*



# ആത്മീയ നിറവേകി ബെൻസൻവിൽ ഇടവകയിൽ നോമ്പുകാല ധ്യാനം

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിലെ ഈ വർഷത്തെ നോമ്പുകാല വാർഷിക ധ്യാനം മാർച്ച് 28 മുതൽ 30 വരെ ഭക്തിനിർഭരമായി നടത്തപ്പെട്ടു. കോഴിക്കോട് രൂപതാദ്ധ്യക്ഷൻ മാർ വർഗ്ഗീസ് ചക്കാലയ്ക്കലാണ് ഈ ധ്യാനത്തിന് നതൃത്വം നൽകിയത്. ഷിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആമുഖ സന്ദേശം നൽകി തിരി തെളിച്ച് ധ്യാനത്തിന് തുടക്കം കുറിച്ചു.

മാർച്ച് 28 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് കുർബാനയോടെ ആരംഭിച്ച ധ്യാനം മാർച്ച് 30 ഞായർ വൈകുന്നേരം 4 മണിക്ക് അവസാനിച്ചു. ശനി, ഞായർ ദിവസങ്ങളിൽ കാർമ്മലൈറ്റ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്കും പ്രത്യേകം ധ്യാനം നടത്തപ്പെട്ടു.

ഇടവകയുടെ കൈക്കാരൻമാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, ജെൻസൻ ഐക്കരപ്പറമ്പിൽ, കിഷോർ കണ്ണാല എന്നിവർ ഈധ്യാനത്തിന്റെ ക്രമീകരണങ്ങൾ ഒരുക്കി.

◗ *ലിൻസ് താന്നിച്ചുവട്ടിൽ*



മാറുന്ന കാലം 12

# നിറം അല്ല മനം പ്രധാനം



സെർജി ആന്റണി

വർണവിവേചനവുമായി ബന്ധപ്പെട്ട ചരിത്രം പഠിക്കുമ്പോൾ നമ്മുടെ മനസിലേക്കു കടന്നു വരുന്നത് അമേരിക്കയും മാർട്ടിൻ ലൂതൽ കിംഗുമാണ്. നിറത്തിന്റെ പേരിൽ കൊടിയ വിവേചനം അനുഭവിച്ച ഒരു ജനത. അവരുടെ രക്ഷകനായി മാറിയ മാർട്ടിൻ ലൂതൽ കിംഗ് ജൂണിയർ എന്ന നേതാവ്. 1963 മാർച്ചിൽ വാഷിംഗ്ടണിൽ അദ്ദേഹം നടത്തിയ 'ഐ ഹാവ് എഡ്രീം' എന്നറിയപ്പെടുന്ന വിഖ്യാതമായ പ്രസംഗം ലോകമെമ്പാടും അധസ്ഥിതരുടെ ചെവിയിൽ ഇന്നുമൊരു കടലിരമ്പം സൃഷ്ടിക്കും.തുല്യാവകാശവും നീതിയും നിഷേധിക്കപ്പെടുന്നവരെ ആവേശഭരിതരാക്കുന്ന വാക്കുകൾ.

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷമാണ് അമേരിക്കയിൽ ഇത്തരമൊരു പോരാട്ടം നടന്നതെന്നോർക്കണം. കറുത്തവംശജർനേരിടുന്നവിവേചനത്തിനെതിരേ പോരാടാൻ മാർട്ടിൻ ലൂതർ കിംഗ് ജൂണിയർക്ക് ആവേശം പകർന്നതാകട്ടെ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ അക്രമരഹിത സമരരീതിയും. വംശം,നിറം,മതം,ലിംഗംതുടങ്ങിയകാര്യങ്ങളിൽ യാതൊരു വേർതിരിവും പാടില്ലെന്ന പൗരസ്വാതന്ത്ര്യ നിയമം അമേരിക്ക 1964ൽ നടപ്പാക്കിയത് മാർട്ടിൽ ലൂതർ കിംഗിന്റെ ഈ പോരാട്ടത്തിന്റെ വിജയപരിസമാപ്തിയായി. സമാധാനത്തിനുള്ള 1964ലെ നോബൽ സമ്മാനത്തിനും മാർട്ടിൻ ലൂതർ കിംഗ് ജൂണിയർ അർഹനായി.

വർണവിവേചന പോരാട്ടത്തിനും മാർട്ടിൽ ലൂതർ കിംഗിനും എന്താണിപ്പോൾ പ്രസക്തി എന്നു ചിന്തിച്ചേക്കാം. ദുരഭിമാനക്കൊലയും ജാതി ചിന്തയും മാത്രമല്ല നിറത്തിന്റെ പേരിലുള്ള വിവേചനവും നമ്മുടെ നാട്ടിൽ ഇന്നും വ്യാപകമായുണ്ട്. ദുരഭിമാനക്കൊല അപൂർവമാകാം. പക്ഷേ ബോഡി ഷെയിമിംഗിന്റെ ഭാഗമായ നിറത്തിന്റെ പേരിലുള്ള വിവേചനവും അപഹസിക്കലും നമ്മുടെ സമൂഹത്തിൽ ഇന്നു വിരളമല്ല. കാലം ഏറെ മാറിയെങ്കിലും വർണചിന്ത ഇപ്പോഴും നമ്മുടെ മനസിലെവിടെയോ കറുത്ത വടുക്കളായി അവശേഷിക്കുന്നു.

നിറത്തിന്റെ പേരിലുള്ള വിവേചനത്തെയും അപഹസിക്കലിനെയുംകുറിച്ച് ഈയിടെ പൊട്ടിപ്പുറപ്പെട്ട വിവാദം മാധ്യമങ്ങൾ നന്നായി കൊഴുപ്പിച്ചു. പെട്ടെന്നു ചൂടുപിടിക്കുന്ന വിഷയങ്ങൾ സാധാരണ കൈകാര്യം ചെയ്യുന്നത് ദൃശ്യമാധ്യമങ്ങളും നവമാധ്യമങ്ങളുമാണെങ്കിലും കറുപ്പു വിവാദം കൊഴുപ്പിച്ചതു പ്രധാനമായും അച്ചടി മാധ്യമങ്ങളാണ്. അതിൽതന്നെ കേരളത്തിൽ പ്രചാരത്തിൽ ഒന്നാമനെന്നും രണ്ടാമനെന്നും അവകാശപ്പെടുന്ന പത്രങ്ങൾ.

നിറത്തിന്റെ പേരിൽ അധിക്ഷേപം നേരിട്ടതിനെക്കുറിച്ചു പരിഭവം പറഞ്ഞതു മറ്റാരുമല്ല, കേരളത്തിന്റെ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ആണ്. കറുത്ത നിറത്തിന്റെ പേരിൽ കുഞ്ഞുനാളിൽതന്നെ അപകർഷത ഉണ്ടായിരുന്നതായുള്ള അവരുടെ തുറന്നു പറച്ചിൽ കൂടുതൽ ശ്രദ്ധേയമായി.അമ്മയുടെഗർഭപാത്രത്തിലേക്കുതന്നെതിരിച്ചെടുത്തുവെളുത്തനിറമുള്ള സുന്ദരിക്കുട്ടിയായി ഒന്നുകൂടി ജനിപ്പിക്കുമോഎന്നനാലുവയസുകാരിയുടെ ചിന്ത റിട്ടയർമെന്റിനു ദിവസങ്ങൾ മാത്രം അവശേഷിക്കേ വനിതാ ചീഫ് സെക്രട്ടറി എന്തിനു പരസ്യമായി പങ്കുവച്ചു എന്നത് കൗതുകമുണർത്തുന്നു.

ഈ കറുപ്പു വിവാദത്തിനുപിന്നിൽ മറ്റൊരു കഥയുണ്ട്. അത് ചീഫ് സെക്രട്ടറി പദവിയിലിരുന്ന തന്റെ മുൻഗാമിയുമായുള്ള താരതമ്യം ആണെന്നും അവർ പറയുന്നു. ആ മുൻഗാമിയാകട്ടെ നിലവിലെ ചീഫ് സെക്രട്ടറിയുടെ ജീവിതപങ്കാളിയുമാണ്. ചീഫ് സെക്രട്ടറി ശാരദാ മുരളീധരനെ കാണാനെത്തിയ ഒരാൾ നിറവുമായി ബന്ധപ്പെടുത്തി തന്റെയും തന്റെ മുൻഗാമിയുടെയും പ്രവർത്തനങ്ങളെ വിലയിരുത്തിയെന്നാണ് പരാതി. ഇതു പറഞ്ഞയാളെ പരസ്യപ്പെടുത്തിയില്ലെങ്കിലും പല ഊഹാപോഹങ്ങളും ഉയരുന്നുണ്ട്. ഏതായാലും ചീഫ് സെക്രട്ടറിയുടെ ഈ മനോവിഷമം അവരുടെ വാക്കുകളിൽതന്നെ വിശദമായി മാധ്യമങ്ങളിൽ വന്നു.

നിറത്തിന്റെ പേരിൽ തനിക്കുണ്ടായ അപകർഷതയും നേരിടേണ്ടിവന്ന അപമാനവും അവർ വിവരിക്കുന്നുണ്ട്. പക്ഷേ ഈ അപകർഷതയിൽനിന്ന് അവരെ മോചിപ്പിക്കുന്നത് അവരുടെ മക്കളാണ്. കറുപ്പിന്റെ അഴക് മക്കൾ തനിക്കു കാട്ടിത്തന്നുവെന്നാണ് ശാരദാ മുരളീധരന്റെ കുറിപ്പിൽ പറയുന്നത്. ഒരുപക്ഷേ പുതിയ തലമുറയുടെ ചിന്താഗതിയും മാനുഷിക വീക്ഷണവും കുറെക്കൂടി സുന്ദരവും സൗമ്യവുമാണെന്ന വലിയൊരു സന്ദേശമാണ് ഇതു സമൂഹത്തിനു നൽകുന്നത്. പുതുതലമുറ ലഹരിക്കും അക്രമത്തിനും അടിമകളായി മാറിയിരിക്കുന്നുവെന്നൊക്കെ ആകുലപ്പെടുന്ന സമൂഹത്തിന് ഇത്തരം പുതുചിന്തകളും നിലപാടുകളും ശുഭോദർക്കം തന്നെ.



ആത്മീയതയിലൂന്നിയ ദാർശനിക പ്രഭാഷണങ്ങളിലൂടെ ശ്രദ്ധേയനായി ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ ഒരു സംഭാഷണ ശകലം യുട്യൂബിൽ കേൾക്കാനിടയായി. അതിൽ ബോബി അച്ചൻ പറയുന്ന ഒരു കാര്യമുണ്ട്. പുതിയ തലമുറ ബോഡി ഷെയിമിംഗിനെ വെറുക്കുന്നു എന്നതാണത്. ഒരു മനുഷ്യന്റെ ശാരീരിക പോരായ്മകളെ പരിഹസിക്കാൻ പുതിയ തലമുറയിലെ കുട്ടികൾക്കു താത്പര്യമില്ലാത്തത് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

പഴയ തലമുറയിൽ ബോഡ് ഷെയിമിംഗ് പരക്കേ ഉണ്ടായിരുന്നു. അതു പലപ്പോഴും ഇരട്ടപ്പേരായി പലരിലും ചാർത്തപ്പെട്ടു. പരസ്യമായിപ്പോലും അവരെ അങ്ങിനെ അഭിസംബോധന ചെയ്യാറുണ്ടായിരുന്നു. പക്ഷേ ഇന്നത്തെ കാലത്തെ കുട്ടികൾ അത്തരം അപഹാസ്യ രീതി കാട്ടുന്നില്ലെന്നാണ് ഫാ. ബോബി ജോസ് പ്രഭാഷണത്തിൽ സമർഥിച്ചത്. അതു ശരിയാണെന്നു മുതിർന്ന തലമുറ സമ്മതിക്കും. കാരണം. അവർ തങ്ങളുടെ ചെറുപ്പകാലത്തേക്കൊന്നു തിരിച്ചു നടന്നാൽ അതു മനസിലാകും. സ്കൂൾ ക്ലാസുകളിൽ പോലും എത്രയോ അധ്യാപകർക്ക് ഇരട്ടപ്പേരുകൾ ഉണ്ടായിരുന്നു. അവരുടെ നിറവും ഉയരവും ഉയരക്കുറവും ശാരീരിക പ്രത്യേകതകളുമൊക്കെ ഈ ഇരട്ടപ്പേരുകളിലൂടെ സ്ഥിരപ്രതിഷ്ഠ നേടി. അവരിൽപലരുടെയും യഥാർഥ പേരു പലരും ഓർക്കുന്നുണ്ടാവില്ല.

അധ്യാപകർക്കു മാത്രമല്ല കുട്ടികൾക്കും ഇത്തരം ചില ഇരട്ടപ്പേരുകൾ വീണിരുന്നു. അതു പലരുടെയും വ്യക്തിത്വത്തെ പോലും ബാധിച്ചിട്ടുണ്ട്. പക്ഷേ അന്നൊന്നും അതിന്റെ പേരിൽ വലിയ അക്രമമൊന്നും അരങ്ങേറിയിരുന്നില്ല. അപഹസിക്കലുകളെ അതിജീവിക്കാനുള്ള മനക്കരുത്ത് കുട്ടികൾക്കും മുതിർന്നവർക്കുമുണ്ടായിരുന്നു. ഇന്നാണെങ്കിലോ.. എത്രയോ നിസാര കാര്യങ്ങൾക്കാണ് ജീവനൊടുക്കാൻപോലും കുട്ടികൾ മടിക്കാത്തത്. അതല്ലേ നവോത്ഥാന കേരളത്തിൽ നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

നിയമസഭയിൽ രാഹൂൽ മാങ്കൂട്ടം പ്രസംഗിക്കുന്നതിനിടെ അദ്ദേഹത്തെ മന്ത്രി ആർ. ബിന്ദു 'പോടാ ചെറുക്കാ' എന്നു വിളിച്ചെന്നു പരാതിപ്പെട്ടത് പ്രതിപക്ഷ നേതാവ് വി.ഡി. സതീശനാണ്. എന്നാൽ താൻ അങ്ങിനെ വിളിച്ചിട്ടില്ലെന്നാണ് മന്ത്രി പറയുന്നത്. ഏതായാലും മന്ത്രി പരാമർശം പിൻവലിച്ചില്ല.

അതിൽ പ്രതിഷേധിച്ചു പ്രതിപക്ഷം സഭ വിട്ടുപോവുകയും ചെയ്തു. തന്നെക്കുറിച്ച് തന്റെ മകന്റെ പ്രായമുള്ളയാൾക്ക് ഇങ്ങനെയൊക്കെ പറയാമെങ്കിൽ തനിക്കും പറയാമെന്നും മന്ത്രി പറയുന്നുണ്ട്.

സർവകലാശാലകളിലെ അധികാരങ്ങളെല്ലാം പ്രോ ചാൻസലറായ ഉന്നതവിദ്യാഭ്യാസ മന്ത്രി കൈക്കലാക്കുകയാണെന്നായിരുന്നു സർവകലാശാലാ ഭേദഗതി ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ രാഹൂലിന്റെ ആരോപണം. കേരള സർവകലാശാലയിൽ കുമാരനാശാന്റെ പ്രതിമ മാറ്റി മന്ത്രിയുടെ പ്രതിമ വയക്കണമെന്നുകൂടി മാങ്കൂട്ടം പറഞ്ഞപ്പോൾ ബിന്ദു ടീച്ചർക്കു സഹിക്കാനായില്ല. വയറിളകുന്നതുപോലെയുള്ള വാചകക്കസർത്താണ് മാങ്കൂട്ടത്തിന്റേതെന്നായി മന്ത്രി ബിന്ദു.

നിയമസഭയിൽ ഇത്തരം പരിഹാസങ്ങളും അതിനുകുറിക്കു കൊള്ളുന്ന മറുപടിയുമൊക്കെ പതിവാണ്. അതൊക്കെ ഉൾക്കൊള്ളുവാനുള്ള ഹൃദയവിശാലത പഴയതുപോലെ പലർക്കുമില്ല. അപരന്റെ വ്യക്തിത്വത്തെ ഹനിക്കാൻ തനിക്ക് അവകാശമില്ലെന്ന കാര്യം തിരിച്ചറിയുന്നവർക്കേ ഇതു സാധ്യമാകൂ.

ഏതായാലും നിറത്തിന്റെയും സൗന്ദര്യത്തിന്റെയുമൊക്കെ പേരിൽ വിവാദങ്ങളുടെ ദൂർഭൂതങ്ങളെ എന്തിനാണിങ്ങനെ തുറന്നുവിടുന്നതെന്നു മനസിലാവുന്നില്ല. ചില വിഷയങ്ങൾ വഴി തിരിച്ചുവിടാൻ ഇത്തരം വിവാദങ്ങൾ സഹായകമായേക്കാം. പക്ഷേ, എത്ര നാളത്തേക്ക്. വിഷയങ്ങളുടെ കാലിക പ്രസക്തി അങ്ങിനെയങ്ങു മറച്ചുവയ്ക്കാനാവുമോ?

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ നിറത്തിന്റെ വിഷയം പിന്നീടും എടുത്തിട്ടു. നിറത്തിന്റെയും ജാതിയുടെയും പേരിലുള്ള അന്തരം കുടുംബശ്രീയിലും ഉണ്ടായിരുന്നുവെന്ന് മാർച്ച 28നു കോഴിക്കോട്ട് കിർത്താഡ്സ് ഗോത്ര സാഹിത്യോത്സവത്തിലെ സംവാദത്തിൽ ചീഫ് സെക്രട്ടറി പറഞ്ഞു. കറുപ്പിൽ അഹങ്കരിക്കുന്നതിലേക്കു നമ്മുടെ പൊതുബോധം മാറ്റിയെടുക്കണമെന്നും അവർ അഭിപ്രായപ്പെട്ടു.

തൊലിയുടെ നിറം ഇത്രയേറെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ടോ എന്ന ചോദ്യമാണ് ഈ വിവാദം കത്തിയുയർന്നപ്പോൾ പലരുടെയു മനസിൽ ഉണ്ടായത്. മലയാളിയുടെ ചില സൗന്ദര്യ സങ്കല്പങ്ങൾ വിചിത്രമാണ്. അതു പലപ്പോഴും നമ്മെ പിന്നോട്ടടിക്കുന്നു. കാലത്തിന്റെ കാലൊച്ച കേൾക്കാനും അതനുസരിച്ചു ജീവിതത്തെ ക്രമീകരിക്കാനും കഴിയുന്ന ജനതയാണ് നാളത്തെ ലോകത്തെ സന്തുഷ്ടമാക്കുന്നത്.

കറുപ്പിന് ഏഴഴകെന്നൊക്കെ വാഴ്ത്താറുണ്ടെങ്കിലും അതിനെക്കുറിച്ചുള്ള അപകർഷതാബോധം പലരെയും വിഷമിപ്പിക്കുന്നു. എന്തിന് സൗന്ദര്യത്തിന്റെ അളവുകോൽ എന്നു പൊതുവേ കരുതുന്ന ചില കാര്യങ്ങൾപോലും ബോഡി ഷെയിമിംഗിന് വിഷയമാകാറുണ്ട്. വ്യവസായിയും സമ്പന്നനുമായ ബോബി ചെമ്മണ്ണൂരിന് ജയിലിൽ കിടക്കേണ്ടിവന്നതു സുന്ദരിയായൊരു സിനിമാതാരത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു.

ബോഡി ഷെയിംമിംഗ് സമൂഹം അംഗീകരിക്കുന്നില്ലെന്നും വാക്കുകൾ ഉപയോഗിക്കുമ്പോൾ സ്ത്രീകളായാലും പുരുഷന്മാരായാലും ജാഗ്രത പാലിക്കണമെന്നും ബോബിക്ക് ജാമ്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ ഹൈക്കോടതി പറഞ്ഞിരുന്നു. അമിത വണ്ണമോ, വണ്ണക്കുറവോ, ഉയരക്കുറവോ ഉയരക്കൂടുതലോ ഇരുണ്ട നിറമോ എന്തുമാവട്ടെ ഒരു മനുഷ്യന്റെ ശരീരത്തെക്കുറിച്ചുള്ള കമന്റുകൾ ഒഴിവാക്കുകതന്നെ വേണമെന്നു ജാമ്യ ഉത്തരവിൽ ജസ്റ്റീസ് പി.വി. കുഞ്ഞിക്കൃഷ്ണൻ ചൂണ്ടിക്കാട്ടിയിരുന്നു.

തൊലിയുടെ നിറമല്ല മനസിന്റെ ആർദ്രതയാണു പ്രധാനം. അത്തരമൊരു ഹൃദയത്തിൽനിന്നാണു സ്നേഹവും കാരുണ്യവുമൊക്കെ ഒഴുകുക. ഇരുണ്ട മനസുകളുടെ ഇടയിൽ തെളിഞ്ഞ ഹൃദയമുള്ളവർ വളർന്നുവരണം. തൊലിപ്പുറത്തെ നിറം എന്തും ആയിക്കൊള്ളട്ടെ.





# സീറോ മലബാർ ഷിക്കാഗോ രൂപതയുടെ ജൂബിലിക്ക് ഹൂസ്റ്റൺ ഇടവകയിലും തുടക്കമായി

ഹൂസ്റ്റൺ: 2001 മാർച്ച് 13ന് വിശുദ്ധ ജോൺപോൾ രണ്ടാമൻമാർപാപ്പയാൽസ്ഥാപിതമായഷിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആചരണത്തിന് തുടക്കമായി. രൂപത തലത്തിലുള്ള ഉദ്ഘാടനം ഷിക്കാഗോ കത്തീഡ്രൽ ദൈവാലയത്തിൽ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ സാന്നിധ്യത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവ്വഹിച്ചു. ജൂബിലി ആചരണത്തിന്റെ ഇടവക തലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 22 ശനിയാഴ്ച വൈകുന്നേരം സെന്റ് ജോസഫ് ഹാളിൽ വച്ച് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവ്വഹിച്ചു.

തദവസരത്തിൽ ഹ്യൂസ്റ്റൺ സെന്റ് ജോസഫ് ഇടവകയുടെ 20-ാം വാർഷികത്തിൽ തുടക്കം കുറിച്ച ചാരിറ്റി ഹൗസിംഗ് പ്രോജക്ടിന്റെ വീടുകളുടെ സമർപ്പണം ബിഷപ്പ് നിർവ്വഹിച്ചു. ക്രിസ്തുവിന്റെ തിരുജനനത്തിന്റെ 2025-ാം ആണ്ട് മഹാജൂബിലിയുടെയും രൂപതയുടെ സിൽവർ ജൂബിലിയുടെയും ഭാഗമായി ഇടവക നടത്തുന്ന വിവിധ കർമ്മപരിപാടികളെക്കുറിച്ച് ഇടവക വികാരി റവ. ഫാ. ജോണിക്കുട്ടി പുലശ്ശേരിയും, ജൂബിലി കോർഡനേറ്റർ സാബു മാത്യൂസും വിശദീകരിച്ചു. ജൂബിലിയോടനുബന്ധിച്ച് ഇടവക പ്രസിദ്ധീകരിക്കുന്ന 'Jubilee of Grace - Bible Verses for Reflection and Renewal' എന്ന ബുക്ക്ലെറ്റിന്റെ പ്രകാശനം ബിഷപ്പ് ആലപ്പാട്ട് നിർവ്വഹിച്ചു. യുവജന പ്രതിനിധികളായ ആൻ ആന്റണിയും, ജോയൽ ജോമിയും ബുക്ക്ലെറ്റിന്റെ കോപ്പി ബിഷപ്പിൽ നിന്ന് ഏറ്റുവാങ്ങി.

ജൂബിലി സമ്മേളനത്തിന് ഇടവക അസി. വികാരി റവ. ഫാ. ജോർജ് പാറയിൽ സ്വാഗതവും കൈക്കാരൻ സിജോ ജോസ് നന്ദിയും പ്രകാശിച്ചു. ഫാ. വർഗ്ഗീസ് കുന്നത്ത്, ഫാ. അനീഷ് ഈറ്റയ്ക്കാകുന്നേൽ, മദർ സി. എമിലിൻ എന്നിവർ പ്രസംഗിച്ചു. കൈക്കാരന്മാരായ സിജോ ജോസ്, പ്രിൻസ് ജേക്കബ്, വർഗ്ഗീസ് കുര്യൻ, ജോജോ തുണ്ടിയിൽ എന്നിവർ നേതൃത്വം നൽകി. യൂത്ത് ബോർഡ്, മിഷൻ ലീഗ്, ഹോളി ചൈൽഡ് ഹുഡ് എന്നീ ഭക്ത സംഘടനകൾ അവതരിപ്പിച്ച പരിപാടികളും ക്വയറിന്റെ സംഗീത പരിപാടിയും ചടങ്ങിനെ ആകർഷണീയമാക്കി.

*ജീമോൻ റാന്നി*



# ഷിക്കാഗോ ട്രാൻസിറ്റ് മലയാളി അസോസിയേഷൻ കുടുംബസംഗമം

ഷിക്കാഗോ: 2025 ലെ സി.ടി.എം.എയുടെ സിൽവർ ജൂബിലിയും കുടുംബസംഗമവും ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു. തദവസരത്തിൽ കഴിഞ്ഞ വർഷങ്ങളിൽ റിട്ടയർ ചെയ്ത ഷിക്കാഗോ ട്രാൻസിറ്റ്, മെട്രോ, പെയ്സ്, സിറ്റി എംപ്ലോയീസിനെ മൊമെന്റോ നൽകി ആദരിച്ചു.

റോയ് നെടുങ്കോട്ടിലിന്റെയും ശാന്തി ജെയ്സണിന്റെയും പ്രാർത്ഥനാഗാനത്തോടു കൂടി യോഗം ആരംഭിച്ചു. സെക്രട്ടറി ലൂക്കോസ് ചുമ്മാർ എല്ലാവരേയും സ്വാഗതം ചെയ്തു. പ്രസിഡന്റ് സാബു കട്ടപ്പുറത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ റിട്ടയർ ചെയ്ത ഏവരേയും അനുമോദിക്കുകയും വരും കാലങ്ങളിൽ കൂടുതൽ മലയാളികൾ ട്രാൻസിറ്റ് ജോലിക്കായി മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

മോൻസി ടി. ചാക്കൊ, ജേക്കബ് ചിറയത്ത്, ജോൺ ജോസഫ്, ബിജോയ് കാപ്പൻ, ജോൺസൺ കണ്ണൂക്കാടൻ, ജോസ് പുല്ലാട്ടുകാലായിൽ, വില്ലിംഗ്ടൺ ആന്റണി, എബ്രഹാം ജോർജ്, എബ്രഹാം വർക്കി, സ്റ്റീഫൻ ജെ. വഞ്ചിപ്പുരക്കൽ, ജോയ് തലയ്ക്കൽ എന്നിവരാണ് ജോലിയിൽ നിന്ന് വിരമിച്ചവർ.

ഇവരെല്ലാവരുംതങ്ങൾക്കുള്ളഅനുഭവങ്ങൾപങ്കുവച്ചു മുൻ പ്രസിഡന്റുമാരായ റോയ് നെടുങ്കോട്ടിൽ,തോമസ്പായ്കാട്ടുമയിലിൽഎന്നിവർആശംസകൾ അർപ്പിച്ചു. കൂടാതെ സിറിയക് ലൂക്കോസ്, ടോമി മേത്തിപ്പാറ, റോയ് ജോസഫ്, നവീന ഫ്രാൻസീസ്, കിഷോർ കണ്ണാല, ഷാജി കുര്യൻ, ബിജി കൊല്ലാപുരം, ഷാബു മാത്യു, സിബി കാത്തനാട്, സുനൈന ചാക്കൊ (ഐ.എം.എ മുൻ പ്രസിഡന്റ്), ജെസി റിൻസി (സി.എം.എ പ്രസിഡന്റ്) എന്നിവരും റിട്ടയർ ചെയ്തവരെ അനുമോദിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഈ പരിപാടിയുടെ കോർഡിനേറ്റേഴ്സായി പ്രവർത്തിച്ചവർ: സൈമൺ തോമസ്, സിബി കാക്കനാട്ട്, ഷാബു മാത്യു, ബിജി കൊല്ലാപുരം എന്നിവരാണ്. സഖറിയ ചക്കോ ഏവർക്കും നന്ദി രേഖപ്പെടുത്തി. എം.സിയായി പ്രവർത്തിച്ചത് ജോൺസൺ കണ്ണൂക്കാടൻ. വിഭവസമൃദ്ധമായ ഡിന്നറിനുശേഷം ഏകദേശം 10 മണിയോടുകൂടി മീറ്റിംഗ് സമാപിച്ചു.

*ജോൺസൺ കണ്ണൂക്കാടൻ*



# ഷിക്കാഗോ സീറോ മലബാർ രൂപത രജത ജൂബിലി വർഷത്തിലേക്ക്

കൊപ്പേൽ (ടെക്സാസ്): ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾക്ക് ഷിക്കാഗോ സെന്റ്തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ തുടക്കമായി. ഇതിന്റെ ഭാഗമായി രൂപതയിലെ ഇടവകകളിലും തിരിതെളിച്ചു ജൂബിലി വർഷ ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു. ഇടവകതല ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ നടന്ന ചടങ്ങിൽ റവ.ഡോ. മെജോ കൊരെത്ത് (ഷംഷാബാദ് രൂപതാ ചാൻസലർ) ജൂബിലി ദീപം തെളിയിച്ചു. ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ട്രസ്റ്റിമാരായ റോബിൻ കുര്യൻ, ജോഷി കുര്യാക്കോസ്, റോബിൻ ചിറയത്ത്, രഞ്ജിത്ത് തക്കോട്ടൂർ, സെബാസ്റ്റ്യൻപോൾ (സെക്രട്ടറി) എന്നിവർ സന്നിഹിതരായിരുന്നു. ഇടവക സമൂഹവും ആഘോഷങ്ങളിൽ പങ്കുചേർന്നു.

വടക്കേ അമേരിക്കയിലേക്കു കുടിയേറിയ സീറോ മലബാർ കത്തോലിക്കരുടെ വിശ്വാസ ജീവിതത്തിൽ നിർണ്ണായക വഴിത്തിരിവായി, 1984 ൽ അമേരിക്കയിൽ ഡാളസിലാണ് സീറോ മലബാർ മിഷൻ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചത്. 2001ൽ ഷിക്കാഗോ കേന്ദ്രമാക്കി അമേരിക്ക മുഴുവനുള്ള മലയാളി സമൂഹത്തിനുവേണ്ടി ഇന്ത്യക്കു പുറത്തുള്ള ആദ്യത്തെ സീറോമലബാർ രൂപതായി ജോൺപോൾ മാർപാപ്പയുടെ പ്രത്യേക അനുഗ്രഹത്താൽ ഷിക്കാഗോയിൽ സെന്റ്തോമസ് സീറോ മലബാർ രൂപത സ്ഥാപിതമായി. അമേരിക്കയിലുടെനീളം പടർന്നു പന്തലിച്ച സീറോ മലബാർ രൂപതയുടെ കീഴിൽ ഇപ്പോൾ 52 ഇടവകകളും 33 മിഷനുകളും പ്രവർത്തിക്കുന്നു.


*മാർട്ടിൻ വിലങ്ങോലിൽ*



# ഹൂസ്റ്റൺ സെന്റ് ജോസഫ് ഇടവക തിരുനാൾ ഭക്തിസാന്ദ്രം

ഹ്യൂസ്റ്റൺ: സെന്റ് ജോസഫ് ഫെറോനാ ദൈവാലയ മധ്യസ്ഥൻ വി. യൗസേപിതാവിന്റെ തിരുനാൾ ആഘോഷം കൊണ്ടാടി. മാർച്ച് 14ന് കൊടിയേറ്റോടുകൂടി ആരംഭിച്ച തിരുനാൾ ആചാരണത്തിന് 9 ദിവസത്തെ നൊവേനയ്ക്കും വി. കുർബാനയർപ്പണത്തിനും വിവിധ ദിവസങ്ങളിൽ റവ. ഫാ. എബ്രഹാം മുത്തോലത്ത്, റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, റവ. ഫാ. ടോം പന്നലക്കുന്നേൽ MSFS, റവ. ഫാ. മാത്യൂസ് മുഞ്ഞനാട്ട്, റവ. ഫാ. വർഗ്ഗീസ് കുന്നത്ത് MST, റവ. ഫാ. ജോൺ മണക്കുന്നേൽ, റവ. ഫാ. ലുക്ക് മാനുവൽ, റവ. ഫാ. അനീഷ് ഈറ്റയ്ക്കാകുന്നേൽ, റവ. ഫാ. ജോഷി വലിയവീട്ടിൽ എന്നിവരും ഫെറോനാ വികാരി റവ. ഫാ. ജോണിക്കുട്ടി പുലിശ്ശേരി, അസി. വികാരി റവ. ഫാ. ജോർജ് പാറയിൽ എന്നിവരും കാർമ്മികരും സഹകാർമ്മികരുമായി.

മാർച്ച് 17ന് ചങ്ങനശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ മുഖ്യ കാർമ്മികനായി. തിരുനാളിന്റെ പ്രധാന ദിനങ്ങളായ മാർച്ച് 22ന് റാസ കുർബാനയ്ക്കു വികാരി റവ. ഫാ. ജോണിക്കുട്ടി പുലിശ്ശേരിയും, മാർച്ച് 23ന് ഞായറായ്ച ആഘോഷമായ തിരുനാൾ കുർബാനയ്ക്കു രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടും മുഖ്യകാർമ്മികരായി. ആഘോഷമായ പ്രദക്ഷിണം തിരുനാൾ ആചാരണത്തിനു മാറ്റു കൂട്ടി. സ്നേഹവിരുന്നോടെ തിരുനാൾ ആചരണം സമാപിച്ചു. തിരുനാൾ ക്രമീകരണങ്ങൾക്കു കൈക്കാരന്മാരായ സിജോ ജോസ്, പ്രിൻസ് ജേക്കബ്, വർഗ്ഗീസ് കുര്യൻ, ജേജോ തുണ്ടിയിൽ എന്നിവർ നേതൃത്വം നൽകി.





# ഡാളസ് മേഖലയിലെ ഫാമിലി കോൺഫറൻസ് കിക്ക് ഓഫ് വൻ വിജയമായി

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ 36-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ്, 2025 ജൂലായ് 16 മുതൽ 19വരെ വാഷിംഗ്ടൺ ഡിസിയിൽ വെച്ച് നടത്തുന്നതിന്റെ മുന്നോടിയായി ഡാളസ് മേഖലയിലെ പള്ളികളെ കേന്ദ്രീകരിച്ചുള്ള കിക്ക് ഓഫ് പ്രോഗ്രാം സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽവച്ച്ഭദ്രാസനാധിപൻഅഭിവന്ദ്യയൽദൊ മോർ തീത്തോസ് മെത്രാപോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മാർച്ച് 22-ാം തീയതി ഞായറാഴ്ച വി.കുർബ്ബാനാനന്തരം നടത്തപ്പെട്ട യോഗത്തിന് ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ. ഫാ. പോൾ തോട്ടക്കാട്ട്, കമാണ്ടർ വർഗീസ് ചാമത്തിൽ, വൽസലൻ വർഗീസ് എന്നിവർക്ക് പുറമേ റവ. ഫാ. ബേസിൽ അബ്രഹാം (വികാരി, സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ), പി.സി. വർഗീസ് (വൈസ് പ്രസിഡന്റ്), ജോസഫ് ജോർജ് (ട്രഷറർ), സെസിൽ മാത്യു (ജോ. സെക്രട്ടറി) എന്നിവരും നേതൃത്വം നൽകി.

വാഷിംഗ്ടൺ ഡിസിയിലെ ഹിൽട്ടൺ വാഷിംഗ്ടൺ ഡ്യൂലെസ് എയർപോർട്ട് ഹോട്ടടിൽ വെച്ച് വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്ന ഈ വർഷത്തെ കുടുംബമേളയുടെ സവിശേഷതകളെ കുറിച്ചും വിശ്വാസികളുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനമേകുന്ന ഒരുവേദിയെന്ന നിലയിലും, സമൂഹത്തിൽ സഭാംഗങ്ങൾക്കുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്തുന്നതിനുള്ള ഒരവസരമെന്ന നിലയിലും ഈ കുടുംബ മേളയിൽ സംബന്ധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്, യോഗത്തെ ധരിപ്പിക്കുകയുണ്ടായി. കോൺഫറൻസിനോടനുബന്ധിച്ച് ഈ വർഷവും വിവിധ പ്രവർത്തന മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും അതോടൊപ്പം തന്നെ അതിഭദ്രാസനത്തിന്റെ സർവ്വോത്മുഖമായ വളർച്ചക്കും ആത്മീയ ഉന്നമനത്തിനുമായി നിസ്തുലമായ സേവനമനുഷ്ഠിച്ചപ്രമുഖരിൽ നിന്നും, തെരെഞ്ഞെടുക്കപ്പെടുന്ന വരെ ആദരിക്കുന്നതിനായി, ഇന്ത്യയിലെ തന്നെ മികച്ച മീഡിയാ ചാനലായ ഏഷ്യാനെറ്റ് ന്യൂസുമായി സഹഹകരിച്ച് നടത്തുന്ന 2-ാമത് എക്സലൻസ് അവാർഡ് നിശയെക്കുറിച്ച് റവ. ഫാ. പോൾ തോട്ടക്കാട്ട് യോഗത്തിൽ വിശദീകരിക്കുകയുണ്ടായി. ഭദ്രാസനത്തിന്റെ വിവിധ ദേവാലയങ്ങളിൽ നിന്നുമായി ഇതിനോടകം ലഭിച്ചിട്ടുള്ള സഹകരണങ്ങൾക്ക് അഭിവന്ദ്യ മെത്രാപോലീത്താ നന്ദി പ്രകാശിപ്പിക്കുകയും തുടർന്നും സഭാംഗങ്ങളുടെ സഹകരണവും പ്രാർത്ഥനയും, ഇക്കാര്യത്തിൽ ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

ഡാളസ് മേഖലയിൽപ്പെട്ട സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ സെന്റ് മേരീസ് ചർച്ച് മോർ ഗ്രിഗോറിയോസ് ചർച്ച് എന്നീ ദേവാലയങ്ങളിൽ നിന്നുള്ള പല അംഗങ്ങളും, രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് അഭിവന്ദ്യ മെത്രാപോലീത്താക്ക് നൽകി കിക്ക് ഓഫ് പ്രോഗ്രാമിൽ പങ്കുചേർന്നു. കൂടുതൽ അംഗങ്ങൾ വരും ദിവസങ്ങളിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കണമെന്ന് റവ. ഫാ. ബേസിൽ അബ്രഹാം ഓർമ്മിപ്പിച്ചു. വൽസലൻ വർഗീസ് സ്വാഗതവും, കമാണ്ടർ വർഗീസ് ചാമത്തിൽ നന്ദിയും രേഖപ്പെടുത്തി.

അമേരിക്കൻ മലങ്കര അതിഭദ്രാസന പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.

# ക്രെഡിറ്റ് കാർഡ് നിലവാരത്തിലുള്ള ബെനിഫിറ്റ് കാർഡുമായി ഒരുമ

ഹൂസ്റ്റൺ: റിവർസ്റ്റോൺ ഒരുമ 2025ലെ അംഗത്വം പുതുക്കിയ ഫാമിലികൾക്കായി ഗ്രേറ്റർ ഹൂസ്റ്റണിൽ നിരവധി ബിസിനസ് സെന്ററുകളിൽ നിന്ന് പർച്ചേസ് ഡിസ്കൗണ്ട് കിട്ടുന്ന ബെനിഫിറ്റ് കാർഡ്2025നൽകുന്നു.മെമ്പർഷിപ്പ്മാസാചരണമായ ഏപ്രിൽ 30ന് മുൻപായി മെമ്പർഷിപ്പ് പുതുക്കുന്ന കുടുംബങ്ങൾക്കാണ് 'ഡോളർബാക്ക്ഫ്രംപർച്ചേസ്' വഴി സാമ്പത്തിക ലാഭം കിട്ടുന്ന ഈ ഡിസ്കൗണ്ട് കാർഡ് ലഭിക്കുക. മെയ് 3ന് നടക്കുന്ന ഒരുമ മെഗാ പിക്നിക്ക് 2025ന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. കുടിയേറ്റ നാട്ടിലെ കുട്ടികൾക്കായുള്ള ഒരുമ മലയാളം ലേണിംഗ് ക്ലാസുകൾ ഉടൻ ആരംഭിക്കും.



ഒരുമ പ്രസിഡന്റ് ജിൻസ് മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ എക്സികുട്ടിവ് ബോർഡ് യോഗത്തിൽ ജനറൽ സെക്രട്ടറി ജയിംസ് ചാക്കോ സ്വാഗതം പറഞ്ഞു. ഒരുമ പിക്നിക്കിന്റെ ക്രമീകരണങ്ങളെപ്പറ്റി പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ജോസ് തൈപ്പറമ്പിൽ വിശദീകരിച്ചു. റീനാ വർഗീസ്, നവീൻ ഫ്രാൻസിസ്, വിനോയി സിറിയക്ക്, മേരി ജേക്കബ് എന്നിവർ പ്രസംഗിച്ചു. റോബി ജേക്കബ്, സെലിൻ ബാബു, കെ.പി. തങ്കച്ചൻ, ജോസഫ് തോമസ്, ഷാജി വർഗീസ്, റെയ്നാ സുനിൽ, ദീപാ പോൾ, അലീനാ സബാസ്റ്റിയൻ എന്നിവർ സബ് കമ്മിറ്റി കോ-ഓർഡിനേറ്റഴ്സായ വിപുലമായ പിക്നിക്ക് കമ്മിറ്റി രൂപികരിച്ചു. ജിൻസ് മാത്യു കിഴക്കേതിൽ അറിയിച്ചതാണിത്.

◗ *ജീമോൻ റാന്നി*

# റവ. ഡോ. ടെഡി സി. കാഞ്ഞൂപ്പറമ്പിൽ എസ്.ബി കോളേജ് പ്രിൻസിപ്പലായി ചുമതലയേറ്റു



ചങ്ങനാശ്ശേരി: നൂറ്റാണ്ടിന്റെ ചരിത്രമുള്ള സെന്റ് ബർക്കുമാൻസ് കോളേജിന്റെ പതിനെട്ടാമത്തെ പ്രിൻസിപ്പലായി ഇംഗ്ലീഷ് വിഭാഗം പ്രൊഫ. റവ. ഡോ. ടെഡി സി. അന്തപ്പായി കാഞ്ഞൂപ്പറമ്പിൽ ഏപ്രിൽ ഒന്നിന് ചുമതലയേറ്റു. ഇപ്പോഴത്തെ പ്രിൻസിപ്പലായി ഫാ. റെജി പി. കുര്യൻ കഴിഞ്ഞ നാലുവർഷത്തെ സേവനം പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് പുതിയ നിയമനം.

വൈസ് പ്രിൻസിപ്പൽമാരായി ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ഫാ. ജോസ് ജേക്കബ് മുല്ലക്കരിയിൽ, എം.ബി.എ വിഭാഗം അദ്ധ്യാപകൻ ഡോ. സിബി ജോസഫ് കെ., ബോട്ടണി വിഭാഗം അദ്ധ്യാപകൻ ഡോ. കെ.വി. ജോമോൻ എന്നിവരെ നിയമിച്ചു.

# എസ്.ബി. അസംപ്ഷൻ കേളേജ് അലുമ്നി നോർത്ത് അമേരിക്കയിൽ ഏകോപനത്തിന് തുടക്കമായി



ചങ്ങനാശേരി: എസ്.ബി. അസംപ്ഷൻ കോളേജ് പൂർവ്വവിദ്യാർത്ഥികളുടെ വടക്കേ അമേരിക്കയിലുള്ള എല്ലാ ചാപ്റ്ററുകളും ദേശീയ തലത്തിൽ ഏകോപിപ്പിക്കുവാൻ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത ഓൺലൈൻ പൂർവ്വവിദ്യാർത്ഥിസമ്മേളനത്തിൽ തീരുമാനിച്ചു.

അമേരിക്കയിൽ സജീവമായി പ്രവർത്തിക്കുന്ന അലുമ്നി കൂട്ടായ്മകളിലെ ഭാരവാഹികളും പൂർവ്വവിദ്യാർത്ഥികളും പങ്കെടുത്ത സമ്മേളനത്തിൽ ആർച്ചു ബിഷപ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. ചങ്ങനാശേരി അതിരൂപതയുടെ പ്രശസ്തമായ കലാലയങ്ങളുടെ പാരമ്പര്യവും സംശുദ്ധിയും ഉയർത്തിപിടിക്കുവാൻ അഭിവന്ദ്യ പിതാവ് ഭാരവാഹികളെ ആഹ്വാനം ചെയ്തു.

ഹ്രസ്വമായ തന്റെ സന്ദർശനത്തിനിടയിൽ അമേരിക്കൻ യൂണിവേഴ്സിറ്റികളുമായി സഹകരിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്തും പ്രൊഫഷണൽ മേഖലയിലും ശാസ്ത്രസാങ്കേതികരംഗത്തും എസ്.ബി. അസംപ്ഷൻ പൂർവവിദ്യാർത്ഥികൾ അഭിമാനകരമായി നൽകിവരുന്ന നേതൃത്വവും സേവന മികവും നേരിൽ മനസ്സിലാക്കിയതായി എസ്.ബി. കോളേജ് പൂർവവിദ്യാർത്ഥികൂടിയായ ആർച്ചു ബിഷപ് പറഞ്ഞു.

അമേരിക്കയിലെ പ്രമുഖ സർവ്വകലാശാലകളുമായി സഹകരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് എസ്.ബി. അസംപ്ഷൻ കോളജുകൾ നടത്തിവരുന്ന പാഠ്യപാഠ്യേതര പദ്ധതികൾ വിപുലമാക്കാൻ സമ്മേളനത്തിൽ പങ്കെടുത്ത എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. റെജി പ്ലാത്തോട്ടം, നിയുക്ത പ്രിൻസിപ്പൽ റവ. ഫാ. റ്റെഡ്ഡി തോമസ്, മാനേജർ റവ. ഫാ. ആന്റണി ഏത്തക്കാട്ട്, പ്രൊഫ. സിബി ജോസഫ് എന്നിവർ അഭ്യർത്ഥിച്ചു.

സംഘടന ദേശീയതലത്തിൽ ഏകോപിപ്പിക്കുന്നതിനുവേണ്ട കർമ്മപരിപാടികൾ നടപ്പാക്കാൻ മാത്യു ഡാനിയേൽ (ഷിക്കാഗോ), പിന്റോ കണ്ണമ്പള്ളി (ന്യൂജേഴ്സി) എന്നിവരെ യോഗം ചുമതലപ്പെടുത്തി. സമ്മേളനത്തിൽ ഷിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിൽ അധ്യക്ഷത വഹിച്ചു.

ടോം പെരുമ്പായിൽ (പ്രസിഡന്റ് ന്യൂജേഴ്സി ചാപ്റ്റർ), എക്സിക്യൂട്ടിവ് അംഗങ്ങളായ പ്രൊഫ. ജെയിംസ് ഓലിക്കര, കാർമൽ തോമസ്, ജെയിൻ ജേക്കബ്, ഷിബു അഗസ്റ്റിൻ, ജെയ്നമ്മ സഖറിയ, ബോബൻ കളത്തിൽ, ബിജി കൊല്ലാപുരം, തോമസ് ഡിക്രൂസ്, ജോളി കുഞ്ചെറിയ, ചെറിയാൻ മാടപ്പാട്, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, ജോർജ്ജ് ഇല്ലിക്കൽ, ജോസഫ് കാളാശ്ശേരി, ജോസ് കുട്ടി പാറക്കൽ എന്നിവർ പ്രസംഗിച്ചു.

◗ *തോമസ് ഡിക്രൂസ്*




# കൊണ്ടും കൊടുത്തും ലോകവ്യാപാര നയം

(ഒന്നാം പേജ് തുടർച്ച)

വ്യവസായങ്ങളെ ഇത് സാരമായി ബാധിക്കും.

### ലോക രാജ്യങ്ങളുടെ പ്രതികരണം എങ്ങനെയായിരിക്കും?

ട്രംപിന്റെ പുതിയ താരിഫ് നയത്തിനെതിരെ മറ്റ് രാജ്യങ്ങൾ എങ്ങനെ പ്രതികരിക്കുമെന്നതും നിർണായകമാണ്. പല രാജ്യങ്ങളും ഇതിനോടകം പ്രതികരണങ്ങൾ അറിയിച്ചിട്ടുണ്ട്. മറ്റ് രാജ്യങ്ങൾ അമേരിക്കൻ ഉൽപ്പന്നങ്ങൾക്കും താരിഫ് ചുമത്തിയാൽ അത് ലോക വ്യാപാരത്തെ പ്രതികൂലമായി ബാധിക്കും. ഇത് രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധം വഷളാകാനും വ്യാപാര യുദ്ധങ്ങളിലേക്ക് വരെ നയിക്കാനും സാധ്യതയുണ്ട്. ഇത് ആത്യന്തികമായി സാധാരണക്കാരുടെ ജീവിതത്തെ ദുരിതത്തിലാഴ്ത്തുമെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

മികച്ച 'ഡിസ്കൗണ്ടുള്ള പുതിയ തീരുവ' എന്ന് പറഞ്ഞ് ഇന്ത്യയ്ക്ക് 26 ശതമാനവും ചൈനയ്ക്ക് 34 ശതമാനവും ഇറക്കുമതി തീരുവയാണ് ഈടാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇന്ത്യ ചുമത്തുന്ന തീരുവയേക്കാൾ കുറവ് എന്ന അർത്ഥത്തിലാണ് ഡിസ്കൗണ്ട് തീരുവ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യ ഏർപ്പെടുത്തിയ പണേതര തടസങ്ങൾ ഉൾപ്പെടെയുള്ള സഞ്ചിത തീരുവകളെ അടിസ്ഥാനമാക്കിയാണ് നിരക്ക് കണക്കാക്കിയതെന്ന് ട്രംപ് വ്യക്തമാക്കുന്നു. ഈ കണക്കുകൂട്ടൽ പ്രകാരം, ഇന്ത്യ യുഎസ് ഉൽപ്പന്നങ്ങൾക്ക് 52 ശതമാനം തീരുവ ചുമത്തുന്നുണ്ടെന്നും ട്രംപ് പറഞ്ഞു.

### ഇന്ത്യയ്ക്ക് പുറമേ മറ്റ് രാജ്യങ്ങൾക്കും തീരുവ ഏർപ്പെടുത്തിയിട്ടുണ്ട്.

ചൈന: 34 ശതമാനം, യൂറോപ്യൻ യൂണിയൻ: 20 ശതമാനം, ദക്ഷിണ കൊറിയ: 25 ശതമാനം, വിയറ്റ്നാം: 46 ശതമാനം, തായ്വാൻ: 32 ശതമാനം, ജപ്പാൻ: 24 ശതമാനം, തായ്‌ലൻഡ്: 36 ശതമാനം, സ്വിറ്റ്സർലൻഡ്: 31 ശതമാനം, ഇന്തോനേഷ്യ: 32 ശതമാനം, മലേഷ്യ: 24 ശതമാനം, കംബോഡിയ: 49 ശതമാനം, യുകെ: 10 ശതമാനം എന്നിങ്ങനെയാണ് തീരുവ കണക്കുകൾ. അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കുമുള്ള 10 ശതമാനം ഇറക്കുമതി തീരുവയ്ക്ക് പുറമേയാണ് ഈ നിരക്ക് വരുന്നതെന്ന് വൈറ്റ് ഹൗസ് പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്.

### ആ രാജ്യങ്ങളിൽ കാനഡ ഇല്ല

ലോകമെമ്പാടുമുള്ള രാജ്യങ്ങൾ 10% യുഎസ് താരിഫുകൾ പൂർണ്ണമായും ബാധിക്കുമെന്നാണ് ട്രംപ് ബുധനാഴ്ച വ്യക്തമാക്കിയത്. അധിക താരിഫുകൾ നേരിടുന്ന 60 രാജ്യങ്ങളുടെ പട്ടികയും അദ്ദേഹം പുറത്തിറക്കി. എന്നാൽ കാനഡ ആ പട്ടികയിൽ ഇല്ലായിരുന്നു. പകരം, കാനഡയിലെ അമേരിക്കൻ താരിഫ് സ്കീമിന്റെ ഭൂരിഭാഗവും അതേപടി തുടരും. നിലവിലുള്ള വടക്കേ അമേരിക്കൻ സ്വതന്ത്ര വ്യാപാര കരാറിന് കീഴിലുള്ളവ ഒഴികെയുള്ള എല്ലാ സാധനങ്ങൾക്കും 25% പൂർണ്ണമായും. ഊർജ്ജത്തിനും പൊട്ടാഷിനും 10% കുറഞ്ഞ നിരക്കിൽ താരിഫ് ചുമത്തും. അതേസമയം കനേഡിയൻ സ്റ്റീൽ, അലുമിനിയം എന്നിവയ്ക്ക് 25% ലെവി നിലവിലുണ്ട്.

ട്രംപ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നുമുള്ള ഫെന്റനൈലിന്റെയും കുടിയേറ്റക്കാരുടെയും ഒഴുക്കുമായി വൈറ്റ് ഹൗസ് താരിഫുകളെ ബന്ധിപ്പിച്ചു. ആ പ്രഖ്യാപനം റദ്ദാക്കിയാൽ ചിലത് കുറയ്ക്കാമെന്ന് ഉദ്യോഗസ്ഥർ സൂചന നൽകിയിട്ടുണ്ട്. വ്യാഴാഴ്ച അർദ്ധരാത്രി മുതൽ പ്രാബല്യത്തിൽ വരുന്ന 'പൂർണ്ണമായും വിദേശ നിർമ്മിത ഓട്ടോമൊബൈലുകൾക്ക്' 25% താരിഫ് ഏർപ്പെടുത്തുമെന്ന് ട്രംപ് സ്ഥിരീകരിച്ചു. യുഎസിന്റെ വാഹന വ്യവസായവുമായി വളരെയധികം ഇഴചേർന്നിരിക്കുന്ന കാനഡയെ ഇതിൽ നിന്ന് ഒഴിവാക്കുമോ എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

താരിഫുകളോട് പ്രതികരിക്കുന്നതിനായി രണ്ടാഴ്ചയ്ക്കുള്ളിൽ രണ്ടാം തവണയും തന്റെ പ്രചാരണം നിർത്തിവച്ച പ്രധാനമന്ത്രി മാർക്ക് കാർണി, കാനഡ ഉടൻ തന്നെ ശക്തമായി തിരിച്ചടിക്കുമെന്ന് ബുധനാഴ്ച വ്യക്തമാക്കിയിരുന്നു. ഒട്ടാവയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ, കാനഡയ്ക്കെതിരായ നിലവിലെ യുഎസ് താരിഫുകൾ ദശലക്ഷക്കണക്കിന് ആളുകളെ നേരിട്ട് ബാധിക്കുമെന്നും കാർണി കൂട്ടിച്ചേർത്തു. വർഷങ്ങളോളം മറ്റ് രാജ്യങ്ങൾ അമേരിക്കയെ കൊള്ളയടിച്ചു. ഇനി അതുണ്ടാകില്ല. അമേരിക്ക അതിന്റെ വ്യാപാരം തിരിച്ചുപിടിച്ച ദിവസമായ ഏപ്രിൽ രണ്ട് 'വിമോചനദിന'മായി അറിയപ്പെടും. നമുക്ക് മേൽ തീരുവ ചുമത്തുന്ന രാജ്യങ്ങളിൽ നിന്ന് നാം പകരച്ചുങ്കം ചുമത്തുകയാണ്. അവർ നമ്മളോട് ചെയ്തത് നാം തിരിച്ച് ചെയ്യുന്നു അത്രമാത്രം. നിങ്ങളുടെ താരിഫ് നിരക്ക് പൂജ്യമാക്കണമെങ്കിൽ, ഉൽപ്പന്നം ഇവിടെ അമേരിക്കയിൽ തന്നെ നിർമ്മിക്കണമെന്നും ട്രംപ് വ്യക്തമാക്കി. കാരണം നിങ്ങളുടെ പ്ലാന്റ് ഇവിടെ നിർമ്മിക്കുകയാണെങ്കിൽ തീരുവ ഉണ്ടാവില്ല, നിങ്ങളുടെ ഉൽപ്പന്നം അമേരിക്കയിൽ തന്നെ ഉണ്ടാക്കാം. ഇപ്പോൾ മുമ്പ് കണ്ടിട്ടില്ലാത്ത വിധം കമ്പനികൾ രാജ്യത്തേക്ക് വരുന്നതിന് നമ്മൾ സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നും ട്രംപ് ചൂണ്ടിക്കാട്ടി.

താരിഫുകൾ പൂർണമായും പരസ്പര ബന്ധമുള്ളതായിരിക്കില്ലെന്നും വാഷിംഗ്ടണിന്മേൽ ചുമത്തുന്ന നികുതിയുടെ പകുതിയോളം മാത്രമാണ് യുഎസ് ഈ രാജ്യങ്ങളിൽ നിന്ന് ഈടാക്കുകയെന്നും ട്രംപ് പറഞ്ഞു. ഇത് കൂടാതെ കാറുകൾ, ലൈറ്റ് ട്രക്കുകൾ, എഞ്ചിനുകൾ, ട്രാൻസ്മിഷൻ, ലിഥിയം അയൺ ബാറ്ററികൾ, ടയറുകൾ, ഷോക്ക് അബ്സോർബറുകൾ, സ്പാർക്ക് പ്ലഗ് വയറുകൾ എന്നിവയ്ക്ക് തീരുവ ചുമത്തുമെന്നും അദ്ദേഹം വൈറ്റ് ഹൗസിലെ റോസ് ഗാർഡനിലെ പ്രഖ്യാപനത്തിൽ വ്യക്തമാക്കി.

# ട്രംപിന്റെ താരിഫ് വർദ്ധനവിന് പിന്നാലെ അന്താരാഷ്ട്ര നിയമങ്ങളുടെ പ്രാധാന്യം ഉന്നയിച്ച് സ്വിറ്റ്സർലാൻഡ്



ട്രംപിന്റെ താരിഫ് വർദ്ധനവിന് പിന്നാലെ അന്താരാഷ്ട്ര നിയമങ്ങളുടെ പ്രാധാന്യം ഉന്നയിച്ച് സ്വിറ്റ്സർലാൻഡ് രംഗത്ത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സ്വിറ്റ്സർലാൻഡിനേക്കാൾ യൂറോപ്യൻ യൂണിയനിൽ നിന്ന് ഇറക്കുമതിചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ ടാരിഫ് ഏർപ്പെടുത്തിയതിനെ തുടർന്ന്, അന്താരാഷ്ട്ര നിയമങ്ങൾ മാനിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വ്യക്തമാക്കി സ്വിസ് സർക്കാർ.

ടാരിഫ് പ്രഖ്യാപന വേളയിൽ, ട്രംപ് നൽകിയ കണക്ക് പ്രകാരം, സ്വിറ്റ്സർലാൻഡിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് 31% നിരക്കിലും യൂറോപ്യൻ യൂണിയനിൽ നിന്ന് വരുന്ന ഉൽപ്പന്നങ്ങൾക്ക് 20% നിരക്കിലും ബ്രിട്ടനിൽ നിന്ന് ഇറക്കുമതിചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് 10% നിരക്കിലും താരിഫ് ഏർപ്പെടുത്തും.

സ്വിസ് പ്രസിഡന്റ് കരിൻ കെല്ലർസട്ടർ, അമേരിക്കയുടെ ഈ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും അതിനാൽ ആവശ്യമുള്ള നടപടികൾ സ്വീകരിക്കാൻ സ്വിസ് സർക്കാർ നീക്കം ആരംഭിച്ചിരിയ്ക്കുന്നു എന്ന് പ്രതികരിച്ചു. എക്സിലൂടെ ആണ് പ്രതികരണം ഉണ്ടായത്. 'രാജ്യത്തിന്റെ ദീർഘകാല സാമ്പത്തിക താല്പര്യങ്ങൾ ഏറ്റവും വലിയ മുൻഗണനയാണ്. അന്താരാഷ്ട്ര നിയമങ്ങളും സ്വതന്ത്ര വ്യാപാരവും നമ്മുടെ അടിസ്ഥാന മൂല്യങ്ങളായി തുടരും,' എന്നാണ് എന്ന് കെല്ലർ കുറിച്ചത്.

അമേരിക്ക ആണ് സ്വിറ്റ്സർലാൻഡിന്റെ ഏറ്റവും വലിയ കയറ്റുമതി വിപണി, അതിനാൽ സ്വിസ് ഭരണകൂടം രാജ്യത്തിന്റെ വ്യാപാര സ്വാധീനം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലേക്ക് എത്രത്തോളം വ്യാപിച്ചുകിടക്കുന്നു എന്ന കാര്യം ശക്തമായി മുന്നോട്ട് വെക്കുന്നു. അമേരിക്കയിലേക്കുള്ള ആകെ വിദേശ നിക്ഷേപത്തിൽ സ്വിറ്റ്സർലാൻഡ് ആറാമത്തെ വലിയ നിക്ഷേപകനാണ്.

അതേസമയം സ്വിറ്റ്സർലാൻഡ് വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് നേരത്തെ താരിഫ് നീക്കിയിരുന്നു, എന്നാൽ കാർഷിക മേഖല ഇപ്പോഴും സംഘടനാ സാമ്പത്തിക സഹകരണ വികസനസംഘടന (OECD) അംഗരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ സബ്സിഡി നൽകുന്ന മേഖലകളിൽ ഒന്നാണ്. ഈ മേഖല സ്വിസ് സമ്പദ്‌വ്യവസ്ഥയിൽ ചെറിയ ഭാഗം മാത്രമാണെങ്കിലും, അമേരിക്കയുടെ അന്താരാഷ്ട്ര വിപണികൾ കൂടുതൽ തുറക്കണമെന്ന ആവശ്യത്തിന് ഏറ്റവും അധികം ബാധിതമാകാൻ സാധ്യതയുള്ള മേഖല ഈ മേഖലയാണ് എന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ കലോത്സവം 2025 അവിസ്മരണീയമായി



നാഷ്‌വിൽ: ടെന്നീസിയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) മാർച്ച് 22ന് വിവിധ കലാരൂപങ്ങളെ കോർത്തിണക്കി കൊണ്ട് ആദ്യമായി സംഘടിപ്പിച്ച കാൻ കലോത്സവം 2025 സംഘാടന മികവ് കൊണ്ടും, അവതരണ തികവ് കൊണ്ടും വളരെ ശ്രദ്ധേയമായി. ഈ കലാസാംസ്കാരിക മഹോത്സവത്തിൽ നൃത്തം, സംഗീതം, സാഹിത്യ രചന, നാടകം എന്നിവ ഉൾപ്പെട്ട വൈവിധ്യമാർന്ന പരിപാടികൾ അരങ്ങേറി.

മുൻവർഷത്തെ ഓണപരിപാടിയിൽ കഴിവ് തെളിയിച്ച ഇരുപതോളം കുട്ടികൾ ചേർന്നായിരുന്നു ഭരണസമിതി അംഗങ്ങളുടെ സാന്നിധ്യത്തിൽ കാൻ കലോത്സവത്തിനു തിരി തെളിയിച്ചത്. കാൻ പ്രസിഡന്റ് ഷിബു പിള്ള അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ, വൈസ് പ്രസിഡന്റ് ശങ്കർ മന സ്വാഗതവും സെക്രട്ടറി സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി.

നാഷ്‌വില്ലിലെ സംഗീത കൂട്ടായ്മയായ നാദം മ്യൂസിക്കൽസ് വിവിധ വാദ്യമേളത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ച സംഗീത സദ്യ പങ്കെടുത്തവർക്ക് നല്ലൊരു അനുഭവം സമ്മാനിച്ചു. തുടർന്ന് നടന്ന സംഘനൃത്തങ്ങൾ ചടുലത നിറഞ്ഞ നൃത്തച്ചുവടുകൾകൊണ്ട് കാണികളെ ഒട്ടേറെ ആകർഷിച്ചു. ഡാളസിൽ നിന്നുള്ള ഭരതകല തീയറ്റേഴ്സ് അവതരിപ്പിച്ച 'എഴുത്തച്ഛൻ' എന്ന നാടകം കാണികളുടെ പ്രശംസ പിടിച്ചുപറ്റി.

ഇരുപത്തഞ്ചോളം കലാകാരൻമാർ അണിനിരന്ന ഒരു ബൃഹത്തായ നാടകാവിഷ്കാരമായിരുന്നു ഇത്. പ്രശസ്ത സാഹിത്യകാരനായ സി. രാധാകൃഷ്ണന്റെ 'തീക്കടൽ കടഞ്ഞ് തിരുമധുര'മെന്ന നോവൽ അടിസ്ഥാനമാക്കിയാണ് എഴുത്തച്ഛൻ എന്ന നാടകം തയ്യാറാക്കിയിരിക്കുന്നത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന കാലത്തു ജീവിച്ച എഴുത്തച്ഛനെന്ന ആധുനിക മലയാള ഭാഷയുടെ പിതാവിനു പുതിയ തലമുറയുടെ സ്നേഹോപഹാരം ആയി മാറി ഈ നാടകാവിഷ്കാരം. ഡാളസിലുള്ള മലയാളികളായ കലാപ്രതിഭകളെ അരങ്ങത്തേക്ക് കൊണ്ട് വരുക, അത് വഴി മലയാള നാടകപ്രസ്ഥാനത്തിനു ഞങ്ങളുടെതായ എളിയ സംഭാവനകൾ നൽകുക എന്ന ഉദ്ദേശം മുൻനിർത്തി ഏകദേശം അഞ്ചു വർഷങ്ങൾക്കു മുൻപ് തുടങ്ങിയ ഒരു പ്രസ്ഥാനമാണ് ഭരതകല തീയറ്റേഴ്സ്.

അമേരിക്കയിലെ ഒട്ടേറെ നഗരങ്ങളിൽ ഇതിനോടകം 'എഴുത്തച്ഛൻ' വിജയകരമായി അവതരിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ ലോസ്റ്റ് വില്ല, പ്രണയാർദ്രം, സൂര്യപുത്രൻ, സൈലന്റ് നൈറ്റ് എന്നി നാടകങ്ങളും അവർ വേദികളിൽ അവതരിപ്പിച്ചുണ്ട്. കലാപരിപാടികൾക്ക് കൾച്ചറൽ കമ്മിറ്റി ചെയർ സന്ദീപ് ബാലനും, ലിറ്ററി ഫെസ്റ്റിവലിന് യൂത്ത് ഫോറം ചെയർ ഷാഹിന കൊഴശ്ശേരിയും നേതൃത്വം നൽകി. സുമ ശിവ പ്രസാദ് പരിപാടിയുടെ അവതാരിക ആയി പ്രവർത്തിച്ചു.

കലോത്സവത്തിന്റെ വിജയത്തിനായി അഹോരാത്രം പരിശ്രമിച്ച എല്ലാ ഭരണസമിതി അംഗങ്ങൾക്കും, വളണ്ടിയർമാർമാരും, സ്പോൺസർമാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചു കൊണ്ടാണ് കാൻ കലോത്സവം 2025ന് തിരശ്ശീല വീണത്.







## ബേബി സിറ്ററെ ആവശ്യമുണ്ട്

**അഡിസണിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് 17 മാസം പ്രായമുള്ള കുട്ടിയെ നോക്കാൻ മെയ് മാസം പകുതി മുതൽ (തിങ്കൾ മുതൽ വെള്ളിവരെ) വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 847–890–5941, 847–942–1057**

#031925

## വരനെ ആവശ്യമുണ്ട്


ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#032625

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനും അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ജെസി തോമസ്**

#040225

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ജോക്കുട്ടൻ ഫിലിപ്പ്**

#040225

## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#032625



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#032625

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#032625

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# ഫോമ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നാഷണൽ ലീഡേഴ്സിന് സ്വീകരണം നൽകപ്പെട്ടു

ഫോമാ സെന്റർ റീജിയന്റെ ആഭിമുഖ്യത്തിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വച്ച് നടത്തപ്പെട്ട പൊതുയോഗത്തിൽ ഫോമ നാഷണൽ ലീഡേഴ്സിന് സ്വീകരണം നൽകി ആദരിക്കപ്പെടുകയുണ്ടായി. ഫോമ നാഷണൽ അഡ്വൈസറി കമ്മിറ്റി വൈസ് ചെയർ ജോസ് മണക്കാട് ആമുഖ പ്രസംഗത്തോടുകൂടി തുടങ്ങിയ യോഗത്തിൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും എംസിയായി പ്രവർത്തിക്കുകയും ചെയ്തു.



സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫോമ സെൻട്രൽ റീജിയന്റെ എല്ലാ ഭാരവാഹികളും ഷിക്കാഗോയിൽ നിന്നുള്ള എല്ലാ നാഷണൽ ലീഡേഴ്സും ഫോമയുടെ ഷിക്കാഗോയിലെ എല്ലാ പ്രവർത്തകരും ഈ യോഗത്തിൽ പങ്കെടുത്ത വലിയ വിജയകരമാക്കി തീർത്തു.

സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടൻ തന്റെ അധ്യക്ഷ പ്രസംഗത്തിൽ ഫോമ സെൻട്രൽ റീജിയൻ കഴിഞ്ഞകാലങ്ങളിലും ഇപ്പോഴും നാഷണൽ ലീഡർഷിപ്പിനോടൊപ്പം ചേർന്നുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുകയുണ്ടായി.

ഫോമ നാഷണൽ ട്രഷറർ സിജിൽ പാലക്കലോടി തന്റെ മറുപടി പ്രസംഗത്തിൽ ഫോമാ സെൻട്രൽ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും സെൻട്രൽ നടത്തുന്ന പ്രവർത്തനങ്ങൾ ഫോമയ്ക്ക് എപ്പോഴും പ്രചോദനമാവുകയും മറ്റുള്ള റീജിയനുകളെ അപേക്ഷിച്ചു ഫോമാ സെൻട്രൽ റീജിയൻ വളരെ ആക്ടീവായി പ്രവർത്തിക്കുന്നതിനുള്ള സന്തോഷം അറിയിക്കുകയും ചെയ്തു. അതുപോലെതന്നെ ഫോമയുടെ വരും കാല പ്രവർത്തനങ്ങളെക്കുറിച്ചും ചാരിറ്റി പ്രവർത്തനങ്ങളെകുറിച്ചും, ഫോമയുടെ സമ്മർ ടു കേരള എന്ന പ്രോഗ്രാമിനെ കുറിച്ചും സിജിൽ പാലക്കലോടി വളരെ വിശദമായി വിവരിക്കുകയുണ്ടായി.

ഫോമ വെസ്റ്റേൺ നാഷണൽ കമ്മിറ്റി മെമ്പർ ജോർജ് പുല്ലാപ്പള്ളി പ്രസംഗത്തിൽ ഫോമാ സെൻട്രൽ പ്രവർത്തനങ്ങൾ മറ്റു റീജിയനുകൾക്ക് വളരെ പ്രചോദനം ആകുന്നു എന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഫോമ പിആർഒ ആയി പ്രവർത്തിക്കുന്ന ഷോബി കുമ്പിളിവേലി തന്റെ പ്രസംഗത്തിൽ സെൻട്രൽ റീജിയനോടൊപ്പം കഴിഞ്ഞ കാലങ്ങളിൽപ്രവർത്തിക്കുവാൻസാധിച്ചിട്ടുള്ളതും ഫോമ സെൻട്രൽ റീജിയന്റെ പ്രവർത്തനങ്ങൾ എപ്പോഴും ഫോമയ്ക്ക് ഒരു മുതൽക്കൂട്ടായി ഇരുന്നിട്ടുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഈ അവസരത്തിൽ ആശംസകൾ അർപ്പിച്ച് ഫോമാ സെൻട്രൽ റീജൻ നാഷണൽ കമ്മിറ്റി മെമ്പർ ജോർജ് മാത്യു, നാഷണൽ ജുഡീഷ്യൽ ചെയർമാൻ ബെന്നി വാച്ചിറ, ഫോമ നാഷണൽ അഡ്വൈസറി കമ്മിറ്റി വൈസ് ചെയർമാൻ ജോസ് മണക്കാട്, കേരള കൺവെൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവർ ഫോമയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുകയും സെൻട്രൽ പ്രവർത്തനങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്തു.

തദവസരത്തിൽ ഫോമയുടെ മുൻ വൈസ് പ്രസിഡന്റായിരുന്ന സണ്ണി വള്ളിക്കുളം, സ്റ്റാൻലി കളരിക്കമുറി, ഫോമ നാഷണൽ ക്രെഡൻഷ്യൽ കമ്മിറ്റി മെമ്പർ ജോൺ പാട്ടപ്പതി, ഫോമ സെൻട്രൽ റീജൻ സീനിയർ സിറ്റിസൺ ചെയർമാൻ ജോസഫ് കൊട്ടുകാപ്പള്ളി, പബ്ലിക് അഫയേഴ്സ് ചെയർ മേഴ്സി കുര്യാക്കോസ് എന്നിവർ ആശംസകൾ നടത്തുകയും ചെയ്തു.

സെൻട്രൽ റീജിയൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ട്രഷറർ രാജൻ തലവടി സ്വാഗതം ആശംസിക്കുകയും ചെയ്തു.

◗ *അച്ചൻകുഞ്ഞ് മാത്യു*

# ഫോമ കൾച്ചറൽ ഫോറം പ്രവർത്തനോദ്ഘാടനം ഗംഭീരമായി നടത്തപ്പെട്ടു




കാലിഫോർണിയ: ഫോമ കൾച്ചറൽ ഫോറം പ്രവർത്തനോദ്ഘാടനം മാർച്ച് 30 ഞായറാഴ്ച ഗംഭീരമായി നടത്തപ്പെട്ടു. വൈകിട്ട് 9ന് സൂമിലൂടെ വിളിച്ചുചേർത്ത ചടങ്ങിൽ, മുഖ്യാതിഥിയായ പ്രശസ്ത സിനിമാ നിർമ്മാതാവും നടിയുമായ സാന്ദ്ര തോമസ് കൾച്ചറൽ ഫോറത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫോമ കൾച്ചറൽ ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങൾ നേരുകയും കൾച്ചറൽ ഫോറത്തെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തികളെയാണ് ഫോമാ തെരഞ്ഞെടുത്തിരിക്കുന്നതെന്നും സാന്ദ്ര തോമസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. 'ഫ്രൈഡേ', 'സക്കറിയയുടെ ഗർഭിണികൾ', 'മങ്കി പെൻ', 'പെരുച്ചാഴി', 'ആട്', 'ഇടക്കാട് ബറ്റാലിയൻ', 'കള്ളൻ ഡിസൂസ', 'നല്ല നിലാവുള്ള രാത്രി', 'ലിറ്റിൽ ഹാർട്സ്' തുടങ്ങി നിരവധി മലയാള സിനിമകളുടെ നിർമ്മാതാവായ സാന്ദ്ര, 'ആമേൻ', 'സക്കറിയയുടെ ഗർഭിണികൾ' എന്നീ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങളും ചെയ്തിട്ടുണ്ട്.

ചടങ്ങിൽ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഫോമയുടെ വളരെ പ്രധാനപ്പെട്ട കമ്മിറ്റിയാണ് കൾച്ചറൽ ഫോറം എന്നും അതിനെ നയിക്കാൻ ഡാനിഷിനെയും മറ്റു കമ്മിറ്റി അംഗങ്ങളെയും ഫോമ എക്സിക്യൂട്ടീവ് കമ്മിറ്റി ഐകകണ്ഠേനയാണ് തിരഞ്ഞെടുത്തതെന്നും അധ്യക്ഷ പ്രസംഗത്തിൽ ബേബി മണക്കുന്നേൽ പറഞ്ഞു. ഫോമ കൾച്ചറൽ ഫോറം ചെയർമാൻ ഡാനിഷ് തോമസ് സ്വാഗതം ആശംസിക്കുകയും കൾച്ചറൽ ഫോറത്തിന്റെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഏവരുടെയും പിന്തുണയും അഭ്യർത്ഥിക്കുകയും ചെയ്തു. ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കൾച്ചറൽ ഫോറം വൈസ് ചെയർമാൻ ബിനീഷ് ജോസഫ്, ജോയിന്റ് സെക്രട്ടറി ജിജോ ചിറയിൽ, കമ്മറ്റി അംഗങ്ങളായ ബിഷോയ് കോപ്പാറ, മിനോസ് എബ്രഹാം എന്നിവർ ആശംസകൾ നേർന്നു. കൾച്ചറൽ ഫോറം അംഗമായ ഷാന മോഹനൻ ഉദ്ഘാടന ചടങ്ങിന്റെ അവതാരകയായി പ്രവർത്തിച്ചു.

'വൺമാൻഷോ' എന്ന പ്രോഗ്രാമിലൂടെ ഏവർക്കും സുപരിചിതനായ മിമിക്രി കലാകാരൻ സാബു തിരുവല്ലയുടെ കോമഡി ഷോ ഉദ്ഘാടന ചടങ്ങിന് മാറ്റുകൂട്ടി. ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രശസ്തരായ ഗായകരുടെ സംഗീത നിശയും ഉണ്ടായിരുന്നു. ദുർഗ്ഗാലക്ഷ്മി (അരിസോണ), ശബരീനാഥ് നായർ (ന്യൂയോർക്ക്), അനുശ്രീ ജിജിത്ത് (ഇൻഡ്യാന), റിയാന ഡാനിഷ് (കാലിഫോർണിയ), പ്രീത സായൂജ് (കൊളറാഡോ), സിജി ആനന്ദ് (ന്യൂജേഴ്സി), ശ്രീലക്ഷ്മി അജയ് (കണക്ടിക്കറ്റ്), മിഥുൻ കുഞ്ചെറിയ (ഫ്ളോറിഡ), രശ്മി നായർ (ടെക്സസ്) എന്നിവർ ആലപിച്ച ഗാനങ്ങൾ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റി.

കൾച്ചറൽ ഫോറം സെക്രട്ടറി ജെയിംസ് കല്ലറക്കാനിയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും ഈ പരിപാടി വൻ വിജയമാക്കുവാൻ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച എല്ലാ കമ്മിറ്റി അംഗങ്ങൾക്കും, പങ്കെടുത്ത കലാകാരന്മാർക്കും കമ്മിറ്റിയുടെ പേരിൽ നന്ദി അറിയിച്ചു.



# പതിനൊന്നാമാത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ്: ന്യൂയോർക്ക് ചാപ്റ്റർ 'കിക്കോഫ്' വൻവിജയം

ന്യൂയോർക്ക്: മാധ്യമ രംഗത്ത് രണ്ടു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) പതിനൊന്നാം അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന്റെ സമ്മേളനത്തിന്റെ ചുവടൊരുക്കങ്ങൾക്കു പ്രൗഢ ഗംഭീര തുടക്കം. പത്രപ്രവർത്തനത്തിന്റെ അന്തർധാരകൾ തേടിയുള്ള സമ്മേളനം ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂജേഴ്സി എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ ആണ് അരങ്ങേറുക.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നട്ടെല്ലായ ന്യൂയോർക് ചാപ്റ്ററാണ് പതിനൊന്നാം സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. ന്യൂയോർക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ഉദ്ഘാടനം ചെയ്തു.

നാഷണൽസെക്രട്ടറിഷിജോപൗലോസ്, നിയുക്ത പ്രസിഡന്റ് രാജു പള്ളത് മുൻ പ്രസിഡന്റുമാർ, ന്യൂയോർക്ക് ചാപ്റ്റർഅംഗങ്ങൾനിരവധിപ്രമുഖരുംയോഗത്തിൽ പങ്കെടുത്തു. നാഷണൽ ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, വൈസ് പ്രസിഡന്റ് അനിൽ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, പത്തിലധികം ചാപ്റ്ററുകളുടെ ഭാരവാഹികൾ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ സമ്മേളന നടത്തിപ്പിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തിവരുന്നു.

പതിനൊന്നാം സമ്മേളന വിജയത്തിനായി ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രഷറർ ബിനു തോമസ്, ജോയിന്റ് സെക്രട്ടറി ജേക്കബ് മാനുവൽ, പ്രസ് ക്ലബ് മുൻ നാഷണൽ പ്രസിഡന്റുമാർ, അഡ്വൈസറി ബോർഡ് അംഗങ്ങൾ, മറ്റു ന്യൂയോർക്ക് ചാപ്റ്റർ അംഗങ്ങളുടെയും സഹകരണത്തോടെ ന്യൂയോർക് ട്രൈസ്റ്റേറ്റ് മേഖലയിലുള്ള ഇന്ത്യപ്രസ് ക്ലബ്ബിന്റെ അഭ്യുതകാംക്ഷികളെ പങ്കെടുപ്പിച്ചുകൊണ്ട്, ന്യൂയോർക് ചാപ്റ്ററിന്റെ നേതൃത്വത്തിൽ റോക്‌ലൻഡിലെ വാലി കോട്ടേജിലുള്ള മലബാർ റെസ്റ്റാറ്റാന്റിൽ മാർച്ച് 28, വെള്ളിയാഴ്ച നടന്ന കിക്കോഫ് മീറ്റിംഗിൽ സാമൂഹിക സാംസ്‌കാരിക സംഘടനാ രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

മൂന്നു ദിവസം നീണ്ടു നിൽക്കുന്ന മാധ്യമ സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സാന്നിധ്യ സഹായ സഹകരണങ്ങൾ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ അഭ്യർത്ഥിച്ചു.

സമ്മേളനം സംബന്ധിച്ച കാര്യങ്ങൾ പ്രസിഡന്റ് യോഗത്തിൽ വിശദീകരിച്ചു. സെക്രട്ടറി ഷിജോ പൗലോസ് സ്പോൺസർമാരെ സ്വാഗതം ചെയ്യുകയും സ്പോൺസർഷിപ്പ് ഏറ്റുവാങ്ങുകയും ചെയ്തു.

മുൻ കാലങ്ങളിൽ സ്പോൺസർമ്മാർ നൽകിയ സഹായങ്ങളെ ഷിജോ പൗലോസ് നന്ദിയോടെ സ്മരിച്ചു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ചു, നേതാക്കളായ പോൾ കറുകപ്പള്ളി, തോമസ് കോശി, ഫിലിപ്പോസ് ഫിലിപ്പ്, ഷിനു ജോസഫ്, നോഹ ജോർജ്, ടോം നൈനാൻ, സണ്ണി കല്ലൂപ്പാറ, ഹരികുമാർ രാജൻ, ജിബി വർഗീസ്, ഷൈബു വർഗീസ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ഇവരെല്ലാം തന്നെ ഈ കോൺഫറൻസിന്റെ സ്പോൺസർമാരായി എന്നുള്ളതും ഈ സംഘടനയോടുള്ള സ്നേഹാദരവായിരുന്നു.

പ്രസ് ക്ലബ്ബിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ തുടർന്നും ഏവരുടെയും സഹായ സഹകരങ്ങൾ ഉണ്ടാകണമെന്നു ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് ഇലക്ട് രാജു പള്ളത്തു അഭ്യർത്ഥിച്ചു.

ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നേതാക്കളായ, ജോർജ് ജോസഫ്, താജ് മാത്യു, ജെ. മാത്യു, ജോസ് കാടാപ്പുറം, സജി എബ്രഹാം, പ്രിൻസ് ലൂക്കോസ്, മാത്തുക്കുട്ടി ഈശോ തുടങ്ങിയവർ പ്രസംഗിച്ചു.

# ട്രംപിന്റെ പുതിയ താരിഫുകൾ യുകെയുടെ സമ്പദ്വ്യവസ്ഥയെ എങ്ങനെ ബാധിക്കും?

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുതിയ വ്യാപാര തീരുവകൾ പ്രഖ്യാപിച്ചതിനാൽ യുകെയുടെ സമ്പദ്വ്യവസ്ഥ, വ്യവസായങ്ങൾ,എന്നിവയെയും ജനങ്ങളുടെ സാമ്പത്തിക അവസ്ഥയെയും ഇത് വലിയ രീതിയിൽ ബാധിക്കാമെന്നാണ് വിദഗ്ധർ അനുമാനിക്കുന്നു. യുകെ കഠിനമായ പ്രതികൂലതകൾ ഒഴിവാക്കുകയായിരുന്നുവെങ്കിലും, അമേരിക്കയിലേക്ക് നടത്തുന്ന ബ്രിട്ടീഷ് കയറ്റുമതികൾക്ക് 10% തീരുവ ബാധകമാകും. ഇതിന്റെ പ്രതിഫലനംഎന്തൊക്കെആണെന്ന്നോക്കാം.

1. യുകെ സാമ്പത്തിക സാഹചര്യത്തിൽ എന്ത് മാറ്റം വരും?

ട്രംപ് യുകെയിൽ നിന്നുള്ള എല്ലാ കയറ്റുമതികൾക്കും 10% തീരുവ നിശ്ചയിച്ചിരിക്കുന്നു. അതിനാൽ, അമേരിക്കയിൽ വിൽക്കുന്ന ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ വില കൂടിയേക്കും, ഇത് കമ്പനികളുടെ വിൽപ്പനയെയും തൊഴിലിനേയും ബാധിക്കാം.

യുകെഅമേരിക്ക വ്യാപാരത്തിനെതിരായ പ്രതിഫലനം:

യുകെയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്ന് അമേരിക്കയാണ്. കയറ്റുമതി ചെലവ് കൂടുന്നത് ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ആകർഷണം കുറയ്ക്കും. ചില ബ്രിട്ടീഷ് കമ്പനികൾ ഇയുറോപ്പ് അല്ലെങ്കിൽ ഏഷ്യൻ വിപണിയിലേക്ക് ശ്രദ്ധ തിരിച്ചേക്കാം.

2. യുകെ ഉപഭോക്താക്കളെ ഇത് എങ്ങനെ ബാധിക്കും? തീരുവ ചുമത്തുന്നത് യുകെ ആണെന്നും അല്ലെങ്കിൽ അമേരിക്ക ആണെന്നും നോക്കാതെ ബ്രിട്ടീഷ് ഉപഭോക്താക്കൾക്കും ചില പ്രതിഫലനങ്ങൾ അനുഭവപ്പെടും.

അമേരിക്കൻ ഉൽപ്പന്നങ്ങളുടെ വില കൂടാം – ടെക് ഉപകരണങ്ങൾ മുതൽ വസ്ത്രങ്ങൾ വരെ മഹിങ്ങയേക്കാം.

കറൻസി മൂല്യം മാറ്റപ്പെടാം – പൗണ്ട് നാണയവിനിമയ മൂല്യം താഴ്ന്നാൽ, എല്ലാ ഇമ്പോർട്ടഡ് ഉൽപ്പന്നങ്ങളും വില കൂടും.

ഷെയർ മാർക്കറ്റ് വ്യതിയാനങ്ങൾ – കമ്പനികൾ നഷ്ടം നേരിട്ടാൽ, നിക്ഷേപകരും സാമ്പത്തിക വിപണികളും പ്രതികൂലമായി പ്രതികരിക്കാം.






# ട്രംപിന്റെ താരിഫുകൾക്കെതിരെ പോരാടുമെന്ന് കാനഡ പ്രധാനമന്ത്രി കാർണി; പ്രതികരണവുമായി ലോക നേതാക്കൾ



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച പുതിയ നികുതി നിരക്കുകൾക്കെതിരെ 'പോരാടുമെന്ന്' ഉറപ്പു നൽകുകയും, മുന്നോട്ടുള്ള പ്രയാസകരമായ കാലങ്ങൾ അതിജീവിക്കാൻ മറ്റ് അന്താരാഷ്ട്ര പങ്കാളികളുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു കാനഡയുടെ പ്രധാനമന്ത്രി മാർക്ക് കാർണി രംഗത്ത്.

'പ്രസിഡന്റ് ട്രംപ് ആഗോള വ്യാപാര സംവിധാനത്തെ അടിസ്ഥാനപരമായി മാറ്റിമറിക്കുന്ന ഒരുകൂട്ടം നടപടികൾ ആണ് പ്രഖ്യാപിച്ചത്' എന്നാണ് ട്രംപ് റോസ് ഗാർഡനിൽ നടത്തിയ പ്രഖ്യാപനത്തിന് പിന്നാലെ കാർണി മാധ്യമപ്രവർത്തകരോട് പ്രതികരിച്ചത്. 'ഇത് യുഎസ് സമ്പദ്‌വ്യവസ്ഥയെ ബാധിക്കുമെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഇത് യുഎസ് സമ്പദ്‌വ്യവസ്ഥയ്ക്ക് നഷ്ടം വരുത്തുമെന്ന് ഞങ്ങൾ കണക്കാക്കുന്നു,അതിനാൽകാനഡയുംഅതിന്റെ പ്രതികൂലഫലങ്ങൾ നേരിടും, മില്ല്യൻ കണക്കിന് കാനഡക്കാർക്ക് ഇതിന്റെ ആഘാതം നേരിടേണ്ടി വരും' എന്നും അദ്ദേഹം പറഞ്ഞു. അതേസമയം ട്രംപ് കാനഡയിൽ നിന്നുള്ള എല്ലാ ഇറക്കുമതികൾക്കും നേരത്തെ തന്നെ 25% നിരക്ക് ഏർപ്പെടുത്തിയിരുന്നുവെങ്കിലും, പുതിയതായി കാനഡയുടെ ഊർജ്ജ കയറ്റുമതികൾക്ക് 10% നിരക്കും അലുമിനിയം, സ്റ്റീൽ ഉൽപ്പന്നങ്ങൾക്ക് സമ്പൂർണ്ണ നിരക്കും നിലനിർത്തി. അതിനുപുറമെ, വിദേശ വാഹന ഇറക്കുമതികൾക്ക് 25% നിരക്കും പ്രഖ്യാപിച്ചു.

ഇത് കൂടാതെ അദ്ദേഹം ട്രേഡ് മേഖലയിൽ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്കുള്ള ഭാവിയിലേക്കുള്ള നിരക്കുകളും സൂചിപ്പിച്ചു, അതിൽ ഫാർമസ്യൂട്ടിക്കൽ കമ്പിനികൾ, മരം, സെമികണ്ഡക്റ്ററുകൾ എന്നിവയും ഉൾപ്പെടുന്നു. ഇത് കാനഡയും മെക്സിക്കോയും മാത്രമല്ല, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിലെ വ്യാപാര പങ്കാളികളെയും ബാധിക്കും എന്നാണ് കണക്ക്കൂട്ടൽ.

'ഒരു പ്രതിസന്ധിയുടെ സമയത്ത്, ഒറ്റക്കെട്ടായി പ്രവർത്തിക്കണം, ഉദ്ദേശ്യ ശുദ്ധിയോടെയും ശക്തിയോടെയും പ്രവർത്തിക്കുക അത്യാവശ്യമാണ്, അതാണ് ഞങ്ങൾ ചെയ്യാൻ പോകുന്നത്' എന്നും കാർണി വ്യക്തമാക്കി.

നിരക്ക്പ്രഖ്യാപനത്തിന്മുമ്പായി,കാനഡയിലെ കൺസർവേറ്റീവ് നേതാവ് പിയേർ പൊളീവ്രെ ബുധനാഴ്ച നടന്ന തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ 'ടാർഗെറ്റഡ്, റിസിപ്രോക്കൽ (പരസ്പര) നിരക്കുകൾ' ഏർപ്പെടുത്തുന്നത് അനുകൂലിക്കുമെന്ന് പറഞ്ഞു. ഏപ്രിൽ 28നുള്ള ജനറൽ തെരഞ്ഞെടുപ്പിൽ തന്റെ പാർട്ടി വിജയിച്ചാൽ, പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനൊപ്പം കൂടിയിരുന്നു ഒരു പുതിയ വ്യാപാര കരാർ രൂപീകരിക്കാൻ താൽപ്പര്യമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇത് 2020ൽ ഒപ്പുവച്ച യുഎസ്-മെക്സിക്കോ-കാനഡ കരാറിന് പകരം വരും. 'കാനഡ അതിന്റെ അതിർത്തിയും ശുദ്ധജലവും നിയന്ത്രണത്തിൽ നിലനിർത്തണമെന്നും, ഓട്ടോമൊബൈൽ വ്യവസായവും കർഷകരുടെ താൽപ്പര്യങ്ങളും സംരക്ഷിക്കണമെന്നും' പൊളീവ്രെ കൂട്ടിച്ചേർത്തു.

ഗ്ലോബൽ ഓട്ടോമേക്കേഴ്സ് ഓഫ് കാനഡ (BMW, Nissan Canada തുടങ്ങിയവയെ പ്രതിനിധീകരിക്കുന്ന സംഘടന) പ്രസിഡന്റായ ഡേവിഡ് ആഡംസ് പ്രസ്താവനയിൽ 'നിരക്കുകൾ ഉപഭോക്താക്കൾക്ക് അധിക ചെലവുണ്ടാക്കുകയും, ദ്രവ്യമൂല്യക്കയറ്റം വർധിപ്പിക്കുകയും, അതിരുകൾക്കുമപ്പുറമുള്ള തൊഴിലാളികളെ ബാധിക്കുകയും ചെയ്യുന്നു' എന്ന് ചൂണ്ടിക്കാട്ടി. സർക്കാരുകൾ ഈ നിരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ദീർഘകാല പരിഹാരങ്ങൾ തേടണം എന്നും അദ്ദേഹം പറഞ്ഞു.

അതേസമയം ട്രംപ് യൂറോപ്യൻ യൂണിയനിൽ നിന്നുള്ള എല്ലാ ഇറക്കുമതികൾക്കും 20% നിരക്ക് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചതിന് പിന്നാലെ, യൂറോപ്യൻ നേതാക്കളുടെ പ്രതികരണങ്ങളും പുറത്തു വന്നു. ഇറ്റലിയിലെ പ്രധാനമന്ത്രി ജോർജിയ മെലോനി, പതിവായി ട്രംപിന്റെ മിത്രമായിരുന്നതായിരുന്നെങ്കിലും, 'ഈ നിരക്കുകൾ തെറ്റാണ്,' എന്ന് പ്രതികരിച്ചു. 'ഇത് അമേരിക്കൻ, യൂറോപ്യൻ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുകയും, പാശ്ചാത്യ രാഷ്ട്രങ്ങളുടെ എതിരാളികൾക്ക് ഗുണകരമാകുകയും ചെയ്യും,' എന്ന് മെലോനി ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു.

ഐറിഷ് ഉപപ്രധാനമന്ത്രി സൈമൺ ഹാരിസ് 'ഈ പുതിയ നിരക്കുകളിൽ ഖേദിക്കുന്നു,' എന്നും 'ഇത് അയർലണ്ട് സമ്പദ്‌വ്യവസ്ഥയെ ദീർഘകാലത്തേക്ക് ബാധിക്കാം' എന്നും വ്യക്തമാക്കി.

'ട്രംപ് ഈ ദിവസത്തെ വിജയ ദിനം എന്നു വിശേഷിപ്പിച്ചേക്കാം. എന്നാൽ സാധാരണ ജനങ്ങൾക്കിതു മൂല്യവർദ്ധന ദിനം ആണ്' എന്നാണ് യൂറോപ്യൻ പാർലമെന്റിന്റെ അന്താരാഷ്ട്ര വ്യാപാര കമ്മിറ്റിയുടെ അധ്യക്ഷൻ ബെർണ്ട് ലാങ്ങെ അഭിപ്രായപ്പെട്ടത്. 'ഇത് അമേരിക്കൻ ഉപഭോക്താക്കൾക്ക് വലിയ സാമ്പത്തിക ഭാരം വരുത്തും' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വിസ് പ്രസിഡന്റ് കരിൻ കെല്ലർ സുട്ടർ 'ഞങ്ങളുടെ സർക്കാർ ഇതിന്റെ അടുത്ത ഘട്ടങ്ങൾ പരിശോധിക്കും,' എന്ന് പ്രസ്താവിച്ചു. മെക്സിക്കോയുടെ പ്രസിഡന്റും യു.കെ സർക്കാരും 'അമേരിക്കയുമായി കൂടിയാലോചിച്ചേ തീരുമെന്ന്' വ്യക്തമാക്കി. 'പരസ്പര നിരക്കുകൾ ഉടൻ ഏർപ്പെടുത്തില്ല' എന്ന നിലപാടും അവർ വ്യക്തമാക്കിയിട്ടുണ്ട്.

'ട്രംപിന്റെ തീരുമാനം സുഹൃത്ത് രാജ്യത്തിനുള്ള നടപടി അല്ല,' എന്നും 'ഓസ്ട്രേലിയ ഇത്തരം നിരക്കുകൾ തിരിച്ച് ഏർപ്പെടുത്തില്ല,' എന്നും 'ഇത് ന്യായീകരിക്കാനാകാത്തതും, ചർച്ചകളിലൂടെ പരിഹരിക്കാവുന്നതുമായ വിഷയമാണ്' എന്നും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻത്തണി അൽബനീസ് വ്യക്തമാക്കി.

## ട്രംപിന്റെ ഇറക്കുമതി നികുതി പ്രഖ്യാപനത്തിന് പിന്നാലെ യുഎസ് ഓഹരി വിപണിയിൽ കനത്ത തിരിച്ചടി

ട്രംപിന്റെ ഇറക്കുമതി നികുതി പ്രഖ്യാപനത്തിന് പിന്നാലെ യുഎസ് ഓഹരി വിപണിയിൽ കനത്ത തിരിച്ചടി. ഡൊണാൾഡ് ട്രംപ് ബുധനാഴ്ച പ്രഖ്യാപിച്ച വിപുലമായ ഇറക്കുമതി നികുതി നടപടികൾ അമേരിക്കയിലും ആഗോള വ്യാപാരത്തിലും വലിയ ആഘാതം സൃഷ്ടിക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകിയപ്പോൾ, യുഎസ് ഓഹരി വിപണിയിൽ വൻ ഇടിവാണ് ഉണ്ടായത്.

ട്രംപിന്റെ പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ ഡൗ ജോൺസ് ഇൻഡസ്ട്രിയൽ അവറേജിൽ 1,100 പോയിന്റ് (2.7%) ഇടിവ് രേഖപ്പെടുത്തിയപ്പോൾ, എസ്&പി 500 3.9% കുറഞ്ഞു, നാസ്ഡാഖ് 4.7% താഴ്ന്നു എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

### വിപണിയിൽ ഏറ്റവുമധികം തിരിച്ചടിയുണ്ടായ പ്രധാന കമ്പനികൾ ഏതൊക്കെ എന്ന് നോക്കാം

ട്രംപിന്റെ പ്രഖ്യാപനം വ്യാവസായിക, ടെക്നോളജി, ഉപഭോക്തൃ മേഖലകളിൽ വ്യാപകമായി ആഘാതം ഉണ്ടാക്കി എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. ഇറക്കുമതി ഉൽപ്പന്നങ്ങളിൽ കൂടുതൽ ആശ്രിതമായ കമ്പനികൾക്ക് ആണ് ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത്.

**1. നൈക്, ആപ്പിൾ: 7% കുറഞ്ഞു. 2. അമസോൺ: 5% നഷ്ടം. 3. നിവീഡിയ: 4.5% താഴ്ന്നു. 4. ടെസ്ല: 6% നഷ്ടം. 5. ഡോളർ ട്രീ: 11% ഇടിവ്. 6. ഫൈവ് ബിലോ: 15% നഷ്ടം**

അതേസമയം വൈറ്റ് ഹൗസിൽ സംഘടിപ്പിച്ച ചടങ്ങിൽ ട്രംപ് ഈ പ്രഖ്യാപനത്തെ വിജയ ദിനം എന്നാണ് വിശേഷിപ്പിച്ചത്. 'അമേരിക്കൻ വ്യവസായം പുനർജനിക്കുന്നത് ഇന്ന് മുതൽ. 2025 ഏപ്രിൽ 2ന്ശേഷം,നമ്മുടെരാജ്യത്തെസാമ്പത്തിക ഭാവി പുതുക്കപ്പെടും' എന്നാണ് ട്രംപ് റോസ് ഗാർഡനിൽ നിന്നു പ്രഖ്യാപിച്ചത്.

### പ്രധാനമായും നാല് പ്രധാന മാറ്റങ്ങളാണ് ട്രംപ് പ്രഖ്യാപിച്ചത്:

1. എല്ലാ രാജ്യങ്ങളിലെയും ഇറക്കുമതികൾക്ക് 10% അടിസ്ഥാന നികുതി.

2. ചൈന, യൂറോപ്യൻ യൂണിയൻ, തായ്‌വാൻ, മെക്സിക്കോ, കാനഡ എന്നിവിടങ്ങളിൽ കൂടുതൽ ഉയർന്ന നികുതികൾ.

3. ചൈനയ്ക്കെതിരെ 34% അധിക നികുതി, ഇതിന് മുമ്പ് ഏർപ്പെടുത്തിയ 20% നികുതിയോട് കൂടമ്പോൾ മൊത്തം 54% നികുതി ചൈനീസ് ഉൽപ്പന്നങ്ങൾക്ക് ബാധകമാകും.

4. 'ന്യായമായ വ്യാപാരം' ഉറപ്പാക്കുന്നതിനായി പുതിയ നിരീക്ഷണ സമിതി രൂപീകരിക്കും.

അതേസമയം നികുതി വർദ്ധനവിന്റെ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ വലുതായിരിക്കും എന്നും ട്രംപിന്റെ പ്രഖ്യാപനം അമേരിക്കൻ വ്യവസായങ്ങൾക്ക് ഉദ്ദേശിച്ചതപോലെ ഗുണകരമാകില്ലെന്നും സാമ്പത്തികവിദഗ്ദ്ധർ മുന്നറിയിപ്പ് നൽകി.

അതുപോലെ തന്നെ ചൈനയെ ലക്ഷ്യമിട്ട് ഏർപ്പെടുത്തിയ 54% നികുതി നിലവിലെ യുഎസ്-ചൈന വ്യാപാര ബന്ധം കൂടുതൽ മോശമാക്കുമെന്നത് ഉറപ്പാണ്. യൂറോപ്യൻ യൂണിയൻ, കാനഡ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങൾ പ്രതികാര നടപടികൾ സ്വീകരിച്ചാൽ, അമേരിക്കയുടെ വ്യാവസായിക ഉൽപ്പാദനം കൂടുതൽ ചെലവേറിയതാകാൻ സാധ്യതയുണ്ട്.

ഇതോടെ അമേരിക്കയിലെ ചെറിയ ബിസിനസ്സുകൾ ഇറക്കുമതി ചെയ്യുന്ന അവശ്യ വസ്തുക്കൾക്ക് കൂടുതൽ പണമടയ്ക്കേണ്ടി വരും. ഉൽപ്പാദന ചെലവ് ഉയരുന്നത് വിലവർദ്ധനവിനും ഉപഭോക്തൃ ചെലവ് കുറയുന്നതിന് കാരണമാകും. തൊഴിലില്ലായ്മ വർദ്ധിക്കുമെന്ന ആശങ്കയും സാമ്പത്തിക വിദഗ്ദ്ധർ പങ്കുവച്ചു.

'ട്രംപിന്റെ ഈ നികുതികൾ അമേരിക്കയെ സാമ്പത്തിക മാന്ദ്യത്തിലേക്ക് തള്ളിയേക്കും' എന്ന് മൂഡീസ് അനലിറ്റിക്സ് ചീഫ് എക്കണോമിസ്റ്റ് മാർക്ക് സാൻഡി മുന്നറിയിപ്പ് നൽകി.

ഓഹരി വിപണിയിൽ ഉണ്ടായ വലിയ ഇടിവ്, ട്രംപിന്റെ പുതിയ നികുതി നടപടികൾക്കെതിരായ വിപണിയുടെ പ്രതികരണം വ്യക്തമാക്കുന്നു. വൻകിട കമ്പനികൾ നിക്ഷേപം കുറയ്ക്കും, വ്യാവസായിക രംഗത്ത് അശാന്തി ഉണ്ടാകാം, വിപണിയിൽ സ്ഥിരത ഇല്ലാതാകാം എന്നിങ്ങനെ ആണ് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതങ്ങൾ എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.

ഇതോടെ ട്രംപ് പ്രഖ്യാപിച്ച ഇറക്കുമതി നികുതി നടപടികൾ അമേരിക്കയെ സാമ്പത്തികമായി സംരക്ഷിക്കമോ, അതോ വിപരീത ഫലമാണുണ്ടാകുക എന്നതിൽ വൻ സംശയങ്ങളാണ് ഉയർന്നിട്ടുള്ളത്.

വിലവർദ്ധന, വ്യാപാര ബന്ധങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ ഉയരുന്നു എന്നീ പ്രശ്നങ്ങൾ നിലനിൽക്കുമെങ്കിൽ, 2025 സാമ്പത്തിക മാന്ദ്യത്തിനുള്ള തുടക്കമാകുമെന്ന് ചില വിദഗ്ദ്ധർ കരുതുന്നു. എന്നാൽ ട്രംപിന്റെ പുതിയ നയങ്ങൾ ഏത് ദിശയിലേക്ക് പോകുമെന്നത് വരാനിരിക്കുന്ന മാസങ്ങളിൽ വ്യക്തമാകും.




# കേന്ദ്രനിരക്കിൽ ഡി.എ കൂടും, പി.എസ്.സിയിൽ വീണ്ടും ലോട്ടറി, ആശമാർക്ക് കണ്ണീർ

തിരുവനന്തപുരം: തുച്ഛമായ വേതനം കൂട്ടിക്കിട്ടാനുള്ള ആശാവർക്കർമാരുടെ കണ്ണീർസമരം 53 ദിവസത്തിലെത്തുമ്പോൾ, അമിതജോലി ഭാരമില്ലാതെ കനത്ത ശമ്പളം വാങ്ങുന്ന പി.എസ്.സി ചെയർമാനും അംഗങ്ങൾക്കും വീണ്ടും ലോട്ടറി. ഫെബ്രുവരിയിൽ നടപ്പാക്കിയ ശമ്പള വർദ്ധനവിന് പുറമേ, കേന്ദ്രസർക്കാർ കഴിഞ്ഞദിവസം വർദ്ധിപ്പിച്ച രണ്ടു ശതമാനം ക്ഷാമബത്ത കൂടി ഇവർക്ക് ലഭിക്കും.

ഇതോടെ ചെയർമാന് 1,23,255 രൂപയും അംഗങ്ങൾക്ക് 1,20,500 രൂപയും ക്ഷാമബത്ത ഇനത്തിൽ കിട്ടും. ഇതുൾപ്പെടെ ചെയർമാന് മാസം ലഭിക്കുക 3,47,355 രൂപ. അംഗങ്ങൾക്ക് 3,39,590 രൂപ. ഇതിനുപുറമേ എച്ച്.ആർ.എയും മറ്റ് അലവൻസുകളുമുണ്ട്. കേന്ദ്രസർക്കാർ ജീവനക്കാർക്ക് ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെയാണ് ക്ഷാമബത്ത രണ്ടുശതമാനം വർദ്ധിപ്പിച്ച് 55 ശതമാനമാക്കിയത്. കേന്ദ്രം വർഷത്തിൽ രണ്ടുപ്രാവശ്യം ക്ഷാമബത്ത കൂട്ടാറുണ്ട്.

കേന്ദ്ര നിരക്കിലാണ് പി.എസ്.സി ചെയർമാന്റേയും അംഗങ്ങളുടേയും ക്ഷാമബത്തയെന്ന് ഫെബ്രുവരിയിലെ ശമ്പള വർദ്ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫെബ്രുവരിയിൽ ചെയർമാന് 2.24 ലക്ഷവും അംഗങ്ങൾക്ക് 2.19 ലക്ഷവുമായാണ് അടിസ്ഥാന ശമ്പളം ഉയർത്തിയത്. ചെയർമാന്റെ ശുപാർശ പ്രകാരമാണിതെന്ന് മുഖ്യമന്ത്രി നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലുണ്ട്.




### ധനവകുപ്പിന്റെ എതിർപ്പ് അവഗണിച്ചു

പി.എസ്.സിചെയർമാനുംഅംഗങ്ങൾക്കും കേന്ദ്രനിരക്കിൽ ഡി.എ വർദ്ധിപ്പിക്കുന്നതിനെ ശമ്പളപരിഷ്കരണ ചർച്ചയ്ക്കിടെധനവകുപ്പ്എതിർത്തിരുന്നു. എന്നാൽ, ശമ്പള വർദ്ധന തീരുമാനിച്ച മന്ത്രിസഭായോഗം ഇത് അവഗണിച്ചു. ഇവർക്ക് ശമ്പളവും ക്ഷാമബത്തയുമടക്കം നൽകുന്നത് സംസ്ഥാന സർക്കാരാണ്. അതേസമയം, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ആറ് ഗഡു ഡി.എ കുടിശികയായി 4000 കോടിയും ശമ്പള പരിഷ്കരണ കുടിശികയായി 2000 കോടിയും കൊടുക്കാനുണ്ട്. പി.എസ്.സി അംഗങ്ങൾക്ക് പെൻഷൻ, ഒന്നാംക്ലാസ് യാത്രാബത്ത, പി.എ, ഡഫേദാർ, ഡ്രൈവർ, ചെയർമാന് കാറുംവീടും, ആശ്രിതർക്കടക്കം പരിധിയില്ലാത്ത ചികിത്സ എന്നിങ്ങനെ ആനുകൂല്യങ്ങളുമുണ്ട്.

### ആശമാരുടെ സമരം; മൂന്നാംവട്ട ചർച്ച ഇന്ന്

തിരുവനന്തപുരം: ആശാപ്രവർത്തകർ നടത്തുന്ന അനിശ്ചിതകാല സമരത്തിന് ഇന്ന് (ഏപ്രിൽ 3) നിർണായകദിനം. മന്ത്രി വീണാ ജോർജ് ഇന്ന് വിളിച്ച മൂന്നാംവട്ട ചർച്ചയിൽ അനുകൂല തീരുമാനമുണ്ടാകുമോ എന്നതാണ് പ്രധാനം. അനിശ്ചിതകാല സമരം 53-ാം ദിവസത്തിലേക്കും നിരാഹാരസമരം 15-ാം ദിവസത്തിലേക്കുമെത്തിയതോടെ സമരം നീളുന്നത് ഇരുകൂട്ടർക്കും പ്രതിസന്ധിയുണ്ടാക്കും.

സമരരംഗത്തുള്ള കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനെക്കൂടാതെ സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി, എസ്.ടി.യു എന്നീ അനുകൂല സംഘനകളുടെ പ്രതിനിധികളെയും ഇത്തവണ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. ഭൂരിപക്ഷ സംഘടനകളുടെ പിന്തുണ ചർച്ചയിൽ നേടിയെടുക്കാനാകും സർക്കാർ ശ്രമിക്കുക. ഇത്തവണ കേന്ദ്രമന്ത്രി ജെ.പി.നദ്ദയുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് മന്ത്രി സമരക്കാരെ കാണുന്നത്.

കേന്ദ്രമന്ത്രിയുമായിനടത്തിയ ചർച്ചയിലെ വസ്തുതകൾ ആശമാരെ ബോധിപ്പിക്കുകയാണ് പ്രധാനം. ഓണറേറിയം വർദ്ധിപ്പിക്കാമെന്ന് കേന്ദ്രം ഉറപ്പുനൽകിയതായും ഇത് ഉടൻ ലഭ്യമാക്കാൻ സംസ്ഥാനം ഇടപെടാമെന്നും ആശമാരെ അറിയിച്ചേക്കും. എന്നാൽ കേന്ദ്രമല്ല, സംസ്ഥാനം ഓണറേറിയം വർദ്ധനവിൽ തീരുമാനമെടുക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കാനാണ് ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നീക്കം. സംസ്ഥാന സർക്കാരിന്റെ പരിമിതികളും മന്ത്രി യോഗത്തിൽ വിശദീകരിച്ചേക്കും.


### സമവായത്തിന്റെ വഴി?

ഉന്നയിച്ച തുകയ്ക്ക് അപ്പുറം ആവശ്യങ്ങൾ ന്യായമാണെന്ന് വിലയിരുത്തി അംഗീകരിക്കാൻ സർക്കാർ തയ്യാറായാൽസമരംഅവസാനിച്ചേക്കും.തുകയുടെകാര്യത്തിൽകടുംപിടുത്തംതുടരുന്നത് പ്രായോഗികമാകില്ലെന്ന് സമരംഗത്തുള്ളർക്കും അറിയാം. 7000 രൂപയിൽ നിന്ന് 21,000 രൂപയിലേക്ക് ഓണറേറിയം വർദ്ധിപ്പിക്കലും വിരമിക്കുമ്പോൾഅഞ്ചുലക്ഷംരൂപസഹായവും സർക്കാരിനും അപ്രായോഗികമാണെന്നിരിക്കെ സമരക്കാരെ തൃപ്തിപ്പെടുത്തുന്ന കൃത്യമായ തീരുമാനത്തിലെത്താൻസർക്കാർസ്വീകരിക്കുന്നമാർഗമാണ്പ്രധാനം.ചെറിയരീതിയിൽഓണറേറിയം വർദ്ധനവിന് തയ്യാറായാൽ, കൈയ്യടികൾക്ക് പകരം ഇതിനായി എന്തിന് ആശമാരെ ഇത്രനാൾ തെരുവിൽ കിടത്തിയെന്ന വിമർശനം ഉയരുമെന്നും അധികൃതർ കണക്കുകൂട്ടുന്നു.









# രണ്ട് കോടിയുടെ ഹൈബ്രീഡ് കഞ്ചാവുമായി യുവതി ഉൾപ്പെടെ രണ്ടുപേർ പിടിയിൽ

ആലപ്പുഴ: രണ്ട് കോടിയിലേറെ വിലവരുന്ന മൂന്ന് കിലോ ഹൈബ്രിഡ് കഞ്ചാവുമായി വൻലഹരിക്കടത്ത് സംഘത്തിലെ കണ്ണിയായ യുവതിയും കൂട്ടാളിയും എക്സൈസിന്റെ പിടിയിലായി. തമിഴ്നാട് തിരുവള്ളൂർ ഉലകനാഥപുരം ഫോർത്ത് സ്ട്രീറ്റിൽ താമസിക്കുന്ന മലയാളി ക്രിസ്റ്റീനയെന്ന തസ്ളീമ സുൽത്താൻ (41), ആലപ്പുഴ മണ്ണഞ്ചേരി മല്ലൻവെളിയിൽ ഫിറോസ് (26) എന്നിവരെയാണ് വിദഗ്ദ്ധമായി വലയിലാക്കിയത്.

ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ ഉൾപ്പെടെ പലർക്കും ലഹരിവസ്തുക്കൾ കൈമാറിയിട്ടുണ്ടെന്ന് തസ്ളീമ വെളിപ്പെടുത്തി. ഇവരുമായുള്ള സാമ്പത്തിക ഇടപാടിന്റെ തെളിവുകളും തസ്ളീമയുടെ ഫോണിൽ നിന്ന് ലഭിച്ചു. രഹസ്യവിവരത്തെ തുടർന്ന് ആലപ്പുഴ എക്സൈസ് ഡെപ്യൂട്ടി കമ്മിഷണറുടെ നേതൃത്വത്തിൽ ചൊവ്വാഴ്ച രാത്രി ഓമനപ്പുഴയിലെ റിസോർട്ടിന് സമീപം ഇരുവരും കാറിൽ വന്നിറങ്ങിയപ്പോൾ തൊണ്ടിസഹിതം പിടികൂടുകയായിരുന്നു. ഭർത്താവും രണ്ട് കൊച്ചുകുട്ടികളുമായി എറണാകുളത്തെത്തിയ തസ്ലിമ വാടകയ്ക്കെടുത്ത കാറിൽ കുടുംബസമേതം മണ്ണഞ്ചേരിയിലെത്തി.



ഭർത്താവിനെയും മക്കളെയും വഴിയിൽ ഇറക്കിയ ശേഷം ഫിറോസിനെ കൂട്ടി രാത്രി പത്തരയോടെയാണ് റിസോർട്ടിലെത്തിയത്. ബാഗിൽ മൂന്ന് പൊതികളിലായി സൂക്ഷിച്ചിരിക്കുകയായിരുന്നു കഞ്ചാവ്. മണിക്കൂറുകളോളം ഉൻമാദം കിട്ടുന്ന കനാബി സിൻസിക്ക, കനാബി സറ്റീവ ഇനങ്ങളാണിവ. സാധാരണ കഞ്ചാവിന് ഗ്രാമിന് പരമാവധി മുന്നൂറ് രൂപയാണ് വിലയെങ്കിൽ ഇവയ്ക്ക് ഗ്രാമിന് പതിനായിരംവരെയാണ്.

ആലപ്പുഴയിലെ ടൂറിസം മേഖല കേന്ദ്രീകരിച്ച് ഇടപാടുള്ള ഇവരെക്കുടുക്കാൻ എക്സൈസ് മാസങ്ങളായി ശ്രമത്തിലായിരുന്നു. മുമ്പ് എറണാകുളത്ത് മസാജ് പാർലർ നടത്തിയിരുന്ന തസ്ളിമയ്ക്കെതിരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മയക്കുമരുന്ന് നൽകി പീഡിപ്പിച്ചതിന് പോക്സോ കേസുണ്ട്. ഫിറോസ് മൂന്ന് വർഷമായി ലഹരിക്കച്ചവടം നടത്തുന്നുണ്ട്.

പ്രതികളുടെ സാമ്പത്തികയിടപാടുകൾ പരിശോധിക്കും. സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നടപടിയും കൈക്കൊള്ളുമെന്ന് ഡെപ്യൂട്ടി കമ്മിഷണർ എസ്.വിനോദ്കുമാർ പറഞ്ഞു. അസി.കമ്മിഷണർ എസ്.അശോക്കുമാർ, സി.ഐ എം.മഹേഷ്, സിവിൽ ഓഫീസർമാരായ സി.പി.സാബു, കെ.ആർ.രാജീവ്, എം.റെനി, അരുൺ അശോക്, സനൽ, സിബിരാജ്, ജീന വില്യം എന്നിവരും സംഘത്തിലുണ്ടായിരുന്നു.

### എക്സ്ട്രാ നടി

കണ്ണൂർ സ്വദേശിയായ തസ്ളിമ തമിഴ് സിനിമയിൽ എക്സ്ട്രാ നടിയായും സ്ക്രിപ്റ്റ് പരിഭാഷകയുമായി പ്രവർത്തിച്ചിരുന്നു. ഈ ബന്ധമുപയോഗിച്ചാണ് മലയാള സിനിമാക്കാരുമായി അടുത്തത്. ഇതോടെ കൊച്ചിയിലേക്ക് ചുവടുമാറ്റി. മൂന്ന് മലയാളം സിനിമകളിലും മുഖം കാണിച്ചു.

തൃക്കാക്കര കേന്ദ്രീകരിച്ച് മസാജ് പാർലർ നടത്തി. പോക്സോ കേസിൽ പ്രതിയായതോടെ വീണ്ടും തമിഴ്നാട്ടിലേക്ക് കളംമാറ്റി. എന്നാൽ മംഗലാപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിൽ ലഹരി ഇടപാട് തുടർന്നു.

ആലപ്പുഴയിൽ പിടികൂടിയ കഞ്ചാവ് മുപ്പത് ലക്ഷം രൂപയ്ക്ക് കോഴിക്കോട് സ്വദേശിയാണ് കൈമാറിയത്.













# തിരഞ്ഞെടുപ്പ് രംഗത്തും പ്രക്ഷോഭ രംഗത്തും പരാജയം ഉണ്ടായതായി സി.പി.എം സംഘടനാ റിപ്പോർട്ട്

മധുര: തിരഞ്ഞെടുപ്പ് രംഗത്തും പ്രക്ഷോഭരംഗത്തും പാർട്ടിക്ക് പരാജയം സംഭവിച്ചതായി 24-ാം പാർട്ടി കോൺഗ്രസ് സംഘടനാ റിപ്പോർട്ടിലെ വിലയിരുത്തൽ. തിരഞ്ഞെടുപ്പ് രംഗത്ത് കേരളത്തിലൊഴികെ മറ്റു സംസ്ഥാനങ്ങളിൽ പാർട്ടിക്ക് മുരടിപ്പ് സംഭവിച്ചതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പാർട്ടിയുടെ ശക്തിയായ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ കടുത്ത വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്.

പ്രക്ഷോഭങ്ങളും പ്രചാരണ പ്രവർത്തനങ്ങളും വെറും ചടങ്ങായി. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ പാർട്ടി കോൺഗ്രസ് മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ പി.ബിക്കും വീഴ്ച സംഭവിച്ചു. വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നേതൃത്വത്തിന്റെ നിർദ്ദേശം നടപ്പാക്കുന്നതിൽ കേരള ഘടകത്തിന് വീഴ്ച സംഭവിച്ചു.

ലോക്കൽ കമ്മിറ്റികളിൽ 17 ശതമാനം വനിതാ പ്രാതിനിധ്യമുണ്ടായിരുന്നത് 15 ശതമാനമായി കുറഞ്ഞു. സംസ്ഥാന കമ്മിറ്റിയിലെ വനിതകളുടെ എണ്ണം13 ൽ നിന്ന് 12 ആയികുറഞ്ഞു. ഹിന്ദി സംസ്ഥാനങ്ങളാണ് വനിതാ പ്രാതിനിധ്യത്തിൽ മെച്ചപ്പെട്ടു നിൽക്കുന്നത്. ഡൽഹിയിൽ 27.5 ശതമാനവും മദ്ധ്യപ്രദേശിൽ 20 ശതമാനവുമാണ് പ്രാതിനിധ്യം.

പാർട്ടിയിൽ പാർലമെന്ററി വ്യാമോഹം കൂടി വരുന്നതാണ് മറ്റൊരു വീഴ്ചയായി ചൂണ്ടിക്കാട്ടുന്നത്. പാർട്ടിക്ക് സ്വാധീനമില്ലാത്ത മേഖലകളിൽ പോലും തിരഞ്ഞെടുപ്പ് മത്സരത്തിനിറങ്ങാൻ പാർട്ടി അംഗങ്ങൾ ഉത്സാഹം കാട്ടുന്നു. സ്ഥാനാർത്ഥിത്വം നിഷേധിക്കപ്പെട്ടാൽ തിരഞ്ഞെടുപ്പ് രംഗത്ത് നിസ്സഹകരണം കാട്ടുന്ന സ്ഥിതിയുമുണ്ട്. തെലുങ്കാനയിൽ അഴിമതിയാണ് പാർട്ടി നേരിടുന്ന വലിയ പ്രശ്നം. തമിഴ്നാട്ടിൽ 14 ജില്ലകളിൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരം നടന്നതും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ പാർട്ടി കോൺഗ്രസിനെ അപേക്ഷിച്ച് പാർട്ടി അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 9,85,757 അംഗങ്ങളുണ്ടായിരുന്നത് ഇപ്പോൾ 10,19,009 ആയി ഉയർന്നു. എന്നാൽ നിശ്ചിത ഇടവേളകളിൽ കമ്മിറ്റികൾ ചേരണമെന്ന നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ല. തെറ്റുതിരുത്തൽ തുടർച്ചയായി നടത്തണമെന്ന കഴിഞ്ഞ പാർട്ടി കോൺഗ്രസ് നിർദ്ദേശം വേണ്ടവിധത്തിൽ പാലിക്കപ്പെട്ടില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കേന്ദ്ര കമ്മിറ്റിയുടെ പ്രവർത്തന രീതി മാറണമെന്നും നിർദ്ദേശമുണ്ട്.

സ്കീം പദ്ധതികളിൽ നിന്ന് സ്ത്രീകളെ പാർട്ടിയിലേക്ക് ആകർഷിക്കാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പാർട്ടിയിലെ ദളിത് പ്രാതിനിധ്യം മൊത്തത്തിൽ 19.3 ശതമാനമാണ്. മഹാരാഷ്ട്ര ഒഴികെയുള്ള സംസ്ഥാനങ്ങളിൽ സംസ്ഥാന ശരാശരിക്ക് മുകളിലാണ്. എന്നാൽ ആദിവാസി വിഭാഗത്തിന് കൂടുതൽ പ്രാതിനിധ്യം നൽകണം. മഹാരാഷ്ട്രയിൽ ആദിവാസി പ്രാതിനിധ്യം കൂടുതലുള്ളപ്പോൾ ത്രിപുര, ആസാം, ഹിമാചൽപ്രദേശ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ പ്രാതിനിധ്യം തീരെ കുറവാണ്. മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യം പാർട്ടിയിൽ തീരെ കുറവാണ്. ഡെൽഹി ഒഴികെ മറ്റു സംസ്ഥാനങ്ങളിൽ ഈ പ്രാതിനിധ്യം കൂട്ടാൻ വലിയ ശ്രമം നടത്തണം. സാമൂഹികമായി അടിച്ചമർത്തപ്പെട്ട വിഭാഗത്തെ പാർട്ടിയിലേക്ക് കൂടുതലായി കൊണ്ടുവരാനുള്ള ശ്രമം നടത്തണമെന്നും റിപ്പോർട്ട് പറയുന്നു.

RADON GAS
Have You Tested Radon Levels in Your Home?
RADON GAS
• Second leading cause of lung cancer in North America
• Accumulates in high level in the basement of buildings


SCREENED & APPROVED HomeAdvisor
HomeAdvisor TOP RATED
630-600-1143
radondoctor1@gmail.com
RADON DOCTOR LLC

St. Marys Petroleum Inc.
960 Rand Rd. Suite 208,
Des Plaines, IL 60016
Ph: 847 813 5665, Fax: 847 813 5673
Accelerate Your Journey To Success
bp Mobil Gulf SUNOCO CLARK Valero
For Branding Your Gasoline Stations
Cyriac Koovakattil 630 673 3382

DESIGN & PRINTING?
അതെന്തുമാകട്ടെ
ഡിസൈനിംഗിനും
പ്രിന്റിംഗിനും
ഞങ്ങളെ
വിളിക്കുക

SOUVENIR/BUSINESS CARD/FLYER/BROCHURE/BOOKLET
ENTRY TICKET/FLEX BOARD/FLEX BANNER
WALL CALENDAR/PULL OUT BANNER/NEWSLETTER
LETTERHEAD/ENVELOPS/WEDDING MASS BOOKLET
VACHAKAM CALL: JOSE CHENNIKKARA / PH: 773 842 9149
chennikkara@gmail.com | www.chennikkara.com
in association with
FIVE STAR OFFSET PRINTERS IN KOCHI
The complete solution for your
printing and packaging needs
▸ Five Star Offset Printers was launched by Mr. Sabu K.P in Cochin in 1991 foreseeing the growth of the printing industry in India.
▸ We are an ISO 9001:2015 certified organisation with world-class printing facilities and highly skilled professionals. We are fully prepared to demonstrate the magic of printing and packaging to the world. In order to enhance the organization's quality goals, we have continuously invested in machineries with advanced technology that can compete with international standard.

FOLDING CARTONS/PACKAGING/COMMERCIAL PRINTING/PROMOTIONAL PRINTING/DESIGNING





OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA

Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101
BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# നവോത്ഥാന മുഖത്ത് കാക്കപ്പുള്ളികൾ



ബാബു കദളിക്കാട്



തൊലിയുടെ നിറമല്ല, മനസ്സിന്റെ നിറമാണ് ശ്രേഷ്ഠതയുടെയും ഉന്നത വ്യക്തിത്വത്തിന്റെയും മാനദണ്ഡമെന്ന് മനുഷ്യ വർഗത്തെ ബോധ്യപ്പെടുത്താൻ കെൽപ്പുറ്റ പ്രത്യയ ശാസ്ത്രങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും അധിക ജാഗ്രത പുലർത്തേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടുന്നു സാമൂഹിക നിരീക്ഷകർ.

ഇരുളനെന്നും കറുമ്പനെന്നും കരിംഭൂതമെന്നുമൊക്കെ സംഘാതമായിത്തന്നെ ചിലർക്ക് പേരുചാർത്തിക്കൊടുക്കപ്പെടുന്നു. ആ അവഹേളനങ്ങൾ ആരുടെയൊക്കെ മനസിനെ മുറിപ്പെടുത്തിയിട്ടുണ്ടാകുമെന്ന് അധികം പേർ ചിന്തിക്കാറില്ല. മക്കൾ കറുത്തതിന്റെ പേരിൽ മാതാപിതാക്കളും അച്ഛനമ്മമാർക്ക് നിറം കുറഞ്ഞുപോയതിന്റെ പേരിൽ മക്കളും ആധിയിലാഴുന്നു.

പ്രയോഗിക്കപ്പെടുന്ന തെറിവാക്കുകളിലും തമാശകളിലും കറുപ്പ് വല്ലാതെ മുഴച്ചുനിൽക്കുന്നു. 'വെള്ളപൂശലും' 'കറുത്ത കൈകളും' 'ഇരുട്ടിന്റെ സന്തതികളു'മൊക്കെയായി ഭാഷയിൽവരെ വർണഭേദം പ്രകടം. നാടൊട്ടുക്ക് മുളച്ചുപൊന്തുന്ന ബ്യൂട്ടി സലൂണുകളും ഫെയർ ക്രീം പരസ്യങ്ങളുമൊക്കെ കറുപ്പിനോടുള്ള തൊട്ടുകൂടായ്മ മാർക്കറ്റ് ചെയ്യുന്നു. നാളുകൾക്കുശേഷം കാണുന്ന സുഹൃത്തിനോടുംബന്ധുവിനോടും 'ആകെ കറുത്ത് കരുവാളിച്ചുപോയല്ലോ' എന്ന് ആധിയോടെ മലയാളി തിരക്കവേ പുറത്തുവരുന്നുണ്ട് കറുപ്പിനോടുള്ള വിഷംതീണ്ടിയ വിരോധം.

തൊലി കറുത്തതിന്റെ പേരിൽ പല യുവതീയുവാക്കളും വിവാഹക്കമ്പോളത്തിൽ എടുക്കാച്ചരക്കാകുന്നുണ്ട്. പ്രകടനപരതയ്ക്കപ്പുറത്ത് വർണവെറിക്കെതിരേ, സമത്വത്തിന്റെ ശരിയായ ആശയങ്ങൾ എത്രപേർ ആത്മാർഥമായി സ്വാംശീകരിച്ചിട്ടുണ്ടെന്നത് ചോദ്യമായവശേഷിക്കുന്നു. എന്തിനെയും ആഗിരണം ചെയ്യാൻ കഴിവുള്ള നിറമാണ് കറുപ്പെന്ന് ശാരദാ മുരളീധരന്റെ കുറിപ്പിലുണ്ട്.

മനുഷ്യകുലത്തിന് അറിയാവുന്നിടത്തോളം ഏറ്റവും കരുത്തുറ്റ ഊർജത്തിന്റെ തുടിപ്പാണത്; എല്ലാവർക്കും ചേരുന്ന നിറപ്പൊരുത്തം. ഊരുവിലക്കോ തീണ്ടായ്മയോ കൽപ്പിക്കേണ്ടതില്ല എണ്ണക്കറുപ്പിന്. ശാരദാ മുരളീധരന് ഐക്യദാർഢ്യവുമായി സമൂഹമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന എത്രപേരാണ് തങ്ങളുടെ മുഖം വെളുപ്പിക്കാൻ ഫിൽറ്റർ ആപ്പുകളെ ആശ്രയിക്കുന്നതെന്നതാണ് ഇതിനിടെ ഉയരുന്ന മറ്റൊരു പ്രസക്ത ചോദ്യം.

മലയാളികൾക്കു കറുപ്പിനോട് ഇപ്പോഴും കലിപ്പു തന്നെയോ? 'അതേ'യെന്നു സ്ഥാപിക്കാൻ സഹായകമായ സംഭവങ്ങൾ ഇടയ്ക്കിടെ അരങ്ങേറുന്നു. 'എനിക്കൊരു സ്വപ്നമുണ്ട്. ഒരു ദിവസം എന്റെ നാല് മക്കൾ അവരുടെ തൊലിയുടെ നിറം നോക്കിയല്ലാതെ, അവരുടെ സ്വഭാവത്തിന്റെ ഉള്ളടക്കം നോക്കി വിലയിരുത്തപ്പെടുന്ന രാജ്യത്ത് ജീവിക്കണമെന്ന സ്വപ്നം' അമേരിക്കയിലെ കറുത്ത വർഗക്കാരുടെ നേതാവായ മാർട്ടിൻ ലൂതർ കിംഗ് വർണ്ണ വെറി അനുഭവിച്ചറിഞ്ഞ വേദനയോടെ 1963ൽ പറഞ്ഞ വാക്കുകൾ 'സാക്ഷര സുന്ദര' കേരളത്തിന് ഈ നാളുകളിലും ഓർമ്മിക്കേണ്ടിവരുന്നു.

മാർട്ടിൻ ലൂതർ കിംഗിന്റെ മാനസിക വ്യഥ അനുഭവിക്കുന്ന മലയാളികളുടെ എണ്ണം ക്രമേണ കുറയുന്നുവെന്നു തീർച്ച. പക്ഷേ, ഇതിനിടെയും നിറത്തിന്റെ പേരിൽ മുറിവേൽക്കുന്നവരുടെ പട്ടികയിൽ താനുമുണ്ടെന്നു വ്യക്തമാക്കിയിരിക്കുന്നു ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ. സെക്രട്ടേറിയറ്റിലെ ഓഫീസിൽ ഔദ്യോഗികാവശ്യവുമായി വന്നയാൾ, നിറത്തെ കൂട്ടുപിടിച്ചു നടത്തിയ നെഗറ്റീവ് പരാമർശം ചീഫ് സെക്രട്ടറി പരസ്യപ്പെടുത്തിയതോടെ സാമൂഹിക മാധ്യമങ്ങളിൽ തീവ്ര പ്രതികരണങ്ങൾ പെരുകി. ഫേസ്ബുക്കിൽ ശാരദ കുറിപ്പിട്ടതിനു പിന്നാലെ രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ നിന്നുൾപ്പെടെ നൂറുക്കണക്കിനു പേരാണ് പിന്തുണയുമായെത്തിയത്.

ഉന്നതപദവിയിലിരിക്കുന്ന ഒരാൾപോലും നിറത്തിന്റെ പേരിൽ അപമാനിക്കപ്പെടുമ്പോൾ തൊലി വെളുപ്പില്ലാത്തതിനാൽ സാധാരണക്കാരായ എത്രയേറെപ്പേർ നിരന്തരം കളിയാക്കപ്പെടുന്നുണ്ടെന്ന ചോദ്യം സമൂഹത്തിനു മുന്നിലുയർന്നു. സാക്ഷരതയിൽ മുന്നിൽനിൽക്കുന്നുവെന്നു മേനിനടിക്കുന്ന നവോത്ഥാന കേരളത്തിലാണ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കറുപ്പിനോടുള്ള അസ്പൃശ്യത കൂടുതലെന്ന് പലരും പരിതപിച്ചു.

കറുപ്പിന്റെ എതിർപക്ഷത്ത് വെളുപ്പ് പ്രതിഷ്ഠിക്കപ്പെടുന്നു. നിറംകൊണ്ടും രൂപംകൊണ്ടും ധരിച്ച വസ്ത്രംകൊണ്ടും ആരെക്കുറിച്ചും മുൻവിധി സൃഷ്ടിക്കപ്പെടുന്നു. കറുത്തവരോടും ദലിതരോടും ഭിന്നശേഷിക്കാരോടും പലരും പുലർത്തുന്ന തൊട്ടുകൂടായ്മയും ക്രൂരപരിഹാസങ്ങളും ചികിത്സ തേടേണ്ട മനോവൈകല്യം തന്നെയെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു.

ചീഫ് സെക്രട്ടറി എന്ന നിലയ്ക്കുള്ള ശാരദാ മുരളീധരന്റെ പ്രവർത്തനത്തിനു കറുപ്പു നിറമാണെന്നായിരുന്നു സന്ദർശകന്റെ കണ്ടെത്തൽ. അതേസമയം, മുൻഗാമിയും ഭർത്താവുമായ ഡോ. വി. വേണുവിന്റെ പ്രവർത്തന ശൈലി വെളുപ്പു പരത്തുന്ന തരത്തിലായിരുന്നത്രേ. ചീഫ് സെക്രട്ടറിയെ ആഴത്തിൽ വേദനിപ്പിക്കുന്നതായി കറുപ്പിനെ ഇകഴ്ത്തിയുള്ള ഈ നിരീക്ഷണം. 'എന്റെ കറുപ്പ് എനിക്കു സ്വീകാര്യമാണ്' എന്ന് ശാരദ ഫേസ്ബുക്കിൽ ആമുഖ കുറിപ്പിട്ടു, സന്ദർശകന്റെ പേരുപറയാതെ. വിവാദമാകുമെന്ന സൂചന വന്നതോടെ ഈ പോസ്റ്റ് വൈകാതെ പിൻവലിക്കുകയും ചെയ്തു. വെറുമൊരു സാധാരണക്കാരനല്ല ആ സന്ദർശകൻ എന്ന തരത്തിലുള്ള അഭ്യൂഹങ്ങളും ഇതിനിടെ പരന്നു.

പിന്നീട് വിശദമായ പോസ്റ്റുമായെത്തി ശാരദ. നിലപാട് ഉറക്കെപ്പറയണമെന്നും പരിഷ്കൃത സമൂഹത്തിനു ചേരാത്ത ചിന്തകൾ നിരുത്സാഹപ്പെടുത്തണമെന്നും ഭർത്താവ് ഉൾപ്പെടെയുള്ള അഭ്യുദയകാംക്ഷികളിൽനിന്ന് ആവശ്യമുയർന്നതോടെയാണവർ വിഷയം വീണ്ടും ചൂടാക്കിയത്. ചീഫ് സെക്രട്ടറിക്കസേരയിലെത്തിയതിനു പിന്നാലെ, ഇരുണ്ട നിറത്തിന്റെ പേരിലും സ്ത്രീ എന്ന നിലയിലും മുൻഗാമിയുമായുള്ള താരതമ്യം സാധാരണ സംഭവമാണെന്ന് കുറിപ്പിലൂടെ അവർ തുറന്നുപറഞ്ഞു.

'മുനവച്ച പരിഹാസങ്ങൾ എനിക്കു ശീലമായിരിക്കുന്നു.' ഇത്തരം പരിഹാസവും അധിക്ഷേപവും പുതിയ വാർത്തയല്ല കേരളത്തിൽ. കലാ സാംസ്കാരിക രംഗത്തെ പ്രമുഖർ ഉൾപ്പെടെ പലരും നിറത്തിന്റെ പേരിലുള്ള അധിക്ഷേപത്തിന് ഇരയായിട്ടുണ്ടെന്നത് രഹസ്യ കാര്യവുമല്ല.

കലാഭവൻ മണിയുടെ അനുജൻ കൂടിയായ പ്രശസ്ത മോഹിനിയാട്ട നർത്തകൻ ഡോ.ആർഎൽവി രാമകൃഷ്ണനെ കലാമണ്ഡലം സത്യഭാമ വിമർശിച്ചത് വൻ വിവാദമായിരുന്നു. 'വെളുത്ത സുന്ദരികളാണ് മോഹിനിയാട്ടം ആടേണ്ടതെന്നും കറുത്തവർ ആടുന്നത് അരോചക'മാണെന്നുമായിരുന്നു പരസ്യ അധിക്ഷേപം. നാല് വർഷത്തെ ഡിപ്ലോമയും പോസ്റ്റ് ഡിപ്ലോമയും കഴിഞ്ഞ് എം.ജി യൂണിവേഴ്സിറ്റിയിൽ നിന്ന് മോഹിനിയാട്ടത്തിൽ എം.എ റാങ്ക് ഹോൾഡറാകുകയും കലാമണ്ഡലത്തിൽ നിന്ന് എംഫിൽ ടോപ് സ്കോറായി പാസ്സാകുകയും ചെയ്തയാളാണ് രാമകൃഷ്ണൻ. ഒരു വിശ്രുത കലാകാരനുണ്ടായ അനുഭവം. ജാതിയുടെയും മതത്തിന്റെയും പേരിൽ മാത്രമല്ല നിറത്തിന്റെ പേരിലും കേരളത്തിൽ അകറ്റിനിർത്തലുകളും അപമാനങ്ങളും നടമാടുന്നുവെന്നത് ഒരോ മലയാളിയുടെയും ശിരസ് കുനിപ്പിക്കണം.

അതേസമയം, 2013 ൽ വനംവകുപ്പ് ഉദ്യോഗസ്ഥരെ തല്ലിയ കേസിൽ കലാഭവൻ മണിക്ക് എ.ഡി.ജി പി.ടി. പി സെൻകുമാറിൽ നിന്ന് അപ്രതീക്ഷിത പിന്തുണ ലഭിക്കാൻ ഹേതുവായി കറുപ്പു നിറം. മണിക്കെതിരെ പരാതി നൽകിയ ഫോറസ്റ്റ് ഉദ്യോഗസ്ഥരെയാണ് സെൻകുമാർ വിമർശിച്ചത്. വെള്ളക്കാരെ സല്യൂട്ട് ചെയ്യുകയും കറുത്തവരെ ചവിട്ടിത്തേക്കുകയും ചെയ്യുന്ന പോലീസ് മനോഭാവം മാറിയിട്ടില്ല എന്നും കൊല്ലത്ത് പോലീസ് അസോസിയേഷന്റെ സമ്മേളനത്തിൽ സെൻകുമാർ പറഞ്ഞു. അതിരപ്പിള്ളിയിൽ വാഹനപരിശോധനയ്ക്കിടെ വനവകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ കലാഭവൻ മണി മർദ്ദിച്ചു എന്നായിരുന്നു പരാതി.

മണിക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തി പോലീസ് കേസെടുത്തു. കറുത്ത വർഗക്കാരനായതുകൊണ്ടാണോ കലാഭവൻ മണിയെ വേട്ടയാടുന്നത് എന്നായിരുന്നു സെൻകുമാറിന്റെ ചോദ്യം. കലാഭവൻ മണിക്ക് പകരം മോഹൻലാലോ, മമ്മൂട്ടിയോ, ജയറാമോ, ദിലീപോ പോലെയുള്ള സൂപ്പർ സ്റ്റാറുകൾ ആയിരുന്നെങ്കിൽ ഇതായിരിക്കുമോ സ്ഥിതി എന്നും സെൻകുമാർ ആരാഞ്ഞു.

വർണവിവേചനം അഥവാ വംശത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളുടെ ഗുണത്തിലും കഴിവിലും വ്യത്യാസമുണ്ടെന്ന മിഥ്യാധാരണ ലോകത്ത് മിക്ക ജനതയിലും നിലിനിൽക്കുന്നുവെന്നതാണു യാഥാർത്ഥ്യം. ചാതുർവർണ്യ വ്യവസ്ഥയുടെ ദേശീയതലത്തിലുള്ള സ്വാധീനമാണ് ശാരദാ മുരളീധരൻ അനുഭവിച്ച അധിക്ഷേപത്തിനു പിന്നിലെന്ന് സി.പി.ഐ ദേശീയ നേതാവ് ആനി രാജ വിലയിരുത്തിയിരുന്നു. രാജ്യത്ത് ഇപ്പോഴും രൂഢമൂലമായ ചാതുർവർണ്യ സിദ്ധാന്തത്തിന്റെ ഭാഗമാണ് വർണവിവേചനം. 'വർണധർമ്മം ഈശ്വര നിശ്ചയവും അലംഘനീയ വ്യവസ്ഥയുമാണ്. ഈശ്വരൻ ഏർപ്പെടുത്തിയ ഈ വ്യവസ്ഥ പാലിക്കേണ്ടത് മനുഷ്യ ധർമമാണ്. ആ സ്വതസിദ്ധ ധർമത്തെ നിരാകരിക്കാവതല്ലെ'ന്ന് സിദ്ധാന്തിച്ചു കൊണ്ടാണ് ഭഗവത് ഗീത (ശ്ലോകം 13) വർണസിദ്ധാന്തത്തിന് സ്ഥിരീകരണം നൽകുന്നത്.

ചാതുർവർണ്യവും ബ്രാഹ്മണ്യവുമൊക്കെ നാടുനീങ്ങിയെന്നു വലിയവായിൽ പറയുമ്പോഴും 'സാംസ്കാരിക' കേരളത്തിന്റെ ഉള്ള് ഇക്കാലത്തും ജാതി, മത, വർണ ചിന്തകളിൽ നിന്നു മുക്തമായതിന്റെ സൂചനകൾ ഇനിയും വേണ്ടത്ര ലഭ്യമല്ല. അത്രമേൽ വെറുക്കപ്പെടേണ്ട, അകറ്റിനിർത്തേണ്ട നിറമാണ് കറുപ്പ് എന്നത് മനുവാദത്തോളം പേറാന്നൊരു അശ്ലീല കാഴ്ചപ്പാടാണ്. സൗന്ദര്യത്തിന്റെ അഴകളവുകളിൽ വെളുപ്പിന് എങ്ങനെയാണ് മേൽക്കൈ വരുന്നതെന്നുകൂടി ചിന്തിക്കണം. കറുപ്പ് അശ്ലീലവും വെളുപ്പ് ശ്ലീലവുമാകുന്നത് ഏത് മാനദണ്ഡത്തിലാണെന്നതുകൂടി അന്വേഷിക്കുമ്പോൾ മാത്രമേ ശാരദാ മുരളീധരനെപ്പോലെയുള്ളവർ അനുഭവിക്കുന്ന വർണവെറിയുടെ ആഴമറിയാൻ കഴിയൂ.

## ട്രംപ്, മണിയാശാൻ

തൊലിനിറം വെളുപ്പല്ലാത്തതിന്റെ പേരിൽ സ്കൂളിലും കുടുംബത്തിലും അധിക്ഷേപം നേരിടുന്ന കുട്ടികൾ കുറച്ചൊന്നുമല്ല. തൊലിനിറം അൽപ്പം മങ്ങിപ്പോയ കുട്ടികളെ സഹപാഠികൾ 'കറുമ്പൻ' എന്നു വിളിക്കാറുണ്ട്. എത്രമാത്രം മാനസിക പീഡനമായിരിക്കും ആ കുഞ്ഞുങ്ങൾ അനുഭവിക്കുന്നതെന്ന് അധ്യാപകരും ഗൗരവമായി ചിന്തിക്കാറില്ല. രണ്ടു വർഷം മുമ്പ് നിയമസഭയിൽ കെ-റെയിൽ വിഷയത്തിൽ ചർച്ച മൂത്തുവരുന്നതിനിടെ മുൻമന്ത്രി എം.എം.മണി തിരുവഞ്ചൂർ രാധാകൃഷ്ണനെ പരാമർശിക്കവേ കറുപ്പ് നിറം കൂട്ടിച്ചേർത്തത് വാർത്തയായിരുന്നു. മണിയാശാന്റെ പരിഹാസത്തിന് ചുട്ട മറുപടി നൽകി തിരുവഞ്ചൂർ: 'ഈയിടെ എം.എം.മണി പറഞ്ഞു എനിക്ക് കറുപ്പ് നിറമാണെന്ന്. അദ്ദേഹത്തിന് ട്രംപിന്റെ നിറമാണല്ലോ. നല്ല കൃത്യമാണ്. ഇതുപോലുള്ള പാഴ് വാക്ക് പറയുന്നവരുണ്ട്. നമ്മൾ അവരെ അവഗണിക്കുക.'

തൊലിവെളുപ്പില്ലാതിരുന്നിട്ടും മലയാള സിനിമയിൽ സത്യൻ ഇതിഹാസ നടനായി. കലാഭവൻ മണി തുടങ്ങി ഏതാനും നടന്മാർക്കാകട്ടെ കറുത്ത നിറം വിജയം എളുപ്പമാക്കി. വെളുപ്പിൽ പ്രത്യേക അഴകു കാണാത്ത തമിഴിൽ രജനീകാന്തിന്റെ നിറമെന്തെന്നത് ആർക്കും വിഷയമായില്ല. 'പറങ്കിമല'യിലൂടെ ഭരതൻ രംഗത്തിറക്കിയ സൂര്യക്ക് പത്മരാജനും കെ.ജി. ജോർജ്ജും അധിക തിളക്കമേകിയെങ്കിലും ശാരി തുടങ്ങി ചുരുക്കം നടിമാർക്കു മാത്രമേ മലയാളത്തിൽ 'കറുമ്പി' താരങ്ങളായി മാറാൻ കഴിഞ്ഞുള്ളൂ.

കേരള രാഷ്ട്രീയത്തിലും സാംസ്കാരിക രംഗത്തും വരെ തൊലിവെളുപ്പില്ലായ്മ മൂലം വിജയപാത തടസപ്പെട്ടതിന്റെ അനുഭവങ്ങൾ ചിലരെങ്കിലും പങ്കുവയ്ക്കാറുണ്ട്. ഒരാൾ സുന്ദരനോ സുന്ദരിയോ ആകുന്നത് വെളുത്ത നിറംകൊണ്ടുകൂടിയാണെന്നത് ജനിക്കുമ്പോൾ മുതൽ മിക്ക പേരുടേയും ഉള്ളിൽ പച്ചകുത്തിയ ധാരണയാണ്. തൂത്തുമായ്ക്കാൻ വയ്യാത്തവിധം ആ അധമചിന്തയ്ക്ക് വെള്ളവും വളവും നൽകി പൊലിപ്പിച്ചെടുക്കുന്നതിൽ കുടുംബവും കൂട്ടുകാരും കലാലയങ്ങളും അയൽവീട്ടുകാരും മത്സരിക്കുന്നു. മഹത്വത്തിന്റെയോ കഴിവിന്റെയോ സൗന്ദര്യത്തിന്റെയോ മാനദണ്ഡമായി തൊലിനിറം മാറുന്നതിങ്ങനെയാണ്.

വിവാഹ കമ്പോളത്തിൽ മാത്രമല്ല സൗന്ദര്യമത്സരത്തിലും റിസപ്ഷനിസ്റ്റ് തുടങ്ങിയ ജോലികളിലും സഹിതം എല്ലായിടത്തും കറുപ്പിനെ നിരാകരിക്കുന്ന സ്ഥിതിവിശേഷമാണ് പൊതുവേയുള്ളത്. ഒരു കുഞ്ഞ് ഗർഭ പാത്രത്തിലായിരിക്കുമ്പോൾ തന്നെ നിറം കറുപ്പാകുമോ എന്ന് പല മാതാപിതാക്കളും കുടുംബങ്ങളും ആശങ്കപ്പെടുന്നു. കറുപ്പിനോടുള്ള വെറുപ്പും ജാതിവെറിയുമെല്ലാം ഇന്നും പലരുടെയും ഉള്ളിൽ തിടംവച്ചു കിടക്കുന്നു. അവിചാരിതമായാണ് ചിലരിലൂടെ അതൊക്കെ പുറത്തുവരുന്നത്. അത് തിരിച്ചറിഞ്ഞ്, തിരുത്തലുകൾക്ക് ഇടംകൊടുക്കുമ്പോൾ മാത്രമേ നിറത്തെക്കുറിച്ചുള്ള അധമചിന്തകൾക്കു വിരാമമാകൂ.



# ഇക്കഥ ആ 24 വെട്ടിൽ തീരുമോ എമ്പുരാനേ?




രാഷ്ട്രീയത്തിലെ പച്ചപ്പരമാർത്ഥങ്ങൾ വിളിച്ചു പറഞ്ഞ 'സന്ദേശ'ത്തിലെ ശങ്കരാടിയുടെ കാലത്തെ സിനിമാസ്വാദകരിൽ നിന്ന് മലയാളി പ്രേക്ഷകരുടെ മനസ് മാറിയതാണോ, അതോ രക്തത്തിൽ കൂടിയ ഡോസിൽ മതരാഷ്ട്രീയം കലർന്ന ഒരു ജനതയുടെ പരാക്രമങ്ങളണോ എംബുരാൻ വിവാദത്തിൽ തെളിഞ്ഞത് ?

വിവാദം ഇഷ്ട സന്ധ്യാവിഭവമായി മാറിയ ഒരു ജനത. ഇതുവരെ കൂടുതലും മതത്തിലും രാഷ്ട്രീയത്തിലും ഇറങ്ങിക്കളിച്ചിരുന്ന സോഷ്യൽ മീഡിയ. ഇവിടെ മതവും രാഷ്ട്രീയവും ഒന്നിച്ച ചേരുവ ഒത്തു വന്നാൽ രുചിക്കാതെ വിടുമോ?

പ്രിഥിരാജിന്റെ എംബുരാൻ തിയറ്ററിൽ കണ്ടിട്ട് ആരും എഴുന്നേറ്റ് നിന്ന് കൂവിയതായി കേട്ടില്ല. സ്ക്രീനിലേയ്ക്ക് കല്ലെറിഞ്ഞില്ല. തിയറ്റർ കത്തിച്ചില്ല. സംവിധായകനെ വഴിയിൽ തടഞ്ഞില്ല. സൃഷ്ടിക്കപ്പെട്ട ഒരു വിവാദത്തിന്റെ ഇരമ്പം തുടക്കത്തിലേ കേട്ടു. അത് കളക്ഷന് ഗുണം ചെയ്യുമെന്ന് കരുതിയവരുണ്ട്. പക്ഷെ, കാര്യങ്ങൾ അവിടെ നിന്നില്ല; തിരക്കഥ എഴുതിയ മുരളി ഗോപിയുടെ ഭാവനയെപ്പോലും കടത്തി വെട്ടുന്ന കഥകൾ വന്നു നിറയുന്ന കാഴ്ചയാണ് മോഹൻലാലും കൂട്ടരും കണ്ടത്.

സത്യവും അർദ്ധസത്യവും അത്യുക്തിയും പെരുംനുണകളും ചേർന്ന പെരുങ്കളിയാട്ടം. കളിയിൽ വമ്പന്മാർ ഏറ്റുമുട്ടി. പതിവ് പ്രതികരണ ഭീമന്മാർ പലരും മൗനം പൂണ്ടു. ചില കുഞ്ഞന്മാർ പടം റി എഡിറ്റഡ് പതിപ്പ് ഇറങ്ങും വരെ ആർത്തലച്ചുകൊണ്ടിരുന്നു.

എഡിറ്റിംഗ് കഴിഞ്ഞിട്ടും പ്രേക്ഷകർക്ക് കുറവില്ലെന്ന റിപ്പോർട്ടും പുറത്തു വന്നു. വിവാദങ്ങളുടെ പേരിൽ 24 ഇടങ്ങളിൽ വരുത്തിയ മാറ്റം സിനിമയെ ബാധിക്കുമോ എന്നത് ഇനി വിഷയമല്ല. സിനിമ ഉയർത്തിയ വിഷയം അപ്പോഴും, എത്ര വട്ടം റി എഡിറ്റിംഗ് നടത്തിയാലും അന്തരീക്ഷത്തിൽ തങ്ങിനിൽക്കും. അതിനുള്ള തെളിവാണ് കട്ടിംഗ് കഴിഞ്ഞിട്ടും സംവിധായകൻ പുലർത്തുന്ന ആത്മവിശ്വാസം!

## മുറിച്ചാലും മുറിയാത്ത കഥ

ആദ്യ 48 മണിക്കൂറിനുള്ളിൽ ചിത്രം 100 കോടി ക്ലബിൽ കടന്നിരുന്നു. മാർച്ച് 27 ന് രാവിലെ ആറ് മണി മുതലാണ് എമ്പുരാന്റെ പ്രദർശനം ആരംഭിച്ചത്. എമ്പുരാന്റെ മേയ്ക്കിംഗ് ചലഞ്ച് നിറഞ്ഞ ഒന്നായിരുന്നു എന്ന് പൃഥ്വിരാജ് പറഞ്ഞിരുന്നു. നാലിലധികം രാജ്യങ്ങളിലാണ് എമ്പുരാൻ ഷൂട്ട് ചെയ്തത്. അവസരമുണ്ടായാൽ എമ്പുരാന്റെ മേക്കിംഗിനെ കുറിച്ച് പറയുന്ന 90 മിനിട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററി നിർമിക്കാൻ ആലോചനയുണ്ടെന്നും പൃഥ്വിരാജ് പറയുന്നു. ഇതിനർത്ഥം, ഒളിഞ്ഞും തെളിഞ്ഞും എമ്പുരാൻ പ്രേക്ഷകരിലേയ്ക്ക് കഥാതന്തു മാറാതെ കടന്നുവരും എന്നു തന്നെ. ഇനി ഡോക്യുമെന്ററിയിലും കത്തി വച്ചാൽ അതും പ്രചരണായുധം തന്നെ.

എമ്പുരാന്റെ ഒറിജിനൽ പതിപ്പിന് വെട്ട് വന്നപ്പോൾ പ്രധാന വില്ലൻ കഥാപാത്രത്തിന്റെ പേര് ബജ്റംഗി എന്നത് മാറ്റി ബൽരാജ് എന്നാക്കി. 18 ഇടങ്ങളിൽ പേര് മാറ്റി ഡബ്ബ് ചെയ്തു. സ്ത്രീകളെ ബലാൽസംഗം ചെയ്യുന്ന ദൃശ്യങ്ങൾ ഒഴിവാക്കി. ഗുജറാത്ത് കലാപത്തെ സംബന്ധിച്ച ചില ദൃശ്യങ്ങൾ മാറ്റി. എൻ.ഐ.എ ലേഗോ കാണിക്കില്ല. വില്ലൻ കഥാപാത്രം കേന്ദ്ര ആഭ്യന്തര മന്ത്രിയെ വിളിക്കുന്നതായുള്ള സീനും ഒഴിവാക്കി.

എമ്പുരാൻ റീ എഡിറ്റഡ് പതിപ്പ് ഇറക്കിയത് അസാധാരണ നീക്കങ്ങളിലൂടെയാണ്. അവധി ദിവസങ്ങൾ കഴിഞ്ഞ് ചൊവ്വാഴ്ചയോടെ സിനിമയിൽ തിരുത്തൽ വരുത്താനായിരുന്നു ആദ്യ ധാരണ. എന്നാൽ പല ഭാഗങ്ങളിൽ നിന്നും റീജിയണൽ സെൻസർ ബോർഡിനും ശക്തമായ സമ്മർദ്ദം ഉണ്ടായി. ഇതേത്തുടർന്ന് അവധി ദിവസമായ ഞായറാഴ്ച തന്നെ റീ സെൻസറിംഗ് ജോലികൾ പൂർത്തിയാക്കുകയായിരുന്നു.

സിനിമ സെൻസറിംഗ് നടത്തിയ റീജിയണൽ ഓഫീസർക്കും സെൻസറിംഗ് അംഗങ്ങൾക്കും എതിരെ നടപടി വേണമെന്ന് സംഘപരിവാർ ആവശ്യപ്പെട്ടു. എന്നാൽ ചിത്രത്തിന്റെ രചിതാവായ മുരളി ഗോപി വിവാദത്തിൽ ഒരു പ്രതികരണവും നടത്തിയില്ല എന്നിടത്താണ് നിലപാട് വ്യക്തമാകുന്നത്. മോഹൻലാലിന്റെ ക്ഷമാപണ കുറിപ്പ് ചിത്രത്തിന്റെ അണിയറക്കാർ എല്ലാം പങ്കുവച്ചിട്ടും മുരളി ഗോപി പങ്കുവച്ചില്ല. അതേ സമയം ചിത്രത്തിലെ അടുത്തിറങ്ങിയ ഗാനം അടക്കം മുരളി ഗോപി പങ്കുവച്ചു.

എന്തായാലും മുരളി ഗോപി വിവാദത്തിൽ പുലർത്തുന്ന നിശബ്ദതയും സോഷ്യൽ മീഡിയയിൽ കത്തി നിറഞ്ഞു. ചിത്രത്തെ വ്യാഖ്യാനിക്കുന്നവർക്ക് ആ രീതിയിൽ ആകാമെന്നും, താൻ ഈ വിഷയത്തിൽ പ്രതികരിക്കുന്നില്ലെന്നും വാർത്ത ഏജൻസിയോട് മുരളി ഗോപി പ്രതികരിച്ചതായി ദേശീയ മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. ഫെഫ്ക ഒഴികെ സിനിമാ സംഘടനകളും വിഷയത്തിൽ മൗനത്തിലാണ്. വിവാദങ്ങൾക്കിടയിലും തിയേറ്ററുകളിൽ നിറഞ്ഞ സദസിൽ പ്രദർശനം തുടരുകയാണ് ചിത്രം. സിനിമയുടെ റെക്കോർഡ് കളക്ഷൻ വിവരങ്ങൾ താരങ്ങൾ തന്നെ പുറത്തുവിട്ടു.

മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, ഹിന്ദി, കന്നഡ എന്നീ ഭാഷകളിലും എമ്പുരാൻ റിലീസ് ചെയ്തിരുന്നു. ഇവിടങ്ങളിൽ നിന്നും റിലീസ് ചെയ്ത നാല് ദിവസത്തിൽ എമ്പുരാൻ നേടിയ കളക്ഷൻ വിവരങ്ങൾ പുറത്തുവന്നു. ബോക്സ് ഓഫീസ് സൈറ്റായ സാക്നിൽക്കിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ എമ്പുരാന് മിന്നും പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചു. 50 കോടിയാണ് കേരളത്തിൽ നിന്നും എമ്പുരാൻ നേടിയത്. ഏറ്റവും കുറവ് കളക്ഷൻ ആന്ധ്രാപ്രദേശ്, തെലുങ്കാന തുടങ്ങിയ ഇടങ്ങളിൽ നിന്നുമാണ്. 3.1 മാത്രമാണ് ഇവിടെ നിന്നും ചിത്രത്തിന് നേടാനായത്. ആദ്യദിനം 1.5 കോടി നേടിയപ്പോൾ മറ്റ് രണ്ട് ദിവസങ്ങളിൽ അഞ്ച് ലക്ഷവും നാലാം ദിനം ആറ് ലക്ഷവും എമ്പുരാന് നേടാനായി.

അതിനിടെ, സിനിമയെ സിനിമയായും കലാരൂപമായും കണേണ്ടതാണെന്ന അഭിപ്രായ പ്രകടനം നടത്തിയ അമേരിക്കയിലെ അഭിനേതാവും എഴുത്തുകാരനുമായ തമ്പി ആന്റണി ഈ വിഷയത്തിൽ ഒരു താരതമ്യ പഠനം അവതരിപ്പിച്ചു. ആവിഷ്കാരസ്വാതന്ത്ര്യമുണ്ടെന്ന് അഭിമാനിക്കുന്ന ഒരു ജനാധിപത്യരാജ്യത്ത് എന്തിനാണൊരു സെൻസർ ബോർഡ്? ആദ്യം അതു പിരിച്ചുവിടുകയാണു വേണ്ടത്. അമേരിക്കയുൾപ്പെടെ മറ്റൊരു ജനാധിപത്യരാജ്യത്തും ഇങ്ങനെയൊരു കത്രികപ്രസ്ഥാനമില്ലെന്നോർക്കണം. അമേരിക്കയിൽ 'മോഷൻ പിക്ചേഴ്സ് അസോസിയേഷൻ' റേറ്റിംഗ് ചെയ്യാറുണ്ട്. കുട്ടികളെയും പ്രായമേറിയവരെയും ഉദ്ദേശിച്ചുള്ളതാണിത്. തികച്ചും ഒരു സ്വകാര്യകമ്മിറ്റിയാണിത്. നമ്മുടെ ഫെഫ്കയൊക്കെപ്പോലെ സിനിമയ്ക്കുവേണ്ടി ഒരസോസിയേഷൻ. ഗവൺമെന്റിന് അതിൽ ഒരു കാര്യവുമില്ല.

ഒരെഴുത്തുകാരനെന്ന നിലയിൽ ഇനിയൊരു വെട്ടിത്തിരുത്തലിനു മുരളി ഗോപി സമ്മതിക്കണമെന്നു തോന്നുന്നില്ല.

വധഭീഷണിയുണ്ടായിട്ടുപോലും സൽമാൻ റഷ്ദി അദ്ദേഹത്തിന്റെ പുസ്തകം വെട്ടിത്തിരുത്തിയതായി കേട്ടിട്ടില്ല. ഒരു നിലപാടുണ്ടെങ്കിൽ അതിൽ ഉറച്ചുനിൽക്കാനുള്ള തന്റേടമാണ് എഴുത്തുകാരനു വേണ്ടത്. അല്ലെങ്കിൽ എഴുതാതിരിക്കുക തമ്പി ആന്റണി വിലയിരുത്തി.

ഏതു വിമർശനവും ഉൾക്കൊള്ളാനല്ല, വിമർശനങ്ങൾ ഏതുവരെ ആകാമെന്നാണ് എംബുരാൻ എന്ന സമകാലിക പാഠം പഠിപ്പിക്കുന്നത്. എന്നുവച്ചാൽ, കലാകാരൻ കയ്യാളുന്ന സ്വാതന്ത്ര്യം ഭരണകൂടങ്ങളുടെ കൂടി ഇംഗിതത്തിന് രുചിക്കുന്നതാവണം.

അടിയന്തരാവസ്ഥക്കാലത്തെ പത്രമാരണം പോലെ നവകാലത്തെ ചിത്രമാരണമായി എമ്പുരാൻ മാറുമ്പോൾ.. ഇക്കഥ ഇനിയും തുടരുമെന്നു തന്നെ വേണം കരുതാൻ.

◗ പ്രജിത് രാജ്






# ഉമ്മൻചാണ്ടിയുടെ അമൃത എക്സ്പ്രസ് യാത്രയും കൃഷ്ണദാസ് എംപിയുടെ ഉണ്ടയില്ലാ വെടിയും




ഉമ്മൻചാണ്ടിയുടെ നൂറിന പരിപാടിക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. എന്നാൽ അതിന്റെ ശോഭ ഏതുതരത്തിലും കെടുത്തിക്കളയാനുള്ള തീവ്രമായ ശ്രമമാണ് പ്രതിപക്ഷം ആസൂത്രണം ചെയ്തത്. ഏതാണ്ട് 104 ഇന പരിപാടികൾ തീർത്ത ആ ദിവസം തന്നെയാണ് അദ്ദേഹത്തെ കരിവാരി തേക്കാൻ ഒരു വിഫലശ്രമം നടന്നത്. അതിങ്ങനെയായിരുന്നു.


നാളുകൾക്കു മുമ്പേ ഉമ്മൻചാണ്ടി നടത്തിയ അമൃത ട്രെയിൻ യാത്ര. അതിനെ ഒരു വിവാദമാക്കി കൊണ്ടുവന്നു. അമൃത എക്സ്പ്രസ്സിലെ യാത്രയിൽ ഉമ്മൻചാണ്ടിയോടൊപ്പം ഒരു യുവതി ഉണ്ടായിരുന്നു എന്നതായിരുന്നു കിംവദന്തി. 2004 മാർച്ച് ഏഴാംതീയതി തിരുവനന്തപുരത്തുനിന്ന് യാത്ര പുറപ്പെട്ട അമൃത എക്സ്പ്രസ് ട്രെയിനിൽ ശീതീകരിച്ച രണ്ടാം ക്ലാസ് മുറിയിൽ ഒരു സീറ്റ് ചർച്ച നടന്നു എന്ന രീതിയിലാണ് വാർത്ത പുറത്തുവന്നത്.

സീറ്റ് നിർണയിക്കാൻ കഴിവുള്ള നേതാവും സുന്ദരിയായ യുവതിയും തമ്മിലായിരുന്നു ചർച്ചയെത്രെ. രണ്ടു പേരും സഹപ്രവർത്തകരും ആണ്. എന്നാൽ ആ സീറ്റ് ചർച്ച തീവണ്ടിയിലെ സഹയാത്രികരെ അലോസരപ്പെടുത്തുന്നതിലേക്ക് വളർന്നുവെന്നാണ് ദൃക്സാക്ഷികൾ വെളിപ്പെടുത്തിയത് എന്നാണ് ഒരു പ്രസിദ്ധീകരണം എഴുതിയത്. നേതാവും യുവതിയും തമ്മിലുള്ള ചർച്ച എസി ക്യാബിനിലെ കമ്പാർട്ട്മെന്റിൽ അവിരാമം തുടർന്നപ്പോൾ ശബ്ദമുയർത്തിയത് റെയിൽവേയിലെ ഉദ്യോഗസ്ഥ ആയിരുന്നുവത്രെ! നേതാവിനെ അലോസരപ്പെടുത്തിയ ഈ വിവാദത്തിന്റെ വിശദാംശങ്ങൾ കേരളത്തിലെ ഒരു മന്ത്രിക്ക് കിട്ടിയപ്പോൾ, അദ്ദേഹത്തിന് ലഭിച്ചത് തനിക്കെതിരെ രൂപപ്പെട്ട ഒരു രാഷ്ട്രീയ ഭൂകമ്പത്തിൽ നിന്ന് രക്ഷപ്പെടാനുള്ള കച്ചിത്തുരുമ്പായിരുന്നുവത്രെ..!

2004 ഡിസംബർ മൂന്നിന് പാലക്കാട്ട് നിന്നുള്ള പാർലമെന്റ് അംഗവും സി.പി.എം നേതാവും ആയ എൻ.എൻ. കൃഷ്ണദാസ് റെയിൽവേ മന്ത്രി ലല്ലു പ്രസാദ് യാദവിന് ഒരു കത്ത് അയച്ചു. ഒരുപാട് ചോദ്യങ്ങൾ ഉയർത്തുന്നത് ആയിരുന്നു ആ കത്ത്, ഒരുപക്ഷേ മറ്റൊരു വിവാദത്തിന് തുടക്കം. കുറിക്കാവുന്നതരത്തിൽ വളർത്തിയെടുക്കാൻ നോക്കിയ സംഭവത്തിന്റെ ഉറവിടം ഒരു പ്രസിദ്ധീകരണത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തയായിരുന്നു. അതാണ് കൃഷ്ണദാസിനെ അങ്ങിനെയൊരു കത്ത് അയക്കാൻ പ്രേരിപ്പിച്ചത് അത്ര!

2004 മാർച്ച് ഏഴാം തീയതി തിരുവനന്തപുരത്തു നിന്നും യാത്ര തിരിച്ച അമൃത എക്സ്പ്രസിൽ തിരുവനന്തപുരത്തിനും തൃശ്ശൂരിനും ഇടയിൽ വച്ച് ഒരു വി.ഐ.പി കൂടെ ഉണ്ടായിരുന്നുവെന്നും ഇത് സഹയാത്രികരുടെ പ്രതിഷേധങ്ങൾക്ക് കാരണമായി എന്നും പറയുന്നു. പക്ഷേ തുടർനടപടികളോ അന്വേഷണങ്ങളോ ഉണ്ടായില്ല. ഈ വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ആ ദിവസത്തെ യാത്രാവിവരപ്പട്ടിക റെയിൽവേയിൽ അന്വേഷിച്ചു. എങ്കിലും ആ ചാർട്ട് അപ്രത്യക്ഷമായി എന്നാണ് അധികൃതർ നൽകിയ മറുപടി എന്നും കൃഷ്ണദാസ് കത്തിൽ പറയുന്നു. യാത്രക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ചാർട്ട് കാണാതായതിനെ പറ്റിയും ആരോപിക്കപ്പെടുന്ന സംഭവങ്ങളെപ്പറ്റിയും വിശദമായി അന്വേഷിച്ചു സത്യം പുറത്തു കൊണ്ടുവരണമെന്ന് എൻ.എൻ. കൃഷ്ണദാസ് ആവശ്യപ്പെടുന്നത്.

പെൺവാണിഭ സംഭവങ്ങളും അതിനെ ചൊല്ലിയുള്ള വി.വി.ഐ.പി പ്രശ്നങ്ങളും ചൂടുപിടിച്ചിരിക്കുന്ന രാഷ്ട്രീയ മണ്ഡലത്തിൽ കേരളത്തിൽ നിന്നും ഒരു പാർലമെന്റ് അംഗം റെയിൽവേ മന്ത്രിക്ക് രേഖാമൂലം നൽകിയിരിക്കുന്ന പരാതി അതീവ ഗൗരവം ആണെന്നതിൽ സംശയമില്ല. കഴിഞ്ഞ ലോകസഭ പൊതു തിരഞ്ഞെടുപ്പിന് മുൻപ് ആണ് സംഭവം നടന്നിരിക്കുന്നത്. ആരോപിക്കപ്പെടുന്ന ദിവസം അമൃത എക്സ്പ്രസിൽ കേരള രാഷ്ട്രീയത്തിൽ പ്രമുഖനായ ഒരാൾ യാത്ര ചെയ്തിരുന്നതായി പറയപ്പെടുന്നു. ഷോർണൂർ വരെ ടിക്കറ്റ് എടുത്ത് യാത്ര ചെയ്ത അദ്ദേഹവും കൂടെ ഉണ്ടായിരുന്നവരും സംഭവത്തിനുശേഷം തൃശ്ശൂരിൽ ഇറങ്ങിയതായി പാലക്കാട്ട് നിന്നുള്ള ഒരു പ്രസിദ്ധീകരണം ആരോപിച്ചിരുന്നു. സംഭവം നടന്നു എന്ന് പറയപ്പെടുന്ന നാളുകളിൽ അധികാര കേന്ദ്രത്തിന് പിന്നിൽ പ്രധാനപ്പെട്ട ചരട് വലിക്കാരനായും ഇപ്പോൾ അധികാര ശ്രേണിയിൽ പ്രധാനപ്പെട്ട ആളുമായി തീർന്നിരിക്കുന്ന ആ ഖദർ രാഷ്ട്രീയക്കാരൻ ഇപ്പോൾ സംശയത്തിന്റെയും ആരോപണത്തിന്റെയും മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. കേരള രാഷ്ട്രീയത്തിൽ ഇനിയും പിറക്കാൻ ഇരിക്കുന്ന വിവാദത്തിന്റെ വിത്താണ് കൃഷ്ണദാസ് ആ കത്തിലൂടെ നിക്ഷേപിച്ചിരിക്കുന്നത്.



December 3, 2004.

Dear Shri Lalu Ji,

I am writing this letter to draw your kind attention towards a vital issue which also appeared in a leading Malayalam Weekly concerning Railways. The allegation is that one VVIP, travelling in Amritha Express from Trivandrum to Trichur mis-behaved with a Woman. On this, the other co-passengers protested against this act, but nothing happened..

I came to know that the details of the passengers chart of that particular date of Amritha Express from Trivandrum to Trichur has disappeared. It is understood that some willful action by somebody is behind this incident. The alleged incident occurred on 7th March, 2004 in Amritha Express between Trivandrum and T[illegible]ur.

I shall be grateful to you if you could kindly look into this matter personally and issue an Order for an Inquiry into the whole incident of dissappearance of the passesngers chart of that particular train on 7.3.2004 to reveal the truth.

With kind regards,

Yours sincerely,

(N.N. KRISHNADAS)

*റെയിൽവേ മന്ത്രി ലാലു പ്രസാദ് യാദവിന് എംപിയായ കൃഷ്ണദാസ് അയച്ച വിവാദപരമായ കത്ത്*

സംഭവ ദിവസത്തെ യാത്രക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ ചാർട്ട് അപ്രത്യക്ഷമായിരിക്കുന്നു എന്ന വിവരം കൂടി കൃഷ്ണദാസ് കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അത് റെയിൽവേയുടെ വിശ്വാസത്തെയും ചോദ്യം ചെയ്യുന്നതാണ് നിയമമനുസരിച്ച് ആറു മാസത്തിനുശേഷം നശിപ്പിക്കാവുന്ന ചാർട്ടുകളാണ് ഒറ്റ ദിവസത്തിനുള്ളിൽ നശിപ്പിക്കപ്പെട്ടത് എന്നത് അറിയാൻ കഴിഞ്ഞത്. ഇവിടെ ഈ ആരോപണം ശരിയെന്ന് വന്നാൽ ഈ കളികൾ റെയിൽവേയും കൂട്ടുചേർന്നു എന്നു വേണം കരുതാൻ. എന്തായാലും കൃഷ്ണദാസിനു പിന്നാലെ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പാലക്കാട് നടത്തിയ പത്രസമ്മേളനത്തിൽ അമൃത എക്സ്പ്രസ്സിലെ ആരോപിതനായ വി.വി.എ.പിയെ പുറത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

വ്യവസായ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ പ്രതിപക്ഷവും മാധ്യമങ്ങളും രാഷ്ട്രീയ സംഘടനകളും ശക്തമായി രംഗത്ത് ഇറങ്ങിയും ജനാഭിപ്രായം തന്നെ ഉയർന്നു വരികയും ചെയ്തിട്ടും മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒരു ചെറുവിരൽ പോലും അനക്കാൻ തയ്യാറല്ല എന്നുള്ള വസ്തുത രാഷ്ട്രീയ കേന്ദ്രങ്ങളെ അമ്പരപ്പിച്ചിരിക്കുകയാണ് എന്നുകൂടി പ്രതിപക്ഷനേതാവ് അവിടെ തട്ടിമൂളിച്ചു.

ഉമ്മൻചാണ്ടി ഐക്യ ജനാധിപത്യ മുന്നണിയേയും കേരള രാഷ്ട്രീയത്തെയും ഏതു വഴികളിലൂടെയാണ് തെളിയിച്ചു കൊണ്ട് പോകുന്നത്. അല്ലെങ്കിൽ കുഞ്ഞാലിക്കുട്ടിയെ മന്ത്രിസഭയിൽ ഉറപ്പിച്ചു നിർത്തുക എന്ന ശക്തമായ തീരുമാനമെടുക്കാൻ ഉമ്മൻചാണ്ടിയെ പ്രേരിപ്പിച്ചിരിക്കുന്ന ഘടകം എന്താണ്. മുഖ്യമന്ത്രി പല ഘടകങ്ങളെയും ഭയപ്പെടുന്നതായി തലസ്ഥാന നഗരിയിലെ രാഷ്ട്രീയ ഉപജാപ കേന്ദ്രങ്ങളിൽ വാർത്ത പരക്കുന്നുണ്ട് ഒരു വശത്ത് അദ്ദേഹം ലീഗിന്റെ സംഖ്യാ ബലത്തെ കുറിച്ച് തികച്ചും ബോധവാനാണ്. 19 എം.എൽ.എമാരുള്ള ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് ചെറിയ രാഷ്ട്രീയ ശക്തിയല്ല എന്ന് ഉമ്മൻ ചാണ്ടിക്ക് അറിയാം. അവരുമായുള്ള ബന്ധത്തിന് അലോസരം സൃഷ്ടിക്കുക വർത്തമാനകാല രാഷ്ട്രീയത്തിൽ തനിക്ക് ഗുണകരമാകും എന്ന് അദ്ദേഹം കരുതുന്നത് കൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്നാണ് പ്രതിപക്ഷം പ്രചരിപ്പിച്ചു കൊണ്ടിരുന്നത്.

അമൃതാ എക്സ്പ്രസ്സ് തീവണ്ടിയിൽ തന്നോടൊപ്പം ഒരു സ്ത്രീ ഉണ്ടായിരുന്നു എന്നത് സത്യമാണന്നു ഉമ്മൻ ചാണ്ടി തന്നെ സമ്മതിച്ചതാണ് ഇതിന് മറ്റൊരു ടിസ്റ്റ് ഉണ്ടായത്. അവരുടെ പേര് മറിയാമ്മ എന്നാണെന്നും അത് തന്റെ ഭാര്യയാണെന്നും ഉമ്മൻചാണ്ടിക്ക് തെളിയിക്കാനായി.

ആഭാസകരമായ പരാതിയുമായെത്തിയ കൃഷ്ണദാസ് എംപി ഇതിലൊരു ഖേദം പോലും പ്രകടിപ്പിച്ചില്ലെന്നതാണ് വിചിത്രമായ സംഗതി..!



ജോഷി ജോർജ്

(തുടരും)

**അമൃത എക്സ്പ്രസ്സിലെ യാത്രയിൽ ഉമ്മൻചാണ്ടിയോടൊപ്പം ഒരു യുവതി ഉണ്ടായിരുന്നു എന്നതായിരുന്നു കിംവദന്തി. 2004 മാർച്ച് ഏഴാംതീയതി തിരുവനന്തപുരത്തുനിന്ന് യാത്ര പുറപ്പെട്ട അമൃത എക്സ്പ്രസ് ട്രെയിനിൽ ശീതീകരിച്ച രണ്ടാം ക്ലാസ് മുറിയിൽ ഒരു സീറ്റ് ചർച്ച നടന്നു എന്ന രീതിയിലാണ് വാർത്ത പുറത്തുവന്നത്. സർക്കാരിന്റെ 100 ഇന പരിപാടിയുടെ ശോഭകെടുത്താൻ പ്രതിപക്ഷം കണ്ടുപിടിച്ച മയക്കുവെടി..!**



## ‘ഉടൻ രാജ്യം വിടണം’;
# അമേരിക്കയിലെ ഇന്ത്യൻ വിദ്യാർത്ഥികൾ ആശങ്കപ്പെടേണ്ടതുണ്ടോ?



ഡൊണാൾഡ് ട്രംപ് പ്രസിഡന്റായി അധികാരത്തിൽ എത്തിയ ശേഷം അമേരിക്കയിലെ ഗാസ അനുകൂല പ്രക്ഷോഭങ്ങൾക്കു നേരെ വിട്ടുവീഴ്ചയില്ലാത്ത നടപടികളാണ് സ്വീകരിക്കുന്നത്. ഹമാസിനെ അനുകൂലിച്ചെന്ന് ആരോപിച്ച് നിരവധി വിദ്യാർത്ഥികളാണ് നാടുകടത്തൽ ഭീഷണി നേരിടുന്നത്. അതിൽ ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളും ഉൾപ്പെടും.

ഹമാസിനെ പിന്തുണച്ചു എന്നാരോപിച്ച് തുർക്കിയിൽനിന്നുള്ള റുമൈസ ഓസ്ടർക്ക് എന്ന വിദ്യാർഥിനിയുടെ വിസ റദ്ദാക്കിയതാണ് അതിൽ ഏറ്റവും ഒടുവിലത്തെ സംഭവം. റുമൈസയെ നാട്ടിലേക്ക് തിരിച്ചയക്കാൻ തീരുമാനിച്ചിരിക്കുകയാണ് അമേരിക്കൻ ഭരണകൂടം. ഇതിനു പിന്നാലെ വിദ്യാർത്ഥികൾക്ക് വിസ അനുവദിക്കുന്നത് പഠിക്കാനാണെന്നും അല്ലാതെ ആക്ടിവിസത്തിനല്ലെന്നും യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ മുന്നറിയിപ്പ് നൽകിയിരുന്നു.

പാലസ്തീൻ അനുകൂല പ്രക്ഷോഭത്തിന്റെ പേരിൽ ഒട്ടേറെ വിദേശ വിദ്യാർഥികളെ ഫെഡറൽ അന്വേഷണ ഏജൻസികൾ കസ്റ്റഡിയിൽ എടുത്തിരുന്നു. അതിൽ ഇന്ത്യൻ വിദ്യാർഥികളുമുണ്ട്. പ്രക്ഷോഭങ്ങളിൽ പങ്കെടുത്തതിനെ തുടർന്ന് വിസ റദ്ദാക്കപ്പെട്ട ഇന്ത്യൻ വിദ്യാർഥിനി സ്വമേധയാ നാട്ടിലേക്ക് മടങ്ങിയിരുന്നു.

ഇപ്പോൾ യുഎസിലെ നിരവധി വിദേശ വിദ്യാർഥികൾക്ക് വിസ റദ്ദാക്കിക്കൊണ്ടുള്ള അറിയിപ്പുകൾ ഇമെയിൽ വഴി ലഭിക്കുന്നതായുള്ള റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. യുഎസ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിൽ (ഡിഒഎസ്) നിന്നാണ് ഇത്തരം ഇമെയിൽ സന്ദേശങ്ങൾ വരുന്നത്. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന എഫ്1 വിസ റദ്ദാക്കിയതായും രാജ്യം വിടണമെന്നുമാണ് ഇ മെയിൽ സന്ദേശത്തിൽ പറയുന്നത്.

ക്യാമ്പസുകളിൽ പാലസ്തീൻ അനുകൂല പരിപാടികളിൽ പങ്കെടുത്തവർക്കെതിരെയും ദേശ വിരുദ്ധമെന്നാരോപിക്കപ്പെടുന്ന സോഷ്യൽ മീഡിയ പോസ്റ്റുകളിൽ ലൈക്ക് ചെയ്തവരെയും ഷെയർ ചെയ്യുന്നവരെയും ലക്ഷ്യമിട്ടാണ് ഇമെയിൽ സന്ദേശങ്ങൾ അയക്കുന്നത്. അമേരിക്കയിലെ കൊളംബിയ സർവകലാശാലകളിൽ ഉൾപ്പെടെ ഗാസ യുദ്ധത്തിനെതിരേ വലിയ പ്രതിഷേധ പരിപാടികളാണ് നടന്നത്.

ഹമാസ്ഉൾപ്പെടെയുള്ളസംഘടനകളെപിന്തുണയ്ക്കുന്നവരെകണ്ടത്താനുംവീസറദ്ദാക്കാനും ലക്ഷ്യമിട്ട് എ.ഐ സഹായത്തോടെ പ്രവർത്തിക്കുന്ന ക്യാച്ച് ആൻഡ് റിവോക്ക് എന്ന നിരീക്ഷണ ആപ് യുഎസ് അധികൃതർ രംഗത്തിറക്കിയിരുന്നു. പുതിയ വിസകൾക്കായുള്ള അപേക്ഷകളിന്മേലും ഇത്തരത്തിൽ കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്.

എ.ഐ അടിസ്ഥാനമാക്കിയാണ് ‘ക്യാച് ആന്റ് റിവോക്ക്’ എന്ന നിരീക്ഷണ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിലൂടെ അമേരിക്കൻ സുരക്ഷാ ഏജൻസികൾ വിദ്യാർത്ഥികളുടെ ക്യാമ്പസ് പ്രവർത്തനങ്ങളും ഓൺലൈൻ പ്രവർത്തനങ്ങളും തുടർച്ചയായി നിരീക്ഷിക്കുന്നുണ്ട്.

അതേസമയം പ്രതിഷേധ പരിപാടികളിൽ നേരിട്ട് പങ്കെടുക്കാതെ സോഷ്യൽ മീഡിയ പോസ്റ്റുകളിൽ ലൈക്ക് ചെയ്തവരെയും ’ദേശ വിരുദ്ധമെന്ന്’ ആരോപിക്കപ്പെടുന്ന സോഷ്യൽ മീഡിയ പോസ്റ്റുകൾ ഷെയർ ചെയ്യുന്നവരെയുമൊക്കെ ഇത്തരത്തിൽ ലക്ഷ്യമിടുന്നതായും ആരോപണ മുയരുന്നുണ്ട്. ഇന്ത്യൻ വിദ്യാർത്ഥികളും ഇത്തരത്തിൽ ഇമെയിൽ വഴി അറിയിപ്പ് കിട്ടയവരിൽ ഉൾപ്പെടുന്നുവെന്നാണ് റിപ്പോർട്ടുകൾ.

അമേരിക്കയിൽ പഠനം നടത്തുന്ന 11 ലക്ഷത്തോളം വിദേശ വിദ്യാർത്ഥികളിൽ 3.31 ലക്ഷത്തിലധികം പേർ ഇന്ത്യൻ പൗരന്മാരാണെന്നാണ് കണക്കുകൾ.

# ആർ.ബിഐയുടെ പുതിയ ഡെപ്യൂട്ടി ഗവർണർ പൂനം ഗുപ്ത




റിസർവ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണറായി പൂനം ഗുപ്തയെ നിയമിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. നിലവിൽ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ചി(എൻസിഎഇആർ)ന്റെ ഡയറക്ടർ ജനറലാണ് പൂനം. മൂന്നുകൊല്ലമാണ് ആർ.ബി.ഐയുടെ ഡെപ്യൂട്ടി ഗവർണർ സ്ഥാനത്ത് പൂനത്തിന്റെ സേവന കാലാവധി. ഏപ്രിൽ ഏഴ് മുതൽ ഒൻപതാം തീയതി വരെ നടക്കുന്ന ആർ.ബി.ഐയുടെ നിർണായക ധനനയ സമിതി (എംപിസി) യോഗത്തിന് മുന്നോടിയായാണ് പൂനത്തിന്റെ നിയമനം എന്നത് ശ്രദ്ധേയമാണ്.

1989ൽ ഡൽഹി സർവകലാശാലയിലെ ഹിന്ദു കോളജിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദം നേടിയ പൂനം, ഡൽഹി സ്കൂൾ ഓഫ് എക്കണോമിക്സിൽനിന്നാണ് ബിരുദാനന്തരബിരുദം പൂർത്തിയാക്കിയത്. ശേഷം യുഎസിലെ മേരിലാൻഡ് സർവകലാശാലയിൽനിന്നും സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തബിരുദം കരസ്ഥമാക്കി. മാക്രോ എക്കണോമിക്സ്, ഇന്റർനാഷണൽ ഫിനാൻസ്, ഇന്റർനാഷണൽ ട്രേഡ് എന്നിവയിൽ സ്പെഷലൈസേഷനുകളുള്ള പൂനം, 1998ൽ സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് സ്വന്തമാക്കിയതും മേരിലാൻഡ് സർവകലാശാലയിൽനിന്നാണ്.

പ്രധാനമന്ത്രിയുടെസാമ്പത്തികഉപദേശകകൗൺസിൽ അംഗമായ പൂനം, 16-ാം ധനകമ്മിഷന്റെ ഉപദേശക സമിതിയുടെ കൺവീനറുമാണ്. ഐഎംഎഫിലെയും ലോകബാങ്കിലെയും ഉയർന്ന തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഇവർ 2021ലാണ് എൻസിഎഇആറിന്റെ (നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച്) ഭാഗമാകുന്നത്. ഡൽഹി സ്കൂൾ ഓഫ് എക്കണോമിക്സിലും മേരിലാൻഡ് സർവകലാശാലയിലും അധ്യാപികയായും പൂനം പ്രവർത്തിച്ചിട്ടുണ്ട്. ഡൽഹിയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടി(ഐഎസ്ഐ)ലും വിസിറ്റിങ് ഫാക്കൽട്ടി മെമ്പറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെയും ഗ്ലോബൽ ഡെവലപ്മെന്റ് നെറ്റ്‌വർക്കിന്റെയും ബോർഡുകളിൽ പൂനം അംഗമാണ്. കൂടാതെ ലോകബാങ്കിന്റെ പോവർട്ടി ആൻഡ് ഇക്വിറ്റി, വേൾഡ് ഡെവലപ്മെന്റ് റിപ്പോർട്ട് എന്നിവയിലും അവർ അംഗമാണ്. നീതി ആയോഗിന്റെ ഡെവലപ്മെന്റ് അഡ്വൈസറി കമ്മിറ്റിയുടെ ഭാഗമായ പൂനം, എഫ്ഐസിസിഐയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലുമുണ്ട്. ഇന്ത്യ ജി 20യുടെ അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന സമയത്ത് മാക്രോ എക്കണോമിക്സ് ആൻഡ് ട്രേഡിന്റെ ടാസ്ക്ഫോഴ്സ് നേതൃസ്ഥാനത്തും പൂനമായിരുന്നു.





## മുംബൈ തീരത്ത് വൻ ലഹരിവേട്ട; 2500 കിലോ ലഹരിമരുന്ന് ഇന്ത്യൻ നാവികസേന പിടിച്ചെടുത്തു

ന്യൂഡൽഹി: ഇന്ത്യൻ മഹാസമുദ്രത്തിന്റെ പടിഞ്ഞാറൻ തീരത്ത് കപ്പലിൽ നിന്ന് 2500 കിലോ മയക്കുമരുന്ന് നാവികസേന പിടികൂടി. 2,386 കിലോ ഹാഷിഷും 121 കിലോ ഹെറോയിനും ഉൾപ്പെടെയാണിത്. അന്താരാഷ്ട്ര ലഹരിക്കടത്ത് ശൃംഖലയിൽപ്പെട്ടവരാണ് ഇവരെന്നാണ് റിപ്പോർട്ട്. കസ്റ്റഡിയിലെടുത്തവരെ മുംബയിലെത്തിച്ചു.

കഴിഞ്ഞ തിങ്കളാഴ്ച നാവികസേനയുടെ പി 8ഐ വിമാനം സംശയാസ്പദമായ കപ്പലുകളുടെ നീക്കത്തെക്കുറിച്ച് സൂചന നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു ഓപ്പറേഷൻ. പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷാ പ്രവർത്തനങ്ങൾക്കായി ജനുവരിയിൽ വിന്യസിച്ച യുദ്ധക്കപ്പലായ ഐ.എൻ.എസ് തർക്കാഷ് കപ്പലിനെ തടഞ്ഞു. മറൈൻ കമാൻഡോകളടങ്ങുന്ന സ്പെഷ്യലിസ്റ്റ് ബോർഡിംഗ് സംഘം വളഞ്ഞു. ഇവരുടെ പരിശോധനയിൽ സീൽ ചെയ്ത വിവിധ പായ്ക്കറ്റുകൾ കണ്ടെത്തി. കൂടുതൽ പരിശോധനയിലും ചോദ്യം ചെയ്യലിലും കപ്പലിലെ കാർഗോ ഹോൾഡുകളിലും കമ്പാർട്ടുമെന്റുകളിലുമായി സൂക്ഷിച്ചിരുന്ന കൂടുതൽ ലഹരി വസ്തുക്കൾ കണ്ടെത്തുകയായിരുന്നു. പ്രദേശത്തുള്ള മറ്റ് കപ്പലുകളെ നിരീക്ഷിക്കാൻ നാവികസേനയുടെ ഹെലികോപ്റ്ററുകളും ഇറങ്ങി. പിടിച്ചെടുത്ത കപ്പൽ ഐ.എൻ.എസ് തർക്കാഷിന്റെ നിയന്ത്രണത്തിലാണ്. എന്നാൽ കപ്പലിനെക്കുറിച്ചും ജീവനക്കാരെക്കുറിച്ചുമുള്ള കൂടുതൽ വിശദാംശങ്ങൾ നാവികസേന പുറത്തുവിട്ടിട്ടില്ല.

# ലോക്സഭ കടന്ന് വഖഫ് ഭേദഗതി ബിൽ

ന്യൂഡൽഹി: വിവാദമായ വഖഫ് ഭേദഗതി ബിൽ 'ഇന്ത്യ' സഖ്യത്തിന്റെ കടുത്ത എതിർപ്പിനും ബഹളത്തിനുമിടെ ലോക്സഭ പാസാക്കി. ഇന്നു രാജ്യസഭയിലും പാസാക്കിയെടുക്കാനാണ് നീക്കം. മുസ്ലിം സമുദായത്തിനിടയിൽ നിർണായക സ്വാധീനമുള്ള എൻ.ഡി.എയിലെ സഖ്യകക്ഷികളായ ടി.ഡി.പി, ജെ.ഡിയു, എൽ.ജെ.പി, ആർ.എൽ.ഡി എന്നിവ കേന്ദ്രത്തിനൊപ്പം നിന്നു.

ഏപ്രിൽ 2ന് ഉച്ചയ്ക്ക് 12.05ഓടെ ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജുവാണ് ബിൽ അവതരിപ്പിച്ചതെങ്കിലും 10 മണിക്കൂറിലേറെ നീണ്ട ചർച്ചയിൽ മറുപടി പറഞ്ഞതും പ്രതിപക്ഷത്തെ കടന്നാക്രമിച്ചതും ആഭ്യന്തരമന്ത്രി അമിത് ഷാ ആയിരുന്നു. തമിഴ്നാട്ടിലെ തിരുചെന്ദുരൈ ഗ്രാമത്തിലെ 1500ൽപ്പരം വർഷം പഴക്കമുള്ള ചന്ദ്രശേഖരസ്വാമിക്ഷേത്രം തുടങ്ങി നിരവധി ഇടങ്ങൾ വഖഫ് ഭൂമിയാണെന്ന് അവകാശവാദമുയർത്തുകയാണെന്ന് അമിത് ഷാ ചൂണ്ടിക്കാട്ടി.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സംസാരിച്ചില്ല. ബില്ല് നിയമപരമായി നിലനിൽക്കില്ലെന്ന് ആർ.എസ്.പി അംഗം എൻ.കെ.പ്രേമചന്ദ്രൻ ചൂണ്ടിക്കാട്ടി. 2024 ആഗസ്റ്റിൽ ലോക്സഭയിൽ അവതരിപ്പിച്ച ബിൽ സംയുക്ത പാർലമെന്ററി സമിതിക്ക് വിട്ടിരുന്നു. ബഡ്ജറ്റ് സമ്മേളനം നാളെ വരെയാണ്. ഈ സാഹചര്യത്തിൽ ഇന്നു തന്നെ രാജ്യസഭയിലും പാസാക്കിയെടുക്കാനാണ് ശ്രമം.



### മതവിഷയത്തിൽ അമുസ്ലിം അംഗങ്ങൾ ഇടപെടില്ല

കേന്ദ്ര വഖഫ് കൗൺസിലിലും സംസ്ഥാന വഖഫ് ബോർഡിലും രണ്ടു വീതം അമുസ്ലിങ്ങൾക്ക് അംഗങ്ങളാകാമെന്ന വ്യവസ്ഥയിൽ അമിത് ഷാ വ്യക്തത വരുത്തി. വഖഫ് മതപരമാണ്. മതപരമായ ഒരു കാര്യത്തിലും അമുസ്ലിം അംഗങ്ങൾ ഇടപെടില്ല. വഖഫ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണവും മേൽനോട്ടവുമാണ് അവരുടെ ചുമതല. സംഭാവനകൾ, അതിനായി നൽകിയ കാര്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കും.

### മുനമ്പവും കെ.സി.ബി.സിയും

ബില്ലിനോടുള്ള ക്രിസ്ത്യൻ സംഘടനകളുടെ അനുകൂല നിലപാട് അമിത് ഷാ എടുത്തു പറഞ്ഞു. കെ.സി.ബി.സി, കാത്തലിക് ബിഷപ്പ്സ് കൗൺസിൽ, കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഒഫ് ഇന്ത്യ, കാത്തലിക് കോൺഗ്രസ് കേരള തുടങ്ങിയവ ബില്ലിനെ അനുകൂലിക്കുന്നതായി ചൂണ്ടിക്കാട്ടി. മുനമ്പത്ത് 600ൽപ്പരം കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധിയെ കുറിച്ചാണ് മുൻ കേന്ദ്രമന്ത്രിയും ബി.ജെ.പി എം.പിയുമായ അനുരാഗ് താക്കൂർ പറഞ്ഞത്.

മുസ്ലിം സമുദായത്തിലെ പിന്നാക്ക വിഭാഗങ്ങളെ അടക്കം ചേർത്തുപിടിക്കുന്നതാണ് പുതിയ നിയമം. ഇപ്പോൾ കൊണ്ടുവന്നില്ലെങ്കിൽ ഇന്ത്യൻ പാർലമെന്റ് പോലും വഖഫ് സ്വത്തായി പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടാകും. 1970ൽ ഡൽഹി വഖഫ് ബോർഡ് അങ്ങനെയൊരു അവകാശവാദമുന്നയിച്ചിരുന്നുവെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

കേന്ദ്രസർക്കാർ ഇപ്പോൾ മുസ്ലിങ്ങൾക്ക് എതിരാണ്. നാളെ ക്രിസ്ത്യൻ, സിഖ്, ജൈന സമുദായങ്ങൾക്ക് എതിരെയാവും നീക്കം എന്ന് കെ.സി. വേണുഗോപാൽ പറഞ്ഞു. ബി.ജെ.പി സർക്കാർ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ മാനസികമായും ശാരീരികമായും സാമൂഹ്യമായും സാമ്പത്തികമായും പീഡിപ്പിക്കുന്നു. ബിൽ മുസ്ലിങ്ങൾക്ക് കൂടുതൽ അനീതി സമ്മാനിക്കുമെന്നും ഇ.ടി.മുഹമ്മദ് ബഷീർ പറഞ്ഞു.











സംവിധായകനിൽനിന്ന്

# നേരിട്ട ദുരനുഭവം പങ്കുവെച്ച് നടി

കരിയറിന്റെ തുടക്കത്തിൽ താൻ നേരിട്ട ദുരനുഭവം പങ്കുവെച്ച് നടി ശാലിനി പാണ്ഡേ. കാരവാനിൽ വസ്ത്രം മാറിക്കൊണ്ടിരിക്കുമ്പോൾ വാതിലിൽ മുട്ടുകപോലും ചെയ്യാതെ ഒരു ദക്ഷിണേന്ത്യൻ സംവിധായകൻ അകത്തേക്ക് കയറിവന്നുവെന്നും താൻ ബഹളം വെച്ചെന്നും നടി പറഞ്ഞു. ഇദ്ദേഹം കയറിവരുന്നതിനുമുൻപ് കതകിൽ തട്ടുകപോലും ചെയ്തിരുന്നില്ല. കരിയറിന്റെ ആരംഭഘട്ടത്തിൽ സ്വയരക്ഷയ്ക്കുവേണ്ടി ചില അതിരുകൾ നിശ്ചയിക്കേണ്ടിവന്നുവെന്നും അവർ പറഞ്ഞു. അദ്ദേഹം ഇറങ്ങി പോയതിനു ശേഷം താൻ അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നെന്ന് പലരും പറഞ്ഞെന്നും നടി കൂട്ടിച്ചേർത്തു. ഫിൽമിജ്ഞാനിന് നൽകിയ അഭിമുഖത്തിലാണ് പ്രതികരണം.'എന്റെ കരിയറിന്റെ തുടക്കകാലത്ത് ഒരു ദക്ഷിണേന്ത്യൻ സിനിമ ചെയ്യുകയായിരുന്നു. ഞാൻ വാനിനകത്ത് വസ്ത്രം മാറിക്കൊണ്ടിരിക്കുമ്പോൾ വാതിലിൽ മുട്ടുകപോലും ചെയ്യാതെ സംവിധായകൻ അകത്തേക്ക് കയറിവന്നു. അയാൾ അകത്തു വന്ന ഉടനെ ഞാൻ അലറി. ഈ സംഭവം നടക്കുമ്പോൾ എനിക്ക് 22 വയസായിരുന്നു. പിന്നീട് അയാൾ പുറത്തുപോയതിനുശേഷം പലരും പറഞ്ഞു, ഞാൻ അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നുവെന്ന്,' ശാലിനി പറഞ്ഞു.നല്ല പുരുഷന്മാർക്കൊപ്പം മാത്രമല്ല കരിയറിൽ ജോലി ചെയ്തിട്ടുള്ളതെന്നും വെറുപ്പ് തോന്നിക്കുന്ന പുരുഷന്മാർക്കൊപ്പവും പ്രവർത്തിച്ചിട്ടുണ്ടെന്നും നടി പറഞ്ഞു. ഓൺ-സ്ക്രീനിലും ഓഫ്-സ്ക്രീനിലും ക്രൂവിനുള്ളിലെ കാര്യങ്ങളെക്കുറിച്ചുമാണ് താൻ സംസാരിക്കുന്നത്. നിങ്ങൾക്ക് അതിരുകൾ ഉണ്ടായിരിക്കണം. സിനിമാ പശ്ചാത്തലമുള്ള കുടുംബത്തിൽ നിന്ന് വന്നയാളല്ലെന്നും പരിപൂർണമായും പുറത്തുനിന്നുള്ളയാളാണ് താനെന്നും ശാലിനി വ്യക്തമാക്കി.

## ഊണും ഉറക്കവും ജോലി സ്ഥലത്തെ ടോയ്‌ലറ്റിൽ; യുവതിയുടെ ജീവിതം സോഷ്യൽ മീഡിയയിൽ വൈറൽ



ജീവിത ചെലവ് ചുരുക്കാൻ ടോയ്‌ലറ്റിനെ ബെഡ്റൂമാക്കിയ യുവതിയുടെ ജീവിതം സോഷ്യൽ മീഡിയയിൽ വൈറൽ. ചൈനയിലെ ഹുനാൻ സ്വദേശിയായ 18 കാരി യാങാണ് ലൈഫ് വ്ലോഗുകൾ ട്രെൻഡിംഗാകുന്നത്.ഫർണിച്ചർ കടയിലാണ് യാങ് ജോലി ചെയ്യുന്നത്. പ്രതിമാസം 31,776 രൂപ (2,700 യുവാൻ) ശമ്പളം ലഭിക്കുന്നത്. നഗരത്തിലെ ഒരാളുടെ ശരാശരി ശമ്പളം 88,266 രൂപ (7,500 യുവാൻ) ആണ്. നഗരത്തിൽ മുറിയുടെ വാടകയാണെങ്കിൽ 9,415 രൂപ (800 യുവാൻ) മുതൽ 21,184 രൂപ (1,800 യുവാൻ) വരെയും. അങ്ങനെ നോക്കുമ്പോൾ യുവതിക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ഇതോടെയാണ് ബോസിനോട് ടോയ്‌ലറ്റിൽ താമസിക്കാനുള്ള അനുവാദം ചോദിച്ചത്.ആറ് ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓഫീസ് ടോയ്‌ലറ്റിൽ താമസിക്കാൻ പ്രതിമാസം 588 രൂപയ്ക്ക് ഇരുവരും കരാർ ഉണ്ടാക്കി. ചൈനീസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഡൂയിനിൽ ടോയ്‌ലറ്റ് ലൈഫിനെ കുറിച്ച് പതിവായി എഴുതാറുണ്ട്. 16,000 ഫോളോവേഴ്സും ഉണ്ട്. കടയുടെ പ്രവൃത്തി സമയത്ത് ഉപഭോക്താക്കളും ജീവനക്കാരും ടോയ്‌ലറ്റ് ഉപയോഗിക്കും. ഈ സമയത്ത് യുവതി തന്റെ സാധാനങ്ങൾ പാക്ക് ചെയ്ത് മറ്റൊരിടത്ത് മാറ്റിവെക്കും. ഈ ജീവിതത്തിൽ താൻ സന്തുഷ്ടയാണെന്നും യുവതി പറയുന്നു. ഒരു നാൾ വീടും കാറും വാങ്ങാനുള്ള പണം താൻ സമ്പാദിക്കുമെന്ന പ്രതീക്ഷയും യാങ് പങ്കുവെക്കുന്നുണ്ട്.

## 300 കോടിക്ക് ഇത്ര ചെറിയ സിനിമയോ?; ചർച്ചയായി അജിത്തിന്റെ ഗുഡ് ബാഡ് അഗ്ലിയുടെ കുറഞ്ഞ റൺ ടൈം




സാധാരണ സൂപ്പർ താരങ്ങളുടെ ബിഗ് ബജറ്റ് ചിത്രങ്ങളുടെ ദൈർഘ്യം ഏറെ കൂടുതലായിരിക്കും. രണ്ടര മണിക്കൂർ എന്ന സാധാരണ ഇന്ത്യൻ വാണിജ്യ സിനിമകളുടെ ദൈർഘ്യത്തേക്കാൾ കൂടുതൽ ആയിരിക്കും എപ്പോഴും വലിയ കാൻവാസ് ചിത്രങ്ങളുടെയെല്ലാം റൺ ടൈം. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇപ്പോൾ പുറത്തിറങ്ങിയ മോഹൻലാൽ നായകനായ എമ്പുരാൻ. മൂന്ന് മണിക്കൂറോളമായിരുന്നു റിലീസ് സമയത്ത് ചിത്രത്തിൻറെ ദൈർഘ്യം. വിജയ് നായകനായ ഗോട്ടിന് ആയിരുന്നു തമിഴ് സിനിമയിൽ സൂപ്പർതാര ആക്ഷൻ ചിത്രങ്ങളിൽ ഏറ്റവും ദൈർഘ്യം. 183 മിനിറ്റ് ആയിരുന്നു ചിത്രത്തിൻറെ ദൈർഘ്യം.അതേസമയം അജിത്ത് കുമാറിനെ നായകനാക്കി അധിക് രവിചന്ദ്രൻ സംവിധാനം ചെയ്ത ഗുഡ് ബാഡ് അഗ്ലി എന്ന ചിത്രത്തിൻറെ കുറഞ്ഞ റൺ ടൈം ആണ് ഇപ്പോൾ ചർച്ച ആവുന്നത്. റിപ്പോർട്ട് പ്രകാരം ചിത്രത്തിൻറെ റൺ ടൈം 138 മിനിറ്റ് ആണ്. അതായത് രണ്ട് മണിക്കൂറും 18 മിനിറ്റും. സെൻസറിംഗിന് മുൻപുള്ള റൺ ടൈം ആണ് ഇത്. സെൻസറിംഗിൽ ചിത്രത്തിൻറെ ദൈർഘ്യം ഇനിയും കുറയുമോ എന്നതാണ് തമിഴ് സിനിമാ ലോകത്തെ ആകാംക്ഷ.

## പ്രശസ്ത ഹോളിവുഡ് നടൻ വാൽ കിൽമർ അന്തരിച്ചു



ലോസ് ഏഞ്ചൽസ്: പ്രശസ്ത ഹോളിവുഡ് നടൻ വാൽ കിൽമർ (65) അന്തരിച്ചു. ന്യൂമോണിയയെ തുടർന്നായിരുന്നു അന്ത്യം. ലോസ് ഏഞ്ചൽസിൽ വച്ചായിരുന്നു മരണം സംഭവിച്ചത്. അദ്ദേഹത്തിന്റെ മകൾ മെഴ്സിഡസ് കിൽമറാണ് മരണവിവരം അറിയിച്ചത്.2014-ൽ അദ്ദേഹത്തിന് തൊണ്ടയിൽ കാൻസർ ബാധിച്ചിരുന്നെങ്കിലും പിന്നീട് രോഗം ഭേദപ്പെട്ടിരുന്നുവെന്ന് മകൾ ന്യൂയോർക്ക് ടൈംസിനോട് വ്യക്തമാക്കി. ബാറ്റ്മാൻ ഫോറെവർ എന്ന ചിത്രത്തിലെ ബാറ്റ്മാനെയും, ദി ഡോർസ് എന്ന ചിത്രത്തിലെ ജിം മോറിസൺ എന്ന കഥാപാത്രത്തെയും അനശ്വരമാക്കിയ നടനാണ് വാൽ കിൽമർ.1984-ൽ ടോപ്പ് സീക്രട്ട് എന്ന ചിത്രത്തിലൂടെയാണ് വാൽ കിൽമർ ഹോളിവുഡിൽ അരങ്ങേറ്റം കുറിച്ചത്. ടോപ്പ് ഗൺ, റിയൽ ജീനിയസ്, വില്ലോ, ഹീറ്റ്, ദി സെയിന്റ് തുടങ്ങിയവ അദ്ദേഹം അഭിനയിച്ച ശ്രദ്ധേയമായ ചിത്രങ്ങളാണ്.

## ഇത് എന്നാ ഒരു ലുക്കാണന്നേ? കിടിലൻ മേക്കോവറിൽ അനന്യ



ചുരുക്കം ചില ചിത്രങ്ങളിലൂടെ തന്നെ വ്യത്യസ്തമായ അഭിനയ ശൈലിയോടെയും മാനറിസങ്ങളിലൂടെയും മലയാളികളുടെ മനസ്സിൽ ഇടംപിടിച്ച നടിയാണ് അനന്യ. മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക് , ചിത്രങ്ങളിലും അനന്യ വേഷമിട്ടിട്ടുണ്ട്. 2008 - ൽ പോസിറ്റീവ് എന്ന മലയാള ചിത്രത്തിലൂടെയാണ് താരം അഭിനയരംഗത്ത് എത്തിയത്. അനന്യയുടെ പുതിയ ലുക്ക് ആണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ ആരാധകരുടെ ചർച്ചാവിഷയം. ഒരേസമയം, മോഡേണും എലഗന്റുമായ ലുക്കിലാണ് പുതിയ ഫോട്ടോഷൂട്ടിൽ അനന്യ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.ചിത്രങ്ങൾക്ക് ഒരുപാട് ആരാധകർ പ്രതികരിച്ചിട്ടുണ്ട്. ഇതാരാ ഈ സുന്ദരി ? ഒത്തിരി നാൾ ആയല്ലോ കണ്ടിട്ട് , എവിടെയാണ് സിനിമ ഒന്നും ഇല്ലേ ? എന്നിങ്ങനെ പോകുന്നു ആരാധകരുടെ പ്രതികരണങ്ങൾ. വിവാഹം കഴിഞ്ഞെങ്കിലും സിനിമയിൽ നിന്നും വിട്ടുനിന്നിട്ടില്ല. അടുത്തകാലത്തായി താരം അമ്മ സംഘടനയിലും വളരെയധികം സജീവമാണ്.

# ബോളിവുഡ് ചിത്രങ്ങൾ കാണാൻ എന്തുകൊണ്ട് ആളുകളില്ല: ജോൺ എബ്രഹാം പറയുന്നു





ഹോളിവുഡിന് തൊട്ടു താഴെ നിൽക്കുന്ന സിനിമാ വ്യവസായമാണ് ബോളിവുഡ്. എന്നാൽ സമീപ കാലങ്ങളിൽ ഹിന്ദി സിനിമകളുടെ കാര്യം അത്ര ലാഭകരമല്ല. സൂപ്പർ താരങ്ങളുടെ ബിഗ് ബജറ്റ് ചിത്രങ്ങൾ പോലും തിയറ്ററിൽ തകർന്നടിഞ്ഞിരുന്നു. തെന്നിന്ത്യൻ ചലച്ചിത്ര വ്യവസായങ്ങൾ താരതമ്യേന മികച്ച വിജയങ്ങൾ നേടുമ്പോൾ എന്തുകൊണ്ടാണ് ബോളിവുഡിന് അത് സാധിക്കാത്തത്? എന്ന ചോദ്യത്തോട് പ്രതികരിക്കുകയാണ് നടൻ ജോൺ എബ്രഹാം. താൻ നായകനായ പുതിയ ചിത്രം ദി ഡിപ്ലോമാറ്റിൻറെ പ്രൊമോഷൻറെ ഭാഗമായി ബോളിവുഡ് ലൈഫിന് നൽകിയ അഭിമുഖത്തിലാണ് ജോൺ തൻെറ നിരീക്ഷണം പങ്കുവെക്കുന്നത്.നല്ല കഥകളിൽ നിന്ന് അകന്നതാണ് പരാജയങ്ങളുടെ പ്രധാന കാരണമെന്ന് അദ്ദേഹം പറയുന്നു. 'സിനിമകൾക്ക് ആളെത്താത്തതിൻറെ കാരണം എന്തെന്ന ചോദ്യത്തിൻറെ ഉത്തരം ലളിതമാണ്. നമ്മൾ നല്ല കഥകൾ പറയുന്നില്ല. എഴുത്തിൽ നമ്മൾ ശ്രദ്ധിക്കുന്നില്ല. ഒരു ചിത്രം നിർമ്മിക്കാൻ ശരിക്കും എന്തൊക്കെയാണോ ആവശ്യമായത് അതിൽ നമ്മൾ ശ്രദ്ധ പുലർത്തുന്നില്ല. മറിച്ച് പുറമേയ്ക്ക് ഉള്ള കാര്യങ്ങളിലാണ് നമ്മുടെ ശ്രദ്ധ', ജോൺ എബ്രഹാം പറയുന്നു.'കാസ്റ്റിംഗിൻെറ കാര്യം വരുമ്പോൾ താരങ്ങൾക്ക് ഇൻസ്റ്റഗ്രാമിൽ എത്ര ഫോളോവേഴ്സ് ഉണ്ട് എന്നതുപോലും ഒരു അന്വേഷണം ആവുകയാണ്. മറിച്ച് ക്രാഫ്റ്റിൻെറ കാര്യം ശ്രദ്ധിക്കുന്നില്ല. അതിലേക്ക് തിരിച്ചുപോകണം. എന്താണ് നിങ്ങൾക്ക് പറയാനുള്ള കഥ? എഴുത്തുകാരനും സംവിധായകനും നടനും അത് എങ്ങനെയാണ് പ്രേക്ഷകർക്ക് മുന്നിലേക്ക് എത്തിക്കുന്നത്? ഇതാണ് ഒരു സിനിമയുടെ ക്രാഫ്റ്റ്. ഇക്കാര്യം നമ്മള് മറന്നുപോയി. അതിലേക്ക് തിരിച്ചുപോയാൽ നമ്മൾ നല്ല ചിത്രങ്ങൾ നിർമ്മിക്കും. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഡിപ്ലോമാറ്റ്', ജോൺ എബ്രഹാം പറയുന്നു. ശിവം നായരുടെ സംവിധാനത്തിൽ ജോൺ എബ്രഹാം നായകനായി എത്തിയ ചിത്രമാണ് 'ദ ഡിപ്ലോമാറ്റ്'. യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കിയൊരുക്കിയ ചിത്രം ഇതിനോടകം തന്നെ പ്രേക്ഷകപ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. മാർച്ച് 14-നാണ് ദ ഡിപ്ലോമാറ്റ് തിയേറ്ററുകളിൽ റിലീസ് ചെയതത്.

## രണ്ടാമത്തെ കുഞ്ഞിനെ വരവേൽക്കാൻ നടി ജെന്നിഫർ ലോറൻസ്



ഹോളിവുഡ് നടി ജെന്നിഫർ ലോറൻസിനും ഭർത്താവായ കുക്ക് മറോണിക്കും അഭിനന്ദനങ്ങൾ. ഇരുവരും തങ്ങളുടെ രണ്ടാമത്തെ കുഞ്ഞിനെ വരവേൽക്കാനൊരുങ്ങുകയാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. താരത്തിന്റെ രണ്ടാമത്തെ ഗർഭധാരണത്തെക്കുറിച്ച് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു, എന്നാൽ താരങ്ങൾ ഇക്കാര്യം രഹസ്യമാക്കി വയ്ക്കുകയായിരുന്നു.ജെന്നിഫർ ലോറൻസിന് കുഞ്ഞ് ജനിച്ചതായി ആണ് ആദ്യം വാർത്തകൾ വന്നത്, എന്നാൽ ഭർത്താവിനൊപ്പം പുറത്ത് വന്ന ചിത്രങ്ങളിൽ ഒന്നും താരത്തിന് ഗർഭധാരണത്തിൻറെ ലക്ഷണങ്ങളൊന്നും കാണാനായിരുന്നില്ല. 2024 ഒക്ടോബറിലാണ് ലോറൻസ് വീണ്ടും ഗർഭിണിയാണെന്ന വാർത്ത പുറത്ത് വന്നത്. തുടർന്ന് താരവുമായി അടുത്ത വൃത്തം ആണ് അവളുടെ പ്രസവ തീയതി കുറിച്ച് സൂചന നൽകിയത്. 'അവൾ അമ്മയായിരിക്കാൻ ആഗ്രഹിക്കുന്നു, വീണ്ടും ഗർഭിണിയായതിൽ അവൾ സന്തോഷവതിയാണ്. ഇതിന് ഏറ്റവും മികച്ച സമയമാണിതെന്ന് അവൾ കരുതുന്നു' എന്നാണ് താരവുമായി അടുത്ത വൃത്തങ്ങൾ പ്രതികരിച്ചത്.ജെന്നിഫറിന്റെയും കുക്കിന്റെയും ആദ്യത്തെ മകൻ സൈയ്ക്ക് ഇപ്പോൾ മൂന്നു വയസ്സായിരിക്കുന്നു. അമ്മയായതിന് ശേഷം, ജെന്നിഫർ തന്റെ സിനിമാ തിരഞ്ഞെടുപ്പുകൾക്കു മുൻപ് കൂടുതൽ ആലോചിക്കാൻ തുടങ്ങി. 2023-ൽ കാമറൺ ഡിയാസിനൊപ്പം നടത്തിയ ഒരു അഭിമുഖത്തിൽ, കുഞ്ഞ് ജനിച്ചതിന് ശേഷം സിനിമ തിരഞ്ഞടുക്കുമ്പോൾ കൂടുതൽ തിരഞ്ഞെടുത്താണ് ആലോചിക്കേണ്ടതുണ്ടെന്ന് താരം പറഞ്ഞിരുന്നു. 'കുഞ്ഞുണ്ടെങ്കിൽ എല്ലാം വീട്ടിലായിരിക്കും. അതാണ് ഏറ്റവും നല്ലത്. ഇനി സിനിമ തെരഞ്ഞെടുക്കുമ്പോൾ ഞാൻ ചിന്തിക്കും എന്റെ കുഞ്ഞിനെ വിട്ട് പോകാൻ മാത്രം നല്ലതാണോ ഇത് എന്ന്' എന്നാണ് താരം പറഞ്ഞത്.

## മലൈക അറോറയും കുമാർ സംഗക്കാരയും പ്രണയത്തിലോ?; റിപ്പോർട്ടുകൾ ഇങ്ങനെ







മുംബൈ: ഗോസിപ്പ് കോളങ്ങളിൽ നിറഞ്ഞു നിൽക്കുന്ന താരമാണ് മലൈക അറോറ. ഗുവാഹത്തിയിൽ ഞായറാഴ്ച നടക്കുന്ന ഐപിഎൽ മത്സരം കാണാൻ നടിയും മോഡലുമായ മലൈക അറോറ എത്തിയിരുന്നു. എന്നാൽ മത്സരം കാണാൻ താരം എത്തിയത് വലിയ ഗോസിപ്പിന്റെ ആരംഭം ആയിരുന്നു.മുൻ ശ്രീലങ്കൻ ക്രിക്കറ്റ് താരം കുമാർ സംഗക്കാരയുമായി ഒരുമിച്ചിരുന്നു നടി രാജസ്ഥാൻ ഡെഗ്ഔട്ടിൽ നിന്ന് മത്സരം കാണുന്ന ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വലിയ രീതിയിൽ വൈറൽ ആയിരുന്നു. ഞായറാഴ്ച ചെന്നൈ സൂപ്പർ കിംഗ്സും രാജസ്ഥാൻ റോയൽസും തമ്മിലുള്ള മത്സരം കാണാൻ മലൈക രാജസ്ഥാൻ റോയൽസ് ജേഴ്സിയിലാണ് എത്തിയത്. മത്സരത്തിൽ രാജസ്ഥാൻ വിജയിച്ചിരുന്നു. അതേസമയം ഇരുവരുടെയും ചിത്രങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിൽ വൈറലായതിന് പിന്നാലെ ഇരുവരും ഡേറ്റിംഗിലാണ് എന്ന തരത്തിൽ ആണ് അഭ്യൂഹങ്ങൾ പ്രചരിച്ചത്. നേരത്തെ മുംബൈ ഇന്ത്യൻസിന് വേണ്ടി സ്റ്റേഡിയത്തിൽ എത്തിയിട്ടുള്ള മലൈകയുടെ രാജസ്ഥാൻ ടീം ബന്ധം എന്താണ് എന്നതാണ് ഏവരും അന്വേഷിക്കുന്നത്.എന്നാൽ ഇപ്പോൾ ഈ ഗോസിപ്പ് തള്ളുകയാണ് മലൈകയുമായി അടുത്ത വൃത്തങ്ങൾ. രണ്ടു പേരെ ഒന്നിച്ച കണ്ടാൽ എന്തൊക്കെയാണ് ഗോസിപ്പായി വരുന്നത്. ഇത്തരം അസംബന്ധങ്ങൾ തള്ളിക്കളയണം എന്നാണ് താരവുമായി അടുത്ത വൃത്തങ്ങളുടെ പ്രതികരണം.

## 'വൺസ് അപ്പോൺ എ ടൈം ഇൻ ഹോളിവുഡ്'; ബ്രാഡ് പിറ്റ് ചിത്രം സംവിധാനം ചെയ്യാനൊരുങ്ങി ഡേവിഡ് ഫിഞ്ചർ



'വൺസ് അപ്പോൺ എ ടൈം ഇൻ ഹോളിവുഡി'ന് ഒരു രണ്ടാം ഭാഗം വരുന്നുവെന്ന് സൂചന. ഡേവിഡ് ഫിഞ്ചർ ചിത്രം സംവിധാനം ചെയ്യുമെന്നും ക്വന്റിൻ ടാരന്റീനോ തന്നെ തിരക്കഥ എഴുതുമെന്നുമാണ് പുതിയ റിപ്പോർട്ടുകൾ പറയുന്നത്. നെറ്റ്ഫ്ലിക്സിന് വേണ്ടിയാകും ഈ സിനിമ ഒരുങ്ങുന്നത് എന്നും അഭ്യൂഹങ്ങളുണ്ട്.സിനിമയുടെ ഔദ്യോഗിക പേര് ഇതുവരെ പുറത്തുവിട്ടിട്ടില്ല. എങ്കിലും, ആദ്യ ഭാഗത്തിലെ ക്ലിഫ് ബൂത്ത് എന്ന കഥാപാത്രമായി ബ്രാഡ് പിറ്റ് തിരിച്ചെത്തുമെന്ന വാർത്ത ആരാധകരെ ഏറെ ആവേശത്തിലാക്കിയിട്ടുണ്ട്. ഈ വാർത്ത വന്നതോടെ കൂടുതൽ വിവരങ്ങൾക്കായി ആരാധകർ കാത്തിരിക്കുകയാണ്.പ്രശസ്തനായ ഒരു സംവിധായകൻ (ഫിഞ്ചർ) മറ്റൊരാളുടെ (ടാരന്റീനോ) സിനിമയ്ക്ക് തുടർച്ച ഒരുക്കുന്നു എന്നതും, പതിവ് തിയേറ്റർ റിലീസിൽ നിന്ന് മാറി നെറ്റ്ഫ്ലിക്സ് പോലുള്ള സ്ട്രീമിംഗ് പ്ലാറ്റ്ഫോമിലൂടെ ചിത്രം എത്തുന്നു എന്നതും ഈ പ്രോജക്റ്റിന്റെ പ്രധാന ആകർഷണങ്ങളാണ്. 2019-ൽ സോണി പിക്ചേഴ്സ് റിലീസ് ചെയ്ത ആദ്യ സിനിമയുടെ അവകാശം ടാരന്റീനോ പിന്നീട് തിരികെ സ്വന്തമാക്കിയിരുന്നു.താൻ സംവിധാനം ചെയ്യാനിരുന്ന 'ദി മൂവി ക്രിട്ടിക്' എന്ന സിനിമ വേണ്ടെന്നുവെച്ചതിന് പിന്നാലെയാണ് ടാരന്റീനോ ഈ പുതിയ സിനിമയുടെ ആലോചനയിലേക്ക് കടന്നതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ സിനിമയിലും ബ്രാഡ് പിറ്റിന് പ്രധാന വേഷമുണ്ടാകും.



# സ്പൈഡർമാൻ നാലാം ഭാഗത്തിന്റെ പേരും റിലീസ് തീയതിയും പുറത്ത്

സ്പൈഡർമാൻ ആരാധകർക്ക് സന്തോഷവാർത്ത! ടോം ഹോളണ്ടിന്റെ നാലാമത്തെ സ്പൈഡർമാൻ ചിത്രത്തിന്റെ പേര് ഔദ്യോഗികമായി പ്രഖ്യാപിച്ചു. 'സ്പൈഡർ-മാൻ: ബ്രാൻഡ് ന്യൂ ഡേ' എന്നായിരിക്കും സിനിമയുടെ പേര്.'ഷാങ്-ചി: ലെജൻഡ് ഓഫ് ദി ടെൻ റിംഗ്സ്' ഒരുക്കിയ ഡെസ്റ്റിൻ ഡാനിയേൽ ക്രെട്ടൺ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. സിനിമയുടെ ചിത്രീകരണം ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. 2026 ജൂലൈ 31-ന് ചിത്രം ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.ലാസ് വെഗാസിൽ നടന്ന സിനിമാകോൺ വേദിയിൽ (തിയേറ്റർ ഉടമകളുടെ വാർഷിക സമ്മേളനം) വെച്ചാണ് സംവിധായകൻ പേര് പ്രഖ്യാപിച്ചത്. ടോം ഹോളണ്ടിന് നേരിട്ട് എത്താൻ കഴിഞ്ഞില്ലെങ്കിലും, അദ്ദേഹം ഒരു വീഡിയോ സന്ദേശം അയച്ചിരുന്നു. അതിൽ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്:'എനിക്ക് നിങ്ങളോടൊപ്പം ചേരാൻ കഴിയാത്തതിൽ വിഷമമുണ്ട്. ഞാൻ മറ്റൊരു സിനിമയുടെ ഷൂട്ടിംഗ് പൂർത്തിയാക്കിയതേയുള്ളൂ. 'നോ വേ ഹോമി'ന്റെ അവസാനം ഒരു വലിയ സസ്പെൻസ് നൽകിയാണ് ഞങ്ങൾ നിർത്തിയതെന്ന് എനിക്കറിയാം. അതുകൊണ്ട് 'സ്പൈഡർ-മാൻ: ബ്രാൻഡ് ന്യൂ ഡേ' ഒരു പുതിയ തുടക്കമായിരിക്കും. ഇപ്പോൾ എനിക്കിതേ പറയാൻ കഴിയൂ.'ക്രിസ്റ്റഫർ നോളന്റെ 'ദി ഒഡീസി' എന്ന ചിത്രത്തിലാണ് ടോം ഹോളണ്ട് ഇപ്പോൾ അഭിനയിക്കുന്നത്. മാറ്റ് ഡാമൺ, സെൻഡായ, ആനി ഹാത്തവേ എന്നിവരും ഈ ചിത്രത്തിലുണ്ട്. ഇതിന്റെ ഷൂട്ടിംഗ് കഴിഞ്ഞ ശേഷമാകും ടോം ഹോളണ്ട് 'ബ്രാൻഡ് ന്യൂ ഡേ'യുടെ സെറ്റിൽ എത്തുക. നേരത്തെ 2025-ൽ റിലീസ് ചെയ്യാൻ തീരുമാനിച്ചിരുന്ന ചിത്രമാണിത്.

## കങ്കുവയിലൂടെ സൂര്യയ്ക്ക് ഉണ്ടായ ക്ഷീണം റെട്രോ മാറ്റുമോ?

സൂര്യയെ നായകനാക്കി കാർത്തിക് സുബ്ബരാജ് സംവിധാനം നിർവ്വഹിക്കുന്ന ചിത്രമാണ് റെട്രോ. ടീസർ റിലീസിന് പിന്നാലെ വലിയ പ്രതീക്ഷയാണ് സിനിമയ്ക്ക് മേൽ ഉള്ളത്. ആക്ഷനും റൊമാൻസും കൂടിക്കലർന്ന ചിത്രം സൂര്യയുടെ ഒരു വമ്പൻ തിരിച്ചുവരവാകും എന്നാണ് ആരാധകരുടെ പ്രതീക്ഷ. കങ്കുവയിലൂടെ സൂര്യയ്ക്ക് ഉണ്ടായ ക്ഷീണം റെട്രോ മാറ്റുമെന്നാണ് പരക്കെയുള്ള സംസാരം. സൂര്യയുടെ 44-ാം ചിത്രമായി ഒരുങ്ങുന്ന സിനിമയാണ് റെട്രോ.1980കളിൽ നടക്കുന്ന കഥയാണ് റെട്രോയുടേതെന്നാണ് സൂചന. പൂജ ഹെഗ്ഡെയാണ് സിനിമയിലെ നായിക. ജോജു ജോർജ്, ജയറാം, നാസർ, പ്രകാശ് രാജ്, സുജിത് ശങ്കർ, കരുണാകരൻ, പ്രേം കുമാർ, രാമചന്ദ്രൻ ദുരൈരാജ്, സന്ദീപ് രാജ്, മുരുകവേൽ, രമ്യ സുരേഷ് തുടങ്ങിയവരും റെട്രോയിൽ പ്രധാന വേഷത്തിൽ എത്തുന്നുണ്ട്. ഇപ്പോഴിതാ സിനിമയുടെ കേരള വിതരണാവകാശത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളാണ് പുറത്തു വരുന്നത്. റെട്രോയുടെ കേരളാ വിതരണാവകാശം മലയാളത്തിന്റെ അനശ്വര നിർമാതാവ് പി. സുബ്രഹ്മണ്യത്തിന്റെ ചെറുമകൻ സെന്തിൽ സുബ്രഹ്മണ്യൻ നേതൃത്വം നൽകുന്ന വൈകമെറിലാൻഡ് റിലീസ് കരസ്ഥമാക്കി. എൺപത്തിരണ്ടോളം സിനിമകൾ മലയാളത്തിന് സമ്മാനിച്ചിട്ടുള്ള മെറിലാൻഡ് സ്റ്റുഡിയോസ് വൻ തുകയ്ക്കാണ് റെട്രോയുടെ കേരളാ വിതരണാവകാശം കരസ്ഥമാക്കിയത്. മെയ് ഒന്നിനാണ് ചിത്രം പുറത്തിറങ്ങുന്നത്. ലവ് ലാഫ്റ്റർ വാർ' എന്നാണ് 'സിനിമയുടെ ടാഗ് ലൈൻ. ചിത്രത്തിൽ രണ്ട് ലുക്കിലാണ് സൂര്യയെത്തുന്നത്. സൂര്യയുടെ 2ഡി സിനിമാസും കാർത്തിക് സുബ്ബരാജിന്റെ സ്റ്റോൺബെഞ്ചും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. സംഗീതം പകരുന്നത് സന്തോഷ് നാരായണനാണ്. നെറ്റ്ഫ്ലിക്സിന് ആണസ്ട്രീമിംഗ് അവകാശം വാങ്ങിയിരിക്കുന്നത്.




# ബോക്സ് ഓഫീസിൽ കിതച്ച് സൽമാൻഖാന്റെ 'സിക്കന്ദർ'



സൽമാൻ ഖാനെ നായകനാക്കി എ ആർ മുരുഗദോസ് സംവിധാനം ചെയ്ത ആക്ഷൻ ചിത്രമാണ് 'സിക്കന്ദർ'. വലിയ പ്രതീക്ഷയിലാണ് ചിത്രം തിയേറ്ററുകളിൽ എത്തിയത്.എന്നാൽ പ്രതീക്ഷകൾക്ക് വിപരീതമായി മോശം പ്രതികരണമാണ് സിനിമയ്ക്ക് ലഭിക്കുന്നത്. ഇപ്പോഴിതാ ബോക്സ് ഓഫീസിലും കാര്യമായ ചലനം സിനിമയ്ക്ക് ഉണ്ടാക്കാനാകുന്നില്ല എന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. സിനിമയ്ക്ക് എല്ലാ കോണുകളിൽ നിന്നും തണുപ്പൻ പ്രതികരണമാണ് ലഭിക്കുന്നത്. കാലഹരണപ്പെട്ട തിരക്കഥയാണ് ചിത്രത്തിൻറെതെന്നും അതിനാൽ ത്തന്നെ തുടക്കം മുതൽ ഒടുക്കം വരെ ബോറടിപ്പിക്കുന്ന ചിത്രമാണ് സിക്കന്ദർ എന്നുമാണ് അഭിപ്രായങ്ങൾ. സിനിമയുടെ മ്യൂസിക്കിനും വലിയ വിമർശനങ്ങളാണ് ലഭിക്കുന്നത്. സന്തോഷ് നാരായണൻ നൽകിയ സിനിമയുടെ പശ്ചാത്തല സംഗീതം കഥയുമായി ചേർന്ന് പോകുന്നതല്ലെന്നും ഗാനങ്ങൾ നിരാശപ്പെടുത്തിയെന്നും പ്രേക്ഷകർ പറയുന്നു. റിലീസിന് മുൻപ് തന്നെ സിനിമയുടെ വ്യാജപതിപ്പ് ഇറങ്ങിയതും സിക്കന്ദറിന് വിനയായിട്ടുണ്ട്.റിലീസ് ചെയ്തു മൂന്ന് ദിവസം കഴിയുമ്പോൾ ഇന്ത്യൻ ബോക്സ് ഓഫീസിലും ഓവർസീസ് മാർക്കറ്റിലും സിക്കന്ദർ കിതയ്ക്കുന്ന കാഴ്ചയാണ് ഉണ്ടാകുന്നത്. മൂന്നാം ദിവസമായ ഇന്നലെ വെറും 19.5 കോടി മാത്രമാണ് സിനിമയ്ക്ക് നേടാനായത്. ആദ്യ രണ്ട് ദിവസത്തെക്കാൾ കളക്ഷനിൽ 32.76 ശതമാനം ഇടിവാണ് സിക്കന്ദറിന് ഉണ്ടായിരിക്കുന്നത്. ആദ്യ ദിനം 26 കോടി നേടിയ സിനിമ ഈദ് ദിനത്തിൽ 29 കോടി വാരിക്കൂട്ടി. അതേസമയം ചിത്രം 100 കോടി ക്ലബ്ബിൽ ഇടം പിടിച്ചെന്നാണ് നിർമാതാക്കൾ പുറത്തുവിട്ട പോസ്റ്റിൽ പറയുന്നത്.

## മാരീശൻ; റോഡ് മൂവിയുമായി ഫഹദും വടിവേലുവും

അതിശയിപ്പിക്കുന്ന പ്രകടനവുമായി വടിവേലു നിറഞ്ഞുനിന്ന തമിഴ് ചിത്രമാണ് മാമന്നൻ. ഉദയനിധി നായകനായെത്തിയ ചിത്രത്തിൽ നെഗറ്റീവ് റോളിലെത്തി ഫഹദ് ഫാസിലും മികച്ച പ്രകടനം കാഴ്ചവെച്ചിരുന്നു. മാമന്നന് ശേഷം ഫഹദും വടിവേലുവും ഒന്നിക്കുന്ന ചിത്രമാണ് മാരീശൻ. 2024ൽ പ്രഖ്യാപിച്ച ചിത്രം ഇപ്പോൾ റിലീസിന് ഒരുങ്ങുന്നുവെന്ന വാർത്തകളാണ് പുറത്തു വരുന്നത്. അണിയറപ്രവർത്തകർ ആണ് വാർത്ത പുറത്തു വിട്ടത്. 2025 ജൂലൈയിൽ മാരീശൻ റിലീസ് ചെയ്യും എന്നാണ് പുറത്തു വരുന്ന വിവരം.അതേസമയം മാരീശന്റെ റിലീസ് വിവരം നടൻ ഫഹദും സോഷ്യൽ മീഡിയയിലൂടെ അറിയിച്ചിരുന്നു. 2നേർക്കുനേർ നിൽക്കുന്ന ഫഹദ് ഫാസിലും വടിവേലുവും ഉള്ള പോസ്റ്ററും അണിയറ പ്രവർത്തകർ പങ്കുവച്ചു.അതേസമയം കൃത്യമായ റിലീസ് തീയതി പുറത്തുവിട്ടിട്ടില്ല. സുധീഷ് ശങ്കറിന്റെ സംവിധാനത്തിൽ എത്തുന്ന ആക്ഷൻ ഡ്രാമ ചിത്രം 'മാരീശൻ' ഒരു റോഡ് മൂവി ആണെന്നാണ് പുറത്തു വരുന്ന സൂചനകൾ.



## പൃഥ്വിരാജിന്റെ സംവിധാനത്തിൽ മോഹൻലാൽ വീണ്ടും



എമ്പുരാന് പിന്നാലെ പൃഥ്വിരാജിന്റെ സംവിധാനത്തിൽ മോഹൻലാൽ വീണ്ടും നായകനായി എത്തുന്നുവെന്ന് റിപ്പോർട്ട്. ചിത്രത്തിൽ പൃഥ്വിരാജും ഒരു പ്രധാന വേഷത്തിൽ എത്തുന്നുണ്ടെന്നാണ് പുറത്തുവരുന്ന വിവരം. ലൂസിഫർ, ബ്രോ ഡാഡി, എമ്പുരാൻ എന്നിങ്ങനെ സൂപ്പർ ഹിറ്റുകളായ മോഹൻലാൽ- പൃഥ്വിരാജ് ചിത്രങ്ങൾക്ക് പിന്നാലെ ആണ് പുതിയ ചിത്രം എത്തുന്നത് എന്നത് ആരാധകരെ ഏറെ ആവേശത്തിൽ ആക്കിയിട്ടുണ്ട്.മോഹൻലാലും പൃഥ്വിരാജും ഒരുമിക്കുന്ന നാലാമത്തെ ചിത്രത്തിൽ ഫഹദ് ഫാസിലും ഉണ്ടാകുമെന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം. ചിത്രത്തിന്റെ ചിത്രീകരണം ഈ വർഷം മദ്ധ്യത്തോടെ ആരംഭിക്കും.

# തമിഴ്നാട് ബോക്സ് ഓഫീസിൽ നേട്ടവുമായി വീര ധീര സൂരൻ



ചിയാൻ വിക്രമിനെ നായകനാക്കി എസ് യു അരുൺകുമാർ സംവിധാനം ചെയ്ത ആക്ഷൻ ചിത്രമാണ് 'വീര ധീര സൂരൻ'. എമ്പുരാനൊപ്പം ക്ലാഷ് റലീസ് ചെയ്ത സിനിമയുടെ ബോക്സ് ഓഫീസ് കണക്കുകളാണ് പുറത്ത് വരുന്നത്. തമിഴ്നാട്ടിൽ എമ്പുരാനെക്കാളും കളക്ഷൻ വിക്രം ചിത്രത്തിനാണ്. വീര ധീര സൂരൻ അഞ്ച് ദിവസത്തിനുള്ളിൽ തമിഴ്നാട്ടിൽ മാത്രം 23.50 കോടി രൂപ ഗ്രോസാണ് നേടിയിരിക്കുന്നത്. എന്നാൽ എമ്പുരാനാകട്ടെ ആറ് കോടിയോളം രൂപയാണ് ഇതുവരെ കളക്ട് ചെയ്തത്. തമിഴ്നാട്ടിൽ ആദ്യദിനം രണ്ട് ഷോ മാത്രമാണ് വീര ധീര സൂരൻ പ്രദർശിപ്പിച്ചത് എന്നതും ശ്രദ്ധേയമാണ്. വീര ധീര സൂരന് മികച്ച അഭിപ്രായമാണ് സമൂഹ മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്നതും. മികച്ച പ്രകടനമാണ് ചിയാൻ സിനിമയിൽ കാഴ്ചവെച്ചിരിക്കുന്നതെന്നുമാണ് അഭിപ്രായങ്ങൾ. പതിഞ്ഞ താളത്തിൽ പോകുന്ന ആദ്യ പകുതിക്ക് ശേഷം മികച്ച രണ്ടാം പകുതി നൽകിയ സിനിമ ഒരു ആക്ഷൻ മൂഡിലാണ് പോകുന്നതെന്നും കമന്റുകളുണ്ട്. സുരാജ് വെഞ്ഞാറമൂടിന്റെയും എസ് ജെ സൂര്യയുടെയും പ്രകടനങ്ങൾക്ക് നല്ല റെസ്പോൺസ് ആണ് ലഭിക്കുന്നത്.

## മാസ്സ് ആയി 'മരണമാസ്സ്' ട്രെയ്‌ലർ




ബേസിൽ ജോസഫ് പ്രധാന വേഷത്തിലെത്തുന്ന 'മരണമാസ്സ്' സിനിമയുടെ ട്രെയ്‌ലർ പുറത്തിറങ്ങി. വിഷു റിലീസായി എത്തുന്ന 'മരണ മാസ്സ്' ബേസിൽ ജോസഫിന്റെ ട്രേഡ് മാർക്ക് കോമഡി ഘടകങ്ങൾ അടങ്ങിയ സിനിമ തന്നെയാകുമെന്നാണ് ട്രെയ്‌ലർ നൽകുന്ന സൂചന. കൂടാതെ സസ്പെൻസും ആക്ഷനും അടങ്ങിയ ട്രെയ്‌ലർ പ്രേക്ഷകർക്ക് പ്രതീക്ഷ ഏറെ നൽകുന്നുണ്ട്. നവാഗതനായ ശിവപ്രസാദ് സംവിധാനം ചെയ്യുന്ന ചിത്രം നിർമ്മിക്കുന്നത് ടോവിനോ തോമസ് പ്രൊഡക്ഷൻസ്, റാഫേൽ ഫിലിം പ്രൊഡക്ഷൻസ്, വേൾഡ് വൈഡ് ഫിലിംസ് എന്നിവർ ചേർന്നാണ്. ആദ്യാവസാനം നർമ്മത്തിന് പ്രാധാന്യം നൽകിയാണ് ഈ ചിത്രം ഒരുക്കുന്നത്. സിജു സണ്ണി കഥ. തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത് സിജു സണ്ണിയും സംവിധായകൻ ശിവപ്രസാദും ചേർന്നാണ്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

155

Movie — Oru Thalai Ragam (1981)
Director — T Rajendar
Lyrics — Mankombu Gopalakrishnan
Music — T Rajendar, AA Raj
Singers — KJ Yesudas

വാസമില്ലാ മലരിത് വസന്തത്തെ തേടുന്നു
വർണ്ണമില്ലാ വാർമഴവിൽ വാനത്തെ തേടുന്നു
അനുരാഗ ഗാനം എന്നാളും പാടി
തുറക്കാത്ത വാതിൽ തുറക്കാനായ് കേഴും
(വാസമില്ലാ ...)
പാട്ടിൽ പലഭാവം ചേർത്തിടുന്ന കവി പോൽ
നിനക്കെന്തിനാശ നിലാവിൻ പേരിൽ
മീട്ടി വരും വീണ മിണ്ടുകില്ല എങ്കിൽ
നിനക്കെന്തിനാശ കലമകൾ പോലെ (2)
(വാസമില്ലാ...)
എന്തു സുഖം കണ്ടു ഇന്നു വരെ തുടർന്നു
നിനക്കെന്തിനാശ രതിയവൾ മേലേ
പെണ്മണീ തന്നുള്ളിൽ പ്രീതിയില്ല നിന്നിൽ
നിനക്കെന്തിനാശ മന്മഥൻ പോലെ (2)
(വാസമില്ലാ..)



മാസങ്ങളായ് നീയിന്നെത്ര
തപം ചെയ്തു
നിനക്കിനിയാശ
കൈവിട്ടു കൂടെ
പെണ്മനസ്സൊന്നറിയാൻ
കഴിവൊട്ടുമില്ലേൽ
നിനക്കെന്തിനാശ
പ്രേമമെന്നോതാൻ (2)
(വാസമില്ലാ....)

# 'സർക്കീട്ട്' മെയ് 8ന് തീയേറ്ററിൽ




ആസിഫ് അലിയെ നായകനാക്കി താമർ സംവിധാനം ചെയ്യുന്ന 'സർക്കീട്ട്' എന്ന ചിത്രത്തിന്റെ റിലീസ് ഡേറ്റ് പ്രഖ്യാപിച്ചു. മെയ് 8ന് 'സർക്കീട്ട്' ലോകമെമ്പാടുമുള്ള തീയേറ്ററുകളിൽ പ്രദർശനത്തിനെത്തും. പ്രേക്ഷകരും നിരൂപകരും ഒരുപോലെ പ്രശംസിച്ച 'ആയിരത്തൊന്നു നുണകൾ' എന്ന ചിത്രത്തിന് ശേഷം താമർ ഒരുക്കുന്ന സർക്കീട്ടിൽ ദിവ്യ പ്രഭയാണ് നായികാ വേഷം ചെയ്യുന്നത്. താമർ തന്നെയാണ് ചിത്രത്തിന്റെ രചനയും നിർവ്വഹിച്ചിരിക്കുന്നത്. കിഷ്കിന്ധാ കാണ്ഡം, രേഖാ ചിത്രം എന്നീ ബ്ലോക്കിബസ്റ്റർ സിനിമകൾക്ക് ശേഷം ആസിഫ് അലി നായകനാകുന്ന ചിത്രം ഏറെ പ്രതീക്ഷകൾ സമ്മാനിക്കുന്ന സിനിമയാണ്.പൂർണ്ണമായും ഗൾഫ് രാജ്യങ്ങളിൽ ചിത്രീകരിച്ച 'സർക്കീട്ട്, യു.എ.ഇ, ഷാർജ, റാസൽ ഖൈമ, ഫുജൈറ എന്നിവിടങ്ങളിലായി 40 ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത്. അടുത്തിടെ ത്രില്ലർ ചിത്രങ്ങളിലൂടെ സൂപ്പർ വിജയങ്ങൾ സ്വന്തമാക്കിയ ആസിഫ് അലി, സർക്കീട്ടിലൂടെ ഒരു ഫീൽ ഗുഡ് ഫാമിലി ഡ്രാമയുമായാണ് എത്തുന്നത്. ആസിഫ് അലി, ദിവ്യ പ്രഭ എന്നിവരെ കൂടാതെ, ദീപക് പറമ്പോൾ, ബാലതാരം ഓർഹാൻ, രമ്യ സുരേഷ്, പ്രശാന്ത് അലക്സാണ്ടർ, സ്വാതിദാസ് പ്രഭു, ഗോപൻ അടാട്ട്, സിൻസ് ഷാൻ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങൾക്ക് ജീവൻ പകരുന്നത്. ഗംഭീര പ്രേക്ഷക നിരൂപക ശ്രദ്ധ നേടിയ താമറിന്റെ ആദ്യ ചിത്രം നേരിട്ടുള്ള ഒടിടി റിലീസായി സോണി ലൈവിലാണ് സ്ട്രീം ചെയ്തത്. അതിനൊപ്പം അന്താരാഷ്ട്ര ചലച്ചിത്രോത്സവമായ ഐ.എഫ്.എഫ്.കെയിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു.

## കഴിഞ്ഞ 26 വർഷം സ്റ്റീഫൻ എവിടെയായിരുന്നു? സസ്പെൻസ് പൊളിച്ച് എമ്പുരാൻ ടീം

എമ്പുരാൻ കുതിപ്പിനിടയിൽ ഘട്ട3 സിനിമയിലെ പ്രണവ് മോഹൻലാലിന്റെ കാരക്ടർ പോസ്റ്റർ പങ്കുവെച്ചിരിക്കുകയാണ് ചിത്രത്തിൻറെ അണിയറ പ്രവർത്തകർ.സ്റ്റീഫനെക്കുറിച്ച് ലൂസിഫറിൽ അവതരിപ്പിക്കപ്പെട്ട നിഗൂഢതകളിൽ ഒന്നായിരുന്നു ഏറെ പ്രിയപ്പെട്ടവർക്ക് പോലും 15 വയസ് മുതൽ 41 വയസ് വരെ അയാൾ എവിടെ ആയിരുന്നുവെന്ന് അറിയില്ല എന്നത്. 26 വർഷം സ്റ്റീഫൻ എവിടെയായിരുന്നു എന്ന ചോദ്യത്തിന് ഉത്തരം പ്രണവ് തരുമെന്നാണ് ആരാധകർ വിശ്വസിക്കുന്നത്. മോഹൻലാൽ അവതരിപ്പിക്കുന്ന സ്റ്റീഫൻ നെടുമ്പള്ളി/ അബ്രാം ഖുറേഷിയുടെ ചെറുപ്പകാലമാണ് പ്രണവ് ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. നടന്റെ പ്രകടനം സിനിമയുടെ മൂന്നാം ഭാഗത്തിലാകും കാണാൻ കഴിയുക.



# സെക്രട്ടറിയേറ്റിനു മുമ്പിൽ കടുത്ത സമരമുറയായി ആശമാരുടെ ഹെയർ കട്ട്, എമ്പുരാൻ സിനിമയ്ക്ക് 24 കട്ട്

കേരളാ വിൻഡോ



ആന്റണി ചടയംമുറി



സെക്രട്ടറിയേറ്റിനു മുമ്പിൽ ആശമാരുടെ ഹെയർ കട്ട്. ഞായറാഴ്ച പോലും പ്രവൃത്തി ദിനമാക്കി ചെന്നൈയിലെ സെൻസർ ബോർഡിന്റെ ഓഫീസിൽ എമ്പുരാൻ സിനിമയുടെ ഫിലിംകട്ട്. ക്രൈസ്തവരുടെ വിശ്വാസ പ്രമാണങ്ങളെ കാറ്റിൽ പറത്തി ഒരു ക്രൈസ്തവനാമമുള്ള ഫിലിം പ്രൊഡ്യൂസറുടെ വക കുരിശിനും വെട്ടോട് വെട്ട്. പ്രേക്ഷകരാകട്ടെ, എല്ലാം സിനിമയല്ലേ എന്ന മട്ടിൽ ഭ്രാന്ത് പിടിച്ചതുപ്പോലെ തിയറ്ററുകളിലേക്ക് ഓടിക്കയറുന്നു. 5 ദിവസം കൊണ്ട് എമ്പുരാൻ 200 കോടി ക്ലബ്ബിൽ കയറിക്കഴിഞ്ഞു. ദിവസക്കൂലിയായി കിട്ടുന്ന 232 രൂപ കൂട്ടിത്തരണമേയെന്നും വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപയെങ്കിലും തരണമേയെന്ന യാചനയുമായി ആശമാരുടെ സമരം 53 ദിവസം പിന്നിടുമ്പോൾ, മുഖ്യമന്ത്രിയും 9 മന്ത്രിമാരും മധുരയ്ക്ക് പോയിക്കഴിഞ്ഞു. 24-ാമത് പാർട്ടി കോൺഗ്രസിൽ പങ്കെടുക്കാൻ. പൊള്ളുന്ന ചൂടിന് ആശ്വാസമായി ചൊവ്വാഴ്ച പെയ്ത മഴ സെക്രട്ടറിയേറ്റിനു മുമ്പിൽ നിരാഹാരം കിടക്കുന്ന ആശമാരെയും കോട്ടയത്തും പാലക്കാട്ടുമുള്ള വരമ്പത്ത് നെല്ല് കൊയ്തു വച്ച നെൽ കർഷകരെയും ദുരിതത്തിലാഴ്ത്തി.

### എമ്പുരാനും ചില ഇളക്കങ്ങളും

എമ്പുരാൻ വലിയ ക്യാൻവാസിലെടുത്ത സിനിമയാണ്. പൃഥ്വീരാജ് ഷൂട്ടിങ്ങിനായി കണ്ടെത്തിയ രാജ്യങ്ങളെ സംബന്ധിച്ച് സോഷ്യൽ മീഡിയയിൽ ചർച്ച പൊടിപൊടിക്കുന്നുണ്ട്. ഇറാഖിൽ ക്രൈസ്തവരെ വംശഹത്യ ചെയ്ത നഗരത്തിലെ ദേവാലയത്തിലേക്ക് ലാലിന്റെ കഥാപാത്രത്തെ ഒരു സംഘടനാ സാരഥി ചർച്ചയ്ക്ക് വിളിക്കുന്നതും, ആ ദേവാലയത്തിലെ കൂറ്റൻ കുരിശ് തകർന്നു വീണ് (ഘ ) എന്ന ലൂസിഫറിന്റെ ആദ്യാക്ഷരമായി മാറുന്നതും, ആ രംഗത്ത് യേശുനാഥനെതിരെയുള്ള സത്യവിരുദ്ധമായ പരാമർശങ്ങളും ജിബിൻ ജേക്കബ്ബ് എന്നൊരാൾ ആർ.എസ്.എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ വിവരിച്ചെഴുതിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായി എമ്പുരാനെതിരെ തുടർച്ചയായി മൂന്ന് എഡിറ്റോറിയലുകളാണ് ഓർഗനൈസറിൽ വന്നത്. അതെല്ലാം കലാകാരന്മാരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യമായി കരുതുന്നവർ, മറിച്ച് ഇപ്പോൾ ഇന്ത്യയിലെ ഒന്നാമത്തെ ന്യൂനപക്ഷമായ മതത്തെക്കുറിച്ചോ? അവരുടെ പ്രവാചകനെക്കുറിച്ചോ എന്തെങ്കിലും പരാമർശം നടത്തിയാൽ എന്തായിരിക്കും സ്ഥിതിയെന്ന് ആലോചിച്ചിട്ടുണ്ടോ? ഒരു മലയാള സിനിമ ആഗോളതലത്തിൽ വിപണനം ചെയ്യുന്നത് നല്ല കാര്യമാണ്. പൃഥ്വീരാജ് എന്ന സംവിധായകന്റെ കൃത്യമായ പ്ലാനിംഗും മേക്കിംഗ്സിൽ പ്രകടിപ്പിച്ച മികവും അപാരമാണ്. പക്ഷെ അതൊരു തരത്തിൽ ആഗോളതലത്തിൽ ചോരപുരണ്ട ഒരു ഉൽപ്പന്നത്തിന്റെ മാർക്കറ്റിംഗ് ആയി തരം താണുവെന്നാണ് ചിലരുടെ ആരോപണം.

### വീട്ടിലിക്കുന്നവരെപ്പറ്റി പറയരുതേ...

പൃഥ്വീരാജിന്റെ ഭാര്യ സുപ്രിയാ മേനോനെക്കുറിച്ച് ബി.ജെ.പി. നേതാവ് ബി.ഗോപാലകൃഷ്ണൻ നടത്തിയ പരസ്യ വിമർശനങ്ങൾ അതിരുകടന്നുവോ? സുപ്രിയ വെറുമൊരു വീട്ടിലിരിക്കുന്ന സാധാരണക്കാരിയായ വീട്ടമ്മയല്ലാത്തതുകൊണ്ട് ഇത്തരം വിമർശനങ്ങളിൽ അവർ വേഗം വാടിപ്പോകില്ല. എന്നാലും സ്ത്രീകളെപ്പറ്റി പറയുമ്പോൾ കേരളീയർ കാണിക്കാറുള്ള അന്തസ്സ് വക്കീൽ കൂടിയായ ഗോപാലകൃഷ്ണനിൽ നിന്നുണ്ടായില്ല. പ്രത്യേകിച്ചും ശ്രീമതി ടീച്ചർക്ക് നേരെ നടത്തിയ പരാമർശത്തിന് രഹസ്യമായി മാപ്പ് പറഞ്ഞ് തടിയൂരിയ വിദ്വാനാണ് ഗോപാലകൃഷ്ണൻ. അതുകൊണ്ട് ഒഴിവാക്കാമായിരുന്ന ഒരു പരാമർശമാണ് സുപ്രിയയ്ക്കെതിരെ അദ്ദേഹം നടത്തിയത്.

മുരളിഗോപിയുടെ മൗനം പോലും വാചാലമായ ദിനങ്ങളാണ് കടന്നുപോകുന്നത്. എന്തിന് മോഹൻലാൽ ഇത്ര പെട്ടെന്ന് ഖേദം പ്രകടിപ്പിച്ചുവെന്ന് മറ്റുള്ളവർക്ക് ചോദിക്കാവുന്നതുമാണ്. പക്ഷെ മോഹൻലാൽ എന്ന നടനേക്കാൾ, അദ്ദേഹം ഒരു വ്യവസായിയാണ്. വർഷത്തിൽ നാലോ അഞ്ചോ ദിവസമോ മണിക്കൂറോ പരസ്യചിത്രത്തിന്റെ ഷൂട്ടിങ്ങിനായി വിട്ടുകൊടുത്ത് കോടികൾ വാങ്ങി പോക്കറ്റിലിടുന്ന മോഹൻലാലിന്റെ "മടിയിൽ കനമുള്ളതുകൊണ്ട് വഴിയിൽ പേടിക്കാതെ" എന്തുചെയ്യും? അതൊന്നും ആവിഷ്ക്കാര സ്വാതന്ത്ര്യം തലയ്ക്കുപിടിച്ച ക്ണാപ്പന്മാർക്ക് മനസ്സിലാകണമെന്നുമില്ല. അവരോട് മോഹൻലാൽ പഴയ മാസ് ഡയലോഗ് പറയുമായിരിക്കാം: "നീ കുട്ടിയാണ്, നിനക്കൊന്നുമറിയില്ല എന്ന്.

ആശാ സമരപന്തലിനെ സെൽഫി പോയിന്റെന്ന് ആക്ഷേപിച്ച ഐ.എൻ.ടി.യു.സി.നേതാവാണ് ആർ.ചന്ദ്രശേഖരൻ പിണറായിക്ക് ഏറെ ഇഷ്ടമുള്ള തൊഴിലാളി നേതാവാണ് കക്ഷി. പഴയൊരു കശുവണ്ടി ഇറക്കുമതി ഇടപാടിൽ ആരോപണ മുനയിൽ നിൽക്കുന്ന ചന്ദ്രശേഖരനെ സി.ബി.ഐ. നോട്ടമിട്ടിട്ടുണ്ട്. കേസന്വേഷണത്തിന് സി.ബി.ഐക്ക് സംസ്ഥാന സർക്കാർ അനുമതി നൽകാത്തതുകൊണ്ടാണ് ചന്ദ്രശേഖരനും മച്ചാനായ രതീഷും ഇപ്പോഴും വീട്ടിൽ കിടന്നുറങ്ങുന്നത്. അങ്ങനെയുള്ള ചന്ദ്രശേഖരൻ "സൂപ്പർ കെ.പി.സി.സി." കളിച്ചാണ് ആശാ സമരത്തെ ഊശിയാക്കി പറഞ്ഞത്. എന്നാൽ കെ.പി.സി.സി. മീശ പിരിച്ചതോടെ ചന്ദ്രശേഖരൻ വഴങ്ങി. ഇപ്പോൾ വ്യാഴ്യാഴ്ചത്തെ 'വീണ മന്ത്രി'യുമായുള്ള ചർച്ചയ്ക്ക് എ.ഐ.റ്റി.യു.വി.നോടൊപ്പം ഐ.എൻ.ടി.യു.സിക്കും ക്ഷണമുണ്ട്.

ഒരു കാര്യം പറയാം: ആഗോളതലത്തിൽ ആരോഗ്യരംഗത്തെ ജോലിക്കാർക്ക് നല്ല സമയമല്ല. തിങ്കളാഴ്ച ട്രംപ് പിരിച്ചുവിട്ടത് 10,000 ഹെൽത്ത് വർക്കേഴ്സിനെയാണ്. ബി.ജെ.പി.ഭരിക്കുന്ന ഗുജറാത്തിലാകട്ടെ അയ്യായിരം ആശാ വർക്കർമാർക്ക് സമരം ചെയ്യുന്നതിന്റെ പേരിൽ പിരിച്ചുവിടൽ നോട്ടീസ് നൽകിക്കഴിഞ്ഞു.

കഴിഞ്ഞ തവണ മാധ്യമങ്ങൾ തോളിൽ ധരിച്ച ബാഗിന്റെ വില മാധ്യമങ്ങൾ അന്വേഷിച്ചു പോയതുകൊണ്ടാകാം, ഇത്തവണ തോളത്ത് ബാഗില്ലാതെയാണ് മന്ത്രി വീണാ ജോർജ്ജ് ആരോഗ്യമന്ത്രിയെ കാണാൻ പോയത്. വീണാ ജോർജ്ജിന്റെ സഭയിൽപ്പെട്ട ഒരു വൈദികൻ പോലും സമരം ചെയ്യുന്ന ആശമാരോട് അനുഭാവം പ്രകടിപ്പിക്കാനായി മുടി മുറിച്ചു നൽകാൻ സമരപ്പന്തലിലെത്തിയത് കഴിഞ്ഞ ദിവസങ്ങളിലെ കൗതുകമുള്ള ചാനൽ ദൃശ്യമായി മാറി.

### മധുര കോൺഗ്രസ് മധുരിക്കില്ല...

സി.പി.എം.ന്റെ പാർട്ടി കോൺഗ്രസ് മധുരയിൽ തുടങ്ങിക്കഴിഞ്ഞു. ഹിന്ദുത്വത്തോട് മൃദു സമീപനം, കോൺഗ്രസ് പാർട്ടിയോട് കട്ട കലിപ്പ് എന്ന കേരളാ നേതാക്കളുടെ ലൈനിലൂടെയായിരിക്കും സമ്മേളനഗതിയെന്നത് തീർച്ചയായിട്ടുണ്ട്.

ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യിലേക്ക് സഖാക്കളുടെ വോട്ട് ചോർന്നിട്ടുണ്ടെന്ന് പാർട്ടി കോൺഗ്രസിൽ അവതരിപ്പിക്കേണ്ട കരട് രാഷ്ട്രീയ പ്രമേയത്തിലുണ്ട്. ക്ഷേത്രസമിതികളിലും മറ്റ് മതക്കാരുടെ സംഘടനകളിലും കയറിപ്പറ്റാൻ സഖാക്കളെ പാർട്ടി പ്രോത്സാഹിപ്പിച്ചിരുന്നു. ഉത്സവത്തിന് 'പുഷ്പനെ അറിയാമോ' എന്ന പാട്ട് പാടി ഡിഫിക്കാർ ഹൈന്ദവ വിശ്വാസികളെ കൈയിലെടുക്കാൻ പോയ കടയ്ക്കൽ ക്ഷേത്രത്തിൽ 'സീൻ കോൺട്ര' ആയത് പാർട്ടിക്ക് വല്ലാത്ത അക്കിടിയായി. ചില സഖാക്കൾക്ക് ഒരു കുഴപ്പമുണ്ട്. അവർ പാർട്ടി പറഞ്ഞാൽ നേരെ കയറി ശത്രുനിരയെ പഞ്ഞിക്കിടും. അതായത് എന്തെങ്കിലും 'ഊടൻപണി' ചെയ്യുമ്പോൾ ഒരു നയമൊക്കെ വേണ്ടേ എന്ന് ചോദിച്ചാൽ അതൊന്നും ഞങ്ങൾക്ക് ആരും പഠിപ്പിച്ചു തന്നിട്ടില്ലെന്നേ ആ സഖാക്കൾ പറയൂ.

പേരുകൊണ്ട് ബേബിയാണെങ്കിലും ഈ കൊല്ലത്തുകാരനെ കണ്ടു വേണം സി.പി.എം.കാർ പഠിക്കേണ്ടത്. ബേബിയുടെ വിസ്തൃതമായ സുഹൃത് വലയത്തിൽ ഇല്ലാതിരുന്ന ഒരാൾ പിണറായിയായിരുന്നു. എന്നാൽ പിണറായിയെപോലെ ഒരു ഇടിവണ്ടി നേരെ വരുമ്പോൾ മസിൽ പിടിച്ച് മുമ്പിൽ നിന്നിട്ടു കാര്യമില്ലെന്ന് കൊല്ലംകാരനായ ബേബി പെട്ടെന്ന് തിരിച്ചറിഞ്ഞു. അങ്ങനെ പിണറായിക്ക് ബേബിയോടുള്ള പിണക്കം മാറിയിട്ടുണ്ടെങ്കിൽ ബേബി രാജ്യത്തെ സി.പി.എമ്മിനെ നയിക്കും. സംസ്ഥാനത്ത് ഗോവിന്ദൻ, ദേശീയ തലത്തിൽ ബേബിയും. ഉഗ്രൻടീം. ബേബി പി.ബി.അംഗങ്ങളിൽ സീനിയറാണ്. ബേബിയേക്കാൾ സീനിയറായ ബൃന്ദ കാരാട്ട് റിട്ടയർ ചെയ്യുകയാണ്. മഹാരാഷ്ട്ടയിലെ കർഷക നേതാവായ അശോക് ധാവ്ലെയെ കേരള ഘടകം, അതായത് പിണറായി സഖാവിന് പഥ്യമില്ല. അതുകൊണ്ട് ബേബി തന്നെ ദേശീയ സെക്രട്ടറിയായി വന്നേക്കും.

ദേശീയതലത്തിൽ സി.പി.എമ്മിന്റെ മോശം കാലഘട്ടമാണിത്. കെ.രാധാകൃഷ്ണനെ ഉൾപ്പെടുത്തിയാൽ നാല് സി.പി.എം.അംഗങ്ങളെ പാർലിമെന്റിൽ പാർട്ടിക്കുള്ളൂ. രാധയെ ഒഴിച്ചു നിർത്തിയാൽ മറ്റ് 3 എം.പി.മാരും കോൺഗ്രസിന്റെയും സഖ്യകക്ഷികളുടേയും പിന്തുണയോടെ പാർലിമെന്റിൽ എത്തിയവരാണ്. എങ്കിലും കേരളാഘടകത്തിന്റെ കോൺഗ്രസിനോടുള്ള ശത്രുത ഹൈ ഡിഗ്രിയിലാണെന്നതാണ് കൗതുകം.

### നവ ലിബറൽ കുപ്പായവും പാർട്ടിയും

നവ ലിബറൽ സമ്പദ്വ്യവസ്ഥയെ വേളി കഴിച്ച പാർട്ടിയുടെ പുതുമണവാളൻ ടച്ച് കൊല്ലത്തെ സമ്മേളനത്തിലെന്നപോലെ മധുര പാർട്ടി കോൺഗ്രസിലും ചാനൽ കാഴ്ചകളെ മൾട്ടികളറാക്കും. ചുവപ്പാണ് താരമെങ്കിലും ചില നേതാക്കളുടെ ഉള്ളിലുള്ള പണാധിപത്യത്തിനോടും പാർലിമെന്ററി മോഹത്തോടുമുള്ള സന്ധിചെയ്യൽ വലിയൊരളവിൽ സി.പി.എമ്മിന്റെ ആടയാഭരണങ്ങൾ മാറ്റുക തന്നെ ചെയ്യും. ഭരണത്തുടർച്ച നേടിയ ആദ്യത്തെ ഇടതു മുഖ്യമന്ത്രിയെന്ന വിശേഷണം പിണറായിയിൽ അവസാനിക്കാതിരിക്കാനുള്ള കേരള സി.പി.എമ്മിന്റെ അടവു തന്ത്രങ്ങൾ ഏതായാലും ദേശീയതലത്തിൽ പാർട്ടിയെ വല്ലാതെ മാറ്റിമറിച്ചേക്കാം. നവലിബറൽ നയത്തിലേക്കുള്ള മാറ്റത്തോടൊപ്പം ഒരു വലതുപക്ഷ ചായ്വ് കൂടി തെരഞ്ഞെടുപ്പിൽ സ്വീകരിച്ചാൽ കേരള സി.പി.എം. പൂർണ്ണമായും അടിമുടി മാറ്റത്തിന് വേദിയാകാം. പാലക്കാട്ടുകാരനാണെങ്കിലും കണ്ണൂരിന്റെ മരുമകനാണ് പുതിയ ബി.ജെ.പി. പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ. അണികൾക്ക് കൂടുതൽ ഇഷ്ടമുള്ള പക്ഷത്തേയ്ക്ക് ചാഞ്ഞാൽ എന്തെന്ന ചോദ്യം മധുരയിൽ ഉയരും. ചെകുത്താന്റെ കൂട്ടുപിടിച്ചാലും വിജയിക്കണമെന്ന 'എമ്പുരാനി'ലെ ഡയലോഗ് നാം ആരും ചിന്തിക്കാത്ത രാഷ്ട്രീയ ഗൂഢ നീക്കുപോക്കുകൾക്ക് വരും കാലങ്ങളിൽ അരങ്ങൊരുക്കാം. കാരണം, ഒരു വിഭാഗത്തിന്റെ വോട്ട് ഇനി കിട്ടാനേ സാധ്യതയില്ലെന്നു വന്നാൽ, പിന്നെ വോട്ട് കിട്ടാവുന്ന മറു ചേരിയെ 'കമ്മ്യൂണിസ്റ്റ് കുട്ടിയുടുപ്പ്'ണിയിച്ച് അവതരിപ്പിക്കാനുള്ള സൈദ്ധാന്തിക മാന്ത്രിക ഫോർമുല കൈവശമുള്ള രണ്ട് പാർട്ടികളേ ഇന്ന് ഇന്ത്യയിലുള്ളൂ. അതാരാണെന്നു പറയാതെ സസ്പെൻസ് നിലനിർത്തി ഈ ആഴ്ചക്കുറിപ്പ് ഇത്തവണ അവസാനിപ്പിക്കട്ടെ.



# ബി.ജെ.പി വിരുദ്ധ രാഷ്ട്രീയം കത്തിനിൽക്കുന്ന തമിഴ്നാട്

**ഡൽഹി ഡെർബാർ**

**ഒരു ദക്ഷിണേന്ത്യൻ രാഷ്ട്രീയ ശക്തിയെന്ന നിലയ്ക്കുള്ള ഡി.എം.കെയുടെ സമീപകാല വളർച്ചയാണ് തമിഴ്നാട്ടിൽ മറ്റൊരു സഖ്യത്തിനുള്ള ബി.ജെ.പിയുടെ വെപ്രാളത്തിന് കാരണം. നരേന്ദ്രമോദി ഭരണകൂടത്തിനെതിരെ ഏറ്റവും ശക്തമായ രാഷ്ട്രീയനിലപാടെടുക്കുന്ന മുഖ്യമന്ത്രി സ്റ്റാലിനും സംസ്ഥാനം തമിഴ്നാടുമാണ്.**

തമിഴ്നാട്ടിൽ സഖ്യത്തിന്റെ ബലത്താൽ വീണ്ടും അധികാരത്തിൽ എത്താനാകില്ലെന്ന് ഡി.എം.കെയെ വെല്ലുവിളിച്ച് തമിഴക വെട്രിക്കഴകം നേതാവും നടനുമായ വിജയ് മുന്നേറുമ്പോഴും വിജയിയുടെ പാർട്ടിയെ ബി.ജെ.പി ഒരു പ്രധാന ശത്രുവായി ഇപ്പോഴും പരിഗണിക്കുന്നില്ല. എന്നുമാത്രമല്ല, പരാജയപ്പെട്ട സമീപകാല താരസംഘടനകളുടെ അവസ്ഥയിലേക്ക് തമിഴക വെട്രിക്കഴകവും പോകും എന്നാണ് ബി.ജെ.പി കരുതുന്നത്. ഡി.എം.കെയുടെ ബി ടീം ആണ് വിജയ് എന്ന അണ്ണാമലൈയുടെ പരിഹാസം ഈയൊരു കാഴ്ചപ്പാടിലൂടെയാണ് കാണേണ്ടത്.

എന്തായാലും 2026ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ആരൊക്കെ തമ്മിലായിരിക്കും പ്രധാനമത്സരം? തമിഴക വെട്രിക്കഴകവും ഡി.എം.കെയും തമ്മിലായിരിക്കുമെന്ന് വിജയ് പ്രഖ്യാപിച്ചിട്ടും ബി.ജെ.പിക്കത് വിശ്വസിക്കാനാകുന്നില്ല. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയുടെ ഇപ്പോഴത്തെ ഏറ്റവും വലിയ സ്വപ്നം തന്നെ തമിഴ്നാട് പിടിച്ചെടുക്കുക എന്നതുതന്നെയാണ്. സ്റ്റാലിനും വിജയിയും തമ്മിലുള്ള നേർക്കുനേർ പോരാട്ടത്തിൽ ആ സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള അവസാന വഴി എന്താണ്; എ.ഐ.എ.ഡി.എം.കെയുമായി വീണ്ടുമൊരു 'പ്രതീക്ഷ തീരെയില്ലാത്ത' സഖ്യം. വേണ്ടിവരുമോ..?

ഒന്നും നഷ്ടപ്പെടാനില്ലാത്ത രണ്ട് പാർട്ടികളുടെ നിഷ്ഫല സഖ്യമെന്നുമാത്രമേ ഇപ്പോഴിതിനെക്കുറിച്ച് പറയാനാകൂ. ഇപ്പോൾ തമിഴ്നാട്ടിൽ നടക്കുന്ന പല സംഭവങ്ങളും സാമൂഹിക നീതിക്കും സമത്വത്തിനും എതിരാണ്. ഇക്കാലത്ത് അംബേദ്കർ ജീവിച്ചിരുന്നുവെങ്കിൽ തല കുനിക്കുമായിരുന്നു. ഇതിന് മാറ്റമുണ്ടാകണം. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന സർക്കാർ വരണം. ജനാധിപത്യം ശക്തിപ്പെടാൻ നീതിപൂർവമായി തിരഞ്ഞെടുപ്പ് നടത്തണം.

എന്നാൽ, കേന്ദ്ര സർക്കാർ ഇതിന് തയ്യാറാകുന്നില്ല. മണിപ്പൂരിൽ അനീതി നടക്കുമ്പോൾ കേന്ദ്രം കാഴ്ച്ചക്കാരായിനിൽക്കുകയായിരുന്നു എന്നു പറയാനും വിജയ് മടിച്ചില്ല. വിജയ് രൂപംകൊടുത്ത രാഷ്ട്രീയ പാർട്ടി അടുത്ത തെരഞ്ഞെടുപ്പിലെ നിർണായക പൊളിറ്റിക്കൽ ഫാക്ടറായി മാറാൻ പോകുകയാണ്. ഒരു പ്രതിപക്ഷപാർട്ടിയുടെയും പ്രതിപക്ഷ നേതാവിന്റെയും സ്വരമാണ് ഇപ്പോൾ തന്നെ വിജയിയുടേത്.

തുടക്കത്തിൽ തന്നെ ഡി.എം.കെ വിരുദ്ധ നിലപാട് പ്രഖ്യാപിച്ച വിജയ്, നരേന്ദ്രമോദിക്കും ബി.ജെ.പിയും കേന്ദ്ര സർക്കാറിനും എതിരെ കൂടി ആക്രമണത്തിന്റെ കുന്തമുന തിരിച്ചുവെച്ചു എന്നതാണ് ശ്രദ്ധേയം. അങ്ങനെ, നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി ഏറ്റവും കരുതലോടെ കളിക്കുന്ന രാഷ്ട്രീയ പാർട്ടിയായി മാറുകയാണ് വിജയ്. എം.ജി.ആറിനും ജയലളിതക്കും ശേഷം ഒരു ചലച്ചിത്ര താരത്തിനും കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധിക്കാത്ത സംസ്ഥാന രാഷ്ട്രീയത്തിലേക്കാണ് കരിയറിന്റെ ഏറ്റവും ഉന്നതിയിൽ നിൽക്കുമ്പോൾ തന്റെ 49-ാമത്തെ വയസിൽ ജോസഫ് വിജയ് ചന്ദ്രശേഖർ എന്ന 'തലപതി വിജയ്' തമിഴക വെട്രി കഴകം എന്ന പാർട്ടിയുണ്ടാക്കി കടന്നുവരുന്നത്. മുഖ്യമന്ത്രി സ്ഥാനത്തിൽ കുറഞ്ഞതൊന്നും ലക്ഷ്യമാക്കാതെ രാഷ്ട്രീയത്തിൽപ്രവേശിച്ച വിജയ് 2026ലെ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിലും അതിന് ശേഷവും ഉദയനിധി സ്റ്റാലിൻ, സീമാൻ, കെ. അണ്ണാമലൈ തുടങ്ങിയ പുതുതലമുറ എതിരാളികളെ ആയിരിക്കും നേരിടുക. മാത്രമല്ല ജയലളിതയുടെ മരണവും എ.ഡി.എം.കെ എടപ്പാടി പളനിസാമിയുടെയും ഒ.പനീർസെൽവത്തിന്റെയും നേതൃത്വത്തിൽ രണ്ടായി പിരിഞ്ഞതും സംസ്ഥാനരാഷ്ട്രീയത്തിൽ മുഖ്യ പ്രതിപക്ഷമില്ലാത്ത അവസ്ഥയുണ്ടാക്കുന്നു. ഈ അവസരം കൈമുതലാക്കി ഒരു രാഷ്ട്രീയ ബദൽആവാൻ ബി.ജെ.പി ശ്രമിക്കുന്ന അവസരത്തിലാണ് വിജയുടെ കടന്നു വരവ്.



യൂണിയൻ സർക്കാറിനെതിരായി തമിഴ്നാട്ടിൽ നിലനിൽക്കുന്ന ശക്തമായ വികാരത്തെയും തമിഴ് സ്വത്വം ഉയർത്തിപ്പിടിച്ചുള്ള പോരാട്ടങ്ങളെയും സ്വന്തമാക്കാൻ ഡി.എം.കെ.യും മുഖ്യമന്ത്രി സ്റ്റാലിനും നടത്തുന്ന രാഷ്ട്രീയ നീക്കങ്ങളെ വിജയ് സമർത്ഥമായി നേരിടുന്നുണ്ട്. അത് തിരിച്ചറിഞ്ഞാണ്, മുഖ്യശത്രുവായ ഡി.എം.കെയ്ക്ക് ഒപ്പം ബി.ജെ.പിയെയും നരേന്ദ്രമോദിയെയും വിജയ് ലക്ഷ്യം വെക്കുന്നത്. മാത്രമല്ല, കേന്ദ്രത്തിനോളം ഫാസിസ്റ്റാണ് ഡി.എം.കെ സർക്കാറും എന്ന വിജയിയുടെ ആക്രമണം തമിഴ്നാട് രാഷ്ട്രീയത്തെ നിർണായകമായി സ്വാധീനിക്കാൻ പോന്ന ഒന്നാണ്.

ഹിന്ദി അടിച്ചേൽപ്പിക്കൽ, മണ്ഡല പുനർനിർണയം, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് തുടങ്ങിയ കേന്ദ്ര നയങ്ങളെയെല്ലാം വിജയ് ആക്രമിക്കുന്നു:

“മി. പ്രൈം മിനിസ്റ്റർ, തമിഴ്നാടിനെ വളരെ ശ്രദ്ധാപൂർവം വേണം കൈകാര്യം ചെയ്യാൻ. ഞങ്ങൾ വിഭജനശക്തികൾക്ക് എതിരാണ്, സാഹോദര്യത്തിനും സാമൂഹിക നീതിക്കും സാമുദായിക മൈത്രിക്കും വേണ്ടി നിലകൊള്ളുന്നവരാണ്” മോദിയോട് പറയുന്നു.

'മുത്തുവേൽ കരുണാനിധി സ്റ്റാലിൻ' എന്ന മുഴുവൻ പേരും പറഞ്ഞ് സ്റ്റാലിനെ അഭിസംബോധന ചെയ്യുന്ന വിജയ്, ഡി.എം.കെയിലെ കുടുംബാധിപത്യത്തെയാണ് പ്രധാനമായും പ്രതിക്കൂട്ടിലാക്കുന്നത്. 'പാരമ്പര്യവാഴ്ചയുടെ ബഹുമാന്യനായ മുഖ്യമന്ത്രി' എന്നാണ് ജനറൽ കൗൺസിൽ യോഗത്തിൽ വിജയ് സ്റ്റാലിനെ വിശേഷിപ്പിച്ചത്. സംസ്ഥാനത്ത് ഒരു കുടുംബത്തിനുമാത്രമാണ് രാഷ്ട്രീയമായി നേട്ടമുള്ളത് എന്നും വിജയ് പറയുന്നു. 'നിങ്ങൾ ഒരു മന്ദമാരുതനെ തടയാൻ ശ്രമിച്ചാൽ അത് കൊടുങ്കാറ്റായി മാറും' എന്നാണ് സ്റ്റാലിനുള്ള മുന്നറിയിപ്പ്. ഏകനാപുരം ഗ്രാമത്തിൽ വിമാനത്താവള പദ്ധതിക്കെതിരായ സമരത്തെ അഭിസംബോധന ചെയ്യാനെത്തിയ തന്നെ അധികൃതർ തടഞ്ഞത് ചൂണ്ടിക്കാട്ടിയായിരുന്നു പരാമർശം.

വിജയ്യുടെ പാർട്ടി പരിപാടികൾക്കെത്തുന്നത് പ്രധാനമായും ഫാൻ സംഘങ്ങളാണെങ്കിലും സംസ്ഥാനത്തെ നിർണായക വോട്ടുബാങ്കുകളെ ഒപ്പം നിർത്താനുള്ള നീക്കങ്ങളും വിജയ് സമാന്തരമായി നടത്തുന്നുണ്ട്. വെള്ളിയാഴ്ച നടന്ന പാർട്ടിയുടെ ആദ്യ ജനറൽ കൗൺസിൽ യോഗത്തിൽ, വഖഫ് ബിൽ പിൻവലിക്കാൻ കേന്ദ്രത്തോട് വിജയ് ശക്തമായ ഭാഷയിലാണ് ആവശ്യപ്പെട്ടത്. ഈ ബിൽ മുസ്ലിംകളുടെ അവകാശങ്ങളെ ഹനിക്കുമെന്നും അദ്ദേഹം പറയുന്നു.

നിയമസഭാ തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്കു മത്സരിച്ച് ശക്തി തെളിയിക്കുക എന്നതായിരിക്കും വിജയ്യുടെ ലക്ഷ്യം. അതിനായി, മുസ്ലിം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെയും മറ്റു സാമുദായിക വിഭാഗങ്ങളെയും ഉന്നമിടുന്നു. അധികാരത്തിലിരിക്കുന്നതിനാൽ ഡി.എം.കെയാണ് വിജയിയുടെ ഇപ്പോഴത്തെ മുഖ്യശത്രു. സംസ്ഥാന രാഷ്ട്രീയത്തിലെ നിർണായക വിലപേശൽ ശക്തിയാകുകയാണ് ലക്ഷ്യം. നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ഡി.എം.കെയെ അധികാരത്തിൽനിന്നിറക്കാനുള്ള ഒരു ഒത്തുതീർപ്പ് ഫോർമുല രൂപപ്പെട്ടാൽ, അതിലെ പ്രബല ശക്തിയാകാനാണ് വിജയിയുടെ മത്സരം.

അതേസമയം, തനിക്കുമുന്നിലുള്ളത് തീർത്തും പരാജയപ്പെട്ട രണ്ട് താരമോഡലുകളാണ് വിജയ്കാന്ത്, കമൽ ഹാസൻ എന്ന യാഥാർത്ഥ്യവും വിജയ് തിരിച്ചറിയുന്നുണ്ട്. ഡി.എം.കെയ്ക്കും എ.ഐ.എ.ഡി.എം.കെയ്ക്കും, ദ്രവീഡിയൻ രാഷ്ട്രീയത്തിലൂന്നിയുള്ള ബദൽ എന്ന സാധ്യതയിലേക്ക് എത്താൻ കഴിയാതിരുന്നതാണ് വിജയ് കാന്തിനും കമലഹാസനും തിരിച്ചടിയായത്. വിജയ് ആകട്ടെ, ഡി.എം.കെയ്ക്ക് ഒരു ബദൽ എന്ന നിലയിലാണ് മുന്നോട്ടു പോകുന്നത്; ഡി.എം.കെക്കൊപ്പം ബി.ജെ.പിയെയും യൂണിയൻ സർക്കാറിനെയും ഒരേ ത്രാസിൽ തൂക്കിക്കൊണ്ട്. തമിഴ്നാട്ടിൽ ഇന്ന് ഏറ്റവും വിലപ്പോകുന്നത് കേന്ദ്ര സർക്കാറിനും ബി.ജെ.പിക്കും എതിരായ രാഷ്ട്രീയമാണെന്ന് സ്റ്റാലിനോളം വിജയിയും മനസ്സിലാക്കുന്നുണ്ട്. ഒരു ദക്ഷിണേന്ത്യൻ രാഷ്ട്രീയ ശക്തിയെന്ന നിലയ്ക്കുള്ള ഡി.എം.കെയുടെ സമീപകാല വളർച്ചയാണ് തമിഴ്നാട്ടിൽ മറ്റൊരു സഖ്യത്തിനുള്ള ബി.ജെ.പിയുടെ വെപ്രാളത്തിന് കാരണം. നരേന്ദ്രമോദി ഭരണകൂടത്തിനെതിരെ ഏറ്റവും ശക്തമായ രാഷ്ട്രീയനിലപാടെടുക്കുന്ന മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും സംസ്ഥാനം തമിഴ്നാടുമാണ്. മാത്രമല്ല, യൂണിയൻ സർക്കാറിനെതിരായ തമിഴ്നാടിന്റെ ഓരോ നീക്കവും മറ്റു പ്രതിപക്ഷ സംസ്ഥാനങ്ങളെ ഒപ്പം നിർത്തിക്കൊണ്ടാണ് എന്നതും ബി.ജെ.പിയെ അസ്വസ്ഥമാക്കുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ തമിഴ്നാട് നയിക്കുന്ന സമരത്തിൽ പ്രതിപക്ഷ മുഖ്യമന്ത്രിമാർ ഒപ്പമുണ്ടായിരുന്നു. ശരിക്കുപറഞ്ഞാൽ, ദ്രാവിഡ പാർട്ടികളുമായുള്ള സഖ്യം ബി.ജെ.പിയെ സംബന്ധിച്ച് നഷ്ടക്കച്ചവടമായിരുന്നു എന്നും. ബി.ജെ.പിയെ സംസ്ഥാനത്ത് സ്വന്തം കാലിൽനിർത്താനാകുമെന്ന ആത്മവിശ്വാസം പ്രസിഡന്റ് കെ. അണ്ണാമലൈയ്ക്കുണ്ടെങ്കിലും, ദേശീയനേതൃത്വത്തിന് അത്ര വിശ്വാസം പോരാ. അതുകൊണ്ടാണ് കിട്ടാവുന്ന നേതാക്കളെയും പാർട്ടി ഘടകങ്ങളെയും ബി.ജെ.പി അരിച്ചുപെറുക്കുന്നത്.

ഡി.എം.കെ ഭരണതലത്തിൽ മാത്രമല്ല സംഘടനാപരമായും ശക്തമായ നിലയിലാണ്. സ്റ്റാലിനെതിരെ ഒരു എതിർശബ്ദം പോലും പാർട്ടിയിലില്ല.

2026ൽ പിടിച്ചുനിൽക്കാനായില്ലെങ്കിൽസമ്പൂർണ തകർച്ചയായിരിക്കും ഫലമെന്ന് പാർട്ടി തിരിച്ചറിയുന്നു. 2023ലാണ് എ.ഐ.എ.ഡി.എം.കെ ബി.ജെ.പിയുമായുള്ള സഖ്യം ഉപേക്ഷിച്ചത്. അതിനുശേഷം ഡി.എം.കെയ്ക്കുണ്ടായ സ്വാധീനമാണ് വീണ്ടുമൊരു സഖ്യത്തിന് പാർട്ടിയെ പ്രേരിപ്പിച്ചത്. 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 234 സീറ്റിൽ ഡി.എം.കെ 133 സീറ്റാണ് നേടിയത്. എ.ഐ.എ.ഡി.എം.കെ സഖ്യം 66 സീറ്റിൽ ഒതുങ്ങി. ബി.ജെ.പി നാലും പി.എം.കെ അഞ്ചും സീറ്റ് നേടി. തമിഴ്നാട്ടിൽ രൂപപ്പെട്ടുവരുന്ന പുതിയ രാഷ്ട്രീയ സമവാക്യങ്ങളും ബി.ജെ.പിയെ ആശങ്കയിലാക്കാൻ പോന്നതാണ്. എല്ലാ നിലയ്ക്കും ബി.ജെ.പി വിരുദ്ധ രാഷ്ട്രീയം കത്തിനിൽക്കുകയാണ് തമിഴ്നാട്ടിൽ

*എമ എൽസ എൽവിൻ*

# ലോകം മറ്റൊരു യുദ്ധത്തിലേക്കോ?

ആണവ കരാറുമായി ബന്ധപ്പെട്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉയർത്തിയ ബോംബ് ഭീഷണിക്ക് ഇറാനും തിരിച്ച് ഭീഷണിമുഴക്കിയിരിക്കുകയാണ്. ആവശ്യമെങ്കിൽ യുഎസുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ആക്രമിക്കാൻ ഇറാൻ ഭൂഗർഭ മിസൈൽ ആയുധശേഖരം തയ്യാറാക്കുന്നുണ്ടെന്ന് സർക്കാർ നിയന്ത്രിത മാധ്യമമായ ടെഹ്റാൻ ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. ആണവ കരാർ അംഗീകരിക്കാൻ ടെഹ്റാൻ വിസമ്മതിച്ചാൽ ഇറാനിൽ ബോംബിടും എന്ന് ട്രംപ് ഭീഷണി മുഴക്കിയതിന് പിന്നാലെആയിരുന്നു ഇത്.

ട്രംപിന്റെ ഭീഷണിയെത്തുടർന്ന് വ്യോമാക്രമണങ്ങളെ ചെറുക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന രാജ്യത്തുടനീളമുള്ള ഭൂഗർഭ സൗകര്യങ്ങളിൽ ഇറാൻ തങ്ങളുടെ മിസൈലുകൾ റെഡിടുലോഞ്ച് മോഡിൽ സ്ഥാപിച്ചിട്ടുണ്ടെന്നാണ് ടെഹ്റാൻ ടൈംസ് റിപ്പോർട്ടിൽ പറയുന്നത്. യുഎസിൽനിന്നുള്ളഭീഷണികൾകൂടുതൽ ശക്തമായതോടെ ഇറാൻ അടുത്തിടെ പുറത്തിറക്കിയ ഒരു വീഡിയോയിൽ അവരുടെ ഭൂഗർഭ മിസൈൽ സൗകര്യം വെളിപ്പെടുത്തിയിരുന്നു.

ഇറാന്റെ റെവല്യൂഷണറി ഗാർഡ്സ് ഇതിനെ 'മിസൈൽ നഗരം' എന്നാണ് വിശേഷിപ്പിക്കുന്നത്. 85 സെക്കൻഡ് ദൈർഘ്യമുള്ള ഈ ക്ലിപ്പിൽ ഇറാന്റെ നൂതന ആയുധങ്ങളും സൈനികർ നിലത്ത് വരച്ച ഇസ്രായേലി പതാകയിൽ ചവിട്ടുന്നതും ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം എൻബിസി ന്യൂസിന് നൽകിയ അഭിമുഖത്തിൽ ആയിരുന്നു ആണവ കരാർ സംബന്ധിച്ച് ട്രംപ് ഇറാന് അന്ത്യശാസനം നൽകിയത്.

'അവർ ഒരു കരാറിൽ എത്തിയില്ലെങ്കിൽ ഒരു ബോംബിംഗ് ഉണ്ടാകും. അവർ ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ബോംബിംഗ് ആയിരിക്കും അത്. മാത്രമല്ല ഇറാനെ ദ്വിതീയ താരിഫുകൾ ഉപയോഗിച്ച് സമ്മർദ്ദത്തിലാക്കുകയും ചെയ്യും,' എന്നായിരുന്നു ട്രംപിന്റെ മുന്നറിയിപ്പ്.



ഇറാന്റെ ആണവപദ്ധതി പൊളിച്ചുമാറ്റണമെന്ന ആവശ്യം വാഷിംഗ്ടണിൽ നിന്ന് ശക്തമായി ഉയരുന്നുണ്ട്. എന്നാൽ യുഎസുമായി നേരിട്ട് ചർച്ചയ്ക്കില്ല എന്നും പരോക്ഷ ചർച്ചകൾ പരിഗണിക്കാം എന്നുമാണ് ഇറാന്റെ നിലപാട്. തങ്ങൾ ചർച്ചകൾ ഒഴിവാക്കുന്നില്ല. ഇതുവരെ തങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചത് വാഗ്ദാനങ്ങളുടെ ലംഘനമാണ്. അവർക്ക് വിശ്വാസം വളർത്തിയെടുക്കാൻ കഴിയുമെന്ന് അവർ തെളിയിക്കണം. ഒരു ടെലിവിഷൻ പ്രസംഗത്തിനിടെ ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയൻ പറഞ്ഞു. കരാർ അംഗീകരിക്കാൻ വിസമ്മതിച്ചാൽ ഇറാൻ മോശം പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് മുന്നറിയിപ്പ് നൽകിയത്.

# രാജസ്ഥാൻ റോയൽസിന് ആശ്വാസവാർത്ത; സഞ്ജുവിന് ഫിറ്റ്നസ് ക്ലിയറൻസ്



ഐപിഎല്ലിന്റെ പതിനെട്ടാം സീസണിൽ രാജസ്ഥാൻ റോയൽസിന് ആശ്വാസവാർത്ത. മലയാളി താരവും നായകനുമായ സഞ്ജു സാംസൺ അടുത്ത മത്സരം മുതൽ വിക്കറ്റ് കീപ്പിങ് ചെയ്യാനുള്ള അനുമതി ബിസിസിഐയുടെ സെന്റർ ഫോർ എക്സലൻസ് നൽകി എന്ന റിപ്പോർട്ട് ആണ് ഇപ്പോൾ പുറത്തു വരുന്നത്.ഇതോടെ നായകസ്ഥാനത്തേക്കും സഞ്ജുവിന് മടങ്ങി വരാൻ കഴിയും എന്നാണ് പുറത്തു വരുന്ന വിവരം. വിരലിന് പരുക്കേറ്റതിനെ തുടർന്ന് രാജസ്ഥാന്റെ ആദ്യ മൂന്ന് മത്സരങ്ങളിലും സഞ്ജു ഇംപാക്ട് പ്ലെയറായാണ് ഗ്രൗണ്ടിൽ എത്തിയത്. സഞ്ജുവിന്റെ അഭാവത്തിൽ യുവതാരം റിയാൻ പരാഗായിരുന്നു ടീമിനെ നയിച്ചത്. വിക്കറ്റ് കീപ്പർ റോളിൽ ദ്രുവ് ജൂറലുമായിരുന്നു രാജസ്ഥാനായി കളിച്ചത്. അതേസമയം നാഷണൽ ക്രിക്കറ്റ് അക്കാദമിയിലെത്തി സഞ്ജു കായിക ക്ഷമത തെളിയിച്ചതായാണ് ബിസിസിഐ വൃത്തങ്ങളെ ഉദ്ധരിച്ചുകൊണ്ട് പുറത്തു വരുന്ന റിപ്പോർട്ട്. രാജസ്ഥാന്റെ അടുത്ത മത്സരം മികച്ച ഫോമിലുള്ള പഞ്ചാബ് കിങ്സുമായാണ്. സഞ്ജുവിന്റെ സാന്നിധ്യം രാജസ്ഥാന്റെ ആത്മവിശ്വാസം വർധിപ്പിക്കും എന്ന് തന്നെയാണ് ആരാധകരുടെ പ്രതീക്ഷ.

# കോപാ ഡെൽ റേ ഫൈനലിൽ പ്രവേശിച്ചു റയൽ മാഡ്രിഡ്




റയൽ മാഡ്രിഡ് കോപാ ഡെൽ റേ ഫൈനലിൽ പ്രവേശിച്ചു. കോപാ ഡെൽ റേ സെമിഫൈനൽ രണ്ടാം പാദത്തിൽ, ആദ്യ മത്സരത്തിൽ 1-0 തോറ്റ റയൽ സൊസിഡാഡ് ആന്ദർ ബാരനെറ്റ്സിയയുടെ ഗോളിലൂടെ ആണ് ലീഡ് നേടിയത്. എന്നാൽ റയൽ മാഡ്രിഡിന് വേണ്ടി എന്ദ്രിക്കിന്റെ മനോഹരമായ ചിപ്പ് ഗോൾ സമനില നേടാൻ സഹായകമായി.ഡേവിഡ് ആലബയുടെ സെൽഫ് ഗോളും മൈക്കേൽ ഓയാർസബാലിന്റെ ഡിഫ്ലക്റ്റഡ് ഷോട്ടും റയൽ സൊസിഡാഡിന് 3-1 ലീഡ് നേടാൻ സഹായകമായി. എന്നാൽ  ജൂഡ് ബെല്ലിംഗ്ഹാം, ഓറേലിയൻ ചുവാമേനി ഗോളുകളിലൂടെ റയൽ മാഡ്രിഡ് തിരിച്ചുവരവ് നടത്തി.എന്നാൽ അവസാന നിമിഷങ്ങളിൽ ഓയാർസബാൽ തന്റെ രണ്ടാം ഗോൾ നേടി മത്സരം അധികസമയത്തിലേക്ക് എത്തിച്ചു. പക്ഷേ പെനാൽറ്റികളിലേക്ക് കളി നീട്ടാൻ റയൽ സൊസിഡാഡിന് സാധിച്ചില്ല. അവസാന നിമിഷങ്ങളിൽ റുഡിഗറിന്റെ ഹെഡർ റയൽ മാഡ്രിഡിനെ ഫൈനലിലേക്ക് എത്തിച്ചു. 115-ആം മിനിറ്റിൽ റുഡിഗറിന്റെ ഹെഡർ ഗോളിലൂടെ റയൽ മാഡ്രിഡ് വിജയിച്ചു.

# കോടതി വിചാരണ നേരിടാൻ ഒരുങ്ങി റയൽ മാഡ്രിഡ് കോച്ച് കാർലോ അൻചലോട്ടി



റയൽ മാഡ്രിഡ് പരിശീലകൻ കാർലോ അൻചലോട്ടി കോടതി വിചാരണ നേരിടാൻ പോകുന്നതായി റിപ്പോർട്ട്. നികുതി ചട്ടലംഘനം നടത്തിയെന്ന കേസിൽ ആണ് അദ്ദേഹം കോടതി വിചാരണ നേരിടാൻ പോകുന്നത് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. അൻചലോട്ടി 2014-2015 കാലഘട്ടത്തിൽ നിർദ്ദിഷ്ടമായ നികുതി അടച്ചില്ല എന്നാണ് സ്പാനിഷ് നികുതി അധികാരികൾ ആരോപിക്കുന്നത്.അതേസമയം ഈ കേസ് റയൽ മാഡ്രിഡിന്റെ ചാമ്പ്യൻസ് ലീഗ്, ലാലിഗ പോരാട്ടങ്ങളെ ബാധിക്കുമോ എന്നതാണ് ആരാധകരുടെ പ്രധാന ആശങ്ക. എന്നാൽ അൻചലോട്ടി വിഷയത്തിൽ ഇതുവരെ ഔദ്യോഗിക പ്രതികരണം നൽകിയിട്ടില്ല.കാർലോ അൻചലോട്ടി 2013-2015 കാലഘട്ടത്തിൽ മാഡ്രിഡ് കോച്ചായിരുന്നപ്പോൾ ഇമേജ് റൈറ്റ് വരുമാനത്തിൽ നിന്ന് 1 മില്യൺ ($1.08 മില്യൺ) നികുതി അടച്ചില്ല എന്നതാണ് ആരോപണം. അൻചലോട്ടിക്കെതിരെ നാല് വർഷവും ഒമ്പത് മാസവും തടവുശിക്ഷയും 3.2 മില്യൺ പിഴയും ആണ് പ്രോസിക്യൂഷൻ ആവശ്യപ്പെടുന്നത്. 2014, 2015 വർഷങ്ങളിൽ റയൽ മാഡ്രിഡ് ശമ്പളം മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്നും, ഇമേജ് റൈറ്റ് വരുമാനം മറച്ചുവച്ചതാണെന്നുമാണ് പ്രധാന ആരോപണം. ഷെൽ കമ്പനികൾ ഉപയോഗിച്ച് യഥാർത്ഥ വരുമാനം മറച്ചുവച്ചെന്നാണ് പ്രോസിക്യൂഷൻ ആരോപിക്കുന്നത്.അതേസമയം 'ന്യായവ്യവസ്ഥയിൽ എനിക്ക് വിശ്വാസമുണ്ട്' എന്ന് മാധ്യമങ്ങളോട് പറഞ്ഞ ശേഷം ആണ് അൻചലോട്ടി കോടതിയിലേക്ക് പ്രവേശിച്ചത്. മൂന്ന് ദിവസത്തേക്ക് മാഡ്രിഡ് കോടതിയിൽ വിചാരണ നടക്കും. അതേസമയം, പ്രോസിക്യൂഷനും അൻചലോട്ടിയും കേസിന് മുമ്പോ, വിചാരണയ്ക്കിടയിലോ ഒരു ധാരണയിലെത്താൻ സാധ്യതയുണ്ട് എന്നും റിപ്പോർട്ടുകൾ പുറത്തു വരുന്നുണ്ട്.



## 15 വർഷമായി പകരം വയ്ക്കാനില്ലാത്ത താരം;

# ഇന്ത്യൻ കുപ്പായം അഴിച്ച് ഹോക്കി ഇതിഹാസം വന്ദന

ന്യൂഡൽഹി: ഇന്ത്യൻ വനിത ഹോക്കിയിലെ ഇതിഹാസ താരം വന്ദന കതാരിയ വിരമിക്കൽ പ്രഖ്യാപിച്ചു. 15 വർഷമായി ഇന്ത്യൻ മുന്നേറ്റ നിരയിലെ പകരം വയ്ക്കാനില്ലാത്ത താരമായിരുന്നു വന്ദന ഇന്ത്യക്കായി ഏറ്റവും കൂടുതൽ മത്സരം കളിച്ച വനിതാ താരവുമാണ്. 320 തവണ ഇന്ത്യൻ കുപ്പായം അണിഞ്ഞ താരം 158 തവണ എതിർവല കുലക്കി. 32-കാരി സോഷ്യൽ മീഡിയ പോസ്റ്റിലൂടെയാണ് വിരമിക്കൽ പ്രഖ്യാപിച്ചത്.

സഹതാരങ്ങൾക്കും പരിശീലകർക്കും ആരാധകർക്കും നന്ദി പറഞ്ഞുകൊണ്ട് ഒരു വൈകാരിക കുറിപ്പാണ് അവർ പങ്കുവച്ചിരിക്കുന്നത്. എന്താണ് പറയേണ്ടതെന്ന് അറിയില്ലെന്നും വാക്കിലും ചിന്തയിലും ഈ നിമിഷം വെറും ശൂന്യതയാണ് അനുഭവപ്പെടുന്നതെന്നും അവർ വ്യക്തമാക്കി.2016,23 എന്നീ വർഷങ്ങളിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിലും 2022 നേഷൻസ് കപ്പിലും ഇന്ത്യക്കായി സ്വർണം.

2018 ഏഷ്യൻ ഗെയിംസിലും 2013, 2018 ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിലും വെള്ളി. 2022 കോമൺവെൽത്ത് ഗെയിംസിലും 2014, 2022 ഏഷ്യൻ ഗെയിംസിലും വെങ്കലം, ടോക്കിയോ ഒളിമ്പിക്സിൽ ചരിത്രപരമായ നാലാം സ്ഥാനം നേടിയതിന് പുറമേ, അവർക്ക് അർജുന അവാർഡും (2021) പത്മശ്രീയും (2022) ലഭിച്ചു, 2014 ൽ ഹോക്കി ഇന്ത്യ പ്ലെയർ ഓഫ് ദി ഇയർ, ഫോർവേഡ് ഓഫ് ദി ഇയർ (2021, 2022) എന്നിവയായി തിരഞ്ഞെടുക്കപ്പെട്ടു.2013 ൽ ഇന്ത്യൻ വനിതകൾ ആദ്യമായി ജൂനിയർ വേൾഡ് കപ്പിൽ മെഡൽ(വെങ്കലം) നേടിയപ്പോൾ വന്ദനയായിരുന്നു ടീമിന്റെ ടോപ് സ്കോറർ. അവിടുന്നാണ് ഇതിഹാസത്തിലേക്കുള്ള യാത്ര വന്ദന ആരംഭിക്കുന്നത്.


# ഐപിഎൽ മത്സരത്തിനിടെ വിരാട് കോഹ്‌ലിയുടെ വിരലിന് പരുക്ക്; ആശങ്കയിൽ ആരാധകർ



ഡൽഹി: ഐപിഎൽ RCB vs GT മത്സരത്തിൽ വിരാട് കോഹ്‌ലിക്ക് പരിക്ക്. താരത്തിന് പരിക്ക് ഏറ്റതോടെ ആരാധകർ ആശങ്കയിലായി. ഫീൽഡിംഗിനിടെയാണ് കോഹ്‌ലിയുടെ വിരലിന് പരിക്കേറ്റത്. ഗുജറാത്ത് ടൈറ്റൻസ് ചേസിന്റെ 12-ാം ഓവറിൽ, കൃണാൽ പാണ്ഡ്യയുടെ ഒരു ഡെലിവറി സായ് സുധർശൻ ശക്തമായി സ്വീപ്പ് ചെയ്യുകയായിരുന്നു. ഇത് തടയാൻ ശ്രമിച്ച കോഹ്‌ലിയുടെ കൈയിൽ അപ്രതീക്ഷിതമായി സ്കിഡ് ചെയ്ത ബോൾ തട്ടുകയായിരുന്നു. പന്ത് ബൗണ്ടറിയിലേക്ക് തെന്നിമാറിയപ്പോൾ, കോഹ്‌ലിയുടെ വലതുകൈയിൽ പരുക്കേൽക്കുകയും അദ്ദേഹം കൈ പിടിച്ചുപിടിച്ച് വേദനയോടെ ഇരിക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു. RCB യുടെ മെഡിക്കൽ ടീം ഉടൻതന്നെ ഗ്രൗണ്ടിലെത്തുകയും, പ്രാഥമിക പരിശോധനയ്ക്ക് ശേഷം കോഹ്‌ലി കളിയിൽ  തുടരുകയും ചെയ്തു.എന്നാൽ അദ്ദേഹത്തിന്റെ വിരലിൽ ഇപ്പോഴും ബുദ്ധിമുട്ട് ഉണ്ട് എന്നാണ് പുറത്തു വരുന്ന വിവരം. പരിക്ക് വലിയതല്ലെന്നാണ് റിപ്പോർട്ടുകൾ, പക്ഷേ ഇത് ടൂർണമെന്റിന്റെ ബാക്കിയുള്ള മത്സരങ്ങളിലെ പ്രകടനത്തെ ബാധിക്കുമോ എന്ന ആശങ്ക ആരാധകരിലുണ്ട്.RCBയുടെ ഇന്നിംഗ്സിന് മോശം തുടക്കമായിരുന്നു എന്നതും ആരാധകരെ ആശങ്കയിൽ ആക്കിയിട്ടുണ്ട്. ആദ്യം ബാറ്റ് ചെയ്ത ഞഇആ 6.2 ഓവറിൽ 42/4 എന്ന നിലയിലേക്കു തകർന്നു. കോഹ്‌ലി 6 പന്തിൽ 7 റൺസ് മാത്രം ആണ് നേടിയത്, തുടർന്ന് അർഷദ് ഖാന്റെ പന്തിൽ പുറത്തായി. മൊഹമ്മദ് സിറാജ് (3/19) മികച്ച പ്രകടനം കാഴ്ചവെച്ച് RCB-യുടെ ടോപ്പ് ഓർഡറിനെ തകർത്തു.എന്നിരുന്നാലും, ലിയാം ലിവിംഗ്സ്ടൺ (54), ജിതേഷ് ശർമ (33), ടിം ഡേവിഡ് (32) എന്നിവരുടെ മികച്ച ഫിനിഷിംഗിന് RCB 169/8 എന്ന മത്സരം ആഘോഷിക്കാവുന്ന സ്കോറിലെത്തി. ലിവിംഗ്സ്ടൺ ഒരു ഓവറിൽ മൂന്ന് സിക്സറുകൾ അടിച്ച് ടീമിനെ ഉയർത്തി.അതേസമയം ഞഇആ ഇതിനകം തന്നെ ഒരുപിടി തോൽവികളുമായി  മോശം സീസൺ നേരിട്ടു കൊണ്ടിരിക്കുകയാണ്. അതിനിടയിൽ കോഹ്‌ലിയുടെ പരിക്ക് ടീമിന് വലിയ തിരിച്ചടിയാകാം. താരത്തിന്റെ ഫോമും ഫിറ്റ്നസ്സും ടീമിന്റെ വിജയത്തിന് നിർണായകമാണ്, അതിനാൽ ആരാധകർ പരിക്ക് ഗുരുതരമാണോ എന്നറിയാൻ കാത്തിരിക്കുകയാണ്.

# മറഡോണയുടെ ഹൃദയത്തിന് അര കിലോയിലേറെ ഭാരം! ചികിൽസാ പിഴവെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്

ബ്യൂണസ് അയേഴ്സ്: മരണ സമയത്ത് അർജന്റീന ഫുട്ബോൾ ഇതിഹാസം ഡീഗോ മറഡോണയുടെ ഹൃദയത്തിന് അസാധാരണമാം വിധം വലിപ്പമുണ്ടായിരുന്നെന്ന് അദ്ദേഹത്തിന്റെ പോസ്റ്റ്മോർട്ടത്തിൽ ഉൾപ്പെട്ട വിദഗ്ധർ കോടതിയെ അറിയിച്ചു. അദ്ദേഹത്തിന് ലിവർ സിറോസിസ് ബാധിച്ചിരുന്നുവെന്നും ഫോറൻസിക് വിദഗ്ധൻ അലക്സാൻഡ്രോ എസകെൽ അതിവേഗ കോടതിയെ അറിയിച്ചു. എന്നാൽ മരണസമയത്ത് ശരീരത്തിൽ മദ്യത്തിന്റെയോ മയക്കുമരുന്നിന്റെയോ അംശം കണ്ടെത്തിയില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഫുട്ബോൾ ഇതിഹാസത്തിന്റെ അസ്വാഭാവിക മരണത്തിൽ ചികിൽസിച്ചിരുന്ന വൈദ്യസംഘത്തിന് ഗുരുതരമായ പിഴവ് പറ്റിയെന്നും അനാസ്ഥ ഉണ്ടായെന്നുമുള്ള കേസാണ് കോടതി പരിഗണിക്കുന്നത്. മറഡോണയുടെ ഹൃദയത്തിന് ഏകദേശം 503 ഗ്രാം ഭാരമുണ്ടായിരുന്നുവെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ശരാശരി മനുഷ്യന്റെ ഹൃദയത്തിന്റെ തൂക്കം 250 മുതൽ 300 ഗ്രാം വരെയാണ്.  തലയോട്ടിക്കും തലച്ചോറിനും ഇടയിൽ ഉണ്ടായ ഹെമറ്റോമയ്ക്ക് ശസ്ത്രക്രിയയ്ക്ക് വിധേയനായി ഏതാനും ദിവസങ്ങൾക്ക് ശേഷം, ബ്യൂണസ് ഐറിസിലെ ഒരു വസതിയിൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ 2020 നവംബർ 25 ന് 60 ാം വയസ്സിലാണ് മറഡോണ അന്തരിച്ചത്. ഹൃദയസ്തംഭനം മൂലമുണ്ടായ ശ്വാസകോശത്തിൽ ദ്രാവകം അടിഞ്ഞുകൂടുന്ന രോഗാവസ്ഥ മൂലമാണ് മറഡോണ മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടത്തിലെ നിഗമനം.മരണത്തിന് 12 മണിക്കൂർ മുന്നേ മറഡോണ കടുത്ത ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ചെന്ന് എസകെൽ പറയുന്നു. ദിവസങ്ങൾക്കു മുമ്പേ തന്നെ ഡോക്ടർമാർക്ക് അദ്ദേഹത്തിന്റെ അസുഖം തിരിച്ചറിഞ്ഞ് ചികിൽസ നൽകാനാവുമായിരുന്നെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.മറഡോണയുടെ മരണം കുറ്റകരമായ മെഡിക്കൽ അനാസ്ഥ മൂലമാണെന്ന ആരോപണം നേരിടുന്നത് അദ്ദേഹത്തിന്റെ സ്വകാര്യ ഫിസിഷ്യനായ ലിയോപോൾഡോ ലൂക്കടക്കം ഏഴ് പേരാണ്. ഒരു ന്യൂറോ സർജൻ, ഒരു സൈക്യാട്രിസ്റ്റ്, ഒരു സൈക്കോളജിസ്റ്റ്, ഡോക്ടർമാർ, നഴ്സുമാർ എന്നിവരെയാണ് കേസിൽ പ്രതിചേർത്തിരിക്കുന്നത്. മതിയായ പരിചരണം നൽകുന്നതിൽ ഇവർ പരാജയപ്പെട്ടുവെന്നും അത് അദ്ദേഹത്തിന്റെ മരണത്തിലേക്ക് നയിച്ചിരിക്കാമെന്നും പ്രോസിക്യൂഷൻ വാദിച്ചു.




# 'കാര്യങ്ങൾ മാറി'; മുംബൈ ഇന്ത്യൻസിലെ പുതിയ റോളിനെ കുറിച്ച് രോഹിത് ശർമ്മ



മുംബൈ ഇന്ത്യൻസിലെ പുതിയ റോളിനെ കുറിച്ച് പ്രതികരണവുമായി രോഹിത് ശർമ്മ. ഐപിഎൽ ചരിത്രത്തിലെ ഏറ്റവും മികച്ച താരങ്ങളിലൊരാളായ രോഹിത് ശർമ്മ, ഈ സീസണിൽ ക്യാപ്റ്റൻ സ്ഥാനത്ത് നിന്നും മാറി നിന്ന് ആണ് കളിക്കുന്നത്. രണ്ട് വർഷം മുമ്പ് ഹാർദിക് പാണ്ഡ്യയെ മുംബൈയുടെ ക്യാപ്റ്റനാക്കിയതോടെ ആണ് രോഹിത് ലീഡർഷിപ്പ് റോളുകളിൽ നിന്നു ഒഴിഞ്ഞത്. ടീമിന്റെ വൈസ്-ക്യാപ്റ്റൻ പദവിയും സൂര്യകുമാർ യാദവിനാണ് ലഭിച്ചത്. അതേസമയം 'കാര്യങ്ങൾ മാറി, ഞാൻ ക്യാപ്റ്റൻ ആയിരുന്നു, ഇപ്പോൾ അതല്ല' എന്നാണ് രോഹിത് ഒരു അഭിമുഖത്തിൽ പ്രതികരിച്ചത്. എന്നാൽ തന്റെ ലക്ഷ്യം എപ്പോഴും ടീമിന് വേണ്ടി മികച്ച പ്രകടനം കാഴ്ചവയ്ക്കുക എന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.'മുംബൈ ഇന്ത്യൻസ് ആദ്യ മൂന്ന് മത്സരങ്ങളിൽ ഒന്നിൽ മാത്രമാണ് ജയിച്ചത്. എന്നാൽ, ഞങ്ങൾക്ക് തിരിച്ചുവരാൻ കഴിയും. ഞാൻ ആദ്യമായി കളിക്കുമ്പോൾ മിഡിൽ ഓർഡറിൽ ബാറ്റ് ചെയ്തിരുന്നു, ഇപ്പോൾ ഓപ്പൺ ചെയ്യുന്നു. ഞാൻ ക്യാപ്റ്റൻ ആയിരുന്നു, ഇപ്പോൾ അതല്ല. എന്നാൽ, ഞാൻ ടീമിനായി ചെയ്യേണ്ടത് ഒരിക്കലും മാറിയിട്ടില്ല  ജയങ്ങൾ നേടുകയും, തിരിച്ചുവരികയും ചെയ്യും.

# കടുത്ത സമ്മർദ്ദത്തിലും മനസിനെ നിയന്ത്രിക്കാം

ഇന്നത്തെ കാലത്ത് ലോകത്തുടനീളമുള്ള ആളുകൾ നേരിടുന്ന ഒരു പ്രശ്നമാണ് സ്ട്രെസ് അഥവാ മാനസിക സമ്മർദ്ദം. ജോലി, കുടുംബം, അപ്രതീക്ഷിതമായ ചില സാഹചര്യങ്ങൾ തുടങ്ങി നിരവധി കാരണങ്ങൾ കൊണ്ട് സമ്മർദ്ദം അനുഭവപ്പെടാം. എന്നാൽ സമ്മർദ്ദങ്ങളിൽ വീണ്പോകാതെ അതിനെ കൃത്യമായി നേരിടുകയെന്നതാണ് പ്രധാനം. അതിന് നിങ്ങൾ പാകപ്പെടുത്തിയെടുക്കേണ്ടതുണ്ട്. വ്യക്തതയോടും ലക്ഷ്യബോധത്തോടും വിവേകത്തോടും കൂടി ജീവിതത്തെ മുന്നോട്ട് നയിക്കാൻ കഴിഞ്ഞാൽ ഒരു പ്രശ്നങ്ങൾക്കും നിങ്ങളെ തളർത്താൻ കഴിയില്ല. അതിനാൽ സമ്മർദ്ദത്തെ നേരിടാനും നിങ്ങളെ കൂടുതൽ ശക്തരാക്കാനും സഹായിക്കുന്ന ചില വഴികൾ ഇതാ.



### പോസിറ്റീവായിരിക്കുക

പ്രതികൂലമായ സാഹചര്യങ്ങളെ പോസിറ്റീവ് മനോഭാവത്തോട് കൂടി കൈകാര്യം ചെയ്യാൻ ശ്രമിക്കുക. ലക്ഷ്യങ്ങളിലേക്കുള്ള പാതയിൽ പ്രയാസഘട്ടങ്ങൾ നേരിടേണ്ടി വരുന്നത് സ്വാഭാവികമാണ്. എന്നാൽ വിജയങ്ങളിലേക്കുള്ള ചവിട്ടുപടികളായി ഇതിനെ കാണുന്നത് നിങ്ങളെ കൂടുതൽ ശക്തരാക്കും. പ്രശ്നങ്ങളെ അവഗണിക്കുന്നതിന് പകരം ശരിയായ രീതിയിൽ അതിനെ നേരിടാൻ പരിശീലിക്കുകയാണ് വേണ്ടത്.

തിരിച്ചടികളിൽ നിന്ന് പാഠം ഉൾകൊണ്ട് മുന്നോട്ടു പോകുകയും ഉള്ളതിൽ കൃതജ്ഞതയുള്ളവരായിരിക്കുകയും ചെയ്യുന്നത് സമ്മർദ്ദം, ലക്ഷ്യത്തിലേക്കുള്ള ദൂരം എന്നിവ കുറയ്ക്കാൻ സഹായിക്കും.

മാനസിക പിരിമുറുക്കം, ഉത്കണ്ഠ എന്നിവ ഇല്ലാതാക്കാനും ഇത് ഉപകരിക്കും. അതിനാൽ ദൃഢനിശ്ചയത്തോടെയും പോസിറ്റീവ് മാനഭാവത്തോട് കൂടെയും കാര്യങ്ങളെ സമീപിക്കുന്നത് വെല്ലുവിളികളെ അതിജീവിക്കാൻ നിങ്ങളെ സജ്ജമാക്കും.

### സ്വയം പരിചരണത്തിന് മുൻഗണന നൽകുക

സമ്മർദ്ദകരമായ സാഹചര്യങ്ങളിൽ സ്വയം പരിചരണത്തിന് മുൻഗണന നൽകേണ്ടത് പ്രധാനമാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്താൻ ഇത് സഹായിക്കും. വിഷമഘട്ടങ്ങൾ അതിജീവിക്കാൻ ഇത് നിങ്ങളെ സ്വയം പ്രാപ്തരാക്കും.

അതിനാൽ ദിവസേന ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ധ്യാനം എന്നിവയെല്ലാം പിന്തുടരുക. ഇവയെല്ലാം സമ്മർദ്ദം കുറയ്ക്കാൻ നിങ്ങളെ സഹായിക്കും. മാത്രമല്ല ഏകാഗ്രത വർധിപ്പിക്കാനും വെളിവിളികളെ നേടിടാൻ നിങ്ങളെ ശക്തമാക്കാനും ഇതിലൂടെ സാധിക്കും.

### സമ്മർദത്തിന്റെ കാരണങ്ങൾ തിരിച്ചറിയുക

സമ്മർദ്ദം പലപ്പോഴും നിങ്ങളുടെ ജീവിതത്തെ ആകെ താറുമാറാക്കിയേക്കാം. പലർക്കും ചിലപ്പോൾ സമ്മർദ്ദത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ കഴിയാറില്ല. ഇത് കൂടുതൽ ആശക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും സങ്കീർണതയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുകയും ചെയ്യും. അതിനാൽ സമ്മർദ്ദത്തെ അതിജീവിക്കണമെങ്കിൽ അതിന്റെ ഉറവിടം തിരിച്ചറിയേണ്ടത് വളരെ പ്രധാനമാണ്. ഇത് സമ്മർദ്ദം നിയന്ത്രിക്കാനും അതിനെ മറികടക്കാനും സഹായിക്കും.

### നല്ല ബന്ധങ്ങൾ സൂക്ഷിക്കുക

വൈകാരിക അടിത്തറയ്ക്ക് കുടുംബാംഗങ്ങളുമായോ സുഹൃത്തുക്കളുമായോ നല്ല ബന്ധം സൂക്ഷിക്കേണ്ടത് പ്രധാനമാണ്. വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിൽ മാനസികമായ പിന്തുണ ലഭിക്കാൻ ഇത് സഹായിക്കും.

പ്രശ്നങ്ങളെ അതിജീവിക്കാൻ നിങ്ങൾക്ക് കരുത്ത് നൽകാനും ദുഷ്കരമായ സമയങ്ങളിൽ ഒറ്റയ്ക്കെന്ന തോന്നൽ ഉണ്ടാക്കാനും ഇത് സഹായിക്കും. വിശ്വസ്തരോട് ചിന്തകളും ആശയങ്ങളും പങ്കിടുന്നത് നിങ്ങൾക്ക് കൂടുതൽ വ്യക്തത ലഭിക്കാനും സമ്മർദ്ദം കുറയ്ക്കാനും ഗുണം ചെയ്യും. അതിനാൽ നല്ല ആഴത്തിലുള്ള ബന്ധങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമിക്കുക.

# ഓർമ്മശക്തി വർധിപ്പിക്കണോ? ഇതാ ചില മാർഗങ്ങൾ



ഓർമ്മക്കുറവ് നമ്മളിൽ പലരും ഇന്ന് നേരിടുന്ന ഒരു പ്രശ്നമാണ്. പ്രായമാകുന്നതോടെ ഓർമയും കുറയുമെന്നും അതിനെതിരെ ഒന്നും ചെയ്യാനാകില്ലെന്നും കരുതുന്നവർ നമുക്കിടയിൽ ഉണ്ട്. എന്നാൽ, സത്യം ഇത് തെറ്റിദ്ധാരണയാണ് എന്നതാണ്.

ഓർമ്മക്ഷയങ്ങൾ ഏത് പ്രായത്തിലും സംഭവിക്കാം, എന്നാൽ അതിന് കൃത്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം അത് വേഗത്തിലാകുന്നു. പ്രായമേറുമ്പോൾ സംഭവിക്കുന്ന പ്രധാനമായ ഓർമ്മക്കുറവ് പ്രായമാകുന്നതിന്റെ ലക്ഷണമല്ല. പകരം, അത് രോഗങ്ങൾ, മസ്തിഷ്കത്തിനേറ്റ പരിക്കുകൾ, അല്ലെങ്കിൽ ന്യൂറോളജിക്കൽ രോഗങ്ങൾ എന്നിവയുടെ ഫലമായി സംഭവിക്കുന്നതാവാം. അതിൽ ഏറ്റവും ഭയപ്പെടുന്നത് അൽഷിമേഴ്സാണ് എന്നാണ് ഹാർവാർഡ് പ്രസിദ്ധീകരണത്തിൽ വ്യക്തമാക്കുന്നത്.

മസ്തിഷ്ക്കാരോഗ്യം അനേകം ഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു, അതിൽ ജനിതക ഘടകങ്ങൾ, പരിസ്ഥിതി ഘടകങ്ങൾ,ജീവിതശൈലിഎന്നിവപ്രധാനമാണ്. ഈ ഘടകങ്ങൾ പരസ്പരം പ്രവർത്തിച്ച് ബുദ്ധിശക്തിയെ നിലനിർത്തുന്നു, എന്നാൽ ഇവയിൽ ഏതെങ്കിലും ഒന്ന് തടസ്സപ്പെടുമ്പോൾ, അത് വ്യക്തിയുടെ ഗ്രഹണശേഷിക്കും അറിവ് നിലനിർത്താനുള്ള കഴിവിനും ഭംഗം വരുത്തുന്നു. ഇതിന്റെ ഫലമായി, വാഹനം ഓടിക്കൽ, ബില്ലുകൾ അടയ്ക്കൽ, മരുന്ന് കഴിക്കൽ, പാചകം ചെയ്യൽ പോലെയുള്ള ലളിതമായ പ്രവർത്തനങ്ങൾ പോലും മറന്നുപോകാൻ സാധ്യതയുണ്ട്.

## ഓർമ്മ ശക്തി നിലനിർത്താനും തലച്ചോറിന്റെ ആരോഗ്യത്തിനും ഇതാ ചില മാർഗങ്ങൾ

### മാനസിക ഉത്തേജനം

പുതിയ കാര്യങ്ങൾ പഠിക്കുക - പുതിയ ഭാഷ, സംഗീതോപകരണം, അല്ലെങ്കിൽ പുതിയ കഴിവുകൾ പഠിക്കുക.

ബ്രെയിൻ ഗെയിമുകൾ കളിക്കുക - പസിലുകൾ, ചെസ്, സുഡോകു, മെമ്മറി ഗെയിമുകൾ തുടങ്ങിയവ ബുദ്ധിമുട്ട് തരണം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കും.

വായിക്കുക & പഠിപ്പിക്കുക - വായിച്ചതിനെ തിരിച്ചറിയാനും ഓർമ്മയ്ക്ക് സഹായിക്കും.

### ശാരീരിക പ്രവർത്തനം

വ്യായാമം ചെയ്യുക - നടപ്പ്, യോഗ, കരുത്ത് പരിശീലനം എന്നിവ മസ്തിഷ്കത്തിലെ രക്തപ്രവാഹം വർദ്ധിപ്പിക്കും.

സമന്വയ പരിശീലനം - നൃത്തം, കായിക വിനോദങ്ങൾ, മാർഷ്യൽ ആർട്സ് എന്നിവയിലൂടെ നാഡി ബന്ധങ്ങൾ ശക്തമാക്കാം.

### ആരോഗ്യമുള്ള ആഹാരം

ബ്രെയിൻബൂസ്റ്റിംഗ് ഭക്ഷണം കഴിക്കുക - ഒമേഗ3 അടങ്ങിയ മത്സ്യം, ഉണക്കപ്പഴം, ആന്റിഓക്സിഡന്റുകൾ (ബെറികൾ, ഡാർക്ക് ചോക്ലേറ്റ്), ഇലക്കറികൾ എന്നിവ ഭക്ഷണത്തിൽ ദിവസവും ഉൾപ്പെടുത്തുക.

വെള്ളം കുടിക്കുക - ശരീരത്തിന് ആവശ്യമായ വെള്ളം ലഭിച്ചില്ലെങ്കിൽ ഓർമ്മക്കുറവ് അനുഭവപ്പെടും.

അധികം പഞ്ചസാര ഒഴിവാക്കുക - കൂടുതൽ പഞ്ചസാര ഉപയോഗിക്കുന്നത് ഓർമ്മശക്തിയെ ബാധിക്കും.

### ഉറക്കം

കൃത്യമായ ഉറക്കത്തിന് മുൻഗണന നൽകുക - 7 -9 മണിക്കൂർ ഉറക്കം ഓർമ്മ മെച്ചപ്പെടുത്താനും സഹായിക്കും.

ഉറക്കസമയക്രമം പാലിക്കുക - കൃത്യ സമയത്ത് ഉറങ്ങാനും എഴുന്നേൽക്കാനും ശ്രമിക്കുക.


### മാനസികാരോഗ്യം മെച്ചപ്പെടുത്തുക

ധ്യാനം & മൈൻഡ്ഫുൾനെസ് അഭ്യസിക്കുക - മാനസിക സമ്മർദ്ദം കുറയ്ക്കുകയും ശ്രദ്ധയും ഓർമ്മശക്തിയും വർദ്ധിപ്പിക്കുകയും ചെയ്യും.

സാമൂഹിക ഇടപെടലുകൾ വർദ്ധിപ്പിക്കുക - കൂടിക്കാഴ്ചകൾ ഓർമ്മ ശക്തി വർദ്ധിപ്പിക്കും.

കൂടുതൽ ചിരിക്കൂ - ഹാസ്യം തലച്ചോറിനെ സജീവമാക്കുന്നു.

# കുട്ടികളുടെ ഫോൺ ഉപയോഗം വിഷാദത്തിന് കാരണമാകും; ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക



കുട്ടികളിലെ ഫോൺ ഉപയോഗം ഇന്ന് സാധാരണമാണ്. സ്ക്രീൻ അഡിക്ഷൻ കുട്ടികളിലുണ്ടാക്കുന്ന പ്രശ്നങ്ങളെകുറിച്ച് നിരവധി പഠനങ്ങളും പുറത്ത് വന്നിട്ടുണ്ട്. കുട്ടികളുടെ സ്ക്രീൻ എക്സ്പോഷർ കൗമാരക്കാരിൽ സമ്മർദ്ദവും വിഷാദവും വരുത്തിവെയ്ക്കുന്നുവെന്ന് പറയുകയാണ് പുതിയൊരു പഠനം. ഫിൻലൻഡിലെയുവാസ്കുലസർവകലാശാലയിലെ ഡോ. ഇറോ എ. ഹപ്പാലയാണ് ഇതിനെക്കുറിച്ച് പഠനം നടത്തിയത്.

എട്ട് വയസിനും 12 വയസിനും ഇടയിൽ പ്രായമുള്ള 187 കുട്ടികളിലാണ് പഠനം നടത്തിയത്. കുട്ടികളുടെ ശാരീരികപ്രവർത്തനങ്ങൾ,സ്ക്രീൻസമയം, ഉറക്ക രീതികൾ, ഭക്ഷണ ശീലങ്ങൾ എന്നിവ പതിവായി നിരീക്ഷിച്ചു. കൂടാതെ അവരുടെ മാനസികാരോഗ്യം വിലയിരുത്തുകയും ചെയ്തു.

ചെറുപ്പത്തിൽ കൂടുതൽ സ്ക്രീൻ ഉപയോഗമുള്ള കൗമാരക്കാർ സമ്മർദ്ദത്തിന്റെയും വിഷാദത്തിന്റെയും ലക്ഷണങ്ങൾ കൂടുതലായി കാണിക്കുന്നതായി ഗവേഷകർ നിരീക്ഷിച്ചു. കുട്ടിക്കാലത്ത് രണ്ട് മണിക്കൂറിലധികം മൊബൈലിൽ ചെലവഴിച്ച വരും ദിവസവും അഞ്ച് മണിക്കൂർ സ്ക്രീൻ ഉപയോഗിച്ചവരുമായ കൗമാരക്കാരിലാണ് ഇത് കണ്ടെത്തിയത്.

കായികാധ്വാനമുള്ള കളികളിലേർപ്പെടുന്ന കുട്ടികൾക്ക് മികച്ച മാനസികാരോഗ്യമുള്ളതായും പഠനത്തിൽ പറയുന്നു. ഉറക്കവും ഡയറ്റുമെല്ലാം പ്രധാന ഘടകമാണെങ്കിലും കുട്ടികളുടെ മാനസികാരോഗ്യത്തിൽ ഇവ കാര്യമായി ബാധിക്കുന്നില്ല. മറിച്ച് സ്ക്രീൻ ഉപയോഗമാണ് അവരുടെ മാനസികാരോഗ്യത്തെ ശക്തമായി സ്വാധീനിക്കുന്നതെന്നാണ് കണ്ടെത്തിയിരിക്കുന്നത്.

# അമേരിക്കയിൽ അഞ്ചാംപനി കേസുകൾ വർധിക്കുന്നു; യാത്രാ മുന്നറിയിപ്പ് പുറത്തിറക്കി ലോകാരോഗ്യ സംഘടന

അമേരിക്കയിൽ അഞ്ചാംപനി കേസുകൾ വർധിക്കുന്നതായി റിപ്പോർട്ട്. 483 സ്ഥിരീകരിച്ച കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം. രണ്ട് മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസുഖം പകർന്നവരിൽ 93% പേരും അസുഖം ഉള്ളവരുമായി ഇടപഴകിയവരാണ് എന്നാണ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്.

അസുഖംപടരുന്നതിന്പിന്നാലെലോകാരോഗ്യ സംഘടന (WHO) യാത്രാ മുന്നറിയിപ്പ് പുറത്തിറക്കി. അമേരിക്കയിൽ പോകുന്നതിന് മുൻപായി യാത്രക്കാരുടെ വാക്സിനേഷൻ പുതുക്കിയത് ഉറപ്പാക്കാനാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നത്.



WHO-യുടെ ശുപാർശ പ്രകാരം, രാജ്യാന്തര യാത്രക്കാരോട് അഞ്ചാംപനി വാക്സിനേഷൻ നില നിൽക്കുന്നതാണോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെടുന്നു. ‘അസുഖം പടരുന്ന പ്രദേശങ്ങളിൽ നിന്ന് വാക്സിനേറ്റ് ചെയ്തിട്ടില്ലാത്ത വ്യക്തികൾ, മീസിൽസ് സ്ഥിരീകരിച്ച കേസുകളെ നേരിട്ടിട്ടുള്ളവരും/അല്ലെങ്കിൽ രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരും, ദേശീയ ആരോഗ്യ അധികാരികളുമായി ബന്ധപ്പെടണം എന്നും’ WHO വ്യക്തമാക്കുന്നു.

# വിൻഡോസ് 11 അപ്ഡേറ്റ്: എഐയിൽ പ്രവർത്തിക്കുന്ന ലൈവ് ക്യാപ്ഷനുകളും ഇമേജ് എഡിറ്റിംഗും വരുന്നു




മൈക്രോസോഫ്റ്റ് അവരുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) പിന്തുണയുള്ള ഫീച്ചറുകൾ, കോപൈലറ്റ് പ്ലസ് പിസികളിൽ കൂടുതൽ വ്യാപകമാക്കുന്നു. ഇന്റൽ, എഎംഡി ഉപകരണങ്ങളിലേക്കും ഈ പിന്തുണ വ്യാപിപ്പിക്കുന്നതാണ് പുതിയ മാറ്റം.

ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിൽ ഒന്ന് ലൈവ് ക്യാപ്ഷനുകളാണ്. ഡസൻ കണക്കിന് ഭാഷകളിൽ നിന്നുള്ള ഓഡിയോയെ തത്സമയം ഇംഗ്ലീഷ് സബ്ടൈറ്റിലുകളിലേക്ക് വിവർത്തനം ചെയ്യാൻ ഇതിന് കഴിയും. കഴിഞ്ഞ ഡിസംബറിൽ ഈ ഉപകരണങ്ങളിൽ പരീക്ഷിച്ച ലൈവ് ക്യാപ്ഷനുകൾ, ഏറ്റവും പുതിയ വിൻഡോസ് 11 അപ്ഡേറ്റിലൂടെ ഇപ്പോൾ ലഭ്യമാകും.

ഉപയോക്താക്കളുടെ ടെക്സ്റ്റ് വിവരണങ്ങളെയും ഡ്രോയിംഗുകളെയും അടിസ്ഥാനമാക്കി ചിത്രങ്ങൾ സൃഷ്ടിക്കുന്ന പെയിന്റിലെ എഐ പവർഡ് ടൂളായ കോക്രിയേറ്ററും അപ്ഡേറ്റിൽ ഉൾപ്പെടുന്നു. കൂടാതെ, മൈക്രോസോഫ്റ്റ് ഫോട്ടോസ് ആപ്പിലെ എഐ ഇമേജ് എഡിറ്ററിലേക്കും ജനറേറ്ററിലേക്കുമുള്ള ആക്സസ് വിപുലീകരിക്കുന്നു. ഇത് ഉപയോക്താക്കൾക്ക് കൂടുതൽ ക്രിയാത്മകമായ സാധ്യതകൾ നൽകുന്നു.

നേരത്തെ, ഈ എഐ ഫീച്ചറുകൾ ക്വാൽകോം ചിപ്പുകളുള്ള കോപൈലറ്റ് പ്ലസ് പിസികളിൽ മാത്രമായിരുന്നു ലഭ്യമായിരുന്നത്. ഇന്റൽ, എഎംഡി ഉപകരണങ്ങളിൽ എഐ പവർഡ് സ്ക്രീൻഷോട്ട് സെർച്ച് ഫീച്ചറായ റീകോൾ മൈക്രോസോഫ്റ്റ് പരീക്ഷിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, ഇതിന്റെ പൂർണ്ണമായ ലോഞ്ചിനുള്ള സമയപരിധി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല.

വോയ്സ് കമാൻഡുകളിലൂടെ ഉപയോക്താക്കൾക്ക് അവരുടെ പിസി നിയന്ത്രിക്കാൻ സാധ്യമാക്കുന്ന വോയ്സ് ആക്സസ് എന്ന അക്സസിബിലിറ്റി ഫീച്ചറും മൈക്രോസോഫ്റ്റ് മെച്ചപ്പെടുത്തുന്നു. ക്വാൽകോം പവർഡ് കോപൈലറ്റ് പ്ലസ് പിസികളിൽ സ്വാഭാവിക ഭാഷാ തിരിച്ചറിയൽ മെച്ചപ്പെടുത്തുന്ന ഈ അപ്ഡേറ്റ്, ഭാവിയിൽ ഇന്റൽ, എഎംഡി ഉപകരണങ്ങളിലേക്കും ഈ ഫീച്ചർ കൊണ്ടുവരാനുള്ള പദ്ധതികളോടെയാണ് പുറത്തിറങ്ങുന്നത്. കൂടാതെ, മൈക്രോസോഫ്റ്റ് ഭാഷാ വിവർത്തന സംവിധാനം വികസിപ്പിക്കുന്നു. ഇത് ഉപയോക്താക്കൾക്ക് 27 ഭാഷകൾ ലളിതമാക്കിയ ചൈനീസിലേക്ക് വിവർത്തനം ചെയ്യാൻ സഹായിക്കുന്നു.

വിൻഡോസ് 11ൽ ഉടനീളം എഐ സംയോജിപ്പിക്കുന്നത് മൈക്രോസോഫ്റ്റ് തുടരുമ്പോൾ, ഈ അപ്ഡേറ്റുകൾ കൂടുതൽ ഉപയോക്താക്കൾക്ക് കൂടുതൽ പ്രവേശനക്ഷമത, സർഗ്ഗാത്മകത, ബഹുഭാഷാ പിന്തുണ എന്നിവ നൽകുന്നു, ഇത് ദൈനംദിന കമ്പ്യൂട്ടിംഗിൽ എഐയുടെ പങ്ക് ഉറപ്പിക്കുന്നു.

# സ്മാർട്ട് ഫോണുകളുടെ അന്ത്യം അടുത്തെന്ന് മസ്കും സക്കർബർഗും; ഇനി എന്ത്?



ഇലോൺ മസ്ക്, ബിൽ ഗേറ്റ്സ്, മാർക്ക് സക്കർബർഗ്, സാം ആൾട്ട്മാൻ തുടങ്ങിയവർ സ്മാർട്ട് ഫോൺ കാലഘട്ടം കഴിയാറായി എന്ന് സൂചിപ്പിച്ച് രംഗത്ത് വന്നിരിക്കുകയാണ്.

അവരുടെ അഭിപ്രായത്തിൽ, വെയറബിൾ ടെക്നോളജിയും തലച്ചോറും കമ്പ്യൂട്ടറും തമ്മിലുള്ള ബന്ധവും, ഓഗ്മെന്റഡ് റിയാലിറ്റിയുമൊക്കെ വരുന്നതോടെ സ്മാർട്ട്ഫോണിന്റെ ആവശ്യം ഇല്ലാതാകും. പക്ഷേ ടിം കുക്കും ആപ്പിളും ഇപ്പോഴും സ്മാർട്ട്ഫോൺ വിപണി വിട്ട് പോകാൻ തയ്യാറല്ല.

### തലച്ചോറിൽ ചിപ്പ് വെക്കലും, ടാറ്റൂവും, എആർ കണ്ണടകളും

ഇലോൺ മസ്ക് തന്റെ കമ്പനിയായ ന്യൂറലിങ്ക് വഴി തലച്ചോറും കമ്പ്യൂട്ടറും തമ്മിൽ ബന്ധിപ്പിക്കുന്ന സംവിധാനങ്ങൾ ഉണ്ടാക്കി സ്മാർട്ട്ഫോണിനെ കാലഹരണപ്പെടുത്താനാണ് ശ്രമിക്കുന്നത്. സ്ക്രീനോ, കൈകൊണ്ട് തട്ടലോ, ബട്ടണുകളോ ഇല്ലാതെ ചിന്തകൾ മാത്രം ഉപയോഗിച്ച് ടെക്നോളജിയുമായി ഇടപെടാൻ ഈ ചിപ്പുകൾ സഹായിക്കും.

ബിൽ ഗേറ്റ്സ് വേറൊരു വഴിയിലൂടെയാണ് ചിന്തിക്കുന്നത്. ചയോട്ടിക് മൂൺ എന്ന കമ്പനിയുടെ ഇലക്ട്രോണിക് ടാറ്റൂകളാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ. ചെറിയ സെൻസറുകൾ അടങ്ങിയ ഈ ടാറ്റൂകൾക്ക് വിവരങ്ങൾ ശേഖരിക്കാനും അയക്കാനും സ്വീകരിക്കാനും കഴിയും.

ആരോഗ്യം നിരീക്ഷിക്കുന്നത് മുതൽ ജിപിഎസ് ട്രാക്കിംഗും ആശയവിനിമയവും വരെ ഇതിലൂടെ സാധ്യമാണ്. ഇത് മനുഷ്യശരീരത്തെ ഒരു ടെക്നോളജി പ്ലാറ്റ്ഫോം ആക്കി മാറ്റും.

മാർക്ക് സക്കർബർഗ് ഓഗ്മെന്റഡ് റിയാലിറ്റി കണ്ണടകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 2030 ആകുമ്പോഴേക്കും ഈ കണ്ണടകൾ സ്മാർട്ട്ഫോണിനെ പ്രധാന കമ്പ്യൂട്ടിംഗ് ഉപകരണമായി മാറ്റുമെന്നാണ് അദ്ദേഹം പറയുന്നത്. ഇന്ന് നമ്മൾ ഫോണുകളെ ആശ്രയിക്കുന്ന മിക്ക ഡിജിറ്റൽ ജോലികളും എആർ കണ്ണടകൾ ചെയ്യും.

മൊബൈൽ ഫോൺ വിപ്ലവം കണ്ടിട്ട് രണ്ട് പതിറ്റാണ്ടായി. ഫീച്ചർ ഫോണുകൾ മാറി സ്മാർട്ട്ഫോണുകൾ വന്നത് പോലും നമ്മൾ അറിഞ്ഞില്ല. സ്മാർട്ട്ഫോൺ കാലഘട്ടം കഴിയാറായി എന്ന് സക്കർബർഗ് പറയുന്നു. പകരം സ്മാർട്ട് കണ്ണടകൾ വരുമെന്നാണ് അദ്ദേഹത്തിന്റെ പ്രവചനം.

ഡിജിറ്റൽ വിവരങ്ങൾ കിട്ടുക എന്നത് ഇന്നത്തെ കാലത്ത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. അതിന് സഹായിക്കുന്ന ഉപകരണമായി സ്മാർട്ട് കണ്ണടകൾ മാറിക്കഴിഞ്ഞു എന്ന് സക്കർബർഗ് പറയുന്നു. അടുത്ത പത്ത് വർഷത്തിനുള്ളിൽ സ്മാർട്ട്ഫോണിന് പകരം സ്മാർട്ട് കണ്ണടകൾ പ്രചാരത്തിൽ വരുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

| Country | Currency Manipulation and Trade Barriers | U.S.A. Discounted Reciprocal Tariffs |
|---|---|---|
| São Tomé and Príncipe | 10% | 10% |
| Norfolk Island | 58% | 29% |
| Gibraltar | 10% | 10% |
| Tuvalu | 10% | 10% |
| British Indian Ocean Territory | 10% | 10% |
| Tokelau | 10% | 10% |
| Guinea-Bissau | 10% | 10% |
| Svalbard and Jan Mayen | 10% | 10% |
| Heard and McDonald Islands | 10% | 10% |
| Reunion | 73% | 37% |

# ജനവാസമില്ലാത്തതും മക്ഡൊണാൾഡ് ദ്വീപുകളും വരെ താരിഫ് പട്ടികയിൽ

വാഷിംഗ്ടൺ: ലോകമെമ്പാടുമുള്ള യുഎസ് വ്യാപാര പങ്കാളികളെ ലക്ഷ്യം വച്ചുള്ള പരസ്പര താരിഫ് എല്ലാവർക്കും ബാധകമാണെന്ന് നേരത്തെ തന്നെ ട്രംപ് വ്യക്തമാക്കിയിരുന്നതാണ്. അത് ശരിവയ്ക്കുന്ന നടപടിയാണ് ചെറുതും ജനവാസമില്ലാത്തതുമായ ദ്വീപുകളും മറ്റ് വളരെ വിദൂര പ്രദേശങ്ങളും ഉൾപ്പെടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബുധനാഴ്ച ഏർപ്പെടുത്തിയ പരസ്പര താരിഫ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ട്രംപ് ഭരണകൂടത്തിന്റെ പട്ടിക പ്രകാരം, അന്റാർട്ടിക്കയിൽ നിന്ന് 1,000 മൈലിൽ താഴെ വടക്കുള്ള ഒരു ബാഹ്യ ഓസ്ട്രേലിയൻ പ്രദേശമായ ഹേർഡ്, മക്ഡൊണാൾഡ് ദ്വീപുകളിൽ 10% പരസ്പര താരിഫ് ചുമത്തും. ഓസ്ട്രേലിയൻ ഗവൺമെന്റ് വെബ്സൈറ്റിലെ ദ്വീപുകളിലേക്കുള്ള ഒരു വിവരം അനുസരിച്ച്, അവ ഭൂമിയിലെ ഏറ്റവും വന്യവും വിദൂരവുമായ സ്ഥലങ്ങളിൽ ഒന്നായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ബ്രിട്ടീഷ് ഇന്ത്യൻ മഹാസമുദ്ര പ്രദേശം, 600ൽ താഴെ ജനസംഖ്യയുള്ള കൊക്കോസ് (കീലിംഗ്) ദ്വീപുകൾ, സ്ഥിരമായ ജനസംഖ്യയില്ലാത്ത നോർവീജിയൻ ആർട്ടിക് ദ്വീപുകളായ സ്വാൽബാർഡ്, ജാൻ മായൻ എന്നിവയും താരിഫ് ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നവയാണ്.

ബിബിസിയുടെ റിപ്പോർട്ട് പ്രകാരം, 1.7 മൈൽ ഉയരമുള്ള അഗ്നിപർവ്വതമായ ബിഗ് ബെൻ ആണ് ഹേർഡ് ദ്വീപിന്റെ ഭൂമിയിൽ ആധിപത്യം പുലർത്തുന്നത്. 2000 മുതൽ കുറഞ്ഞത് മൂന്ന് തവണയെങ്കിലും ഈ അഗ്നിപർവ്വതം പൊട്ടിത്തെറിച്ചിട്ടുണ്ട്. മക്ഡൊണാൾഡ് ദ്വീപ് ഹേർഡ് ദ്വീപിനേക്കാൾ വളരെ ചെറുതാണ്. യുനെസ്കോയുടെ അഭിപ്രായത്തിൽ ഇത് ചെറു ദ്വീപുകളാൽ ചുറ്റപ്പെട്ടിരിക്കുന്നവയാണ്.

# വിയറ്റ്നാമിലേക്കും തായ്‌ലൻഡിലേക്കും ദിവസേന സർവീസുകൾ ആരംഭിക്കാനൊരുങ്ങി യുണൈറ്റഡ് എയർലൈൻസ്




യുണൈറ്റഡ് എയർലൈൻസ് വിയറ്റ്നാമിലേക്കും തായ്‌ലൻഡിലേക്കും ദിവസേന സർവീസുകൾ ആരംഭിക്കുന്നതായി റിപ്പോർട്ട്. അമേരിക്കയിലെ ഏറ്റവും വലിയ ഏഷ്യൻ സേവന ശൃംഖലയുള്ള എയർലൈൻ കമ്പനിയായ യുണൈറ്റഡ് എയർലൈൻസ് വിയറ്റ്നാമിനും തായ്‌ലൻഡിനുമായി ദിവസേന വിമാന സർവീസുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. 2025 ഒക്ടോബർ 26 മുതൽ ഈ പുതിയ റൂട്ടുകൾ പ്രാബല്യത്തിൽ വരും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

ഉയർന്ന ആവശ്യകതയുള്ള അന്താരാഷ്ട്ര ഗതാഗത കേന്ദ്രങ്ങളുമായി യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുക എന്നതാണ് യുണൈറ്റഡിന്റെ ലക്ഷ്യം. പാരമ്പര്യ നോൺസ്റ്റോപ്പ് സർവീസിന് പകരമായി, യുണൈറ്റഡ് എയർലൈൻസ് ഒരു വ്യത്യസ്ത രീതി ആണ് ഇവിടെ സ്വീകരിക്കുന്നത്.

ലോസ് ആഞ്ചലസ്, സാൻ ഫ്രാൻസിസ്കോ എന്നിവിടങ്ങളിൽ നിന്ന് ഹോങ്കോങിലേക്ക് പോകുന്ന വിമാനങ്ങൾ ബാങ്കോക്കും (തായ്‌ലൻഡ്), ഹോ ചി മിൻ സിറ്റിയും (വിയറ്റ്നാം) വരെ തുടരും.

ഈ സമീപനം വിമാനങ്ങളുടെ മികച്ച ഉപയോഗം ഉറപ്പാക്കുകയും യാത്രക്കാർക്ക് മെച്ചപ്പെട്ട ബന്ധം നൽകുകയും ചെയ്യുന്നു എന്നും അധികൃതർ വ്യക്തമാക്കുന്നു.

### പുതിയ അന്താരാഷ്ട്ര സർവീസുകൾ

1. തായ്‌ലൻഡും വിയറ്റ്നാമും കൂടാതെ, യുണൈറ്റഡ് എയർലൈൻസ് പുതിയ റൂട്ടുകൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്:

2. സാൻ ഫ്രാൻസിസ്കോയിൽ നിന്ന് മനിലയിലേക്ക് (ഫിലിപ്പീൻസ്) രണ്ടാമത്തെ ദിനസർവീസ് (ഒക്ടോബർ 25 മുതൽ)

3. സാൻ ഫ്രാൻസിസ്കോയിൽ നിന്ന് അഡലെയ്ഡിലേക്കുള്ള (ഓസ്ട്രേലിയ) നേരിട്ടുള്ള സർവീസ് (ഡിസംബർ 11 മുതൽ, ആഴ്ചയിൽ മൂന്ന് ദിവസം)

തായ്‌ലൻഡിലും വിയറ്റ്നാമിലും താരതമ്യേന കുറഞ്ഞ വിമാന സർവീസുകൾ ലഭ്യമാണ്. ഇക്കാര്യത്തിൽ യുണൈറ്റഡ് എയർലൈൻസ് വ്യവസായപരമായ വളർച്ചയും ടൂറിസവും ലക്ഷ്യമിടുന്നു. തായ്‌ലൻഡിൽ ഗണ്യമായ രീതിയിൽ സഞ്ചാരികൾ വർദ്ധിച്ചു വരുന്നുണ്ടെന്ന് യുണൈറ്റഡ് എയർലൈൻസിന്റെ നെറ്റ്‌വർക്കിനും ആഗോള സഖ്യങ്ങളുടെയും മുതിർന്ന വൈസ് പ്രസിഡന്റായ പാട്രിക് ക്വെയ്ൽ വ്യക്തമാക്കിയിട്ടുണ്ട്. ബാങ്കോക്കിലെ സുന്ദരമായ ദൃശ്യങ്ങൾ ഹോളിവുഡിൽ പ്രശസ്തമായതിനാൽ, ഈ നഗരത്തിലേക്ക് കൂടുതൽ യാത്രക്കാർ ആകർഷിക്കപ്പെടും എന്ന് കരുതുന്നു.

യുണൈറ്റഡ് എയർലൈൻസ് പോട്ടൻഷ്യൽ മാർക്കറ്റുകൾ ലക്ഷ്യമിട്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഉയർന്ന വരുമാനമുള്ള ഉപഭോക്താക്കളെ നിലനിർത്താനും, പുതിയ യാത്രക്കാരെ ആകർഷിക്കാനുമാണ് ഈ നീക്കം.

അതേസമയം നിലവിലുള്ള അന്താരാഷ്ട്ര റൂട്ടുകൾ റദ്ദാക്കില്ല. പുതിയ ശൈത്യകാല ഷെഡ്യൂളിൽ യാതൊരു സർവീസുകളും റദ്ദാക്കില്ലെന്ന് യുണൈറ്റഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ നീക്കം യാത്രക്കാരെ കൂടുതൽ രാജ്യങ്ങളുമായി ബന്ധിപ്പിക്കും.

# ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,000 കടന്നു; താൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ച് സൈന്യം



നെയ്പിഡോ: കഴിഞ്ഞ ആഴ്ചയുണ്ടായ ശക്തമായ ഭൂകമ്പത്തെത്തുടർന്ന് രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി മ്യാൻമർ ഭരണകൂട സൈന്യം രാജ്യത്തെ ആഭ്യന്തര യുദ്ധത്തിൽ താൽക്കാലികവുമായ വെടിനിർത്തൽ പ്രഖ്യാപിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 3,000 കവിഞ്ഞതായി സ്റ്റേറ്റ് ടെലിവിഷൻ റിപ്പോർട്ട് ചെയ്തു.ബുധനാഴ്ച മുതൽ ഏപ്രിൽ 22 വരെ വെടിനിർത്തൽ നീണ്ടുനിൽക്കുമെന്നും ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എളുപ്പമാക്കുകയെന്ന ലക്ഷ്യത്തോടെയാണെന്നും എംആർടിവി പറഞ്ഞു. സൈനിക ഭരണത്തെ എതിർക്കുന്ന സായുധ പ്രതിരോധ ഗ്രൂപ്പുകൾ പ്രഖ്യാപിച്ച ഏകപക്ഷീയമായ താൽക്കാലിക വെടിനിർത്തലുകളെ തുടർന്നാണ് പ്രഖ്യാപനം.

ആ ഗ്രൂപ്പുകൾ സംസ്ഥാനത്തെ ആക്രമിക്കുന്നതിൽ നിന്നോ പുനസംഘടിപ്പിക്കുന്നതിൽ നിന്നോ വിട്ടുനിൽക്കണം, അല്ലെങ്കിൽ സൈന്യം ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് സൈന്യം പ്രസ്താവനയിൽ പറഞ്ഞു. മ്യാൻമറിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,003 ആയി ഉയർന്നു, 4,500 ൽ അധികം പേർക്ക് പരിക്കേറ്റതായി എംആർടിവി ബുധനാഴ്ച വൈകി റിപ്പോർട്ട് ചെയ്തു. അയൽരാജ്യമായ തായ്‌ലൻഡിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 22 ആയി ഉയർന്നു, നൂറുകണക്കിന് കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു, 72 പേരെ കാണാതായി.



## 2–ാം ലോക മഹായുദ്ധത്തിന് ശേഷം ആദ്യമായി ഒരു വിദേശരാജ്യത്ത് സ്ഥിര സൈനിക വിന്യാസം ആരംഭിക്കാനൊരുങ്ങി ജർമ്മനി

ജർമ്മനി ലോകയുദ്ധത്തിന് ശേഷം ആദ്യമായി ഒരു വിദേശരാജ്യത്ത് സ്ഥിര സൈനിക വിന്യാസം ആരംഭിക്കുന്നതായി റിപ്പോർട്ട്. നാറ്റോയുടെ കിഴക്കൻ അതിരായ ലിത്വാനിയയിൽ 5,000 സൈനികരെ ജർമനി 2027 ഓടെ വിന്യസിക്കും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.ഈ നീക്കം എന്തുകൊണ്ട് പ്രധാനമാണ് എന്നാണ് ഉയരുന്ന ചോദ്യം. കാരണം അറിയാം. ഇത് ജർമ്മൻ സൈന്യത്തിന്റെ വലിയ മാറ്റം എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന ഒന്നാണ്. മുൻപ്, ജർമ്മനി മറ്റു രാജ്യങ്ങളിൽ താൽക്കാലികമായേ സൈന്യത്തെ നിയോഗിച്ചിരുന്നുള്ളു.അതേസമയം നിലവിലെ സാഹചര്യത്തിൽ ലിത്വാനിയയെ സംരക്ഷിക്കാൻ റഷ്യയുടെയും ബെലാറസിന്റെയും സമീപത്തുള്ള ഈ രാജ്യത്തിന് ശക്തമായ നാറ്റോ സാന്നിധ്യം ആവശ്യമുണ്ട് എന്നാണ് പുറത്തു വരുന്ന വിവരം.'ഞങ്ങളുടെ ദൗത്യം ലിത്വാനിയയെ സുരക്ഷിതമാക്കുക' എന്നതാണ് എന്നാണ് ബ്രിഗേഡിയർ ജനറൽ ക്രിസ്റ്റോഫ് ഹ്യൂബർ പ്രതികരിച്ചത്.ആരോഗ്യസംരക്ഷണ, ആശയവിനിമയ വിഭാഗങ്ങൾ ഉൾപ്പെടെ 5,000 സൈനികരെയാണ് വിന്യസിക്കുന്നത്. 2027 ഓടെ സ്ഥിരമായ ആസ്ഥാനം നിർമ്മിക്കും എന്നാണ് പുറത്തു വരുന്ന വിവരം.

## സ്ത്രീകളെ ബലാത്സംഗം ചെയ്യാൻ ആഹ്വാനം; റഷ്യൻ വനിതയ്ക്ക് തടവുശിക്ഷ വിധിച്ച് ഉക്രെൻ കോടതി



കീവ്: റഷ്യൻ വനിതയ്ക്ക് 'തടവുശിക്ഷ വിധിച്ച്' ഉക്രെൻ കോടതി. ഓൾഗ ബൈകോവ്സ്കായ എന്ന യുവതിയെയാണ് കീവിലെ ഷെവ്ചെൻകിവ്സ്കി ഡിസ്ട്രിക്ട് കോടതി അഞ്ച് വർഷത്തെ തടവിന് ശിക്ഷിച്ചത്. റഷ്യൻ സൈനികനായ റോമൻ ബികോവ്സ്കിയുടെ ഭാര്യയാണ് ഓൾഗ.യുദ്ധത്തിനിടെ ഉക്രെനിയൻ സ്ത്രീകളെ ബലാത്സംഗം ചെയ്യാൻ സൈനികനായ ഭർത്താവിനോട് ആവശ്യപ്പെട്ടെന്ന കുറ്റം ചുമത്തിയാണ് ഓൾഗയെ ശിക്ഷിച്ചത്. റഷ്യൻ ദിനപത്രമായ പ്രവ്ദയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. റഷ്യ-ഉക്രെയ്ൻ യുദ്ധത്തിനിടെ എണ്ണമറ്റ കുറ്റകൃത്യങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും നടക്കുന്നുവെന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ സംഭവമെന്നാണ് വിലയിരുത്തൽ.കോടതിയിൽ ഹാജരാകാതെയാണ് ഓൾഗയ്ക്ക് ശിക്ഷവിധിച്ചതെന്ന് റേഡിയോ ലൈബ്രറിയെ ഉദ്ധരിച്ച് പ്രവ്ദ റിപ്പോർട്ട് ചെയ്തു. 2022 ഏപ്രിലിലാണ് കേസിന് ആസ്പദമായ സംഭവം. ഉക്രെയ്നിന്റെ സുരക്ഷാ ഏജൻസിയായ എസ്എസ്യു ഓൾഗയുടേയും റോമൻ ബികോവ്സ്കിയുടേയും ഫോൺ സംഭാഷണം ചോർത്തി പുറത്തുവിട്ടതോടെയാണ് സംഭവം പുറംലോകം അറിഞ്ഞത്.'യുക്രൈനിയൻ സ്ത്രീകളെ ബലാത്സംഗം ചെയ്തോളൂ, പക്ഷേ 'സുരക്ഷ' ഉറപ്പാക്കണം' എന്നാണ് ഫോൺ സംഭാഷണത്തിൽ ഓൾഗ ഭർത്താവിനോട് പറഞ്ഞത്. റേഡിയോ ലിബർട്ടിയുടെ ഉക്രെനിലേയും റഷ്യയിലേയും മാധ്യമപ്രവർത്തകരാണ് ഫോണിൽ സംസാരിച്ചത് റഷ്യൻ അധീന ക്രീമിയയിലെ ഫിയോഡോസിയയിൽ നിന്നുള്ള ഓൾഗയും ഭർത്താവ് റോമനുമാണെന്ന് തിരിച്ചറിഞ്ഞത്.യുദ്ധനിയമം ലംഘിച്ചതിന്റെ പേരിൽ ഓൾഗയ്ക്ക് ഉക്രെയ്ൻ നോട്ടീസ് അയയ്ക്കുകയും പിടിക്കപ്പെടേണ്ടവരുടെ അന്താരാഷ്ട്ര പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

## ഫ്രാൻസിന് പുതിയ മേജർ ആർച്ച് ബിഷപ്പ്



പാരീസ്: ഫ്രാൻസിസ് മാർപാപ്പയുടെ നിലപാടുകളുമായി യോജിക്കുന്ന ഫ്രഞ്ച് കർദിനാൾ ജീൻ-മാർക്ക് അവെലിൻ (66) ഫ്രാൻസിലെ ബിഷപ്സ് കോൺഫറൻസ് ഓഫ് ഫ്രാൻസിന്റെ (സിഇഎഫ്) തലവനായി തിരഞ്ഞെടുക്കപ്പെട്ടു. മാർസെയിലെ ആർച്ച് ബിഷപ്പായ അവെലിനെ മൂന്നു വർഷത്തേക്കാണ് തിരഞ്ഞെടുത്തത്.

സൗഹാർദ്ദപരമായ സമീപനത്തിന് പേരുകേട്ട അവെലിൻ മതങ്ങൾക്കും സംസ്കാരങ്ങൾക്കുമിടയിലെ സംവാദങ്ങൾക്കും കുടിയേറ്റക്കാരുടെ അവകാശങ്ങൾക്കും വേണ്ടി വാദിക്കുന്ന വ്യക്തിയാണ്. ഈ നിലപാടുകളെല്ലാം ഫ്രാൻസിസ് മാർപാപ്പയുടേതിന് സമാനമാണ്. ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള ബിഷപ്പുമാരുടെ ഉത്തരവാദിത്തങ്ങളിലൊന്നാണ് അദ്ദേഹം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്.

## ആഗോള സംരംഭകത്വ സൂചിക: തുടർച്ചയായ നാലാം തവണയും യുഎഇ ഒന്നാമത്

ദുബായ്: ആഗോള സംരംഭകത്വ സൂചികയിൽ യുഎഇ തങ്ങളുടെ ഒന്നാം സ്ഥാനം തുടർച്ചയായ നാലാം വർഷവും കാത്തുസൂക്ഷിച്ചു. വികസിത രാഷ്ട്രങ്ങളെ പിന്തള്ളി യുഎഇ നേടിയ ഈ വിജയം, സംരംഭങ്ങൾക്ക് സർക്കാർ നൽകുന്ന ശക്തമായ പിന്തുണയുടെ പ്രതിഫലനമാണ്. ലോകമെമ്പാടുമുള്ള സംരംഭകത്വ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന ഗ്ലോബൽ ഓൺട്രപ്രണർഷിപ്പ് മോണിറ്റർ (ജെം) റിപ്പോർട്ടിലാണ് യുഎഇയുടെ ഈ ശ്രദ്ധേയമായ നേട്ടം രേഖപ്പെടുത്തിയത്. ജെം പഠനവിധേയമാക്കിയ 56 രാജ്യങ്ങളിൽ, 13 പ്രധാന സൂചകങ്ങളിൽ 11 എണ്ണത്തിലും യുഎഇ ഒന്നാമതെത്തി. സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം, സർക്കാർ പിന്തുണ, നികുതി-ഉദ്യോഗസ്ഥതല നടപടിക്രമങ്ങൾ, സർക്കാർ സംരംഭങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ പഠനം, സംരംഭകത്വവുമായി ബന്ധപ്പെട്ട സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ എന്നിവയാണ് ജെം പ്രധാനമായും വിലയിരുത്തിയത്.സർക്കാർ സ്വീകരിക്കുന്ന വ്യവസായ സൗഹൃദ നയങ്ങൾ യുഎഇയുടെ സംരംഭകത്വ അന്തരീക്ഷത്തെ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചയ്ക്കായി സർക്കാർ അടുത്തിടെ 8 ബില്യൺ യുഎസ് ഡോളർ നീക്കിവെച്ചിട്ടുണ്ട്. 100% വിദേശ ഉടമസ്ഥതയും നേരിട്ടുള്ള വിദേശ നിക്ഷേപവും രാജ്യത്തെ സംരംഭകത്വ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ സഹായിച്ചെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



# ഗാസയിൽ ആക്രമണം രൂക്ഷമാക്കി ഇസ്രയേൽ; ജബാലിയയിൽ 19 പേരും ഗാസയിൽ 20 പേരും കൊല്ലപ്പെട്ടു

ഗാസ: ഇസ്രായേൽ സൈന്യം വ്യോമാക്രമണങ്ങളുടെ സഹായത്തോടെ ഗാസയിലെ കൂടുതൽ പ്രദേശങ്ങളിലേക്ക് മുന്നേറുകയാണ്. പലസ്തീൻ മേഖലയുടെ വലിയൊരു ഭാഗം പിടിച്ചെടുക്കുമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി പ്രഖ്യാപിച്ചു. ഹമാസ് തീവ്രവാദികളെയും അവരുടെ താവളങ്ങളും തകർക്കുകയാണ് ലക്ഷ്യമെന്നും ഇതിനായി പലസ്തീൻ ജനതയെ കൂട്ടത്തോടെ ഒഴിപ്പിക്കേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.എന്നാൽ ആക്രമണത്തിൽ സാധാരണക്കാരാണ് കൂടുതൽ ദുരിതം അനുഭവിക്കുന്നത്. വടക്കൻ ജബാലിയയിൽ അഭയം തേടിയ കുടുംബങ്ങൾക്ക് താൽക്കാലികമായി താമസ സൗകര്യം ഒരുക്കിയിരുന്ന യു.എൻ ക്ലിനിക്കിൽ നടന്ന ആക്രമണത്തിൽ ഒൻപത് കുട്ടികൾ ഉൾപ്പെടെ 19 പലസ്തീൻകാർ കൊല്ലപ്പെട്ടു. ഗാസയുടെ പല ഭാഗങ്ങളിലായി രാത്രിയിൽ നടന്ന ആക്രമണങ്ങളിൽ ഇരുപതോളം പേർ മരിച്ചതായാണ് റിപ്പോർട്ടുകൾ. തെക്കൻ ഖാൻ യൂനിസിൽ ഒരു വീടിന് നേരെയുണ്ടായ ആക്രമണത്തിൽ കുട്ടികളും സ്ത്രീകളുമുൾപ്പെടെ 12 പേർ കൊല്ലപ്പെട്ടു.ക്ലിനിക്കിൽ ഒളിച്ചിരുന്ന ഹമാസ് തീവ്രവാദികളെ ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയതെന്നാണ് ഇസ്രായേൽ സൈന്യം പറയുന്നത്. 'ഭീകര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും മീറ്റിംഗുകൾ നടത്താനുമായി ഉപയോഗിച്ചിരുന്ന ഒരു കമാൻഡ് ആൻഡ് കൺട്രോൾ സെന്ററിനുള്ളിൽ ഒളിച്ചിരിക്കുകയായിരുന്നു' ഹമാസ് പ്രവർത്തകരെന്നാണ് ഇസ്രായേൽ സൈന്യം പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നത്.

തെക്കൻ റാഫ നഗരത്തിന്റെ മധ്യ, കിഴക്കൻ ഭാഗങ്ങളിലേക്ക് ഇസ്രായേൽ ടാങ്കുകളും സൈന്യവും മുന്നേറുകയാണ്. ഈ ആഴ്ച മാത്രം റാഫയിലെ ഒന്നര ലക്ഷത്തോളം ആളുകളോട് വീടുകൾ ഒഴിഞ്ഞു പോകാൻ ഇസ്രായേൽ സൈന്യം ഉത്തരവിട്ടു. വടക്കൻ ഗാസയിലും പുതിയ ഒഴിപ്പിക്കൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈജിപ്ത് അതിർത്തിയിൽ രാത്രിയിൽ ശക്തമായ വ്യോമാക്രമണങ്ങളും ഷെല്ലാക്രമണങ്ങളും നടന്നതായും റിപ്പോർട്ടുകളുണ്ട്.

## ആഡംബര കപ്പലിൽ വൈറസ് ബാധ 200 ലധികം പേർക്ക് രോഗം




ലണ്ടൻ: ആഡംബര കപ്പലിലെ യാത്രക്കാർക്കിടയിൽ നോറോ വൈറസ് ബാധ. യാത്രക്കാരും ജീവനക്കാരും അടക്കം ഇരുന്നൂറിലധികം പേർക്കാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. ഇംഗ്ലണ്ടിൽ നിന്ന് കിഴക്കൻ കരീബിയനിലേക്ക് പോവുകയായിരുന്ന ക്വീൻ മേരി-2 എന്ന ക്രൂസ് കപ്പലിലാണ് സംഭവം. വൈറസ് ബാധിച്ചതുമായി ബന്ധപ്പെട്ട ഔദ്യോഗിക വിവരങ്ങൾ അമേരിക്കയുടെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷനാണ് പുറത്തുവിട്ടത്. ആഡംബരകപ്പലിൽ 2,538 യാത്രക്കാരും 1,232 ജീവനക്കാരും സഞ്ചരിക്കുന്നുണ്ട്. യാത്രക്കാരായ 224 പേർക്കും ജീവനക്കാരായ 17 പേർക്കുമാണ് നിലവിൽ രോഗം ബാധിച്ചതെന്ന് സിഡിസിയുടെ റിപ്പോർട്ടിൽ പറയുന്നു. മാർച്ച് 18 നായിരുന്നു ആദ്യ കേസ് റിപ്പോർട്ട് ചെയ്തത്. വയറിളക്കവും ഛർദ്ദിയുമാണ് നോറോ വൈറസ് ബാധയുടെ പ്രധാന ലക്ഷണം.വൈറസ് ബാധ റിപ്പോർട്ട് ചെയ്തത് മുതൽ അതീവ ജാഗ്രത പുലർത്തുന്നുണ്ടെന്നും കപ്പൽ അണുവിമുക്തമാക്കാൻ ശുചീകരണ പ്രവൃത്തികൾ നടത്തിയെന്നും ക്വീൻ മേരി-2ന്റെ ഉടമസ്ഥരായ ഈമ്യൂറ ഘശിലഖ പ്രസ്താവനയിലൂടെ അറിയിച്ചു. ഓരോ യാത്രക്കാരും പ്രത്യേകം നിരീക്ഷണത്തിലാണ്. വൈറസ് ബാധിച്ചവർ ഐസോലേഷനിലാണെന്നും കമ്പനി വ്യക്തമാക്കി. നിലവിൽ നോർത്ത്-വെസ്റ്റ് അറ്റ്ലാന്റിക് സമുദ്രത്തിലൂടെയാണ് ക്വീൻ മേരി-2 സഞ്ചരിക്കുന്നത്. വൈറസ് പടർന്നുപിടിച്ചതിന്റെ പശ്ചാത്തലത്തിൽ തിരികെ സതാംപ്ടണിലേക്ക് തന്നെ തിരിച്ചു. സതാംപ്ടണിൽ നിന്ന് കരീബിയനിലേക്ക് 29 ദിവസത്തെ റൗണ്ട്-ട്രിപ്പിനായി മാർച്ച് എട്ടിനായിരുന്നു കപ്പൽ യാത്ര ആരംഭിച്ചത്. ഏപ്രിൽ ആറിന് അവസാനിക്കുന്ന വിധമായിരുന്നു ആസൂത്രണം ചെയ്തിരുന്നതെങ്കിലും ആദ്യ സ്റ്റോപ്പായ ന്യൂയോർക്കിൽ എത്തിയപ്പോൾ വൈറസ് വ്യാപനം സ്ഥിരീകരിക്കുകയായിരുന്നു.

# Embracing a World of Opportunity and Empowered Excellence

**By: Vachakam Journalist**




*Imagine a space where intellectual ambition meets the elegance of exclusive luxury—a place designed for individuals who pursue excellence day after day. This is the vision behind the Vachakam Sponsor Network: a meticulously curated environment where sponsors, through a privileged subscription, not only gain early access to in-depth research articles but also have the unique chance to support inspiring journalists. With each sponsorship, Vachakam provides a stipend to these emerging storytellers, publishes their work, and encourages them to chase their dreams—a promise to brighten futures with tangible, fact-driven insights.*

*One of the flagship pieces in this network is the article *"Feasibility and Potential of Launching 'Poin + Virtut™': A Luxury Children's Wear Brand."* This comprehensive report charts the strategic blueprint for launching a high-end children's wear label that emphasizes both elegant design and a deep commitment to social responsibility. The essay outlines how the brand draws inspiration from a refined aesthetic—accented by a deliberate focus on Pantone colors and cultural relevance, particularly aimed at the South Asian Indian market—while also integrating a charitable component. It details market analysis, collaboration strategies, and the enormous potential for success when luxurious design is intertwined with ethical business practices. Essentially, it serves as a roadmap for transforming visions of refined quality into a reality that supports and uplifts every member of the community.*

*Beyond the insights of this article lies an even larger narrative at the intersection of business acumen and societal progress. Through a dedicated advertisement in Vachakam Newspaper, the initiative invites a select group of individuals to join an exclusive network—one that isn't just about gaining access to cutting-edge research but is also about investing in the future of educated, progressive voices. This network is a tribute to those who navigate the daily grind with resilience and a hunger for knowledge, ensuring that even the most challenging setbacks are converted into stepping stones for success.*

*Set to launch fully in November of this year, the platform promises lifelong opportunities for those who value genuine education and the relentless pursuit of excellence. It is a call to ambitious souls—journalists, researchers, and thought leaders—who believe that nurturing intellectual growth is the foundation of a brighter, more inclusive future. Here, luxury meets learning, and every subscription is both a privilege and a pledge: to enrich minds, support progressive initiatives, and construct a legacy of educated ambition that endures for generations to come.*

** "Feasibility and Potential of Launching 'Poin + Virtut™': A Luxury Children's Wear Brand." Is available to premium subscribers along with invitees of sponsors.*

*Contact: 01@bteampaire.com for access or sponsorship/journalist application queries.*

